# ജെൻഡർ കാഴ്ചപ്പാടും പ്രാദേശിക ഭരണവും
## (Gender Responsive Local Governance)

പരിശീലന സഹായി (ഭാഗം–2)

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
2021

# ജെൻഡർ കാഴ്ചപ്പാടും പ്രാദേശിക ഭരണവും
## (Gender Responsive Local Governance)

പരിശീലന സഹായി (ഭാഗം–2)

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
2021

**ജെൻഡർ കാഴ്ചപ്പാടും പ്രാദേശിക ഭരണവും**
**ജെൻഡർ പരിശീലന മാന്വൽ (ഭാഗം 2)**

**ചീഫ് എഡിറ്റർ**
ഡോ.ജോയ് ഇളമൺ, ഡയറക്ടർ, കില

**തയ്യാറാക്കിയത് :**
ഡോ.കെ.പി.എൻ.അമൃത
ഡോ.അമൃത്‌രാജ്. ആർ.എം
വിനീത.എം
ശാന്തമ്മ.കെ
ഡോ.ദിലീപ്കുമാർ.കെ.പി
കെ.ജി.ശശികല
ടി.എം.ഷിഹാബ്
ജയശ്രീ.എസ്
വി.മോയി
സന്തോഷ് കുമാർ.കെ.സി
പ്രീതി ഉണ്ണികൃഷ്ണൻ

**എഡിറ്റോറിയൽ സഹായം**
റിസ്മിയ.ആർ.ഐ

**ഡി.ടി.പി & കവർ ഡിസൈനിംഗ്**
ശ്രീലത.എസ്


**പ്രസിദ്ധീകരണം:**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581
ഫോൺ - 2200244, 2207087 (ഓഫീസ്)
0487-2201312 (ഡയറക്ടർ),
0487-2201062 (ഫാക്സ്)
ഇമെയിൽ: info@kila.ac.in
വെബ്സൈറ്റ് : www.kila.ac.in

**2020**

## ആമുഖം

കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന എല്ലാ പ്രവർത്തനങ്ങളും ജെൻഡർ കാഴ്ച്ച പ്പാടോട്ടു കൂടിയും എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിയും ഉള്ളതാക്കുന്നതിനായി കില ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. അതിന്റെ ഭാഗമായി ''ജെൻഡർ കാഴ്ച്ചപ്പാടും പ്രാദേശിക ഭരണവും'' എന്ന വിഷയത്തിൽ ഒന്നാം ഘട്ട പരിശീലനം നൽകി കൊണ്ട് ഒരു കൂട്ടം ജെൻഡർ റിസോഴ്സ് പേഴ്സൺ മാരെ വാർത്തെടുക്കുന്നതിനുള്ള ശ്രമം കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചിരുന്നു. മാത്രമല്ല ഈ വിഷയത്തിൽ തെരെഞ്ഞെടുക്കപ്പെട്ട ജന പ്രതിനിധികൾ, ഉദ്യോഗസ്ഥർ, പ്രാദേശിക തല നേതാക്കൾ , മറ്റു പ്രാദേശിക പ്രവർത്തകർ തുടങ്ങിയവർക്ക് ഇവർ അവബോധം പകർന്നു നൽകുകയുണ്ടായി. കൂടാതെ ഈ കഴിഞ്ഞ വർഷക്കാലയളവിൽ നമ്മുടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്താൻ തയ്യാറായ ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും പലയിടത്തും ഈ റിസോഴ്സ് പേഴ്സൺമാർക്കായിട്ടുണ്ട്. വനിതാ ഘടക പദ്ധതി സംബന്ധിച്ച് കിലയുടെ ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേര്ണൻസ് നടത്തിയ പഠന പ്രവർത്തനത്തിലും ഇവർ പങ്കാളികളായിട്ടുണ്ട്.

മൂന്ന് ഘട്ടങ്ങളിലായി പത്തു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയാണ് റിസോഴ്സ് പേഴ്സൺമാർക്കായി ആസൂത്രണം ചെയ്തിരുന്നത്. ഒന്നാം ഘട്ട പരിശീലന മോഡ്യൂളിൽ തന്നെ ഈ ജെൻഡർ പരിശീലനത്തിന്റെ പ്രസക്തിയും ഈ മൂന്നു ഘട്ടങ്ങളിലും കൈകാര്യം ചെയ്യേണ്ടതായ വിഷയങ്ങളും ഈ പരിശീലന പരിപാടിയുടെ പൊതു ലക്ഷ്യങ്ങളും വിശദീകരിച്ചിരുന്നതാണ് . അതനുസരിച്ച് ഒന്നാം ഘട്ടത്തിൽ ജെൻഡറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ആശയ വ്യക്തത വരുത്തുവാനും ഇവയെ വികസനത്തിൽ ഉൾച്ചേർക്കുന്നതുമായി ബന്ധപ്പെടുത്തി ചിന്തിയ്ക്കാനും പ്രാദേശിക വികസന പ്രവർത്തനങ്ങളുടെ ആദ്യ പടിയായ ലിംഗപദവി പഠനം സംബന്ധിച്ച് പഠിയ്ക്കാനും റിസോഴ്സ് പേഴ്സൺമാർക്കു പരിശീലനം നൽകി. അതോടൊപ്പം ലിംഗപദവി പഠനത്തിൽ ഒരു ഫീൽഡ് തല പ്രവർത്തനം കൂടി നടത്തിയാണ് ഒന്നാം ഘട്ട പരിശീലനം പൂർത്തിയാക്കിയത്.

രണ്ടാം ഘട്ട പരിശീലനത്തിന് സഹായകമായ വിധത്തിലാണ് ഈ മൊഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ വ്യക്തത വരുത്തിയ ലിംഗ പദവി, വികസനം എന്നീ ആശയങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ എങ്ങിനെ പ്രയോഗവൽക്കരിയ്ക്കാമെന്നാണ് രണ്ടാംഘട്ട പരിശീലനത്തിൽ ലക്ഷ്യമാക്കുന്നത്. തദ്ദേശ ഭരണം സദ്ഭരണമാക്കുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സംഘടനാ സംവിധാനങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ആസൂത്രണം, ബഡ്ജറ്റിംഗ്, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ലിംഗനീതി ഉറപ്പു വരുത്തുന്ന വിധം അറിഞ്ഞിരിയ്ക്കേണ്ടതുണ്ട്.

## രണ്ടാം ഘട്ട പരിശീലനത്തിന്റെ ലക്ഷ്യം

- ജെൻഡറും സദ്ഭരണവുമായി ബന്ധപ്പെട്ട് വിഷയങ്ങളിൽ ആശയവ്യക്തത വരുത്തുക.
- തദ്ദേശഭരണ സംവിധാനം – വിവിധ പദ്ധതികളും ജെൻഡർ അവബോധ ഉൾചേർക്കലും മനസ്സിലാക്കുക.
- ജെൻഡർ ബജറ്റിംഗിന്റെയും ജെൻഡർ ഓഡിറ്റിംഗിന്റെയും രീതികളും ഉപാധികളും മനസ്സിലാക്കുക.
- ലിംഗപദവിയിലധിഷ്ഠിതമായ അതിക്രമങ്ങളും അവയുടെ കാരണങ്ങളും മനസ്സിലാക്കുക. അവ നേരിടാനുള്ള സംവിധാനങ്ങൾ പരിചയപ്പെടുക.
- ഘടകസ്ഥാപനങ്ങൾ/ ഇവ വഴി ലിംഗപദവിയുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന കാര്യങ്ങൾ വിലയിരുത്തുക.

## ജെൻഡർ പരിശീലനം- രണ്ടാം ഘട്ടം
(Daily Schedule)

**ഒന്നാം ദിവസം**

| | | |
|---|---|---|
| 09.30-10.00 | : | രജിസ്ട്രേഷൻ |
| **സെഷൻ-1** | | |
| 10.00-10.30 | : | ആമുഖം |
| 10.30-01.00 | : | ഒന്നാം ഘട്ട പരിശീലനത്തിന്റെ അസൈൻമെന്റ്- അവതരണം വിശകലനം |
| 01.00-02.00 | : | ഉച്ചഭക്ഷണം |
| **സെഷൻ-2** | | |
| 02.00-03.45 | : | പഞ്ചായത്തീരാജും സദ്ഭരണവും |
| 03.45-04.00 | : | ചായ |
| **സെഷൻ-3** | | |
| 04.00-06.00 | : | ലിംഗസമത്വവും സദ്ഭരണവും |
| 06.00-08.00 | : | ഓപ്പൺ ഫോറം |

**രണ്ടാം ദിവസം**

| | | |
|---|---|---|
| 09.00-09.30 | : | മുൻദിവസ പരിശീലന അവലോകനം |
| **സെഷൻ-4** | | |
| 09.30-11.00 | : | ജെൻഡർ ബജറ്റിംഗ്- എന്ത്?എങ്ങനെ ? |
| 11.00-11.15 | : | ചായ |
| 11.15-12.00 | : | ജെൻഡർ ബജറ്റിംഗ്- എന്ത്?എങ്ങനെ ? (തുടർച്ച..) |
| **സെഷൻ-5** | | |
| 12.00-01.30 | : | ജെൻഡർ ഓഡിറ്റിംഗ്- രീതികൾ ഉപാധികൾ |
| 01.30-02.30 | : | ഉച്ചഭക്ഷണം |
| **സെഷൻ-6** | | |
| 02.30-04.00 | : | ലിംഗപദവിയിലധിഷ്ഠിതമായ അതിക്രമങ്ങൾ- കാരണങ്ങളും അവ നേരിടാനുള്ള സംവിധാനവും |
| 04.00-04.15 | : | ചായ |
| **സെഷൻ-7** | | |
| 04.15-06.00 | : | ലിംഗപദവിയിലധിഷ്ഠിതമായ അതിക്രമങ്ങൾ- കാരണങ്ങളും അവ നേരിടാനുള്ള സംവിധാനവും (തുടർച്ച..) |
| 06.00-08.00 | : | ഓപ്പൺ ഫോറം |

മൂന്നാം ദിവസം

| | | |
|---|---|---|
| 09.00-09.30 | : | മുൻദിവസ പരിശീലന അവലോകനം |
| **സെഷൻ-8** | | |
| 09.30-01.00 | : | ഘടകസ്ഥാപനങ്ങൾ- ലിംഗപദവി കാഴ്ചപ്പാടോട് കൂടിയുള്ള പ്രവർത്തനങ്ങൾ |
| 01.00-02.00 | : | ഉച്ചഭക്ഷണം |
| **സെഷൻ-9** | | |
| 02.00-03.00 | : | തദ്ദേശഭരണസംവിധാനം- വിവിധ പദ്ധതികളും ജെൻഡർ അവബോധ ഉൾച്ചേർക്കലും |
| **സെഷൻ-10** | | |
| 03.00-03.30 | : | അടുത്ത ഘട്ടത്തിലേക്കുള്ള അസൈൻമെന്റ് - വിശദീകരണം |
| 03.30-04.00 | : | അവലോകനം, സമാപനം |

## ഒന്നാം ദിവസം

09.30–10.00 a.m. രജിസ്ട്രേഷൻ

**സെഷൻ–1**

10.00–10.30 a.m. ആമുഖം,
10.30– 01.00 p.m. ഒന്നാം ഘട്ട പരിശീലനത്തിന്റെ അസൈൻമെന്റ്– അവതരണം വിശകലനം

**സെഷൻ–2**

02.00– 03.45 p.m. പഞ്ചായത്തീരാജും സദ്ഭരണവും

**ആമുഖം**

73, 74 ഭരണഘടനാ ഭേദഗതിയുടെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഘടനയും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രവർത്തന രീതിയും എങ്ങിനെ സദ്ഭരണത്തിലേക്ക് എത്തിക്കുന്നു എന്ന് മനസ്സിലാക്കൽ ഈ സെഷനിലൂടെ സഹായിക്കുന്നു.

**ലക്ഷ്യം:**

- എന്താണ് പഞ്ചായത്തീരാജ് ആക്ട് എന്ന് മനസ്സിലാക്കുക
- സദ്ഭരണം എന്താണെന്ന് വ്യക്തമാക്കുക
- സദ്ഭരണത്തിന്റെ അടിസ്ഥാനതത്വങ്ങൾ എങ്ങിനെ പ്രാദേശിക ഭരണസംവിധാനത്തിൽ ഉൾച്ചേർക്കാമെന്ന് വ്യക്തത ഉണ്ടാക്കുക

**സമയം** : 105 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| ക്രമ നം | വിഷയം | സമയം (മിനിറ്റ്) | പഠനരീതി | ഉപാധികൾ |
|---|---|---|---|---|
| 1. | ആമുഖം | 5 | അവതരണം | പവർ പോയിന്റ് |
| 2. | പഞ്ചായത്ത് രാജ് സംവിധാനം | 25 | പങ്കാളിത്ത അവതരണം | പവർ പോയിന്റ്, വൈറ്റ് ബോർഡ് |
| 3. | സദ്ഭരണം | 10 | ബ്രെയിൻ സ്റ്റോമിംഗ് പങ്കാളിത്തഅവതരണം | പവർ പോയിന്റ്, ചാർട്ട് പേപ്പർ, മാർക്കർ |
| 4. | സദ്ഭരണം– നേരിടുന്ന വെല്ലുവിളികൾ | 25 | ഗ്രൂപ്പ് ചർച്ച, അവതരണം | പവർ പോയിന്റ്, ചാർട്ട് പേപ്പർ, മാർക്കർ |
| 5. | സദ്ഭരണ തത്വങ്ങൾ | 20 | പങ്കാളിത്ത അവതരണം, ബ്രെയിൻ സ്റ്റോമിംഗ് | പവർ പോയിന്റ്, വൈറ്റ് ബോർഡ് |
| 6. | സദ്ഭരണ സംവിധാനങ്ങൾ | 15 | പങ്കാളിത്ത അവതരണം, ബ്രെയിൻ സ്റ്റോമിംഗ് | പവർ പോയിന്റ്, വൈറ്റ് ബോർഡ് |
| 7. | സംശയനിവാരണം | 5 | | |

**പ്രവർത്തനരീതി**

- പഞ്ചായത്ത് രാജ് സംവിധാനം, ഭരണഘടനാ ഭേദഗതി, ഗ്രാമസഭ, മറ്റ് സംഘടനാ സംവിധാനങ്ങൾ തുടങ്ങിയവയുടെ പ്രസക്തിയും പ്രാധാന്യവും ബോധ്യപ്പെടുത്തുക. (1–7 വരെയുള്ള സ്ലൈഡുകൾ)

- സദ്ഭരണം എന്നാൽ എന്ത് എന്ന് ബ്രെയിൻ സ്റ്റോമിംഗിലൂടെ അവതരിപ്പിക്കുക. സദ്ഭരണത്തിന്റെ ദർശനവും ആവശ്യകതയും 8 മുതൽ 11 വരെയുള്ള സ്ലൈഡുകൾ ഉപയോഗിച്ച് വിശദീകരിക്കുക.

- സദ്ഭരണം നേരിടുന്ന വെല്ലുവിളികൾ നാല് ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്ത് അവതരിപ്പിക്കുക. കണ്ടെത്തുന്ന പ്രശ്നങ്ങൾ ചാർട്ട് പേപ്പറിൽ രേഖപ്പെടുത്തുക. (സ്ലൈഡ്–12 )

- 13 – 14 സ്ലൈഡുകൾ ഉപയോഗിച്ച് സദ്ഭരണ തത്വങ്ങൾ വിശദീകരിക്കുക. ഗ്രൂപ്പ് ചർച്ചയിലൂടെ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇവയെ എങ്ങിനെ ഉപയോഗിക്കാമെന്ന് വിശദീകരിക്കുക

- സദ്ഭരണ സംവിധാനങ്ങൾ സ്ലൈഡ് 15 ന്റെ സഹായത്തോടെ വിശദീകരിക്കുക.

സെഷന്റെ അവസാനം
പഞ്ചായത്ത് രാജ് സംവിധാനം ഉപയോഗിച്ച് പ്രാദേശികതലത്തിൽ ജനങ്ങൾക്ക് സഹായകമായ രീതിയിലുള്ള സദ്ഭരണം എങ്ങിനെ നടപ്പിലാക്കാമെന്നും ആയതിന്റെ തടസ്സങ്ങൾ എന്തൊക്കെയാണെന്നും അവ എങ്ങിനെ മറികടക്കാമെന്നും പങ്കാളികൾക്ക് വ്യക്തമാകുന്നു.

## സെഷൻ–3

04.00– 06.00 p.m. ലിംഗസമത്വവും സദ്ഭരണവും

**ആമുഖം**

സദ്ഭരണതത്വങ്ങളും ഉപാധികളും ഉപയോഗിച്ച് ലിംഗസമത്വത്തിലധിഷ്ഠിതമായ സമൂഹസൃഷ്ടിക്ക് വേണ്ടി പ്രാദേശികഭരണം എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് ഈ സെഷനിലൂടെ മനസ്സിലാക്കാം.

**ലക്ഷ്യം:**

- ലിംഗസമത്വത്തെക്കുറിച്ചുള്ള ധാരണ ശക്തിപ്പെടുത്തുക
- പ്രാദേശിക ഭരണത്തിൽ ലിംഗസമത്വം എങ്ങനെ ഉൾച്ചേർക്കണമെന്ന വ്യക്തത ഉണ്ടാക്കുക

**സമയം** : 120 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| ക്രമ നം | വിഷയം | സമയം (മിനിറ്റ്) | പഠനരീതി | ഉപാധികൾ |
|---|---|---|---|---|
| 1. | ആമുഖം | 5 | അവതരണം | പവർ പോയിന്റ് |
| 2. | ലിംഗസമത്വം | 10 | ബ്രെയിൻ സ്റ്റോമിംഗ്<br>പങ്കാളിത്ത അവതരണം | പവർ പോയിന്റ്, ചാർട്ട് പേപ്പർ, മാർക്കർ |
| 3. | സദ്ഭരണവും ലിംഗസമത്വവും | 25<br>30 | ഗ്രൂപ്പ് ചർച്ച,<br>റിപ്പോർട്ടിംഗ് | പവർ പോയിന്റ്, ചാർട്ട് പേപ്പർ, മാർക്കർ |
| 4. | ലിംഗസമത്വ ഭരണത്തിലേക്ക് | 30<br>10 | പങ്കാളിത്ത അവതരണം,<br>ഗൈഡഡ് റീഡിംഗ് | പവർ പോയിന്റ്, വൈറ്റ് ബോർഡ്, മാർക്കർ, കൈപ്പുസ്തകം |
| 5. | സംശയനിവാരണം | 10 | പങ്കാളിത്ത അവതരണം, | |

**പ്രവർത്തനരീതി**

ലിംഗസമത്വത്തിലധിഷ്ഠിതമായ സദ്ഭരണം എന്ന ആശയം സംബന്ധിച്ച് പങ്കാളികളുടെ നിലവിലുള്ള അറിവ് വിലയിരുത്തുന്നതിനായി അഞ്ച് പേർ വീതമുള്ള ആറ് ഗ്രൂപ്പുകളായി തിരിക്കുക. ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ചർച്ചക്ക് ശേഷം ഗ്രൂപ്പിൽ നിന്നൊരാൾ ചർച്ചയിൽ നിന്ന് ഉയർന്ന് വന്ന പ്രധാനപ്പെട്ട ആശയങ്ങൾ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുക.

കൈപ്പുസ്തകത്തിൽ ചേർത്തിട്ടുള്ള അനുബന്ധത്തിലെ ലിംഗസമത്വഭരണം സംബന്ധിച്ച ഭാഗം വായിച്ച് പ്രധാനപ്പെട്ട പോയിന്റുകൾ നോട്ട് ചെയ്യാൻ ആവശ്യപ്പെടുക.

സെഷന്റെ അവസാനം

സദ്ഭരണത്തിൽ ഊന്നിയ പഞ്ചായത്ത് രാജ് സംവിധാനം എല്ലാ മേഖലകളിലും ലിംഗസമത്വം കൂടി ഉറപ്പാക്കിയാൽ മാത്രമേ സാധ്യമാകൂ എന്ന് ഈ സെഷനിലൂടെ പങ്കാളികൾ മനസ്സിലാക്കുന്നു. പഞ്ചായത്ത് രാജ് ലിംഗസമത്വത്തിനായി പ്രദാനം ചെയ്യുന്ന വിവിധ സംവിധാനങ്ങളും അവസരങ്ങളും വിശദീകരിക്കപ്പെടുന്നു.

06.00–08.00 p.m. ഓപ്പൺ ഫോറം

## രണ്ടാം ദിവസം

09.00–09.30 a.m. മുൻദിവസ പരിശീലന അവലോകനം

### സെഷൻ 4

09.30–12.00 noon ജെൻഡർ ബജറ്റിംഗ്– എന്ത്?എങ്ങനെ ?

**ആമുഖം**

ഒരു സർക്കാരിന്റെ സാമ്പത്തിക സാമൂഹിക വികസന ലക്ഷ്യങ്ങൾ നേടാനുള്ള ഉപാധിയാണ് ബജറ്റ്. വികസന ലക്ഷ്യപ്രാപ്തിക്ക് വേണ്ടിയുള്ള സർക്കാരിന്റെ മുൻഗണനകളാണ് ബജറ്റ് പ്രതിഫലിപ്പിക്കുന്നത്.

ജെൻഡർ ബജറ്റ് പ്രത്യേകമായ ഒരു ബജറ്റല്ല മറിച്ച് നിലവിലുള്ള ബജറ്റിനെ ലിംഗപദവി വീക്ഷണത്തിലൂടെ രൂപീകരിക്കുന്ന പ്രക്രിയയാണ്. ബജറ്റിൽ ചെലവുകൾക്കായി നീക്കിവെയ്ക്കുന്ന തുക സ്ത്രീകളുടേയും പെൺകുട്ടികളുടേയും മറ്റ് ലിംഗലൈംഗിക ന്യൂനപക്ഷങ്ങളുടേയും ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്നും അവയെ എങ്ങനെ ലിംഗനീതിയും സാമൂഹ്യനീതിയും ഉറപ്പ് വരുത്തുന്നു എന്നതിനാണ് ഇത്തരത്തിൽ ബജറ്റ് രൂപീകരണം നടത്തുന്നത്.

**ലക്ഷ്യം**

- ജെൻഡർ ബജറ്റിംഗ് എന്താണെന്നു മനസ്സിലാക്കുക
- ജെൻഡർ ബജറ്റിംഗ് പ്രക്രിയ പരിചയപ്പെടുക

**സമയം–** 150 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| ക്രമ നം | പ്രവർത്തനങ്ങൾ | സമയം | രീതി | ഉപാധി |
|---|---|---|---|---|
| 1 | ആമുഖം | 5 | അവതരണം | പവർ പോയിന്റ് |
| 2 | എന്താണ് ബജറ്റ് | 20 | ബ്രെയിൻ സ്റ്റോമിംഗ് | ചാർട്ട് പേപ്പർ, മാർക്കർ, വൈറ്റ് ബോർഡ്, കടലാസ് |
| 3 | ജെൻഡർ ബജറ്റിംഗ് | 30 | അവതരണം | പവർ പോയിന്റ് |
| 4 | ഗ്രൂപ്പ് പ്രവർത്തനം, ബജറ്റിനെ ജെൻഡർ ബജറ്റാക്കുക | 45 | ഗ്രൂപ്പ് പ്രവർത്തനം | ബജറ്റ് കോപ്പി, ചാർട്ട് പേപ്പർ, മാർക്കർ, വൈറ്റ് ബോർഡ് |
| 5 | അവതരണം | 30 | അവതരണം | വൈറ്റ് ബോർഡ്, മാർക്കർ, ചാർട്ട് പേപ്പർ |
| 6 | സംശയനിവാരണം–ക്രോഡീകരണം | 20 | ചോദ്യോത്തരം | |

**പ്രവർത്തനരീതി**

- **ബജറ്റ് എന്താണ്**

പരിശീലന പങ്കാളികൾക്ക് വിതരണം ചെയ്ത് പേപ്പറിൽ എന്താണ് ബജറ്റ് എന്ന് അവർക്കറിയാവുന്നത് എഴുതിപ്പിക്കുക. പേപ്പറിൽ പേരെഴുതണമെന്നില്ല. കടലാസ് പരസ്പരം കൈമാറുന്നു. ഓരോരുത്തരായി വായിച്ച് അവതരിപ്പിക്കുന്നു. ബോർഡിൽ കുറിക്കുന്നു. സ്ലൈഡിന്റെ സഹായത്തോടെ റിസോഴ്സ് പേഴ്സൺ വിശദീകരിക്കുന്നു.

- **ജെൻഡർ ബജറ്റിംഗ്**
  തയ്യാറാക്കി നൽകിയിരിക്കുന്ന പവർ പോയിന്റിന്റെ സഹായത്തോടെ ജെൻഡർ ബജറ്റിംഗ് എന്താണെന്നും അതിന്റെ ആശയത്തെ റിസോഴ്സ് പേഴ്സൺ വിശദീകരിക്കുന്നു.

- **ഗ്രൂപ്പ് പ്രവർത്തനം**
  ബജറ്റ് തയ്യാറാക്കൽ. പങ്കാളികളെ 4 ഗ്രൂപ്പുകളാക്കുന്നു. നമ്പർ 1, 2, 3, 4 എന്ന് ക്രമീകരിക്കുന്നു. ഓരോ ഗ്രൂപ്പിനും ഒരു ബജറ്റ് നൽകിയിട്ട് ജെൻഡർ ബജറ്റാക്കാനുള്ള ലഘുനിർദ്ദേശം നൽകുന്നു. പ്രാദേശിക സർക്കാർ ബജറ്റുകളിൽ സോഫ്റ്റ് വെയർ ഫോർമാറ്റിന് ആവശ്യമായ ഡാറ്റാ നൽകുകയാണ് ചെയ്ത് വരുന്നത്. എന്നാൽ ബജറ്റ് നോട്ട് കൂടി ഇതോടൊപ്പം തയ്യാറാക്കുമ്പോഴാണ് ബജറ്റിന്റെ ലക്ഷ്യപ്രാപ്തി പൂർണ്ണമാവുക. വിനിയോഗിക്കുന്ന ഓരോ തുകയും പഞ്ചായത്തിന്റെ നയം പ്രതിഫലിക്കുന്ന വിധത്തിലാണ് ബജറ്റ് നോട്ട് തയ്യാറാക്കേണ്ടത്.

- **ഗ്രൂപ്പ് അവതരണം**
  പങ്കാളികൾ തയ്യാറാക്കിയ ബജറ്റും ബജറ്റ് നോട്ടും ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു. വായിച്ച് അവതരിപ്പിക്കാനുള്ള നിർദ്ദേശമാകാം. സമയപരിധി കണക്കിലെടുത്ത് ഓരോ ബജറ്റിലും ഓരോ വിഷയമേഖല നിർദ്ദേശത്തിന് അനുസരിച്ച് അവതരിപ്പിക്കുന്നു. ഓരോ അവതരണത്തിന് ശേഷവും പങ്കാളികളിൽ നിന്നും പാനൽ കണ്ടെത്തിയ സംശയം അവതാരകരോട് ഉന്നയിക്കുമ്പോൾ പാനൽ മറുപടി നൽകുന്ന രീതി സ്വീകരിക്കണം. റിസോഴ്സ് പേഴ്സൺ ഇടയിൽ മറുപടി നൽകണമെന്നില്ല.

സെഷന്റെ അവസാനം

<u>സംശയ നിവാരണവും ക്രോഡീകരണവും</u>

പങ്കാളികൾ ഉന്നയിച്ച സംശയങ്ങളും മറുപടിയും ബജറ്റ് രൂപീകരണത്തിനുള്ള നിർദ്ദേശങ്ങളും യഥാർത്ഥ പ്രശ്നങ്ങളും എപ്രകാരം അഭിസംബോധന ചെയ്യുന്ന രീതിയിൽ ഫലപ്രദമായ വിശദീകരണം നൽകി ക്രോഡീകരണം പൂർത്തീകരിക്കണം.

## സെഷൻ- 5

12.00 –01.30 p.m. ജെൻഡർ ഓഡിറ്റിംഗ്– രീതികൾ ഉപാധികൾ

**ആമുഖം**
ലിംഗപദവി കാഴ്ച്ചപ്പാടിൽ നിന്ന് കൊണ്ട് ഭരണസംവിധാനത്തിന്റെ വരുമാനത്തെയും ചെലവിനേയും വികസന പ്രവർത്തനങ്ങളെയും വിശകലനം നടത്തുന്നതാണ് ജെൻഡർ ഓഡിറ്റിംഗ്. പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിലുപരി ലിംഗപദവി തുല്യതയും ശാക്തീകരണവും കൈവരുത്തുവാനായി ഒരു സ്ഥാപനം എത്രമാത്രം സാഹചര്യങ്ങളൊരുക്കി എന്നതിന്റെ പരിശോധന കൂടിയാണ് ജെൻഡർ ഓഡിറ്റിംഗ്. പൊതുനയങ്ങൾ വളരെ വ്യത്യസ്ഥമായിട്ടാണ് സ്ത്രീകളെയും പുരുഷന്മാരെയും ബാധിക്കുന്നത് എന്ന അടിസ്ഥാനവീക്ഷണത്തിൽ നിന്നു കൊണ്ടാണ് ലിംഗപദവി ഓഡിറ്റിംഗ് നടത്തുന്നത്. ലിംഗപദവിയെയും സ്ത്രീശാക്തീകരണത്തെയും കുറിച്ച് വ്യക്തികളിലും സമൂഹത്തിലും സ്ഥാപനങ്ങളിലും നിലനിൽക്കുന്ന മുൻവിധികളും/മുൻധാരണകളും കണ്ടെത്തുകയും ലിംഗപദവി അവബോധത്തോടെ പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ടുപോകത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുന്നതിനും ജെൻഡർ ഓഡിറ്റിന്റെ ഫലമായി സാധിക്കും.

**ലക്ഷ്യം**

- ലിംഗപദവി ഓഡിറ്റ് എന്താണെന്ന് മനസ്സിലാക്കുക
- സാധാരണ ഓഡിറ്റും ജെൻഡർ ഓഡിറ്റിംഗും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുക
- ജെൻഡർ ഓഡിറ്റിംഗ് പ്രവർത്തന രീതി മനസ്സിലാക്കുക.

**സമയം** – 90 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| ക്രമ നം | പ്രവർത്തനങ്ങൾ | സമയം | രീതി | ഉപാധികൾ |
|---|---|---|---|---|
| 1 | ഓഡിറ്റിംഗ് എന്ത്? | 10 | ബ്രെയിൻ സ്റ്റോമിംഗ് | വൈറ്റ് ബോർഡ് |
| 2 | ജെൻഡർ ഓഡിറ്റിംഗ് അവതരണം | 10 | അവതരണം | പവർ പോയിന്റ് |
| 3 | ജെൻഡർ ഓഡിറ്റിംഗ്, രീതിശാസ്ത്രം | 10 | പങ്കാളിത്ത അവതരണം | പവർ പോയിന്റ് |
| 4 | കേസ് സ്റ്റഡി | 30 | ഗ്രൂപ്പ് ചർച്ച | പ്രൊജക്ടർ,ചാർട്ട് പേപ്പർ |
| 5 | ഓഡിറ്റ് റിപ്പോർട്ട് പങ്കാളികളുടെ അവതരണം | 10 | അവതരണം | ചാർട്ട് പേപ്പർ |
| 6 | ക്രോഡീകരണം | 20 | അവതരണം | പവർ പോയിന്റ് |

**പ്രവർത്തനരീതി**

1. പരിശീലന പങ്കാളികളോട് ഓഡിറ്റിംഗ് എന്ന് കേൾക്കുമ്പോൾ എന്താണ് നിങ്ങൾ മനസ്സിലാക്കുന്നത് എന്ന് ചോദിച്ചു കൊണ്ട് സെഷൻ ആരംഭിക്കാം . അവർ പറയുന്ന പോയിന്റുകൾ വൈറ്റ് ബോർഡിൽ എഴുതാം

2. ജെൻഡർ ഓഡിറ്റിംഗ് എന്ന് കേട്ടിട്ടുണ്ടോ എന്ന് ചോദിക്കുകയും ജെൻഡർ ഓഡിറ്റിംഗ് എന്താണെന്നും സാധാരണ ഓഡിറ്റിംഗ് ഇതിൽ നിന്ന് എങ്ങനെ വ്യത്യസ്തമാകുന്നു എന്നും സോഷ്യൽ ഓഡിറ്റിംഗും ജെൻഡർ ഓഡിറ്റിംഗും തമ്മിലുള്ള ബന്ധം എന്താണെന്നും പവർപോയിന്റിന്റെ സഹായത്തോടെ വിശദീകരിക്കാം

3. ആരാണ് ലിംഗപദവി ഓഡിറ്റിംഗ് നടത്തേണ്ടത് എന്നും എപ്പോൾ എങ്ങനെ നടത്തണമെന്നും പവർപോയിന്റിന്റെ സഹായത്തോടെ പങ്കാളിത്തരീതിയിൽ അവതരിപ്പിക്കാം

4. പരിശീലന പങ്കാളികളെ പത്തിൽ അധികരിക്കാതെ ഗ്രൂപ്പുകളായി തിരിച്ച് കേസ് സ്റ്റഡികൾ നൽകി എന്തൊക്കെ കാര്യങ്ങളാണ് വിലയിരുത്തപ്പെടേണ്ടതെന്ന് വ്യക്തമാക്കുക. നൽകിയ കേസ്സ് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ ഓരോ ഗ്രൂപ്പും ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി പൊതു സെഷനിൽ അവതരിപ്പിക്കുക

5. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുകയും മറ്റ് ഗ്രൂപ്പുകൾ ശ്രദ്ധയിൽ വന്ന കാര്യങ്ങളെ കുറിച്ച് വെയ്ക്കുകയും ചെയ്യുക. മുഴുവൻ അവതരിപ്പിച്ച ശേഷം കുറിച്ച് വച്ച കാര്യങ്ങൾ പറയാൻ അവസരം നൽകുക

6. ആശയവ്യക്തത വരത്തക്കവിധത്തിലുള്ള ക്രോഡീകരണം പവർപോയിന്റിന്റെ സഹായത്തോടെ റിസോഴ്സ് പേഴ്സൺ നിർവ്വഹിക്കുക

സെഷന്റെ അവസാനം

ജെൻഡർ ഓഡിറ്റിംഗ് കേവലം കണക്കുകളുടെ പരിശോധനയല്ലെന്നും ലിംഗപദവി അവബോധ ത്തോടെയുള്ള ഇടപെടലാണെന്നും ഈ പ്രവർത്തനങ്ങൾ വഴി തുല്യത ഉറപ്പ് വരുത്തേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുക എന്നതാണ് ലക്ഷ്യമാക്കേണ്ടത് എന്നും സെഷന്റെ അവസാനത്തിൽ റിസോഴ്സ് പേഴ്സൺ ബോധ്യപ്പെടുത്തണം.

**സെഷൻ –6**

2.30 p.m. – 5.30 p.m. – ലിംഗപദവിയിലധിഷ്ഠിതമായ അതിക്രമങ്ങൾ– കാരണങ്ങളും അവ നേരിടാനുള്ള സംവിധാനവും

**ആമുഖം**

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ

സ്ത്രീകളുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരവും മറ്റ സാമൂഹിക വികസന സൂചികയിലെ മുന്നേറ്റവും സ്ത്രീകൾക്ക് എതിരായ അതിക്രമങ്ങൾ കുറക്കാൻ കാരണമാകുന്നില്ല എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഗാർഹികാതിക്രമം, ബലാത്സംഗം, കൊലപാതകം, ലൈംഗിക വിൽപ്പനയ്ക്കായി പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകൽ (Trafficking), തൊഴിൽസ്ഥലത്തെ ലൈംഗിക പീഡനം, യാത്രാവേളയിലെ ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവ കേരളത്തിൽ കൂടിവരികയാണ്. മാത്രമല്ല സ്വഭവനങ്ങളിൽ പോലും സ്ത്രീകളും കുട്ടികളും ഇന്ന് സുരക്ഷിതരല്ല.

സ്ത്രീകളും പെൺകുട്ടികളും ജീവിതത്തിലുടനീളം നേരിടുന്ന ലിംഗപദവിയിലധിഷ്ഠിതമായ അതിക്രമങ്ങളെ ക്കുറിച്ചും അവയുടെ കാരണങ്ങളെക്കുറിച്ചും അതിക്രമങ്ങൾ നേരിടാനുള്ള നിയമങ്ങളും മറ്റ് സംവിധാനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുകയാണ് ഈ സെഷന്റെ ലക്ഷ്യം. ലിംഗപദവിയിലധിഷ്ഠിതമായ അതിക്രമങ്ങൾ ഒരു വ്യക്തിയുടെ മറ്റ് സ്വത്വബോധങ്ങളുമായും (ജാതി, മതം, വർഗ്ഗം, ലൈംഗികത, ഭിന്നശേഷി) മറ്റ് പല സാമൂഹിക സാമ്പത്തിക ഘടനകളുമായും ബന്ധപ്പെട്ടിരിക്കുന്നു എന്ന് വ്യക്തതയുണ്ടാകുന്നു.

**ലക്ഷ്യം**

- ലിംഗപദവി അതിക്രമങ്ങളുടെ സ്വഭാവം അതിനുള്ള കാരണങ്ങൾ മറ്റ് ശ്രേണി ബന്ധങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുക, ജാതി, മതം, വർഗ്ഗം, ലൈംഗികത തുടങ്ങി മറ്റ് സ്വത്വബോധങ്ങൾ അതിക്രമങ്ങളുടെ സ്വഭാവത്തെ നിർണ്ണയിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുക.
- ലിംഗപദവി അതിക്രമങ്ങൾ നേരിടുന്നതിന് വേണ്ട നിയമസംവിധാനങ്ങളെ കുറിച്ചും സ്ഥാപനങ്ങളെക്കുറിച്ചും മനസ്സിലാക്കുക, അവ ലിംഗപദവി അതിക്രമങ്ങളുടെ സങ്കീർണാവസ്ഥയെ നേരിടുന്നതിൽ പര്യാപ്തമാണോ എന്ന് അന്വേഷിക്കുക
- നിയമങ്ങളുടേയും സംവിധാനങ്ങളുടേയും സാധ്യതകൾ സമൂഹത്തിൽ പ്രാപ്യമാക്കുന്നതിൽ ഓരോരുത്തരുടേയും പങ്ക് എന്താണെന്ന് തിരിച്ചറിയുക

**സമയം–** 180 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| ക്രമ നം | പ്രവർത്തനങ്ങൾ | സമയം (മിനിട്സ്) | രീതി | ഉപാധികൾ |
|---|---|---|---|---|
| 1 | ആമുഖം | 20 | അവതരണം | പവർപോയിന്റ്, Newspaper Colash, |
| 2 | പൊതു ചർച്ച (ലിംഗാധിഷ്ഠിത മായ അതിക്രമങ്ങൾ തരം തിരിച്ച് ചർച്ച ചെയ്യുക) | 30 | ഗ്രൂപ്പ് ചർച്ച | പവർപോയിന്റ്, ചാർട്ട് പേപ്പർ, കളർ പേനകൾ |
| 3 | അവതരണം ഗ്രൂപ്പ് പ്രതിനിധി | 20 | ഗ്രൂപ്പ് അവതരണം, കൂട്ടിച്ചേർക്കൽ | |
| 4 | അവതരണം (സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ, സംവിധാനങ്ങൾ, സാധ്യതകൾ) | 50 | പങ്കാളിത്ത അവതരണം, പവർ പോയിന്റ് | പവർപോയിന്റ്, |
| 5 | അവതരണം (LGBTIQA യുമായി ബന്ധപ്പെട്ട നിയമങ്ങൾ, സംവിധാനങ്ങൾ, സാധ്യതകൾ, ടി.ജി പോളിസി, ) | 40 | | പവർപോയിന്റ്, |
| 6 | ക്രോഡീകരണം | 20 | | പവർപോയിന്റ്, |

**പ്രവർത്തനരീതി**

- സ്ത്രീകൾ, ട്രാൻസ് ജെൻഡേഴ്സ്ഇന്റർസെക്സ് പേഴ്സണൽ+, കുട്ടികൾ എന്നിവർ നേരിടുന്ന വിവിധ തരം അധിക്രമങ്ങളെ കുറിച്ച് മനസ്സിലാക്കുന്നതിന് വേണ്ടി ചാർട്ട് പേപ്പറുകളിൽ അതിക്രമങ്ങളെകുറിച്ചുള്ള കൊളാഷ് ഉണ്ടാക്കി ഹാളിലെ വിവിധ ഭാഗങ്ങളിൽ തൂക്കിയിടുക . ഗാർഹിക പീഡനം, ലൈംഗികപീഡനം, പൊതുസ്ഥലത്തെ യാത്രാവേളകളിലെ പ്രശ്നങ്ങൾ/,

ട്രാൻസ് ജെൻഡേഴ്സ് നേരിടുന്ന അതിക്രമങ്ങൾ, ബാലലൈംഗിക പീഡനം തുടങ്ങിയവയുടെ ഒക്കെ പത്രകട്ടിംഗുകൾ ഉണ്ടാകണം.

- തയ്യാറാക്കി ചുമരിൽ പ്രദർശിപ്പിച്ചിരിക്കുന്ന കൊളാഷ് പങ്കാളികളോട് നടന്ന് കാണാൻ ആവശ്യപ്പെടുക ) (ഗ്യാലറി വർക്ക്)4 മിനിറ്റ്തിരിച്ച് വന്നിട്ട് പങ്കെടുക്കുന്നവരുടെ .( ബോർഡിൽ ഇവ തരം തിരിച്ച് .(ബ്രെയിൻ സ്റ്റോമിംഗ്) പ്രതികരണങ്ങൾ കേൾക്കാം അതിക്രമങ്ങളുടെ നിർവ്വചനം .രേഖപ്പെടുത്താം, വിവിധ തരം അതിക്രമങ്ങൾ, ഇവയുടെ വ്യാപ്തി തുടങ്ങിയവ കണക്കുകൾ സഹിതം വിശദീകരിക്കുക.
- പഠിതാക്കൾ മൂന്ന് ഗ്രൂപ്പുകളായി തിരിയുന്നുട്രാൻസ് /ഒന്നാം ഗ്രൂപ്പ് വീട്ടിലും പരിസരത്തും സ്ത്രീകൾ . പ്രായം /ഇന്റർസെക്സ് പേഴ്സണൽ നേരിടുന്ന പ്രശ്നങ്ങളും അതിക്രമങ്ങളും സ്ഥലം +ജെൻഡറുകൾ തിരിച്ച് ചർച്ച ചെയ്ത് ചാർട്ട് പേപ്പറിൽ അടയാളപ്പെടുത്തുക
- രണ്ടാം ഗ്രൂപ്പ് തൊഴിലിടങ്ങളിലെ പ്രശ്നങ്ങളും അതിക്രമങ്ങളും തൊഴിൽ സ്ഥലം പ്രായം തിരിച്ച് / ചർച്ച ചെയ്ത് ചാർട്ട് തയ്യാറാക്കുക
- മൂന്നാം ഗ്രൂപ്പ് പൊതുവിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങളും അതിക്രമങ്ങളും ഇടംപ്രായം തിരിച്ച് ചർച്ച / ചെയ്ത് ചാർട്ട് തയ്യാറാക്കുക
- അതിക്രമങ്ങളുടെ സാംസ്കാരികരാഷ്ട്/ീയ നിയമ പശ്ചാത്തലവും കാരണങ്ങളും /സാമ്പത്തിക/ .ഉൾപ്പെടുത്തിയാവണം ചർച്ച ചെയ്ത് ചാർട്ടിൽ ചേർക്കേണ്ടത്
- ഓരോ ഗ്രൂപ്പും രണ്ടായി തിരിഞ്ഞ് ഒരു ഗ്രൂപ്പ് ചാർട്ടിൽ പോയിന്റുകൾ കുറിക്കുകയും മറ്റേ ഗ്രൂപ്പ് അതിക്രമങ്ങളുടെ കാരണങ്ങളുടെ വേരുകൾ അന്വേഷിക്കുകയും പ്രോബ്ലം ട്രീ വരയ്ക്കുകയും വേണം.ഈ ചാർട്ട് പേപ്പർ ഹാളിൽ പ്രദർശിപ്പിക്കണം .
- ഓരോ ഗ്രൂപ്പിൽ നിന്നും നിശ്ചയിക്കപ്പെട്ടയാൾ ചാർട്ടിന്റെ സഹായത്തോടെ അവതരണം നടത്തുകപരിശീലകൻ പൊതു ചർച്ചയിലൂടെ വിട്ടു പോയവ കൂടി ചാർട്ടിൽ രേഖപ്പെടുത്താൻ . (സമയബന്ധിതമായി ചെയ്യണം) സഹായിക്കുക
- ഗ്രൂപ്പ് പ്രവർത്തനത്തിൽ ഓരോ മേഖലയിലും കണ്ടെത്തിയ പ്രധാന വിഷയങ്ങൾക്ക് പരിഹാരമായുള്ള നിയമങ്ങളേയും സംവിധാനങ്ങളേയും സാദ്ധ്യതകളേയും സ്ലൈഡുകളുടെ സഹായത്തോടെ പരിശീലകൻ അവതരിപ്പിക്കുകഒരു പ്രശ്നം സൂചിപ്പിച്ച് അതിനുള്ള . നിയമങ്ങളും സംവിധാനങ്ങളേയും സാധ്യതകളേയും ഗ്രൂപ്പ് ചർച്ചയിലൂടെഅവതരിപ്പിച്ച് പിന്നീട് സ്ലൈഡ് കാണിച്ച് ഉറപ്പിക്കുകയാണ് വേണ്ടത്.
- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾക്കെതിരെ അന്താരാഷ്ട്രതലത്തിൽ രൂപം കൊള്ളുകയും ഇന്ത്യ ഒപ്പ് വെയ്ക്കുകയും ചെയ്തിട്ടുള്ള അന്താരാഷ്ട്ര ഉടമ്പടിപ്രഖ്യാപനങ്ങളെ കുറിച്ച് / ഭര .സൂചിപ്പിക്കണംഘടനാ വ്യവസ്ഥകളും ചർച്ച ചെയ്യണംസ്ലൈഡുകളിൽ . ഉൾപ്പെടുത്തിട്ടുള്ളവയിൽ പ്രധാനപ്പെട്ട നിയമങ്ങൾ നിയമവ്യവസ്ഥകൾ പ്രധാനമായും മറ്റുള്ളവ പഠനാർത്ഥികൾ സ്വന്തമായി വായിച്ച് മനസ്സിലാക്കാൻ .ചർച്ചചെയ്താൽ മതിയാകും .നിർദ്ദേശിക്കാവുന്നതാണ്
- IPC 498-A ഗാർഹിക പീഢത്തിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005, സ്ത്രീധന നിരോധന നിയമം 1961, IPC -S 509, സൈബർ നിയമം 2000, തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയൽ), നിരോധനം, പരിഹാരം നിയമം ( 2013, മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനത്തിനും ക്ഷേമത്തിനുമുള്ള നിയമം 2000), സ്പെഷ്യൽ മാരേജ് ആക്ട് 1995, പൊതുവിവാഹ നിയമം 2008, അറസ്റ്റ് ചെയ്യുമ്പോഴുള്ള നടപടികളും പരിരക്ഷയും എന്നിവ ഇവരുമായി ചർച്ച ചെയ്യാവുന്നതാണ് . .മറ്റുള്ളവ പഠന പങ്കാളികളുടെ ചോദ്യങ്ങൾക്ക് അനുസരിച്ച് ചർച്ച ചെയ്യുക
- ട്രാൻസ് ജെൻഡർ, ഇന്റർ സെക്സ് വ്യക്തികൾ വിവിധ പ്രായങ്ങളിലായി നേരിടുന്ന ആക്രമണങ്ങളും ബുദ്ധിമുട്ടുകളും പരിശോധിക്കണംട്രാൻസ് ജെൻഡേഴ്സിനേയും ഇൻറർ . സെക്സിനേയും സംബന്ധിച്ചുള്ള പോളിസിയും ബാധകമായ നിയമങ്ങളും വിശദമായി ചർച്ച .ചെയ്യണം

<u>സെഷന്റെ അവസാനം</u>

നിയമങ്ങളും സംവിധാനങ്ങളും സാധ്യതകളും അനവധി ഉണ്ടായിട്ടും എന്തു കൊണ്ട് അതിക്രമങ്ങളും വിവേചനങ്ങളും അവഗണനകളും നിലനിൽക്കുന്നുവെന്നും നിയമങ്ങളുടെയും സംവിധാനങ്ങളുടേയും ഫലപ്രദമായ നടത്തിപ്പിലൂടെ ലിംഗസമത്വത്തിലും ലിംഗനീതിയിലും അധിഷ്ഠിതമായ സമൂഹം എങ്ങിനെ സൃഷ്ടിക്കാമെന്നും ആയതിൽ തങ്ങൾക്കുള്ള പങ്ക് എന്തെന്നും ചർച്ച ചെയ്ത് ക്രോഡീകരിക്കുക.

06.00-08.00 ഓപ്പൺ ഫോറം

## മൂന്നാം ദിവസം

09.00–09.30 – മുൻദിവസ പരിശീലന അവലോകനം

**സെഷൻ–7**

09.30–01.00 – ഘടകസ്ഥാപനങ്ങൾ– ലിംഗപദവി കാഴ്ചപ്പാടോട്ടു കൂടിയുള്ള പ്രവർത്തനങ്ങൾ

**ആമുഖം**

പഞ്ചായത്തീരാജ് ആക്ടിലെ മൂന്ന്, നാല്, അഞ്ച് പട്ടികകൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിലെ ഒന്നാം പട്ടിക പ്രകാരവും വിവിധ സേവന–വികസന ക്ഷേമപ്രവർത്തനങ്ങളുടെ ചുമതലകൾ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ടല്ലോ. ഏൽപ്പിക്കപ്പെട്ട ചുമതലകളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തു.

ഇത്തരത്തിൽ കൈമാറിയ ഓഫീസും സ്ഥാപനവും നിറവേറ്റേണ്ടതായ ചുമതലകൾ എന്തെന്നും അവ എങ്ങനെ ലിംഗപദവി കാഴ്ചപ്പാടോട്ടു കൂടി നിറവേറ്റാം എന്നും പരിശോധിക്കുന്നതിന് ഈ സെഷൻ ഉപകരിക്കും.

**ലക്ഷ്യം:**

- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കിട്ടിയ വിവിധ സ്ഥാപനങ്ങളും ഓഫീസുകളും അവയുടെ ചുമതലകളും മനസ്സിലാക്കുക
- ഘടകസ്ഥാപനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്ന പ്രവർത്തനങ്ങൾ ലിംഗപദവി കാഴ്ചപ്പാടോട്ടു കൂടി ഉള്ളതാണോയെന്ന് വിശകലനം നടത്തുക
- പ്രവർത്തനങ്ങൾ ജെൻഡർ സൗഹൃദപരമാക്കാനുള്ള നടപടികൾ ചർച്ച ചെയ്യുക

**സമയം:** 210 മിനിറ്റ്

**ഉള്ളടക്കവും പഠനരീതിയും**

| ക്രമ നം | ഉള്ളടക്കം | സമയം (മിനുട്സ്) | പഠനരീതി | ഉപാധികൾ |
|---|---|---|---|---|
| 1. | ആമുഖം | 10 | അവതരണം | പവർ പോയിന്റ് |
| 2. | ഗ്രൂപ്പ് പ്രവർത്തനം, സേവനങ്ങൾ | 30 | ഗ്രൂപ്പ് ചർച്ച, പൊതു അവതരണം | ചാർട്ട് പേപ്പർ, സ്ലൈഡ് |
| 3. | സ്ഥാപന മാനേജ്മെന്റ് ഉത്തരവുകൾ ഉദ്യോഗസ്ഥ സംവിധാനം, സ്ഥാപനങ്ങൾ | 30 | അവതരണം | ബ്രെയിൻ സ്റ്റോമിംഗ് പവർ പോയിന്റ് |
| 4. | സേവനങ്ങളുടെ ജെൻഡർ വിശകലനം | 10 | അവതരണം | |
| 5. | ഗ്രൂപ്പ് വർക്ക് /ക്രോഡീകരണം, ജെൻഡറുമായി ബന്ധപ്പെട്ട് ഘടക സ്ഥാപനങ്ങൾക്ക് ചെയ്യാവുന്ന പ്രവർത്തനങ്ങൾ | 105 | ഗ്രൂപ്പ് ചർച്ച, കാർഡ് പോസ്റ്റിംഗ്, ക്രോഡീകരണം | ചാർട്ട് പേപ്പർ, കട്ട് കാർഡ് ഫീൽഡ് വിസിറ്റ് പവർ പോയിന്റ് |
| 6. | സ്ത്രീ സൗഹൃദസ്ഥാപനം | 20 | അവതരണം | പവർ പോയിന്റ് |
| 7. | സംശയനിവാരണം | 5 | | |

**പ്രവർത്തനരീതി**

പങ്കാളികളുടെ പൊക്കം അനുസരിച്ച് വരിയായി നിർത്തുക. അതിന് ശേഷം 1,2,3,4 നമ്പറുകൾ എണ്ണിച്ച് 4 ഗ്രൂപ്പുകളായി തിരിക്കുക. ഓരോ ഗ്രൂപ്പിനോടും 2 വീതം സ്ഥാപനങ്ങൾ തിരഞ്ഞെടുത്ത് അവ നൽകുന്ന സേവനങ്ങൾ ചാർട്ട് പേപ്പറിൽ രേഖപ്പെടുത്താൻ നിർദ്ദേശിക്കുക. വ്യത്യസ്ഥമായ സ്ഥാപനങ്ങളായിരിക്കണം ഗ്രൂപ്പുകൾ തിരഞ്ഞെടുക്കേണ്ടത്. ഓരോ ഗ്രൂപ്പും അവതരിപ്പിക്കുക.

ഫെസിലിറ്റേറ്റർ ചർച്ച ക്രോഡീകരിക്കുകയും ബന്ധപ്പെട്ട അനുബന്ധം-6 സംബന്ധിച്ച് പരാമർശിക്കുകയും ചെയ്യും.

മേൽ ഗ്രൂപ്പുകൾ തന്നെ ചേർന്ന് കൊണ്ട് അവർ തിരഞ്ഞെടുത്ത മേഖലകളിലെ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ലിസ്റ്റ് ചെയ്യാൻ നിർദ്ദേശിക്കുക. ''വല ചാർട്ട്'' മാതൃകയിലായിരിക്കണം പ്രശ്നങ്ങൾ രേഖപ്പെടുത്തേണ്ടത്. അതിന് ശേഷം കഴിഞ്ഞ സെഷനിൽ സൂചിപ്പിക്കപ്പെട്ട വിവിധ സംവിധാനങ്ങളും പദ്ധതികളും മേൽ പ്രശ്നങ്ങൾക്ക് പരിഹാരം ആകുന്നുണ്ടോ എന്ന് ഗ്രൂപ്പ് അംഗങ്ങൾ വിശകലനം ചെയ്യുക.

- സ്ലൈഡ് 1, 2 എന്നിവയുടെ സഹായത്തോടെ പഠിതാക്കൾക്ക് കേരള പഞ്ചായത്തീരാജ് നിയമത്തിലെ 3,4,5 പട്ടികകൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഒന്നാം പട്ടിക പ്രകാരവും അനിവാര്യച്ചുമതലകളായി തരം തിരിച്ച് പറഞ്ഞിട്ടുള്ള സേവനങ്ങൾ ജനങ്ങൾക്ക് നൽകേണ്ടത് കേരള പഞ്ചായത്തീരാജ് നിയമത്തിലെ 166 വകുപ്പ് പ്രകാരവും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ മുപ്പതാം വകുപ്പ് പ്രകാരവും ഒഴിച്ചുകൂടാനാവാത്തതാണ്. ഈ ച്ചുമതലകൾ വികസന മേഖലാടിസ്ഥാനത്തിൽ നിറവേറ്റുന്നതിന് തദ്ദേശഭരണസ്ഥാപനത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളെയാണ് ഘടക സ്ഥാപനങ്ങൾ എന്ന വസ്തുത പഠിതാക്കളെ ബോധ്യപ്പെടുത്തുക എന്നതാണ് ഉദ്ദേശ്യം.
- കേരള പഞ്ചായത്തീരാജ് നിയമത്തിലെ വകുപ്പ് 173 എ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 20(9) പ്രകാരം ആരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടി മാനേജ്മെന്റ് കമ്മിറ്റികൾ രൂപികരിക്കുന്നത് പോലെ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളും സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. ഉദാ– പിടിഎ, അങ്കണവാടി വെൽഫെയർ കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ്, മോണിറ്ററിംഗ് കമ്മിറ്റികൾ, എച്ച്.എം.സി) തുടങ്ങിയ വിവിധ മാനേജ്മെന്റ് സംവിധാനങ്ങളെക്കുറിച്ച് പഠിതാക്കളെ മനസ്സിലാക്കിക്കുന്നു.
- അവതരണത്തിനു ശേഷം ക്രോഡീകരണം നടത്തുമ്പോൾ റിസോഴ്സ് പേഴ്സൺ തദ്ദേശസ്വയംഭരണ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും അവ നൽകുന്ന സേവനങ്ങളും ഉദ്യോഗസ്ഥ സംവിധാനങ്ങളും ഏതൊക്കെയെന്ന് വിശദീകരിക്കുന്നു. (സ്ലൈഡ് 5 ന്റെ സഹായത്തോടെ)
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഏതൊക്കെയാണെന്നും ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണെന്നും ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ 25 മിനിറ്റ് സമയത്തിനുള്ളിൽ പഠിതാക്കൾ ചർച്ച ചെയ്യുന്നു. തുടർന്ന് ചാർട്ട് പേപ്പറിൽ എഴുതി ഗ്രൂപ്പുകൾ പൊതു അവതരണം നടത്തുന്നു. സ്ലൈഡ് 5 ന്റെ സഹായത്തോട് കൂടി ആക്റ്റിന്റെ ഭാഗമായി നിലവിൽ വന്ന ഉദ്യോഗസ്ഥ സംവിധാനം വിശദമാക്കുക. അനുബന്ധം .....
- **<u>സേവനങ്ങളുടെ ജെന്റർ വിശകലനം</u>**

  പഠിതാക്കളെ 5 ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പും രണ്ട് സ്ഥാപനങ്ങൾ വീതം തെരഞ്ഞെടുത്ത് ഫീൽഡ് വിസിറ്റ് നടത്തുന്നു. അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ ഈ സ്ഥാപനങ്ങളുടെ ജെന്ററുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു. സ്ഥാപനങ്ങളുടെ ജെന്റർ വിശകലനം നടത്തുന്നു. വിസിറ്റിന് ശേഷം 5 ഗ്രൂപ്പുകളും ഓരോ ഘടകസ്ഥാപനത്തിലും അവർ കണ്ടെത്തിയ വിവരങ്ങൾ പ്രോബ്ളം ട്രീ മാതൃകയിൽ ലിസ്റ്റ് ചെയ്യണം. ഇതിലൂടെ പഠിതാക്കൾക്ക് ഘടകസ്ഥാപനങ്ങളും ലിംഗപദവി കാഴ്ച്ചപ്പാടോട് കൂടി നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളും മനസ്സിലാക്കാൻ കഴിയുന്നു.

- **<u>സ്ത്രീ സൗഹൃദ സ്ഥാപനം</u>**

  അധികാരവികേന്ദ്രീകരണവും പഞ്ചായത്തീരാജ് സംവിധാനവും ലിംഗപദവി തുല്യതയിലധിഷ്ഠിതമായ ഭരണ നിർവ്വഹണത്തിന് സാധ്യമാവുന്നത് എങ്ങനെയാണ് പഠിതാക്കളെ 14, 15 സ്ലൈഡുകളുടെ സഹായത്തോടെ മനസ്സിലാക്കിക്കുന്നു.

  പ്രാദേശികഭരണ സംവിധാനത്തിൽ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ അർഹമായ പങ്കാളിത്തം ഉറപ്പ് വരുത്തുവാനും വിഭവങ്ങൾ വകയിരുത്തുന്നതിന് വിനിയോഗിക്കുന്നതിനും

സ്ത്രീകളെയും മറ്റ് അവശതകൾ അനുഭവിക്കുന്നവരെയും സഹായകമായ സാഹചര്യം സൃഷ്ടിക്കണം.

പ്രാദേശിക ഭരണസംവിധാനത്തിന്റെ അധികാരപരിധിക്കുള്ളിൽ സ്ത്രീ സൗഹൃദസ്ഥാപനം എന്ന ലക്ഷ്യം നേടണമെങ്കിൽ ലിംഗപദവിയെ അടിസ്ഥാനമാക്കിയ ആസൂത്രണ രീതികൾ സ്വീകരിക്കേണ്ടതുണ്ട്.

<u>സെഷന്റെ അവസാനം</u>

ചർച്ചയിലുരുത്തിരിഞ്ഞ പ്രശ്നങ്ങളും പരിഹാരങ്ങളും ക്രോഡീകരിച്ച് ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം എപ്രകാരം ജെൻഡർ സൗഹൃദപരമാവാമെന്ന് പരിശീലനക/ൻ വിശദമാക്കുക. വികേന്ദ്രീകരണ ആസൂത്രണത്തിൽ സാധ്യതകൾ കേരളത്തിലെ സ്ത്രീകളുടെ അവസ്ഥയും പദവിയും ഉയർത്തുന്നതിന് എത്രമാത്രം ഉപകാരപ്പെടുത്താവുന്നതാണ് എന്ന് പങ്കാളികളെ ബോധ്യപ്പെടുത്തുക.

## സെഷൻ–8

02.00–03.00 തദ്ദേശഭരണസംവിധാനം– വിവിധ പദ്ധതികളും ജെൻഡർ അവബോധ ഉൾച്ചേർക്കലും

**വിഷയം: തദ്ദേശഭരണം– വിവിധ പദ്ധതികളിൽ ലിംഗപദവി ഉൾച്ചേർക്കൽ**

**ആമുഖം**

ജനങ്ങളോട് ഏറ്റവും അടുത്ത് നിൽക്കുന്ന സർക്കാരുകളാണ് ഗ്രാമപഞ്ചായത്തും നഗരസഭകളും. 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ സാമൂഹ്യനീതിയിലധിഷ്ഠിതമായി സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമായി മാറി.

**ലക്ഷ്യം**

സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ദളിത്–ആദിവാസി വിഭാഗങ്ങൾ എന്നിവരുടെ വികസന പദ്ധതികളിൽ എങ്ങനെ ലിംഗപദവി തുല്യത ഉൾച്ചേർക്കാം എന്ന് പങ്കാളികളെ ബോധ്യപ്പെടുത്തുക.

ഉള്ളടക്കവും പഠനരീതിയും

| ക്രമ നം | വിഷയം | സമയം | പഠനരീതി | ഉപാധികൾ |
|---|---|---|---|---|
| 1. | 73, 74 ഭരണഘടനാ ഭേദഗതി | 10 | പങ്കാളിത്ത അവതരണം | പവർ പോയിന്റ് ചാർട്ട് പേപ്പർ, പേന |
| 2. | ബാലസൗഹൃദം | 15 | പങ്കാളിത്ത അവതരണം | പവർ പോയിന്റ് ചാർട്ട് പേപ്പർ, പേന |
| 3. | സ്ത്രീസൗഹൃദം | 15 | പങ്കാളിത്ത അവതരണം | പവർ പോയിന്റ് ചാർട്ട് പേപ്പർ, പേന |
| 4. | വയോജനസൗഹൃദം | 10 | പങ്കാളിത്ത അവതരണം | പവർ പോയിന്റ് ചാർട്ട് പേപ്പർ, പേന |
| 5. | ഭിന്നശേഷി സൗഹൃദം | 10 | പങ്കാളിത്ത അവതരണം | പവർ പോയിന്റ് ചാർട്ട് പേപ്പർ, പേന |
| 6. | LGBTIQA സൗഹൃദം | 10 | പങ്കാളിത്ത അവതരണം | പവർ പോയിന്റ് ചാർട്ട് പേപ്പർ, പേന |
| 7. | സംശയനിവാരണം | 5 | | |

**പ്രവർത്തനരീതി**

- സ്ലൈഡ്-1 വിശദീകരിച്ചു കൊണ്ട് 11-12 പട്ടികകളിൽ സാമൂഹ്യനീതിയിലധിഷ്ഠിതമായ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിന് പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള പദ്ധതികളുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു.
- കുട്ടി ആരാണെന്നും കുട്ടികളുടെ ഉടമ്പടിയും അവകാശ മേഖലകളും വ്യക്തമാക്കുന്നതിന് സ്ലൈഡ് 2 മുതൽ വേറെ വിശദീകരിക്കുക.
- സ്ത്രീ സൗഹൃദ പഞ്ചായത്ത് നടപ്പാക്കുന്നതിലൂടെ പഞ്ചായത്തിലെ ജനങ്ങളുടെ ഇടയിൽ ലിംഗപദവി തുല്യത എന്തെന്നും എങ്ങിനെ പ്രായോഗികമാക്കാം എന്നും സ്ലൈഡ് 6 മുതൽ 11 വരെ ഉപയോഗിച്ച് വ്യക്തമാക്കുക.
- സ്ലൈഡ് 12 മുതൽ 16 വരെ വിശദീകരിച്ചു കൊണ്ട് വയോജന സൗഹൃദ പദ്ധതികളിലൂടെ വിധവകൾ, 60 കഴിഞ്ഞ സ്ത്രീകൾ, ഒറ്റയ്ക്ക് താമസിക്കുന്നവർ എന്നിവരുടെ പ്രശ്നങ്ങൾ-പരിഹാരങ്ങൾ എന്നിവ വ്യക്തമാക്കുന്നു.
- ഭിന്നശേഷിക്കാരായ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്ലൈഡ് 17 മുത 19 വരെ ഉപയോഗിച്ച് വിശദമാക്കുക. സ്ലൈഡ് 20 ഉപയോഗിച്ച് LGBTIQ- പ്രശ്നങ്ങൾ-പരിഹാരങ്ങൾ വിശദീകരിക്കുക.
- ഈ മേഖലകളിലെല്ലാം ഉള്ള ദളിത്, ആദിവാസി വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികളും വിശദീകരിച്ചു കൊണ്ട് സംശയനിവാരണം നടത്തി ക്ലാസ്സ് അവസാനിപ്പിക്കുക.

**സെഷൻ-9**

03.00-03.30 അടുത്ത ഘട്ടത്തിലേക്കുള്ള അസൈൻമെന്റ് – വിശദീകരണം

03.30-04.00 അവലോകനം,

സമാപനം

# അനുബന്ധങ്ങൾ

**അനുബന്ധം-1**

## പഞ്ചായത്തീരാജും സദ്ഭരണവും

### സദ്ഭരണം

ശരിയായ ദിശയിലേക്ക് തിരിച്ചു വിടുക എന്നതാണ് സദ്ഭരണം (Good Governance) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് സദ്ഭരണം മാറ്റങ്ങൾക്ക് വിധേയമാകുന്നതും (Change Oriented), മെച്ചപ്പെട്ട ഫലം പ്രദാനം ചെയ്യുന്നതും (Result Oriented), ജനപങ്കാളിത്തം (People Participation) ഉറപ്പ് വരുത്തുന്നതും, പ്രതിബദ്ധതാബന്ധിതവും (Commitment Oriented) ആയിരിക്കണം.

ഒരു ജനാധിപത്യവ്യവസ്ഥയിൽ ജനങ്ങളാണ് യഥാർത്ഥ അധികാരികൾ. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമെല്ലാം അവർക്കു വേണ്ടി സേവനം ചെയ്യുന്നവരാണ്.

നിയമാനുസൃതവും നീതിപൂർവ്വവും കാര്യക്ഷമവും ഫലപ്രദവും സുതാര്യവും ജനസൗഹൃദപരവുമായ ഭരണമാണ് സദ്ഭരണം. നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിക്കുക, നിയമം പക്ഷപാതരഹിതമായും കാര്യക്ഷമമായും നടപ്പാക്കപ്പെടുക എന്നതാണ് നിയമവാഴ്ച എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഏതൊരു ഭരണകൂടവും അനിവാര്യമായും പാലിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട തത്വമാണ് നിയമവാഴ്ച. നിയമത്തിനു മുമ്പിൽ എല്ലാവരും സമന്മാരാണെന്നും ആർക്കു വേണ്ടിയും നിയമം ലംഘിക്കപ്പെടുന്നില്ലെന്നും ഉറപ്പാക്കുമ്പോൾ അത് സദ്ഭരണമാകും.

- തദ്ദേശസ്വയംഭരണ സ്ഥാപനം എടുക്കുന്ന എല്ലാ തീരുമാനങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായിരിക്കണം.
- തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ യോഗത്തിൽ എടുക്കുന്ന തീരുമാനങ്ങൾക്കേ നിയമസാധുതയുള്ളൂ, എടുക്കുന്ന തീരുമാനങ്ങൾ നിയമാനുസൃതവുമായിരിക്കണം.
- യോഗ തീരുമാനങ്ങളുമായി ബന്ധപ്പെട്ട് എല്ലാ ജനപ്രതിനിധികൾക്കും ഉത്തരവാദിത്തവും ബാധ്യതയുമുണ്ട്.
- തീരുമാനങ്ങളെടുക്കുന്നതിന് നിയതമായ നടപടിക്രമങ്ങൾ പാലിക്കണം.
- തീരുമാനങ്ങൾ നിയമാനുസൃതമാണെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ഉദ്യോഗസ്ഥർക്കുമുണ്ട്.
- നിയമം ലംഘിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ എടുക്കുകയോ നടപ്പാക്കുകയോ ചെയ്താൽ ഓംബുഡ്സ്മാൻ, അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവയിൽ ചോദ്യം ചെയ്യാം.

എല്ലാവരുടെയും പൂർണ്ണമായ പങ്കാളിത്തമാണ് സദ്ഭരണത്തിന്റെ അടിസ്ഥാനം. തീരുമാനമെടുക്കുന്നതിലും തീരുമാനിച്ച കാര്യങ്ങൾ നടപ്പാക്കുന്നതിലും ജനങ്ങൾക്ക് പങ്കാളിത്തമുണ്ടാകണം. അധികാരം ജനങ്ങൾക്ക് എന്ന ജനകീയാസൂത്രണ മുദ്രാവാക്യം അന്വർത്ഥമാക്കുന്നതായിരിക്കണം പ്രാദേശികഭരണം. ജനങ്ങൾക്ക് അറിയാനും അഭിപ്രായം പറയാനും തീരുമാനമെടുക്കാനും നടപ്പിലാക്കാനും വിലയിരുത്താനുമുള്ള അനുകൂല സാഹചര്യമുണ്ടാകണം. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരുടെ പൂർണ്ണപങ്കാളിത്ത മാണ് പ്രവർത്തനകാര്യക്ഷമതയ്ക്ക് നിദാനം.

| ബോക്സ് 1.1 : പങ്കാളിത്ത വേദികൾ | | |
|---|---|---|
| **ജനപ്രതിനിധികൾക്ക് പങ്കാളികളാകാവുന്ന വേദികൾ** | **ഉദ്യോഗസ്ഥർക്ക് പങ്കാളികളാകാവുന്ന വേദികൾ** | **പൊതുജനങ്ങൾക്ക് പങ്കാളികളാകാവുന്ന വേദികൾ** |
| • ഭരണ സമിതി യോഗങ്ങൾ<br>• സ്റ്റാൻറിംഗ് കമ്മിറ്റികൾ<br>• സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങൾ<br>• വികസന സെമിനാർ<br>• വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ<br>• മോണിറ്ററിംഗ് കമ്മിറ്റി<br>• സ്ഥാപനതല കമ്മിറ്റികൾ (പി.ടി.എ, എച്ച്.എം.സി | • ഭരണ സമിതി യോഗങ്ങൾ<br>• സ്റ്റാൻറിംഗ് കമ്മിറ്റികൾ<br>• സ്റ്റിയറിംഗ് കമ്മിറ്റി യോഗങ്ങൾ<br>• വികസന സെമിനാർ<br>• വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ<br>• മോണിറ്ററിംഗ് കമ്മിറ്റി<br>• സ്ഥാപനതല കമ്മിറ്റികൾ (പി.ടി.എ, എച്ച്.എം.സി | • ഗ്രാമ സഭ/വാർഡ് സഭ/ വാർഡ് കമ്മിറ്റി<br>• വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ<br>• നിർവ്വഹണ സമിതികൾ<br>• മോണിറ്ററിംഗ് സമിതികൾ<br>• വികസന സെമിനാർ<br>• സ്ഥാപനതല കമ്മിറ്റികൾ (പി.ടി.എ, എച്ച്.എം.സി തുടങ്ങിയവ) |

| | | |
|---|---|---|
| തുടങ്ങിയവ)<br>• ഗ്രാമ സഭ/വാർഡ് സഭ/ വാർഡ് കമ്മിറ്റി<br>• അയൽ സഭ /വാർഡ് വികസന സമിതി | തുടങ്ങിയവ)<br>• ഗ്രാമ സഭ/വാർഡ് സഭ/ വാർഡ് കമ്മിറ്റി | • ഗുണഭോക്തൃ സമിതികൾ<br>• അയൽസഭ/വാർഡ്സഭ വികസന സമിതി |

ജനങ്ങൾക്ക് ഭരണത്തേയും ഭരണാധികാരികളേയും അറിയാനും വിലയിരുത്താനും കഴിയണം. സ്വയം വെളിപ്പെടുത്തുക എന്നതാണ് ഭരണസുതാര്യതയുടെ തത്വം. വിവരാവകാശ നിയമം 2005 (Right to Information Act 2005) അതിനുള്ള നിയമ പിൻബലമാണ്. നിയമങ്ങൾ, ചട്ടങ്ങൾ, വ്യവസ്ഥകൾ, നടപടിക്രമങ്ങൾ, മാനദണ്ഡങ്ങൾ, അർഹതകൾ, പരിപാടികൾ, പ്രവർത്തനങ്ങൾ, ഉത്തരവാദിത്തങ്ങൾ, മേന്മകൾ, ദൗർബല്യങ്ങൾ, നേട്ടങ്ങൾ, കോട്ടങ്ങൾ എല്ലാം ഏവർക്കും അറിയാവുന്ന അവസ്ഥയുണ്ടാകണം. ശരിയായ ജനപങ്കാളിത്തം സുതാര്യതയുണ്ടാക്കുന്നു. സുതാര്യതയുള്ള ഭരണം സദ്ഭരണമാകും.

ശരിയായ തീരുമാനങ്ങൾ ശരിയായ സമയത്ത് എടുക്കാനും, വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ സമയബന്ധിതമായി നടപ്പിലാക്കാനും കഴിയണം. എടുത്ത തീരുമാനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുമെങ്കിൽ അത് കാര്യക്ഷമതയുടെ തെളിവാണ്.

- തദ്ദേശസ്വയംഭരണ സ്ഥാപന യോഗങ്ങളിൽ ഫലപ്രദമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് യോഗ നടപടിക്രമചട്ടങ്ങൾ പാലിക്കുക.
- ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തി ഭരണം കാര്യക്ഷമമാക്കുന്നതിനായി ഉദ്യോഗസ്ഥ നിയന്ത്രണ ചട്ടങ്ങൾ പാലിക്കുക.
- കാര്യക്ഷമമായ പ്രവർത്തനവും സേവനപ്രദാന ഗുണമേന്മയും ഉറപ്പുവരുത്താൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറ് നടപ്പിലാക്കുക.
- സേവനാവകാശ നിയമ പ്രകാരം ജനങ്ങൾക്ക് സേവനങ്ങൾ നൽകുക.

അവകാശങ്ങളിലും അവസരങ്ങളിലും ആനുകൂല്യങ്ങളിലും നീതി ഉറപ്പ് വരുത്തുക എന്നതാണ് തുല്യത. ഭരണവും വികസനവും സാമൂഹ്യനീതിയിലധിഷ്ഠിതമാകണമെങ്കിൽ അത് എല്ലാ ജനങ്ങളേയും ഉൾക്കൊള്ളുന്നതും തുല്യ അവസരം നൽകുന്നതും ആകണം. സേവനങ്ങളും നേട്ടങ്ങളും നീതിയുടെയും അർഹതയുടെയും അടിസ്ഥാനത്തിൽ ലഭ്യമാക്കണം.

- പാർശ്വവൽകൃത വിഭാഗങ്ങൾക്കുവേണ്ടി (ഉദാ: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, അഗതികൾ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ, സ്ത്രീകൾ, വയോജനങ്ങൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ) പ്രത്യേക ഗ്രാമസഭകൾ/വാർഡ്സഭകൾ/ ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കുക. അവരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പദ്ധതി തയ്യാറാക്കുക.

- പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, വനിതാ ഘടക പദ്ധതി, പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതി എന്നിവ ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കുക.

ജനങ്ങൾക്കു വേണ്ടി പൊതുധനം ഉപയോഗിച്ചാണ് ഭരണ-വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നത്. അതുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും സമാഹരിച്ചതും ചെലവഴിച്ചതുമായ തുകയെക്കുറിച്ചും ജനങ്ങളോട് കണക്ക് പറയാൻ, ജനങ്ങളെ ബോധ്യപ്പെടുത്താൻ ഭരണകർത്താക്കൾ ബാധ്യസ്ഥരാണ്.

അക്കൗണ്ടബിലിറ്റി നിറവേറ്റാൻ

- പഞ്ചായത്തിന്റെ/നഗരസഭയുടെ അനിവാര്യ ചുമതലകൾ നിർബന്ധമായി നിർവഹിക്കുക.

- തീരുമാനങ്ങളെടുക്കാൻ ജനങ്ങൾക്ക് അവസരം നൽകുക, അവരെ അനുവദിക്കുക.

- തദ്ദേശഭരണ സ്ഥാപനം എടുക്കുന്ന തീരുമാനങ്ങളുടെ യുക്തി ഗ്രാമ സഭകളെ/ വാർഡ് സഭകളെ ബോധ്യപ്പെടുത്തുക, തീരുമാനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ കാരണം ബോധ്യപ്പെടുത്തുക.

- വരവ് ചെലവ് കണക്കുകൾ, ഓഡിറ്റ് റിപ്പോർട്ടുകൾ, ഗുണഭോക്തൃ പട്ടിക എന്നിവ ഗ്രാമ സഭയെ/ വാർഡ് സഭയെ ബോധ്യപ്പെടുത്തുക. ഇവ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുക.

- സേവനാവകാശ നിയമപ്രകാരവും പൗരാവകാശരേഖ പ്രകാരവും സേവനങ്ങൾ ലഭ്യമാക്കുക.

ജനങ്ങളുടെ ആവശ്യങ്ങളോടും അഭിപ്രായങ്ങളോടും നിർദ്ദേശങ്ങളോടും (ജനങ്ങളുടെ നിശ്ശബ്ദമായ പ്രതികരണം ഉൾപ്പെടെയുള്ള പ്രതികരണങ്ങളോട്) എപ്പോഴും അനുകൂലമായും താല്പര്യപൂർവ്വമായും സമയബന്ധിതമായും പ്രതികരിക്കുന്നതും അതിനനുസൃതമായി പ്രവർത്തനങ്ങൾ നടത്തുന്നതുമാണ് പ്രതികരണാത്മകത.




വ്യത്യസ്ത അഭിപ്രായങ്ങളുടെ സമന്വയമാണ് സമവായം. അറിവിൻറേയും അനുഭവത്തിൻറേയും ആവശ്യങ്ങളുടേയും പ്രശ്നങ്ങളുടേയും അടിസ്ഥാനത്തിൽ വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും അവരുടേതായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉണ്ടാകും. വ്യത്യസ്തമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് സമവായത്തിലൂടെ എല്ലാവർക്കും സ്വീകാര്യമായ തീരുമാനങ്ങളിലെത്താൻ കഴിയണം. നിയമ വ്യവസ്ഥയും മാനദണ്ഡങ്ങളും പാലിക്കപ്പെട്ടാൽ സമവായം സാധ്യമാകും. സമവായത്തിനായി

- നിയമാനുസൃതമാണെങ്കിലും ജനോപകാരപ്രദമല്ലെങ്കിൽ ജനങ്ങളുമായി ചർച്ച ചെയ്ത് സമവായത്തിലെത്തി അവർക്കു കൂടി സ്വീകാര്യമായ തീരുമാനങ്ങൾ കൈക്കൊള്ളുക .
- ജനങ്ങൾക്ക് വിയോജിപ്പുള്ള കാര്യങ്ങൾ ചെയ്യാതിരിക്കുക.
- അയൽ സഭകൾ, വാർഡ് വികസന സമിതികൾ, ഗ്രാമ സഭകൾഎന്നീ സഭകൾവാർഡ്/ പ്രാദേശിക ഭരണ സംവ വേദികളിൽ്ധാനത്തിന്റെ ഭരണ ക്ഷേമകാര്യങ്ങൾ – വികസന – . ചെയ്യുകന്ധമായും ചർച്ചനിർബ
- പങ്കാളിത്തവും കൂട്ടായ്മയുമാണ് അധികാര വികേന്ദ്രീകരണത്തിന്റെ മുഖമുദ്രശരിയായ . കാര്യക്ഷമമായി നടപ്പിലാക്കാനും വ്യവസ്ഥ തീരുമാനമെടുക്കാനും എടുത്ത തീരുമാനങ്ങൾ ചെയ്തിട്ടുള്ള വിവിധ കമ്മിററ്റി സംവിധാനങ്ങൾ സജീവമാക്കണം .
- ഭരണസമിതി, സ്റ്റിയറിംഗ് കമ്മിറ്റി, സ്റ്റാൻറിംഗ് കമ്മിറ്റി, ഗ്രാമസഭവാർഡ്സ/, വാർഡ് കമ്മിറ്റി, സബ് കമ്മിറ്റി, സ്ഥാപന മാനേജ്മെൻറ് കമ്മിറ്റികൾ
- കമ്മിറ്റികളെ സജീവമാക്കണം, സക്രിയമാക്കണം, പങ്കാളിത്തപൂർണ്ണമാക്കണം, ഫലപ്രദമാക്കണം.അത് ജനപ്രതിനിധികളുടെ ഉത്തരവാദിത്തമാണ് .

ജനകീയാസൂത്രണം വിഭാവനം ചെയ്തിട്ടുള്ള എല്ലാ ജനകീയവേദികളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ആസൂത്രണത്തിലും നിർവഹണത്തിലും ജനപങ്കാളിത്തം സജീവമാക്കാം.

വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റേക്ക്ഹോൾഡർമാർ, ഗ്രാമ സഭകൾ/വാർഡ് സഭകൾ, വികസന സെമിനാർ തുടങ്ങിയവ

സ്ഥാപന മാനേജ്മെൻറ് കമ്മിറ്റികൾ, പി.ടി.എ.കൾ, പാടശേഖര സമിതികൾ, റസിഡൻറ്സ് അസോസിയേഷനുകൾ, അങ്കണവാടി വെൽഫെയർ കമ്മിറ്റികൾ, ഗുണഭോക്തൃ സമിതികൾ, അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്., സി.ഡി.എസ്., സർവ്വീസ് സംഘടനകൾ, തൊഴിലാളി സംഘടനകൾ, ക്ലബ്ബുകൾ, വായനശാലകൾ മുതലായവ ക്രിയാത്മകമാകുന്നതിലൂടെ ഭരണ–വികസന കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാം.

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലൂടെ നൽകിവരുന്ന സേവനങ്ങൾ കാര്യക്ഷമമാക്കിക്കൊണ്ട്–

- ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം അതിന്റെ ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും നിയമാനുസൃതമായും നിറവേറ്റുന്നുണ്ടോ എന്നും നിയമവാഴ്ചയും അക്കൗണ്ടബിലിറ്റിയും കാര്യക്ഷമതയും സാധ്യമായിട്ടുണ്ടോ എന്നും പ്രസക്തരേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് വിവിധ ഓഡിറ്റുകൾ നിലവിലുണ്ട് .
  - ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഓഡിറ്റ്
  - പെർഫോർമൻസ് ഓഡിറ്റ്
  - കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറിന്റെ ഓഡിറ്റ്
  - അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ്
  - സോഷ്യൽ ഓഡിറ്റ്
- കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 162 എ. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 22 എന്നിവ പ്രകാരം ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുക എന്നുള്ളത് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.
- അപാകതകൾ അപ്പപ്പോൾ പരിഹരിക്കുന്നതിന് പെർഫോർമൻസ് ഓഡിറ്റും സഹായകമാണ് .
- കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറിന്റെ (മുൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്) ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചാൽ ഒരു മാസത്തിനകം പ്രത്യേക ഭരണസമിതി യോഗം, ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനുവേണ്ടി മാത്രം വിളിച്ചുചേർക്കേണ്ടതാണെന്ന് ഓഡിറ്റ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.
- അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും /മുനിസിപ്പാലിറ്റി കൗൺസിലും വിശദമായി പരിശോധിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്താൽ, സംഭവിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ കഴിയും.
- ഗ്രാമസഭയെയും വാർഡ് സഭയെയും വാർഡ് കമ്മിറ്റിയെയും ഉപയോഗപ്പെടുത്തിക്കൊണ്ടും ജനങ്ങളെ നേരിട്ട് പങ്കാളികളാക്കിക്കൊണ്ടും നടത്തുന്ന ഓഡിറ്റാണ് സോഷ്യൽ ഓഡിറ്റ്. ഭരണത്തെ ജനങ്ങൾ എങ്ങനെ വിലയിരുത്തുന്നു എന്നറിയാൻ സോഷ്യൽ ഓഡിറ്റ് സഹായിക്കും.
- സ്ഥാപന മാനേജ്മെൻറ് കമ്മിറ്റികൾ
  തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പ് ജനകീയമാക്കുന്നതിനു വേണ്ടി സ്ഥാപന മാനേജിംഗ് സംവിധാനങ്ങൾ അനിവാര്യമാണ് . വേണ്ടവിധം കീഴിലുള്ള സ്ഥാപനങ്ങൾതദ്ദേശസ്വ യംഭരണസ്ഥാപനങ്ങൾക്ക് പരിപാലിക്കുന്നതിന് ജനപ്രതിനിധികൾ, ജീവനക്കാർ, രാഷ്ട്രീയപ്രവർത്തകർ, വിവിധ മേഖലയിലെ വിദഗ്ധർ, സന്നദ്ധപ്രവർത്തകർ, എഎസ് പ്രതിനിധികൾ.ഡി., ഗുണഭോക്തൃ പ്രതിനിധികൾ എന്നിവർ അടങ്ങിയ കവിയാതെയുള്ള സ്ഥാപന അംഗങ്ങളിൽ 15 രൂപീകരിക്കേണ്ടത സമിതികൾമാനേജ്മെൻറ്ാണ് .
- ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ, സ്കൂളുകളിൽ പികൾ.എ.ടി., അങ്കണവാടികളിൽ അങ്കണവാടി വെൽഫയർ കമ്മിറ്റികൾ

സേവാഗ്രാം ഗ്രാമ കേന്ദ്രം/വാർഡ് കേന്ദ്രം

പഞ്ചായത്ത്/നഗരസഭാ തലത്തിലുള്ള ഓഫീസുകളിലേക്ക് എത്തിച്ചേരുന്നതിന് ഭൂമിശാസ്ത്രപരമായും തൊഴിൽപരമായും പ്രയാസപ്പെടുന്ന പൊതുജനങ്ങൾക്ക് സേവനങ്ങൾ കൈയെത്തും ദൂരത്ത് ലഭ്യമാക്കുന്നതിനും പൗരധർമ്മത്തിന്റെ ഭാഗമായുള്ള വിവരം നൽകൽ, നികുതി ഒടുക്കൽ തുടങ്ങിയ

കർത്തവ്യങ്ങൾ സൗകര്യപ്രദമായി നിർവ്വഹിക്കുന്നതിനുമുള്ള സംവിധാനമാണ് സേവാഗ്രാം ഗ്രാമ കേന്ദ്രം/വാർഡ് കേന്ദ്രം. ഗ്രാമ സഭാ/വാർഡ് സഭാ ഓഫീസുകളായ ഗ്രാമ കേന്ദ്രങ്ങളും/വാർഡ് കേന്ദ്രങ്ങളും തദ്ദേശഭരണ സ്ഥാപനത്തിന്റെ സ്ഥാപനങ്ങളും തമ്മിൽ ഓൺലൈൻ ബന്ധം കൂടി സ്ഥാപിക്കുകയാണെങ്കിൽ കൂടിയ അളവിൽ സേവന ലഭ്യത അവിടെ ഉറപ്പാക്കാൻ കഴിയും. സേവാഗ്രാം ഗ്രാമ കേന്ദ്രങ്ങളുടെ/വാർഡ് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനുള്ള മാർഗ്ഗരേഖ ഉത്തരവായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ(എം.എസ്)നം. 112/2014/തസ്വഭവ തിയതി 25.6.2014). അതിൽ നിർദ്ദേശിച്ച പ്രകാരം ഗ്രാമ കേന്ദ്രങ്ങളെ/വാർഡ് കേന്ദ്രങ്ങളെ പ്രവർത്തിപ്പിക്കുക എന്നത് ജന പ്രതിനിധികളുടെ ഉത്തരവാദിത്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ കൃത്യതയോടെ നിർവഹിക്കണമെങ്കിൽ എക്സ്റ്റൻഷൻ സംവിധാനം ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന സേവനങ്ങൾ ജനങ്ങളുടെ ജീവിത നിലവാരത്തിൽ സ്ഥായിയായ മാറ്റം വരുത്തണമെങ്കിൽ ഉദ്യോഗസ്ഥർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എക്സ്റ്റൻഷൻ പ്രവർത്തകരായി മാറേണ്ടതാണ്. ആരോഗ്യ മേഖലയിലും കാർഷികമേഖലയിലും സാമൂഹികക്ഷേമ മേഖലയിലും ഗ്രാമവികസന മേഖലയിലും വ്യവസായ മേഖലയിലും എല്ലാം തന്നെ പ്രാദേശിക സർക്കാരുകൾക്ക് സ്വാധീനം ചെലുത്താൻ കഴിയണമെങ്കിൽ ഈ മേഖലകളിലെ എല്ലാ ഉദ്യോഗസ്ഥരും (കൃഷി ഓഫീസർ, കൃഷി അസിസ്റ്റൻറ്, വെറ്ററിനറി ഡോക്ടർ, വി.ഇ.ഒ, ഐ.ഇ.ഒ, ടി.ഇ.ഒ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ മുതലായവർ ഉദാഹരണം) പ്രത്യേകിച്ച് ഫീൽഡ്തല ഉദ്യോഗസ്ഥർ എക്സ്റ്റൻഷൻ ഉദ്യോഗസ്ഥരായി പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള സാഹചര്യങ്ങളും സംവിധാനങ്ങളും ഉണ്ടാക്കിയെടുക്കേണ്ടതും ജനപ്രതിനിധികളുടെ ഉത്തരവാദിത്തമാണ്.

**ഇ-ഗവേണൻസ്**

കമ്പ്യൂട്ടറും മറ്റ് വിവര-വിജ്ഞാന വ്യാപന സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളും വിവിധ സേവനങ്ങളും ജനങ്ങൾക്ക് അവരുടെ ഏറ്റവും അടുത്തും ഏറ്റവും വേഗത്തിലും ലഭ്യമാക്കുന്നതിനും, നൽകുന്ന സേവനങ്ങൾ കാര്യക്ഷമവും സുതാര്യവും ആകുന്നതിനും ഫലപ്രദമായ ഇ-ഗവേണൻസ് സംവിധാനം ഉപയോഗപ്പെടുത്തുന്നത് സദ്ഭരണ ത്തിലേക്ക് നയിക്കും. വളരെ വിപുലമായ സാധ്യതകളാണ് ഇ-ഗവേണൻസ് മുഖേന ലഭ്യമാകുക.

**പ്രാദേശിക ഭരണം**

പ്രാദേശിക ജനതയോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണകൂടങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. ജനങ്ങളുടെ വികസനാവശ്യങ്ങളും സാമൂഹികസുരക്ഷയും ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായാണ് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത്. അതനുസരിച്ച് ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനായി ഒട്ടേറെ ചുമതലകളും അധികാരങ്ങളും സംവിധാനങ്ങളും സംസ്ഥാന നിയമസഭ 1994 ലെ കേരള പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി ആക്ടുകൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ ചുമതലകളും അധികാരങ്ങളും സംവിധാനങ്ങളും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഭരണസംവിധാനമായി പഞ്ചായത്തുകൾക്ക്/ നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനാവണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അത്തരത്തിൽ പ്രവർത്തിപ്പിക്കുക എന്ന ഉത്തരവാദിത്തമാണ് ജനപ്രതിനിധികൾക്കുള്ളത്.

ഇന്ത്യൻ ഭരണഘടനയുടെ 73ഉം 74ഉം ഭേദഗതികളോടെ നിലവിൽ വന്ന പ്രാദേശിക ഭരണസംവിധാനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ബാധകമായിട്ടുള്ള പ്രധാന വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

- പ്രത്യക്ഷ ജനാധിപത്യ വേദികളായ ഗ്രാമസഭകൾക്ക് ഭരണഘടനാ പിൻബലം.
- ഗ്രാമഭരണത്തിന് ത്രിതല പഞ്ചായത്ത് രാജ് സംവിധാനവും (ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ) നഗരഭരണത്തിന് നഗരപാലികാസ്ഥാപനങ്ങളും (കേരളത്തിൽ മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും).
- ഓരോ 5 വർഷം കൂടുമ്പോൾ തിരഞ്ഞെടുപ്പ് നിർബന്ധം (ഏതെങ്കിലും ഒരു സ്ഥാപനം പിരിച്ചുവിടുകയാണെങ്കിലും, ഒരു സ്ഥാപനത്തിൽ ഏതെങ്കിലും അംഗത്തിന്റെ ഒഴിവ് വരികയാണെങ്കിലും 6 മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തണം).
- അംഗത്വത്തിലും അദ്ധ്യക്ഷ പദവിയിലും 50 ശതമാനം സ്ത്രീ സംവരണം (ഭരണഘടനയുടെ 73, 74 ഭേദഗതികൾ 1992 ൽ പാർലമെൻറ് പാസ്സാക്കിയപ്പോൾ മൂന്നിലൊന്നായിരുന്നു സ്ത്രീ സംവരണം. കേരളത്തിൽ ഇത് 50 ശതമാനമാക്കി കേരള സർക്കാർ 7.10.2009 ൽ നിയമഭേദഗതി വരുത്തി.

(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 7(6), 8(6), 9(6); കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 6(7).) 2010 ലെ തെരഞ്ഞെടുപ്പ് മുതൽ 50 ശതമാനം സ്ത്രീസംവരണം കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാബല്യത്തിലുണ്ട്.

- അംഗത്വത്തിലും അദ്ധ്യക്ഷപദവിയിലും പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം
- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ – തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ സ്വതന്ത്ര തെരഞ്ഞെടുപ്പ് സംവിധാനം
- സംസ്ഥാന ധനകാര്യ കമ്മീഷൻ – സംസ്ഥാന സർക്കാരിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് വികേന്ദ്രീകരിച്ച് നൽകുന്നതിന് ശാസ്ത്രീയമായ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള സംവിധാനം
- പദ്ധതികൾ തയ്യാറാക്കാനും നടപ്പിലാക്കാനുമുള്ള അവകാശം
- ജില്ലാ ആസൂത്രണ സമിതികൾ – ജില്ലയ്ക്ക് മൊത്തത്തിൽ വികസന പദ്ധതി തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നതിനുള്ള സംവിധാനം
- പതിനൊന്നാം പട്ടികയും (പഞ്ചായത്തുകളുടെ ചുമതലയിലുള്ള വിഷയങ്ങൾ) പന്ത്രണ്ടാം പട്ടികയും (നഗരപാലികാ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള വിഷയങ്ങൾ) ഭരണഘടനയിൽ ഉൾപ്പെടുത്തി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രാദേശിക ഭരണ സംവിധാനവും

ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗ്രാമസഭ/വാർഡ്സഭയും ഉൾപ്പെടുന്നതാണ് പ്രാദേശിക ഭരണസംവിധാനം. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 187).

കേന്ദ്രീകൃതഭരണത്തിന്റെ പരിമിതികൾ മറിക്കടക്കുന്നതിനായി സ്വാതന്ത്ര്യാനന്തര രാജ്യത്തിൽ നടന്ന നിരവധി ഇടപെടലുകളുടെ തുടർച്ചയായാണ് 1992 ൽ 73, 74 ഭരണഘടനാ ഭേദഗതി പാർലമെന്റിൽ അവതരിപ്പിച്ചത്. ഈ ഭേദഗതിയോട് കൂടിയാണ് ഭരണഘടന പിൻബലമുള്ള പ്രാദേശിക സർക്കാരുകൾ രൂപപ്പെട്ടു വന്നത്. കേന്ദ്ര, സംസ്ഥാന ഭരണസംവിധാനങ്ങൾക്ക് പുറമെ 73 മത് ഭേദഗതി പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാതല ഭരണസംവിധാനവും 74 മത് ഭരണഘടന ഭേദഗതിയോടെ മുനിസിപ്പൽ, കോർപ്പറേഷൻതല ഭരണസംവിധാനവും നിലവിൽ വന്നു. 1995 ൽ ആണ് കേരളത്തിൽ ഭരണഘടന പിൻബലമുള്ള പ്രാദേശിക ഭരണസമിതികൾ ആദ്യമായി നിലവിൽ വന്നത്. ഭരണഘടനാ ഭേദഗതിയുടെ സാധ്യത ഉപയോഗപ്പെടുത്തി ഒമ്പതാം പഞ്ചവത്സര പദ്ധതി കാലത്ത് ആസൂത്രണം വികേന്ദ്രീകരിക്കാൻ തീരുമാനിക്കുകയും അതിനായി ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിക്കുകയും ചെയ്തു.

## സെഷൻ-2

# പഞ്ചായത്ത് രാജും സദ്ഭരണവും

KERALA INSTITUTE OF LOCAL ADMINISTRATION

---

- 1992 ലെ

73,74 ഭരണഘടനാ ഭേദഗതികൾ

1993 ഏപ്രിൽ 20 ന് ഭരണഘടനാപിൻബലം

11 -ാം പട്ടിക- സാമൂഹ്യനീതി

12-ാം പട്ടിക സാമ്പത്തിക വികസനം, ത്രിതല സംവിധാനം

KILA 2

---

- അനിവാര്യ പൊതു മേഖലാ ചുമതലകൾ , ഘടകസ്ഥാപനങ്ങൾ
- ജില്ലാ ആസൂത്രണ സമിതികൾ
- പ്രാദേശിക ഭരണകൂടങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ, സ്റ്റിയറിംഗ് കമ്മിറ്റികൾ

KILA 3

---

- 1996 ൽ പുതിയ സർക്കാർ അധികാരത്തിൽ
- 1996 – ആഗസ്റ്റ് 17 ന് ജനകീയാസൂത്രണ പ്രസ്ഥാനം
- - അധികാരവികേന്ദ്രീകരണം
- ആസൂത്രണ വികേന്ദ്രീകരണം
- ധനവികേന്ദ്രീകരണം
- ജനകീയ സമിതികൾ

ലക്ഷ്യം- സാമൂഹ്യനീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനം

2010 – 50% സംവരണം

KILA 4

---

## വികേന്ദ്രീകരണം (3F) ത്രിതല സംവിധാനം

- പങ്കാളിത്തം
- സുതാര്യത
- അക്കൗണ്ടബിലിറ്റി
- കീഴ്ത്തല മുൻഗണന
- സംവരണം

KILA 5

---

## മറ്റ് സംഘടനാ സംവിധാനങ്ങൾ

- സാക്ഷരത സമിതി
- കുടുംബശ്രീ, എ.ഡി.എസ്, സി.ഡി.എസ്
- തൊഴിലുറപ്പ് പദ്ധതി
- ആരോഗ്യപോഷണ ശുചിത്വസമിതി
- സ്ഥാപനമാനേജ്മെന്റ് കമ്മിറ്റികൾ
- വാർഡ് വികസന സമിതി

KILA 6

- അങ്കണവാടിതല മോണിറ്ററിംഗ് പിന്തുണാ സംവിധാനം
- കാർഷിക വികസന സമിതി
- ജാഗ്രതാസമിതി
- ശിശുസംരക്ഷണ സമിതി
- ജെൻഡർ റിസോഴ്സ് സെന്റർ

KILA 7

സദ്ഭരണം എന്നാൽ ..................?

KILA 8

നിയമാനുസൃതവും നീതിപൂർവ്വവും കാര്യക്ഷമവും ഫലപ്രദവും സുതാര്യവും ജനസൗഹൃദപരവുമായ ഭരണമാണ് സദ്ഭരണം

KILA 9

ശരിയായ ദിശയിലേക്ക് ഭരണത്തെ തിരിച്ചു വിടുക എന്നതാണ് സദ്ഭരണം

- മാറ്റങ്ങൾക്ക് വിധേയം
- പ്രക്രിയകൾ ശക്തിപ്പെടുത്തൽ
- കാര്യശേഷിവികസനം
- നടപടിക്രമങ്ങൾ ലളിതവൽക്കരണം
- സാമ്പത്തിക അച്ചടക്കം

KILA 10

യഥാർത്ഥ അധികാരികൾ ജനങ്ങൾ

ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ ജനസേവകർ

KILA 11

## സദ്ഭരണം നേരിടുന്ന വെല്ലുവിളികൾ

- ഗ്രൂപ്പ് ചർച്ച
- അവതരണം

KILA 12

## സദ്ഭരണ തത്വങ്ങൾ

1. നിയമവാഴ്ച (Rule of Law)
2. പങ്കാളിത്തം (Participation)
3. സുതാര്യത (Transparency)
4. കാര്യക്ഷമത (Efficiency)

KILA 13

തുടർച്ച...

5. തുല്യത (Equity)
6. കണക്ക് പറയാനുള്ള ബാധ്യത (Accountability)
7. പ്രതികരണാത്മകത (Responsiveness)
8. സമവായം (Consensus)

KILA 14

## സദ്ഭരണ സംവിധാനങ്ങൾ

- കമ്മിറ്റികൾ
- ജനകീയ സംവിധാനങ്ങൾ
- ജനസേവന കേന്ദ്രങ്ങൾ
- ഓഡിറ്റുകൾ
- സ്ഥാപന മാനേജ്മെന്റ് കമ്മിറ്റികൾ
- ഇ-ഗവേണൻസ്
- എക്സ്റ്റൻഷൻ സംവിധാനം
- ഐ.എസ്.ഒ, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്
- സേവനാവകാശ നിയമം
- വിവരാവകാശ നിയമം

KILA 15

## നന്ദി

KILA 16



KILA Help Desk
0487-2455000
0487-2204097
helpdesk@kila.ac.in

KILA DIGITAL REPOSITORY
www.dspace.kila.ac.in

KERALA INSTITUTE OF LOCAL ADMINISTRATION
Website : www.kila.ac.in, Email : info@kila.ac.in

**അനുബന്ധം-2**

## ലിംഗപദവിയും സദ്ഭരണവും

സുസ്ഥിര വികസനത്തിന്റെ വർത്തമാന കാലചർച്ചകളിൽ സദ്ഭരണവും ലിംഗപദവി തുല്യതയും ഉയർന്നു വരുന്നുണ്ട്. സദ്ഭരണം എന്നത് സങ്കീർണ്ണമായ ഒരു ബഹുമുഖ പ്രക്രിയയാണ്. വികസനപ്രവർത്തനങ്ങളുടെ ഓരോ അടരുകളിലും ഉൾച്ചേർക്കേണ്ട ആശയമാണ് ലിംഗപദവി തുല്യത.

ഭരണം എപ്പോഴും നന്നാവുന്നത് നാട്ടിലെ ജനതയുടെ സ്ത്രീകളുടെയും പുരുഷന്മാരുടെയും മറ്റ് ലൈംഗിക ന്യൂനപക്ഷങ്ങളുടെയും ആവശ്യങ്ങൾ, പ്രതികരണങ്ങൾ പരിഗണിക്കുമ്പോഴാണ്. എല്ലാ വിഭാഗം ജനങ്ങളുടേയും വ്യത്യസ്തമായ ഭാഗധേയങ്ങളെ അവരോടുള്ള ഉത്തരവാദിത്വങ്ങളെ വിവിധ വികസന പ്രവർത്തന മേഖലകളിൽ ഉൾച്ചേർക്കുമ്പോഴാണ് സദ്ഭരണം സാധ്യമാവുന്നത്. അതിനായി മേൽ വിഭാഗങ്ങളെല്ലാം തുല്യമായ അവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. തീരുമാനമെടുക്കൽ പ്രക്രിയയുടെ ഓരോ ഘട്ടങ്ങളിലും ആസൂത്രണത്തിൽ, നിർവ്വഹണത്തിൽ, മോണിറ്ററിംഗിൽ-സ്ത്രീകളുടെ, കുട്ടികളുടെ, വയോജനങ്ങളുടെ, ഭിന്നശേഷിക്കാരുടെ, മിശ്രലിംഗക്കാരുടെ, മറ്റ് ലൈംഗിക ന്യൂനപക്ഷങ്ങളുടെ സക്രിയപങ്കാളിത്തം, വീട്ടിലും തൊഴിലിടത്തിലും പൊതുസമൂഹത്തിലും ഉറപ്പ് വരുത്തുകയും ചെയ്യുമ്പോൾ സദ്ഭരണം പ്രാപ്തമാവുന്നു.

ഇതോടൊപ്പം തുല്യത, സുസ്ഥിരവികസനം, സമാധാനം എന്നീ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് ലിംഗപദവി കാഴ്ചപ്പാട് ഉൾച്ചേർത്ത് കൊണ്ടുള്ള സസൂക്ഷ്മമായ ഇടപെടലുകൾ വികസനപ്രക്രിയയുടെ ഓരോ ഘട്ടത്തിലും അനിർവ്വാര്യമാണ്. സ്ത്രീകളുടെ പ്രശ്നങ്ങളും മറ്റ് ലൈംഗിക ന്യൂനപക്ഷങ്ങളുടെ സവിശേഷ പ്രശ്നങ്ങളും പുരുഷന്മാരുടേത് പോലെ തന്നെ മനുഷ്യാവകാശ പ്രശ്നങ്ങളാണെന്ന് മനസ്സിലാക്കി നിർണ്ണായക മായ തീരുമാനങ്ങളെടുക്കുകയും അവ ഉത്തരവാദിത്വത്തോടെ നടപ്പിലാക്കുകയും വേണം. സദ്ഭരണ ത്തിന്റെ നിർണ്ണായക ഘടകങ്ങളാണ് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണവും നിർവ്വഹണവും മോണിറ്ററിംഗും.

സമൂഹത്തിൽ ഇന്ന് നിലനിൽക്കുന്ന ലിംഗപദവി ആശയങ്ങളും മൂല്യങ്ങളും നിമിത്തം സ്ത്രീകൾക്ക് പൊതുവേ പുരുഷന്മാരേക്കാൾ വികസന പ്രക്രിയയിൽ അവസരങ്ങൾ കുറവാണ് ലഭിക്കുന്നത്. എന്നാൽ ട്രാൻസ് ജെൻഡറും മറ്റ് ലൈംഗിക ന്യൂനപക്ഷങ്ങളും സമൂഹനിർമ്മാണ പ്രക്രിയകളിൽ തീർത്തും അദൃശ്യരാണ്. അത് കൊണ്ട് സുസ്ഥിരവികസന പരിപ്രേക്ഷ്യം തയ്യാറാക്കുമ്പോൾ പുരുഷനോടൊപ്പം തന്നെ സ്ത്രീകൾക്കും മിശ്രലിംഗക്കാർക്കും മറ്റ് ലൈംഗിക ന്യൂനപക്ഷങ്ങൾക്കും തുല്യ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സവിശേഷമായ പ്രയത്നം ആവശ്യമാണ്.

സദ്ഭരണത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നാണ് ലിംഗതുല്യത. അത് കൊണ്ട് തന്നെ സ്ഥായിയായതും ജനാധിപത്യപരവും സമത്വപൂർണ്ണവുമാർന്ന പ്രാദേശിക ഭരണകൂട സൃഷ്ടിക്ക് ലിംഗഭേദമില്ലാതെ ഏവർക്കും തുല്യമായ പ്രാപ്യത, സേവനങ്ങളിലും തീരുമാനമെടുക്കൽ പ്രക്രിയയിലും ഉണ്ടാകുന്നതിനോടൊപ്പം തന്നെ എല്ലാ മേഖലകളിലുമുള്ള വികസന സമീപനങ്ങളിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും ഭരണകാര്യങ്ങളിലും ലിംഗപദവികാഴ്ചപ്പാട് നിർബ്ബന്ധമാക്കുക തന്നെ വേണം.

ലിംഗപദവി കാഴ്ചപ്പാടിലധിഷ്ഠിതമായ സദ്ഭരണത്തിന്റെ സവിശേഷതകൾ എന്തൊക്കെ എന്ന് പരിശോധിക്കാം. സ്ത്രീകൾക്കും പുരുഷന്മാർക്കും മിശ്രലിംഗക്കാർക്കും ലൈംഗിക ന്യൂനപക്ഷങ്ങൾക്കും തുല്യമായ പ്രാപ്യത

- തീരുമാനമെടുക്കുന്നതിൽ തുല്യ അവസരം
- പ്രശ്നങ്ങളിൽ സവിശേഷ പരിഗണന
- അസമത്വം ഇല്ലാതാക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കുക
- വികസനപ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട്, അനീതിയും അസമത്വവും മാറി കടന്നു കൊണ്ട് വികസനത്തിന്റെ ഫലം എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യമാക്കുക

വനിതകളുടെയും ട്രാൻസ് ജെൻഡർ അടക്കമുള്ള മറ്റ് പാർശ്വവക്കരിക്കപ്പെട്ടവരേയും വികസനമ പ്രക്രിയയിൽ പങ്കാളികളാക്കി മാറ്റുന്നതിന് നിലവിലുള്ള അനുകൂല സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ തെളിമയോടെ മുന്നോട്ട് പോവേണ്ടതാണ്. ലിംഗസൗഹൃദമായി തദ്ദേശഭരണം സാധ്യമാക്കു ന്നതിനായി നിലവിലുള്ള പ്രക്രിയയകൾ ശക്തിപ്പെടുത്തുന്നതിനും പങ്കാളികളാകുന്നവരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും മറ്റ് പിന്തുണ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ

ഏറ്റെടുക്കേണ്ടതുണ്ട്. നാം ജീവിക്കുന്ന സമൂഹത്തെ കൂടുതൽ കൂടുതൽ ജനാധിപത്യവൽക്കരിക്കാനുള്ള ശ്രമങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളേയും പങ്കാളികളാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി നടത്തിയ ശ്രദ്ധേയമായ ശ്രമങ്ങളിൽ ഒന്നായിരുന്നു സ്ത്രീകളുടെ മുഖ്യധാരാവൽക്കരണം.
വികസനപ്രക്രിയയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ബോധപൂർവ്വമായ ഒട്ടേറെ ഇടപെടലുകൾ ഇതിന്റെ ഭാഗമായി നടത്തുകയുണ്ടായി.

- 50% വനിതാസംവരണം (ഭാരവാഹിത്വത്തിലുൾപ്പടെ)
- വനിതാ ഘടകപദ്ധതി
- ഗ്രാമസഭ– ഗ്രാമസഭകളിൽ പ്രത്യേക ഗ്രൂപ്പ്
- കുടുംബശ്രീ
- ജാഗ്രതാസമിതി
- വർക്കിംഗ് ഗ്രൂപ്പുകളിൽ വനിതാ പ്രാതിനിധ്യം
- വനിത വർക്കിംഗ് ഗ്രൂപ്പ്
- അങ്കണവാടികൾ സ്ത്രീശാക്തീകരണ കേന്ദ്രങ്ങൾ
- ആശാ വർക്കർമാർ
- പദ്ധതിരേഖയിലും വികസനരേഖയിലും പ്രത്യേക അദ്ധ്യായങ്ങൾ
- ജെൻഡർ പ്ലാനിംഗ്
- ജെൻഡർ ബജറ്റിംഗ്
- ജെൻഡർ ഓഡിറ്റിംഗ്
- സ്ത്രീ പദവി പഠനം
- ജെൻഡർ റിസോഴ്സ് സെന്റർ
- ജെൻഡർ ഡെസ്ക്ക്

സെഷൻ-3

## ലിംഗസമത്വവും സദ്ഭരണവും

KERALA INSTITUTE OF LOCAL ADMINISTRATION

---

ലിംഗസമത്വം എന്നാൽ ..................?

KILA 2

---

വിഭവങ്ങൾ, അവസരങ്ങൾ, തീരുമാനമെടുക്കൽ പ്രക്രിയ എന്നിവയെല്ലാം തുല്യ പ്രാപ്യതയും നിയന്ത്രണവും ലഭ്യമാക്കുന്നതിനെയാണ് ലിംഗസമത്വം എന്ന് പറയുന്നത്

KILA 3

---

പ്രാദേശിക ഭരണം ലിംഗസമത്വത്തിൽ അധിഷ്ഠിതമാണോ......?

ഗ്രൂപ്പ് ചർച്ച

ലിംഗസമത്വ സദ്ഭരണം ഉറപ്പാക്കാൻ എന്തെല്ലാം ചെയ്യാൻ സാധിക്കും

KILA 4

---

ഗ്രൂപ്പ് ചർച്ച (തുടർച്ച.....)

8 ഗ്രൂപ്പുകൾ

ചർച്ച-25 മിനുട്ട്

അവതരണം- ഒരു ഗ്രൂപ്പിന് 4 മിനുട്ട് വീതം

KILA 5

---

ഗ്രൂപ്പുകൾ

1. നിയമവാഴ്ച
2. പങ്കാളിത്തം
3. സുതാര്യത
4. കാര്യക്ഷമത
5. തുല്യത
6. കണക്ക് പറയാനുള്ള ബാധ്യത
7. പ്രതികരണാത്മകത
8. സമവായം

KILA 6

## ലിംഗസമത്വം ഉറപ്പ് വരുത്താൻ

- നിയമസംവിധാനം പ്രായോഗികമാക്കൽ
- ക്രിയാത്മകവും കാര്യക്ഷമവുമായ പങ്കാളിത്തം
- സുതാര്യമായ ഭരണസംവിധാനം
- കാര്യക്ഷമത, കാര്യശേഷി വർദ്ധനവ്, മുഖ്യധാരാവൽക്കരണം
- തുല്യത ഉറപ്പുവരുത്തുക
- അക്കൗണ്ടബിലിറ്റി
- പ്രതികരണാത്മക ഭരണം ഉറപ്പാക്കുക
- സമവായം
- സ്ഥാപനങ്ങൾ, സംവിധാനങ്ങൾ ലിംഗസൗഹൃദമാക്കൽ

KILA 7

## നന്ദി

KILA 8



KILA Help Desk
0487-2455000
0487-2204097
helpdesk@kila.ac.in

KILA DIGITAL REPOSITORY
www.dspace.kila.ac.in

**KERALA INSTITUTE OF LOCAL ADMINISTRATION**
Website : www.kila.ac.in, Email : info@kila.ac.in

# ജെൻഡർ ബജറ്റ്

വികസന പ്രക്രിയയിൽ സ്ത്രീ പുരുഷവിവേചനം കുറച്ച് കൊണ്ട് വരാനും അത് വഴി സ്ത്രീകളുടെ ലിംഗപദവി ഉയർത്തിക്കൊണ്ട് വരാനുള്ള വസ്തുനിഷ്ഠ നടപടികൾ സ്വീകരിക്കാനും സ്റ്റേറ്റിന് (രാഷ്ട്രത്തിന് )ലഭ്യമായിട്ടുള്ള ഏറ്റവും ഫലപ്രദമായ സാമഗ്രികളിലൊന്നാണ് ബജറ്റ്. സമ്പന്നരും ദരിദ്രരും തമ്മിൽ എന്ന പോലെ തന്നെ സ്ത്രീപുരുഷന്മാർ തമ്മിലുള്ള സാമ്പത്തിക അസമത്വം കുറച്ചു കൊണ്ട് വരുന്നതിന് ബജറ്റിംഗ് ഏറെ സഹായിക്കും. അതു കൊണ്ട് തന്നെ ബജറ്റ് സംബന്ധിച്ച നയരൂപീകരണ വേളയിൽ സമ്പദ് വ്യവസ്ഥയിലെന്ന പോലെ സിവിൽ സൊസൈറ്റിയിലും നിലനിൽക്കുന്ന ലിംഗസംബന്ധിയായ സജീവതയെയും ഊർജ്ജസ്വലതയെയും പരിഗണിക്കേണ്ടതുണ്ട്.

ജെൻഡർ ബജറ്റ് എന്ന പദം സ്ത്രീകൾക്ക് മാത്രമുള്ള പ്രത്യേക ബജറ്റ് എന്നല്ല അർത്ഥമാക്കുന്നത് പ്രത്യുത ബജറ്റിനുള്ളിൽ ജെൻഡർ പരിപ്രേക്ഷ്യ ഉൾച്ചേർക്കാനുള്ള നിയമതമായ രീതിസമ്പ്രദായം സ്വീകരിക്കുക എന്നതാണ്. അങ്ങനെ ബജറ്റിംഗിലെ പരമ്പരാഗത സങ്കല്പങ്ങളെ മറികടക്കാനാകും. വീടിനുള്ളിലെ സ്ത്രീകളുടെ കൂലിയില്ലാപ്പണിയുടെ പാരിസ്ഥിതിക പ്രാധാന്യവും മെച്ചപ്പെട്ട ലിംഗസമത്വം ലക്ഷ്യമാക്കിയുള്ള പൊതുനിക്ഷേപത്തിന്റെ ആവശ്യകതയും ഇത് തിരിച്ചറിയുന്നു. ആയതിനാൽ വികസന ആസൂത്രണം, ധനവിനിയോഗം, പദ്ധതി നടപ്പാക്കൽ, വിലയിരുത്തൽ എന്നീ അവസരങ്ങളിൽ സ്ത്രീതാൽപര്യങ്ങൾ മറികടക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നില്ല എന്നുറപ്പാക്കാനുള്ള ഉപകരണമായി ജെൻഡർ റെസ്പോൺസീവ് ബജറ്റിംഗ് വർത്തിക്കുകയും അതിലൂടെ ലിംഗപരമായ അസമത്വങ്ങളെ അഡ്രസ്സ് ചെയ്യാൻ സാധിക്കുകയും ചെയ്യുന്നു.

രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആഗോളീകരണത്തിന്റേയും സാമ്പത്തിക പരിഷ്കരണത്തിന്റേയും പശ്ചാത്തലത്തിൽ സ്ഥൂല സാമ്പത്തിക നയങ്ങളും പാർലമെന്റ് മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വരെ അവതരിപ്പിക്കുന്ന ബജറ്റുകളും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നത് അനിവാര്യമാണ്. ഇവയൊക്കെ വിവിധ കോണുകളിൽ രാജ്യത്തെ സ്ത്രീ ജീവിതത്തെ സ്വാധീനിക്കുന്നവയാണ്. ബജറ്റിനെ ജെൻഡർ സെൻസിറ്റീവ് ആക്കുകയെന്നത് അഭികാമ്യമായ സാമ്പത്തിക സമീപനമാണ്. വനിതാക്ഷേമം മുൻനിർത്തിയുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യാൻ സർക്കാരിനെ സഹായിക്കുകയും അത് വഴി മുൻ ധനവിനിയോഗ നയങ്ങൾ കൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകളെ കുറച്ച് കൊണ്ട് വരാൻ കഴിയുകയും ചെയ്യും.

സർക്കാരിന്റെ ധനവിനിയോഗത്തിന്റെ മൊത്തം ചിത്രമാണ് ബജറ്റ് എന്നിരിക്കെ അതിനുള്ളിൽ ഒരു ജെൻഡർ പരിപ്രേക്ഷ്യം ഉൾച്ചേർക്കുന്നതിന് സർക്കാരിനെ സഹായിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള നയപരിപാടിയെന്നോ രീതിശാസ്ത്രമെന്നോ ഉപകരണങ്ങളെന്നോ ജെൻഡർ ബജറ്റിംഗ് ഇനീഷ്യേറ്റീവിനെ വിളിക്കാവുന്നതാണ്.

വനിതാ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചുകൊണ്ട് വനിതാവികസനം നേരിട്ട് നടക്കുന്നുവെങ്കിൽ, ബജറ്റിലെ വിഹിതം വെട്ടിക്കുറക്കുമ്പോൾ സ്ത്രീശാക്തീകരണ സാധ്യതകൾ ദുർബലമാകുന്നു.

1995 സെപ്തംബറിൽ ബീജിംഗിൽ ചേർന്ന് വനിതകളുടെ നാലാം ലോക സമ്മേളനത്തിൽ രാഷ്ട്രങ്ങൾ അതിന്റെ സാമ്പത്തിക നയങ്ങളിലും ബജറ്റ് ഘടനയിലും ജെൻഡർ പരിപ്രേക്ഷ്യം ഉൾച്ചേർക്കണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. 2000 മാണ്ട് ജൂണിൽ യു.എൻ ജനറൽ അസംബ്ലിയുടെ സ്ത്രീകൾക്കായുള്ള പ്രത്യേക സെഷൻ പുറത്തിറക്കിയ രേഖയിൽ സാമൂഹ്യസാമ്പത്തിക നയങ്ങളിലും ദേശീയ വികസന പരിപാടികളിലും ജെൻഡർ പരിപ്രേക്ഷ്യം മുഖ്യധാരയായി വർത്തിക്കേണ്ടതുണ്ടെന്ന് എല്ലാ രാഷ്ട്രങ്ങളോടും ആഹ്വാനം ചെയ്യുകയുണ്ടായി. 2000 ഏപ്രിൽ മാസം ഡൽഹിയിൽ വെച്ച് നടന്ന സ്ത്രീകൾക്കായുള്ള കോമൺവെൽത്ത് മന്ത്രിമാരുടെ ആറാം സമ്മേളനത്തിലും ($6^{th}$ Conference of common wealth) ജെൻഡർ ബജറ്റിംഗിന്റെ പ്രാധാന്യത്തെ കുറിച്ച് ഊന്നിപ്പറയുകയുണ്ടായി.

സ്ത്രീപക്ഷത്ത് നിന്ന് കൊണ്ട് വിലയിരുത്തുകയും പരിശോധിക്കുകയും ചെയ്യതെങ്കിൽ മാത്രമേ രാജ്യത്തിന്റെ സമ്പദ്ഘടനയിൽ സ്ത്രീയുടെ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ താൽപര്യങ്ങളെ സംരക്ഷിക്കാനും മെച്ചപ്പെടുത്താനും കഴിയൂ. രാജ്യത്തിന്റെ വികസന പ്രക്രിയയിൽ സ്ത്രീകൾ വഹിക്കുന്ന പങ്കിന്റെ സ്വഭാവും ഉള്ളടക്കവും എന്താണെന്ന് തിരിച്ചറിയാനും അത്തരം ഒരു പരിശോധന കൂടിയേ കഴിയൂ. ഇന്ത്യയിലെ വിവിധ സ്ത്രീകൂട്ടായ്മകളും, ജെൻഡർ എക്കണോമിസ്റ്റുകളും 2001 മുതൽ ബജറ്റിനെ വിശകലനം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. 2001 സ്ത്രീശാക്തീകരണ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്.

വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ ജെൻഡർ ബജറ്റിംഗ് കരുത്തുറ്റ ഒരായുധമാണ്. വികസനത്തിന്റെ ആനുകൂല്യങ്ങൾ പുരുഷന്മാർക്കെന്ന പോലെ തന്നെ സ്ത്രീകൾക്കും ലഭ്യമാകണം. ഇതൊരു കണക്കൊപ്പിക്കാൻ പ്രക്രിയയല്ല മറിച്ച് പദ്ധതിരൂപീകരണത്തിലും നടപ്പാക്കലിലും അവലോകനത്തിലുമൊക്കെ തുടർച്ചയായി ജെൻഡർ വീക്ഷണം പുലർത്തുകയെന്നതാണ് ഉദ്ദേശിക്ക

പ്പെട്ടിട്ടുള്ളത്. വിഭവ വിതരണത്തിലുള്ള പ്രത്യേകതകളാൽ ദേശീയ ബജറ്റ് സ്ത്രീ പുരുഷന്മാരിൽ വ്യത്യാസ്ത ഫലങ്ങളുളവാക്കുന്നു എന്നതാണ് ജെൻഡർ ബജറ്റിംഗ് അനിവാര്യമാക്കുന്നത്. ഇന്ത്യയുടെ മൊത്തം ജനസംഖ്യയിൽ 48% സ്ത്രീകളാണെങ്കിലും ആരോഗ്യം, വിദ്യാഭ്യാസം സാമ്പത്തിക അവസരങ്ങൾ തുടങ്ങിയ സാമൂഹ്യ സൂചകങ്ങളുടെ കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ എത്രയോ പിറകിലാണ്. ബജറ്റ് വഴിയായി വിഭവങ്ങൾ നീക്കി വെക്കുന്നതിലൂടെ ജെൻഡർ അസമത്വങ്ങൾ പരിഹരിക്കാനാകും. വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനുള്ള ഒരു ആയുധമെന്ന നിലയ്ക്കാണ് ജെൻഡർ ബജറ്റിംഗ് പ്രചരിപ്പിക്കപ്പെടുന്നത്.

**ബജറ്റിനെ താഴെപറയും പ്രകാരം വിശകലനം ചെയ്യാവുന്നതാണ്.**

1. വനിതാ പ്രത്യേക പദ്ധതികൾ
   നീക്കിവെച്ച തുകയുടെ 100% വും സ്ത്രീകളെ ഉദ്ദേശിച്ചുള്ള പദ്ധതികൾക്ക് ചെലവിടുന്ന പദ്ധതികൾ

2. പ്രൊ വനിതാപദ്ധതി
   നീക്കിവെച്ച തുകയുടെ 30% സംഖ്യ വനിതകൾക്ക് നീക്കിവെയ്ക്കുകയോ പ്രകടമായും സ്ത്രീകളുടെ ക്ഷേമത്തിന് വേണ്ടിയുള്ള പദ്ധതി

3. സെൻട്രൽ- ന്യൂട്രൽ പദ്ധതി
   സമൂഹത്തിനെ മൊത്തമായി കണ്ടുള്ള പദ്ധതി. സ്ത്രീകളുടെ സാമൂഹ്യപദവിയെ സ്വാധീനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇവയെ വീണ്ടും നാലായി തരംതിരിക്കാം.

- Protective Services

  വനിതാസദനങ്ങൾ, സ്ത്രീസംരക്ഷണ സ്ഥാപനങ്ങൾ, അതിക്രമങ്ങൾക്ക് വിധേയരാവർക്കുള്ള പുനരധിവാസ പദ്ധതികൾ, അഗതികൾക്കും വിധവകൾക്കുമുള്ള പെൻഷൻ പദ്ധതികൾ തുടങ്ങി സ്ത്രീകളുടെ സാമ്പത്തികവും സാമൂഹ്യവുമായ അധമാവസ്ഥ പരിഹരിക്കുന്നതിന് ഫണ്ട് നീക്കിവെയ്ക്കുന്നതിനെ ഈ ഗണത്തിൽപ്പെടുത്താവുന്നതാണ്. എന്നാൽ മേൽപറഞ്ഞ അധമാവസ്ഥയുടെ അടിസ്ഥാനകാരണങ്ങൾ കണ്ടു പിടിച്ച് അവയുടെ നിർമ്മാർജ്ജനസംരംഭങ്ങളെയല്ല വിവക്ഷിക്കപ്പെടുന്നത്.

- Social Services

  സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം, ക്രഷേ, ഹോസ്റ്റൽ തുടങ്ങിയ പിന്തുണാ സംവിധാനങ്ങൾ. ജലവിതരണം, ഇന്ധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംരംഭങ്ങൾ തുടങ്ങി സ്ത്രീകളുടെ ശേഷിയും ക്ഷേമവും ഉറപ്പാക്കി അവരുടെ മൊത്തത്തിലുള്ള ശാക്തീകരണത്തെ നേരിട്ട് സഹായിക്കുന്നതോ, ഗാർഹികമായ കഷ്ടപ്പാടുകളെ ലഘൂകരിക്കുന്നതിലൂടെ സ്ത്രീശാക്തീകരണത്തെ പരോക്ഷമായി സഹായിക്കുന്നതോ ആയ പദ്ധതികളെയാണ് ഈ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

- Economic Services

  പരിശീലനങ്ങൾക്കും വൈദഗ്ധ്യ പരിപോഷണത്തിനുള്ള പദ്ധതികളും വായ്പാ സൗകര്യങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, മാർക്കറ്റിംഗ് സൗകര്യങ്ങൾ എന്നിവയടക്കം സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെയും സ്വയംപര്യാപ്തതയെയും വികസിപ്പിച്ചെടു ക്കാനുള്ള പദ്ധതികളെ ഈ വിഭാഗത്തിൽ പെടുത്താം

- Regulatory Services

  വനിതാ കമ്മീഷൻ, പോലീസ് സ്റ്റേഷനുകളിലെ വനിതാ സെൽ, വനിതാ ബോധവൽക്കരണ പരിപാടികൾ തുടങ്ങി സ്ത്രീ ശാക്തീകരണത്തിന് ഇടം നൽകുന്ന സ്ഥാപനങ്ങൾ, മറ്റ് അവസരങ്ങൾ സൃഷ്ടിക്കുന്ന സംവിധാനങ്ങൾ എന്നിവ ലക്ഷ്യമാക്കുന്ന പദ്ധതികളെയാണ് ഈ വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നത്.

ഇങ്ങനെ സ്ത്രീകളുടെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി നടപ്പിലാക്കണമെന്ന സർക്കാർ ആഗ്രഹിക്കുന്ന പരിപാടികളെ വിലയിരുത്തുന്ന രേഖകൾ നിർമ്മിച്ചെടു ക്കുകയാണ് ജെൻഡർ ബജറ്റിംഗ് കൊണ്ട് ലക്ഷ്യമാക്കുന്നത്. ജിവിതത്തിന്റെ എല്ലാ തുറകളിലും സ്ത്രീസാന്നിദ്ധ്യം ദൃശ്യമാകാനും ഓരോ മേഖലകളിലും അവരുടെ സംഭാവനകൾ തിരിച്ചറിയാനും അവരുടെ ആവശ്യങ്ങളെയും

താൽപര്യങ്ങളെയും പരിഗണിക്കാനും സാധിക്കും വിധം സ്ഥൂല വികസനനയങ്ങളിൽ ജെൻഡർ ബജറ്റിംഗ് എന്ന ആശയം കടന്നു ചെല്ലേണ്ടതുണ്ട്.

**ജെൻഡർ ബജറ്റിംഗ് ഇന്ത്യയിൽ**

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം 2004-05 വർഷത്തിൽ "Budgeting for Gender Equity" എന്ന പരിപാടി ഒരു മിഷൻ എന്ന നിലയിൽ സ്വീകരിച്ചിരിക്കുന്നു. പ്രസ്തുത മിഷൻ നടപ്പിലാക്കേണ്ടുന്ന പരിപാടികളുടെ ഒരു ചട്ടക്കൂടിന് രൂപം നൽകുകയും ഇക്കാര്യം എല്ലാ കേന്ദ്രമന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കും കൈമാറുകയും ചെയ്തിരുന്നു. അനേകവർഷം തന്നെ ജെൻഡർ ബജറ്റിംഗ് സെൽ (Gender Responsive Budgeting(GRB)) എന്ന സംവിധാനം എല്ലാ വകുപ്പുകളിലും മന്ത്രാലയങ്ങളിലും നടപ്പാക്കുന്നതിന് ആരംഭം കുറിച്ചിരുന്നു.

ഇന്ത്യയിൽ ജി.ആർ.ബി നിർണ്ണായകമായ യാത്ര ആരംഭിച്ചു കഴിഞ്ഞു. രാജ്യത്തെ പഞ്ചവത്സര പദ്ധതികളിൽ ജി.ആർ.ബി അതിന്റേതായ ഇടം കണ്ടെത്തിക്കഴിഞ്ഞു. ജി.ആർ.ബി സംബന്ധമായ നയങ്ങൾ ക്രമേണ ആസൂത്രണരേഖകളിൽ പ്രതിഫലിച്ചു തുടങ്ങി. എന്നാൽ എപ്രകാരം ലക്ഷ്യം നേടാമെന്ന് യാതൊരു സൂചനകളും ഉണ്ടായിരുന്നില്ല. ഒമ്പതാം പദ്ധതിയായപ്പോൾ വനിതാഘടക പദ്ധതി വേണമെന്ന് നിഷ്കർഷ ഉണ്ടാവുകയും എല്ലാ വികസന മേഖലകളിൽ നിന്നും 30 ശതമാനം ഫണ്ട് ആ ദിശയിൽ ചെലവഴിക്കപ്പെടണമെന്ന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തീരുമാനിക്കുകയും ചെയ്തു. ലിംഗപരമായ തുല്യത നേടിയെടുക്കുന്നതിന് ബജറ്റിൽ ഫണ്ട് വകയിരുത്തുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെട്ട എന്നതിലുപരി അതിനായി മിനിമം മാനദണ്ഡങ്ങൾ രൂപീകരിക്കപ്പെടുകയുണ്ടായി.

പത്താം പദ്ധതിക്കാലമായപ്പോഴേക്കും വനിതാഘടക പദ്ധതിയും ജെൻഡർ റെസ്പോൺസീവ് ബജറ്റിംഗും തമ്മിൽ ബന്ധപ്പെടുത്തുകയും അവ പരസ്പരപൂരകങ്ങളാണെന്നും പദ്ധതികളിൽ സ്ത്രീകൾക്ക് അവരുടെ അർഹതപ്പെട്ട ഫണ്ട് നീക്കിവെയ്ക്കപ്പെടുന്നു എന്നുറപ്പാക്കാൻ സഹായകമാവുകയും ചെയ്തു. പതിനൊന്നാം പദ്ധതിയിൽ Gender Equality നടപ്പിലാക്കാനുള്ള ഒരു നയമെന്ന രീതിയിൽ തന്നെ WEPക്ക് പകരമായി ജി.ആർ.ബി സ്വീകരിക്കപ്പെടുകയുണ്ടായി. എല്ലാ മേഖലകളിലും ജി.ആർ.ബി നടപ്പിലാക്കണമെന്ന് നിർബന്ധമുണ്ടായി. പന്ത്രണ്ടാം പദ്ധതിയിൽ നിലവിലുള്ള പോരായ്മകൾ കണ്ടെത്തുകയും ജെൻഡർ ആസൂത്രണം കുറ്റമറ്റതാക്കാനുള്ള ശ്രമം നടത്തുകയും ചെയ്യും. കേന്ദ്ര ഗവൺമെന്റ് പുരോഗമനാത്മകമായ പല നടപടികളും ഇടപെടലുകളും നടത്തുകയും ചെയ്തു.

**ജെൻഡർ ബജറ്റും കേരളവും**

പതിനൊന്നാം പദ്ധതിയിൽ തന്നെ കേരള സർക്കാർ ജെൻഡർ ബജറ്റിംഗിനോടുള്ള പ്രതിബദ്ധത വ്യക്തമാക്കിയിരുന്നു. ആയത് പതിമൂന്നാം പദ്ധതിയിൽ ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ 73, 74 ഭരണഘടനാ ഭേദഗതിയെ തുടർന്ന് ഒമ്പതാം പദ്ധതിയിൽ തന്നെ കേരള സർക്കാർ വനിതാ വികസനം ഒരു നയമായി വികസന പ്രക്രിയയിൽ സ്വീകരിച്ചിരുന്നു. മൊത്തം പ്ലാൻ ഫണ്ടിന്റെ 10% സംഖ്യ വനിതാ ഘടക പദ്ധതിയിലേക്ക് മാറ്റിവെയ്ക്കണമെന്ന് തീരുമാനിക്കപ്പെട്ടിരുന്നു. വികസനാസൂത്രണവും സാമ്പത്തിക വിനിയോഗവും പദ്ധതി നടപ്പിലാക്കലും വിലയിരുത്തലും ഒന്നും തന്നെ സ്ത്രീ താൽപര്യങ്ങളെ ബൈപ്പാസ് ചെയ്യുന്നില്ല എന്നുറപ്പാക്കാനും ഉതകുന്ന കരുത്തേറിയ ഉപകരണമാണ് ജെൻഡർ ബജറ്റിംഗ്.

**ലക്ഷ്യങ്ങൾ**

ധനവിഭവ വിതരണത്തിൽ സ്ത്രീപുരുഷ തുല്യതയും സ്ത്രീകൾക്ക് തുല്യനീതിയും ഉറപ്പ് വരുത്തുക. സ്ത്രീകൾക്കിടയിൽ തന്നെയുള്ള ദുർബല വിഭാഗങ്ങളെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക, ധനവിഭവങ്ങളിലുള്ള പ്രാപ്യതയും നിയന്ത്രണവും ഉറപ്പ് വരുത്തി അസമത്വം അവസാനിപ്പിച്ച് സ്ത്രീശാക്തീകരണം സാധ്യമാക്കുക.

**ലിംഗപദവി ബഡ്ജറ്റിംഗ് എന്തിന്?**

സ്ത്രീശാക്തീകരണത്തിനും സർക്കാരുകളുടെ സാമൂഹികവും സാമ്പത്തികവുമായ മുൻഗണനകളിൽ ലിംഗനീതി പ്രതിഫലിപ്പിക്കുന്നതിനും നയരൂപീകരണവും പ്രഖ്യാപനവും ലിംഗപദവി തുല്യതക്ക് അനുകൂലമാക്കുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ബജറ്റിന്റെ ഓരോ ഘട്ടത്തിലും സുതാര്യത, പങ്കാളിത്തം, സാമൂഹ്യനീതി, അക്കൗണ്ടബിലിറ്റി മുതലായവ ഉറപ്പ് വരുത്താൻ.

**എങ്ങനെ നടപ്പിലാക്കും**

എന്താണ് നിലവിലെ ഏറ്റവും പിന്നോക്കാവസ്ഥ എന്ന് കണ്ടെത്തണം വിശദമായ പഠനം വേണം പിന്നോക്കം നിൽക്കുന്നത് ആര്?എന്ത്?എവിടെ എന്നതിനെ സംബന്ധിച്ച് വ്യക്തത വേണം ഡാറ്റയുടെ അടിസ്ഥാനത്തിൽ എന്താണ് പ്രശ്നം എന്ന് ആലോചിക്കണം, പിന്നോക്കം നിൽക്കുന്നവരിൽ പിന്നോക്കം

നിൽക്കുന്നവരുടെ പ്രശ്നങ്ങൾ എന്ത് എന്ന് ആലോചിക്കണം. (വിധവ, വയോജനം, പട്ടികജാതി/ വർഗ്ഗം, ഭിന്നശേഷി)പങ്കാളിത്തപരമായിരിക്കണം, പണം ഉപയോഗിച്ച് ചെയ്യാനുള്ളവയും പണം ഇല്ലാതെ ചെയ്യാൻ പറ്റുന്നവയും പ്രത്യേകമായി കാണണം, സമൂഹത്തിന്റെ മൊത്തം വികസനത്തെപ്പറ്റിയും അതിനകത്തെ മുഴുവൻ ലിംഗവിഭാഗങ്ങളെയും കുറിച്ചും ചിന്തിക്കണം. ഓരോ ദുർബല വിഭാഗത്തെപ്പറ്റിയും ആലോചിക്കണം അതോടൊപ്പം അതിനകത്തെ സ്ത്രീകളെ പ്പറ്റിയും ചിന്തിക്കണം.

**മുന്നൊരുക്കം**

സാധാരണ ബജറ്റ് തയ്യാറാക്കുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധയും വൈദഗ്ദ്ധ്യവും ആവശ്യമുള്ള ഒന്നാണ് ജെൻഡർ ബജറ്റിംഗ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടിയിരുന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. പ്രാദേശികമായി ലഭ്യമാവുന്ന വിദഗ്ധർ, ആസൂത്രണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി വിദഗ്ധരുടെ യോഗം ആസൂത്രണത്തിനായി വിളിച്ച് ചേർക്കാവുന്നതാണ്. ആവശ്യമെങ്കിൽ ഇതിനായി ഒരു ഉപസമിതി രൂപീകരിക്കാവുന്നതാണ്. വിവരശേഖരണ പ്രവർത്തനങ്ങൾ ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ആസൂത്രണചുമതല വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഏകോപിപ്പിക്കണം.

**പ്രചരണവും പങ്കാളിത്തവും ഉറപ്പാക്കൽ**

ഇതിന്റെ ഓരോ ഘട്ടങ്ങളിലും മുഴുവൻ പ്രവർത്തനങ്ങളും എല്ലാ ജനങ്ങളിലുമെത്തിക്കാൻ പരിപാടി തയ്യാറാക്കണം. ബജറ്റും പദ്ധതിയും ഒന്നിച്ച് വരേണ്ടത് കൊണ്ട് പദ്ധതി ആസൂത്രണ നടപടിക്രമങ്ങളും പാലിച്ച് പോവുന്നത് നന്നായിരിക്കും..

**പരിശീലനങ്ങളും വിവിധ കൂടിയിരുപ്പുകളും**

ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവർക്ക് ജെൻഡർ ബജറ്റിംഗിന്റെ ആവശ്യകത, പ്രാധാന്യം, രീതിശാസ്ത്രം മുതലായവ സംബന്ധിച്ച് പരിശീലനം നൽകണം. കൂടാതെ പ്രവർത്തനങ്ങളുടെ ഓരോ ഘട്ടങ്ങളിലും കാര്യങ്ങൾക്ക് വ്യക്തത വരുത്തുന്നതിനായി ആവശ്യമായ കൂടിയിരുപ്പുകൾ നടത്തേണ്ടതാണ്.

**പ്രവർത്തനങ്ങൾ**

- വിവരശേഖരണം
- വിഷയ മേഖലാടിസ്ഥാനത്തിലുള്ള അവസ്ഥ
- വിശകലനം നടത്തണം
- മുൻവർഷത്തെ ബജറ്റ്
- വാർഷിക പദ്ധതി
- വികസനരേഖ
- പദ്ധതി രേഖ
- എ.എഫ്.എസ് (ആന്വൽ ഫിനാൻസ് സ്റ്റേറ്റ്മെന്റ് )
- ഡി.സി.ബി (ഡിമാന്റ്, കളക്ഷൻ, ബാലൻസ് )
- ഓഡിറ്റ് റിപ്പോർട്ടുകൾ (പെർഫോമൻസ്, സ്റ്റേറ്റ്) മുതലായ ഔദ്യോഗിക രേഖകൾ പരിശോധിക്കണം
- ഗുണഭോക്താക്കളായ സ്ത്രീകളുമായുള്ള ചർച്ച
- സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചർച്ച
- നിർവ്വഹണ ഉദ്യോഗസ്ഥരുമായുള്ള ചർച്ച
- വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ചർച്ച
- വിദഗ്ധരുമായുള്ള ചർച്ച
- തത്പരകക്ഷികളുമായുള്ള ചർച്ച
- ഓരോ വിഷയമേഖലയിലും ഇടപെടുന്ന സ്ത്രീകളുമായി പ്രത്യകം ചർച്ചകൾ
- നയവും തന്ത്രവും തീരുമാനിക്കൽ
- ഗ്രാമസഭകളിലും പ്രത്യേകഗ്രാമസഭകളിലുമുള്ള ചർച്ച
- ബജറ്റ് സമ്മേളനം

**ലിംഗപദവി ബഡ്ജറ്റിംഗ്ഘട്ടങ്ങൾ–**

| ക്രമ നം | പ്രവർത്തനങ്ങൾ ഘട്ടങ്ങൾ | പ്രവർത്തനങ്ങൾ ഘടകങ്ങൾ | ചുമതല |
|---|---|---|---|
| 1 | ലിംഗപദവി | • വിവരശേഖരണം | • ഭരണസമിതി |

| | | | |
|---|---|---|---|
| | ആവശ്യങ്ങൾ തിരിച്ചറിയൽ | _ ലിംഗപദവി പഠനം<br>_ സ്റ്റാറ്റസ് റിപ്പോർട്ട്<br>_ വിവിധ വിശകലനങ്ങൾ<br>_ ചർച്ചകൾ<br>• ആവശ്യങ്ങൾ തരം തിരിക്കൽ, മുൻഗണന തീരുമാനിക്കൽ<br>• സ്ഥാപന വിശകലനങ്ങളും ചർച്ചകളും | • ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി<br>• വർക്കിംഗ് ഗ്രൂപ്പ് |
| 2 | വികസന ആവശ്യങ്ങളും വിടവുകളും കണ്ടെത്തൽ | • സ്റ്റേറ്റ് ഹോൾഡേഴ്സുമായുള്ള ചർച്ചകൾ<br>• മുൻവർഷ പദ്ധതികളുടെ വിശകലനം<br>• സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കൽ | • ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ |
| 3 | നയരൂപീകരണം | • വികസനത്തിലെ ലിംഗപദവി കാഴ്ച്ചപ്പാട് ഉറപ്പ് വരുത്തൽ<br>• വിഷയമേ/പ്രാദേശിക നയരൂപീകരണം | • ഭരണസമിതി |
| 4 | ബജറ്റ് തയ്യാറാക്കൽ | • വിഭവസമാഹരണം<br>• ലിംഗപദവി പരിഗണനയോടെ തുക വകയിരുത്തൽ<br>• പൊതുപദ്ധതികളിൽ സ്ത്രീ പരിഗണന ഉറപ്പാക്കൽ<br>• സ്ഥാപനങ്ങളും പൊതു ഇടങ്ങളും ലിംഗപദവി സൗഹൃദമാക്കൽ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി |

**വിഭവസമാഹരണം**

- മുൻവർഷങ്ങളിൽ ലഭ്യമായ വിഭവങ്ങൾ ഉറപ്പ് വരുത്തൽ
- വിവിധ വകുപ്പുകൾ ചിലവഴിക്കുന്ന തുകയുടെ ഏകോപനം
- പ്രാദേശികമായി സംഘടിപ്പിക്കാൻ കഴിയുന്ന സന്നദ്ധപ്രവർത്തനം വിവിധ ,സംഭാവനകൾ , തുടങ്ങിയവയുടെ ഏകോപനം കളുടെ ഫണ്ടുകൾഏജൻസി
- കേന്ദ്ര സംസ്ഥാന ബ്ലോക്ക് ജില്ല വിഹിതങ്ങൾ
- പരിഗണിക്കേണ്ടുന്ന വിഭാഗങ്ങൾ
- ജെൻഡർ ബജറ്റിംഗിൽ സാമൂഹ്യനീതി ഉറപ്പ് വരുത്തുന്നതിനായി ദുർബലവിഭാഗങ്ങളെയും പ്രത്യേകം പരിഗണിക്കണം.



# ജെൻഡർ ബഡ്ജറ്റിംഗ്

KERALA INSTITUTE OF LOCAL ADMINISTRATION

## ബജറ്റ്

- ഭരണ സംവിധാനത്തിന്റെ അടിസ്ഥാന രേഖ
- വരവും ചെലവും വകയിരുത്തലുകളും മറ്റ് പണമിടപാടിന്റെയും ക്രോഡികരണ രേഖ

KILA 2

## ബജറ്റിന്റെ പ്രസക്തി

- ഭരണസമിതിയുടെ നയവും തന്ത്രവും പ്രാവർത്തികമാക്കാനുള്ള അടിസ്ഥാന രേഖ
- ഭരണസമിതിയിലെ എല്ലാവർക്കും ഒരുപോലെ വിഭവം സംബന്ധിച്ച വിവരം ലഭിക്കുന്ന രേഖ
- ധനവിനിയോഗം നടത്താനുള്ള അടിസ്ഥാനരേഖ
- ധനവിനിയോഗം വിലയിരുത്താനുള്ള അടിസ്ഥാന രേഖ

KILA 3

## എന്താണ് ജെൻഡർ ബജറ്റ്

- ജെൻഡർ
- ജെൻഡർ → സ്ത്രീ / പുരുഷൻ / ട്രാൻസ് ജെൻഡേഴ്സ്
- തുല്യത, തുല്യനീതി
- പ്രാപ്യത, നിയന്ത്രണം
- ഓരോ പരിപാടിയിലും പ്രോജക്ടുകളിലും പരിഗണന
- രണ്ട് തരത്തിലുള്ള പരിപാടിയാണുള്ളത്

സ്ത്രീ ജെൻഡർ

KILA 4

## ജെൻഡർ ബഡ്ജറ്റിന്റെ ലക്ഷ്യങ്ങൾ

1. ധന വിഭവ വിതരണത്തിൽ സ്ത്രീ പുരുഷ തുല്ല്യതയും സ്ത്രീകൾക്ക് തുല്യ നീതിയും ഉറപ്പുവരുത്തുക
2. സ്ത്രീകൾക്കിടയിൽ ദുർബല വിഭാഗങ്ങളുടേയും പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും ആവശ്യങ്ങൾക്ക് വേ ിയുള്ള പദ്ധതികൾക്കും പരിപാടികൾക്കും ബഡ്ജറ്റിൽ ഊന്നൽ നൽകുക.
3. സ്ത്രീകളുടെ സാമ്പത്തികവും, സാമൂഹികവും സാംസ്കാരികവുമായ ശാക്തീകരണം

KILA 5

## ജെൻഡർ ബജറ്റിന്റെ പ്രസക്തി

- ജെൻഡർ ബജറ്റിംഗ് ഒരു ശാസ്ത്രീയ സമീപനമാണ്
- പ്രശ്നവിശകലനത്തിന്റെ അടിസ്ഥാനത്തിലാണ്
- പ്രശ്നങ്ങളുടെ ഏറ്റകുറച്ചിലിന്റെ അടിസ്ഥാനത്തിലാണ്–സ്ത്രീ, പുരുഷന്, ട്രാൻസ് ജെന്റേഴ്സ് വിഭാഗങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

KILA 6

## പ്രസക്തി......

- പകതിയിൽ കൂടുതലായ സ്ത്രീകളുടെ പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ കഴിയുന്നു
- എല്ലാ പ്രൊജക്ടുകളിലും പദ്ധതിയിലും ആ വിഷയത്തോടൊപ്പം ജെൻഡർ അടിസ്ഥാനത്തിൽ തുക വിലയിരുത്താൻ കഴിയുന്നു
- ഫലം 100%ഉറപ്പ് വരുത്തുവാൻ കഴിയുന്നു

KILA 7

## ജെൻഡർ ബജറ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ




KILA 8

## ജൻഡർ ബഡ്ജറ്റിംഗിനുള്ള നടപടിക്രമങ്ങൾ:-

1) ലിംഗ പദവി അവബോധത്തോടെയുള്ള ബഡ്ജറ്റ് വിശകലനം

2) ലിംഗപദവി ആവശ്യങ്ങൾ കണക്കിലെടുത്തുള്ള ബഡ്ജറ്റ് രൂപീകരണം

KILA 9

## ബജറ്റ് തയ്യാറാക്കുമ്പോൾ പരിശോധന വിധേയമാക്കേണ്ടത്

- ആവശ്യങ്ങൾ , പ്രശ്നങ്ങൾ കണ്ടെത്തൽ
- നയം, തന്ത്രം
- വിഭവ വിലയിരുത്തൽ
  - **മുൻ ബജറ്റ് വിലയിരുത്തൽ**
  - **Annual Financial Statement**
  - **വരവ്, ചെലവ്, വിവരം, സ്ഥിതി**
  - **Centrally Sponsored Scheme, State Sponsored Scheme വിവരം**
  - **അനുബന്ധം IV**
  - **Debit Credit Balance**

KILA 10

- വകയിരുത്തൽ നയത്തിന്റെയും തന്ത്രത്തിന്റെയും അടിസ്ഥാനത്തിൽ
- ബജറ്റ് അധികരിച്ച് ഒന്നും ചെയ്യാൻ പാടില്ല
- ഒക്ടോബറിൽ ആരംഭിക്കുന്നു
- മാർച്ച് 31 ന് മുമ്പ്
- ബജറ്റ് റിവൈസ് ചെയ്യാം

KILA 11

## ബജറ്റ് നോട്ട്

- ഇന്നത്തെ ബജറ്റിന്റെ ഫോർമാറ്റിലെ പ്രശ്നങ്ങൾ ?
- ബജറ്റ് നോട്ടിന്റെ പ്രസക്തി
- ബജറ്റ് നോട്ടിന്റെ ഘടന
  - ആമുഖം
  - ധനവിശകലനം (ജെൻഡർ അടിസ്ഥാനത്തിൽ)

KILA 12

- ധനമാനേജ്മെന്റ്
- കഴിഞ്ഞ ബജറ്റ് വിശകലനം-ജെൻഡർ അടിസ്ഥാനത്തിൽ
- വിഭവസമാഹരണ ചാർട്ട്
- എസ്റ്റാബ്ലിഷ്മെന്റ് - ജെൻഡർ അടിസ്ഥാനത്തിൽ
- ബജറ്റ് ഹെഡ് അനുസരിച്ച്
- മേഖലാ അടിസ്ഥാനത്തില്/ വിഷയാടിസ്ഥാനത്തിൽ

KILA 13

## ഗ്രൂപ്പ് വർക്ക്

- ജെൻഡർ ബജറ്റ് തയ്യാറാക്കുമ്പോൾ - --

- ഓരോന്നിനും തുക മാറ്റുന്നത് ആ മേഖലയുടെ വികസനത്തിന്
- തുക മാറ്റുമ്പോൾ - ഏതൊക്കെ പ്രശ്ന പരിഹാരങ്ങൾക്ക്?, എന്ത് പരിപാടി? കാലയളവ്? ലക്ഷ്യം?
- അതിന്റെ ഗുണഭോക്താക്കൾ- ആരൊക്കെ ? എങ്ങിനെ ?, ഇതിന് ഓരോന്നിനും എത്ര രൂപ വീതം ? എന്തു നേട്ടം പ്രതീക്ഷിക്കുന്നു ?
- പുതിയ സംവിധാനം ആലോചിക്കുന്നു എങ്കിൽ എന്ത്? അതിന്റെ പ്രത്യേകത? അതിന്റെ തുക , തുടർപ്രവർത്തനം എന്നിവ ഉണ്ടാവണം

KILA 14

## ജെൻഡർ ബജറ്റ് ആക്റ്റിവിറ്റി

- നിങ്ങളുടെ പഞ്ചായത്തിൽ 25 ലക്ഷം രൂപ വികസന പദ്ധതികൾക്കായി മാറ്റിവച്ചപ്പോൾ വിവിധ മേഖലകളിൽ സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിന് വേി നിങ്ങൾ കത്തെുന്ന പ്രോജക്ടുകളും തുകയും നിശ്ചയിക്കുക
- 1) ഉൽപാദന മേഖല
- 2) സാമൂഹ്യ ക്ഷേമവും സാമൂഹ്യ സുരക്ഷയും
- 3) പശ്ചാത്തല സൗകര്യ വികസനം

KILA 15

## കരട് ജൻഡർ ബഡ്ജറ്റ് തയ്യാറാക്കൽ

- ചർച്ചകൾ, മുൻ പദ്ധതികളുടെ അവലോകനം എന്നിവയിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളു ടേയും വിവരങ്ങളുടേയും, മാനദണ്ഡങ്ങ ളുടേയും അടിസ്ഥാനത്തിൽ വിഭവ ലഭ്യത ക്കനുസരിച്ച് പദ്ധതികൾ ഉൾപ്പെടുത്തി കരട് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതിയിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുക

KILA 16

## അന്തിമ ജൻഡർ ബഡ്ജറ്റ്

- ചർച്ചയിൽ നിന്ന് ഉരുത്തിരിഞ്ഞ് വരുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ അന്തിമ ജൻഡർ ബഡ്ജറ്റ് ഭരണ സമിതിയിൽ അവതരിപ്പിക്കുക
- ഭരണ സമിതി അംഗീകരിക്കുക
- ഭരണ സമിതി അംഗീകരിച്ച ജൻഡർ ബഡ്ജറ്റ് അടങ്ങിയ കരട് പദ്ധതി രേഖ ജില്ലാ പഞ്ചായത്ത്, ജില്ലാ ആസൂത്രണസമിതി, ഉദ്യോഗസ്ഥർ ഓഡിറ്റ് വകുപ്പ്, സംസ്ഥാന സർക്കാർ എന്നിവർക്ക് സമർപ്പിക്കുക

KILA 17

# നന്ദി

KILA 18

## ലിംഗപദവി ആഡിറ്റിംഗ്

ലിംഗപദവി ആസൂത്രണം, ബജറ്റിംഗ് എന്നിവ നടത്തിയത് കൊണ്ട് മാത്രം സ്ത്രീകളുടെ വികസന പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്ന് നിർബന്ധമില്ല. പദ്ധതി നടത്തിപ്പിന് ശേഷം നടത്തേണ്ട ഓഡിറ്റിംഗിലൂടെ ലിംഗപദവി കാഴ്ച്ചപ്പാടോട് കൂടി പ്രശ്നങ്ങൾ കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ടോ പരിണിതഫലം എന്താണ് മുതലായവ വിലയിരുത്താം. സാധാരണയായി പദ്ധതികളുടെ വിലയിരുത്തൽ (Evaluation)നടത്താറുണ്ട്. ഓഡിറ്റ് ഇതിൽ നിന്നും വ്യത്യസ്ഥമാണ്. വിലയിരുത്തൽ നടത്തുമ്പോൾ പദ്ധതിയിൽ തുടക്കത്തിൽ ലക്ഷ്യമിട്ടവ നിർവ്വഹിക്കപ്പെട്ടുവോ എന്ന പരിശോധനയാണ് നടത്തുന്നത്. ഇത് ഒരു സാങ്കേതിക പരിശോധനയാണ്. എന്നാൽ കണക്കുകളും നടത്തിപ്പ് സംവിധാനം , അതിനുള്ളിലെ പ്രക്രിയയിൽ പരിപാടി പൂർത്തിയാക്കിയ ശേഷമുള്ള തുടർ നടപടികൾ തുടങ്ങിയവയെല്ലാം വിശകലന വിധേയമാക്കുന്നതാണ് ആഡിറ്റിംഗ്.

പൊതുനയങ്ങൾ വളരെ വ്യത്യസ്തമായിട്ടാണ് സ്ത്രീകളേയും പുരുഷന്മാരേയും ബാധിക്കുന്നത് എന്ന അടിസ്ഥാനവീക്ഷണത്തിൽ നിന്ന് കൊണ്ടാണ് ലിംഗപദവി ആഡിറ്റിംഗ് നടത്തുന്നത്. ലിംഗപദവിയേയും സ്ത്രീശാക്തീകരണത്തേയും കുറിച്ച് വ്യക്തികളിലും സമൂഹത്തിലും സ്ഥാപനത്തിലും നിലനിക്കുന്ന മുൻവിധികളും മുൻധാരണകളും കണ്ടെത്തുകയും ലിംഗപദവി അവബോധത്തോടെ പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ട് പോകത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുന്നതിനും ജെൻഡർ ആഡിറ്റിംഗ് വഴി സാധിക്കും. കൂടാതെ കണക്കുകളും രേഖകളും പരിശോധിക്കുന്ന സാമ്പ്രദായിക ഓഡിറ്റ് രീതിയിൽ നിന്ന് വ്യത്യസ്തമായി വികസന പ്രവർത്തനങ്ങളിൽ സ്വന്തം അഭിപ്രായം ഉയർത്താനും പ്രവർത്തനം വിലയിരുത്താനും ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്കും ജെൻഡർ ഓഡിറ്റിംഗിലൂടെ സാധിക്കുന്നു.

സാമൂഹിക പ്രകിയയിൽ പങ്കാളിത്തമില്ലാതിരുന്ന കാലത്തും സ്ത്രീകൾ വികസനത്തിന്റെയും സാമ്പത്തിക പ്രക്രിയകളുടെയും മുഖ്യധാരയിൽ എത്തി, സാമൂഹികമായി ശാക്തീകരിക്കപ്പെടാനുള്ള ശ്രമങ്ങൾ ശക്തമായി കൊണ്ടിരിക്കുന്ന കാലമാണിത്. കഴിഞ്ഞ കുറെ ദശകങ്ങളിലായി സ്ത്രീകൾ നടത്തി വന്ന സംഘടിത ശ്രമങ്ങളിലൂടെ ഇന്ന് വികസന ആസൂത്രണ പ്രക്രിയകളുടെയും ബജറ്റ് രൂപീകരണ ത്തിന്റെയും സന്ദർഭങ്ങളിൽ ലിംഗപദവി കാഴ്ച്ചപ്പാടും വിശകലനവും കൂട്ടിച്ചേർക്കാനുള്ള നടപടികൾ കുറെയെങ്കിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ചില അവസരങ്ങളിലെങ്കിലും ഇവ ടോക്കണിസത്തിന്റെ (പേരിന് മാത്രം)സ്വഭാവം കാണിക്കുകയും അന്തിമ വിശകലനത്തിൽ ഒരു പ്രയോജനവും സ്ത്രീകൾക്ക് ലഭിക്കാതെയും വരുന്നു. ഇതിനൊരു പരിഹാരമായിട്ടാണ്, ഏത് പദ്ധതിയും പരിപാടിയും അവസാനിപ്പി ക്കുമ്പോൾ ജനങ്ങൾ, ദരിദ്രർ, ഉണഭോക്താക്കൾ എന്ന പൊതുരീതി യിലല്ലാതെ, അത് പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെയായി എന്തു പ്രയോജനം ഉണ്ടാക്കി എന്ന് വിലയിരുത്തുന്ന ലിംഗപദവി ഓഡിറ്റിങ്ങ് സമ്പ്രദായം വികസിപ്പിച്ചെടുത്തത്.

### തുടക്കം

ദക്ഷിണാഫ്രിക്കയിലാണ് ലിംഗപദവി ഓഡിറ്റിംഗ് ആദ്യം പ്രാബല്യത്തിൽ വരുന്നത്. തുടർന്ന് ആസ്ട്രേലിയ, കാനഡ, ബ്രിട്ടൻ എന്നിവിടങ്ങളിലും ലിംഗപദവി ഓഡിറ്റിംഗ് പ്രാബല്യത്തിൽ വന്നു. സർക്കാർ ബഡ്ജറ്റിനെ വിലയിരുത്താനായി രൂപീകരിക്കപ്പെട്ട സംഘങ്ങളാണ് പിന്നീട് ലിംഗപദവി ഓഡിറ്റിങ്ങ് ടിമുകളായി മാറിയത് . ഇതിന് വേണ്ട രീതികളും മാർഗ്ഗങ്ങളും രൂപപ്പെടുത്തിയെടുക്കാൻ കുറെ സമയമെടുത്തു . ഇന്നും ദക്ഷിണാഫ്രിക്കയാണ് ഈ കാര്യത്തിൽ മുമ്പിൽ.

### ലിംഗപദവി ഓഡിറ്റിംഗിന്റെ പ്രസക്തി

സ്ത്രീകളെയും പുരുഷന്മാരെയും വികസന ഇടപെടലുകൾ ഒരേ രീതിയിലല്ല ബാധിക്കുന്നത്. ഉദാ : പരമ്പരാഗതമായി സ്ത്രീകൾ ചെയ്തുവന്ന പല തൊഴിലുകളുകളും ആധുനികവൽക്കരിക്കുകയും യന്ത്രവൽക്കരിക്കുകയും ചെയ്യുമ്പോൾ, അതിന്റെ പ്രയോജനം ലഭിക്കുന്നത് പുരുഷന്മാർക്കായിരിക്കും. വീട്ടുജോലികളുടെ ഭാരം കൂടി അവർ വഹിക്കേണ്ടി വരുന്നതുകൊണ്ട്, അവരുടെ സമയം, യാത്രാസ്വാതന്ത്ര്യം തുടങ്ങിയവയൊക്കെ പരിമിതങ്ങളാണ് എന്നിങ്ങനെ ഒട്ടേറെ കാരണങ്ങൾ ഇതിനുണ്ടാകും. രണ്ട് കൂട്ടർക്കും ഒരുപോലെ വികസന പരിപാടികളിൽ ഇടപെടാനും പ്രയോജനം നേടാനും പറ്റുന്ന സാമൂഹിക – സാംസ്കാരിക സാഹചര്യങ്ങളല്ല നിലനിൽക്കുന്നത്. തന്മൂലമാണ് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഈ വ്യത്യസ്തതകൾ കണക്കിലെടുക്കണമെന്ന് പറയുന്നത് .

എന്നാൽ സ്ത്രീകളുടെ പങ്കാളിത്തത്തെ അതിന്റെ കേവലമായ അർത്ഥത്തിൽ മാത്രം കണ്ട് കൊണ്ടാണ് പലപ്പോഴും പദ്ധതികൾ രൂപപ്പെടുത്തുന്നത്. പദ്ധതികളിൽ സ്ത്രീകൾക്കായി പ്രത്യേകം വിഹിതം മാറ്റിവയ്ക്കുമ്പോഴോ അല്ലെങ്കിൽ സ്ത്രീകൾക്ക് വേണ്ടി മാത്രമായി പദ്ധതികൾ രൂപപ്പെടുത്തുമ്പോഴോ ഇതിന്റെ പ്രയോജനം സ്ത്രീകൾക്ക് എല്ലാ അർത്ഥത്തിലും ലഭിക്കുന്നുണ്ടോ , അവരുടെ രണ്ടാംകിട

പദവിയിൽ വ്യത്യാസമുണ്ടാകുന്നുണ്ടോ തുടങ്ങിയ പരിശോധനകളാണ് ലിംഗപദവി ഓഡിറ്റിങ്ങിലൂടെ ചെയ്യുന്നത്.

എല്ലാ ഓഡിറ്റിങ്ങ് പ്രകിയകളും , സുതാര്യത , പങ്കാളിത്തം, ജനങ്ങളോട് ഉള്ള ഉത്തരവാദിത്വ ബോധം (accountability) തുടങ്ങിയ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതിനാണ് നടത്തുന്നത്. പൊതുപണം, ഒരു പൊതുവായ ലക്ഷ്യത്തിന് വേണ്ടി വിനിയോഗിക്കുമ്പോൾ, ആരെ ഉദ്ദേശിച്ചാണോ അവർക്ക് പ്രയോജനപ്പെടുന്ന രീതിയിലാണോ നടന്നത് എന്ന വിലയിരുത്തലാണ് നടക്കുന്നത്. പദ്ധതിയുടെ അന്തിമ ഫലം മാത്രമല്ല അത് നടത്തിയ രീതിയും പ്രക്രിയയും വിശകലന വിധേയമാക്കുന്നു . ഈ പ്രക്രിയ ഏതാനും പേരിൽ മാത്രം ചുരുക്കാതെ, പൊതു സമൂഹത്തെ പ്രതിനിധീകരിക്കുന്ന ഒരു ഗ്രൂപ്പിന്റെ (ഗ്രാമസഭ, ജനപ്രതിനിധികൾ . . . . . ) പങ്കാളിത്തത്തോടെ നടത്തുന്നതാവും ഉചിതം .

**എന്താണ് ലിംഗപദവി ഓഡിറ്റ്?**

ലിംഗപദവി ഓഡിറ്റ് വെറും സാമ്പത്തിക ഓഡിറ്റ് മാത്രമല്ല , അതിന്റെയൊപ്പം ഓഡിറ്റിലൂടെ നിശ്ചിത പദ്ധതിയുടെ അല്ലെങ്കിൽ പരിപാടിയുടെ ഗുണനിലവാരം പരിശോധിക്കുകയും പ്രവർത്തനങ്ങൾ നടത്തുന്ന സംവിധാനങ്ങൾ, നിർവ്വഹണപ്രക്രിയ നടത്തിപ്പുകാർ എന്നിവയിലെ ലിംഗപദവി സംവേദനക്ഷമതയും (gender sensitivity) അവബോധവും വിലയിരുത്തുകയും ചെയ്യുന്നു. തുടക്കത്തിലെ വിവരം ശേഖരിച്ചുകൊണ്ട് (baseline data) നിർണ്ണായകമായ വെല്ലുവിളികളും വിടവുകളും തിരിച്ചറിയുക, അവയെ നേരിടുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക. മെച്ചപ്പെട്ട് ത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക, ലിംഗനീതി പരിശ്രമങ്ങൾ ഏതാനും താല്പര്യമുള്ള വ്യക്തികളുടെയല്ലാതെ, സ്ഥാപനത്തിന്റെ /വകുപ്പിന്റെ മൊത്തം ഉടമസ്ഥാവകാശം സൃഷ്ടിക്കുന്നതിന് സഹായിക്കുക തുടങ്ങിയ നടപടികൾ ഇതിന്റെ ഭാഗമാണ്.

ലിംഗനീതിയ്ക്ക് വേണ്ടി, പദ്ധതി നടപ്പിലാക്കുന്ന സർക്കാർ/സ്ഥാപനം/സംഘടനയിൽ, വിവിധ പ്രക്രിയകളിലൂടെ ലിംഗപദവി അവബോധം വളർത്താം.

- ഇതിന് ഉത്തരവാദിത്വപ്പെട്ട ഒരു ടിമിനെ വളർത്തിയെടുക്കാം .
- അറിവ്/വിജ്ഞാനം പങ്കിടാം . വിദഗ്ധരുടെ സഹായം നേടാം .
- പദ്ധതിയുമായി ബന്ധപ്പെട്ട് ലിംഗപദവി മാനങ്ങൾ നിരന്തരം വിചിന്തനം ചെയ്യപ്പെടുകയും ചെയ്യാം . സന്ദർഭത്തിനും സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങൾക്കുമനുസരിച്ച് ഉപാധികളും മറ്റും കൂട്ടായി വികസിപ്പിക്കുകയും ചെയ്യാം .

ഒരു പദ്ധതി അവസാനിക്കുമ്പോൾ മാത്രം, പുറമെ നിന്നുള്ള കുറച്ചുപേർ നടത്തുന്ന ഒരു പ്രക്രിയ അല്ല ലിംഗപദവി ഓഡിറ്റിങ്ങ്. പദ്ധതി നടത്തുന്നവർക്ക് ഓഡിറ്റ് പ്രക്രിയയിൽ ഉടമസ്ഥതാ ബോധം തോന്നണമെങ്കിൽ, അവരുടെ ഇടപെടൽ ആദ്യഘട്ടം മുതൽ ഉണ്ടാവണം. ലക്ഷ്യങ്ങൾ നിർവ്വചിക്കു ന്നതിലും പ്രക്രിയകളിൽ പങ്കാളിത്തവും ലിംഗപദവി ബോധ്യത്തോടു കൂടി അവ നടപ്പിലാക്കണമെങ്കിലും ഇതാവശ്യമാണ്. മാത്രവുമല്ല ലിംഗപദവി ഓഡിറ്റിങ്ങിന്റെ കണ്ടെത്തലുകളുടെ മേൽ തുടർ നടപടികൾ ഉണ്ടാകണമെങ്കിലും ഈ ഉടമസ്ഥതാബോധം ആവശ്യമാണ്.

ലിംഗപദവി ഓഡിറ്റിലൂടെ കുറച്ചുകൂടി വിപുലമായ നടത്തിപ്പിന്റെ മറ്റ് തലങ്ങളെക്കൂടി സ്പർശിക്കുന്ന ചർച്ചകൾ ഉണ്ടാവാം . ഉദാ : അമിത ജോലി നൽകുന്ന സംഘടനാരീതി . ഓഫീസിൽ വൈകിയും തുടരേണ്ടി വരുന്ന അവസ്ഥ , സമയത്തിന്റെ സമ്മർദ്ദം , സംഘടനയ്ക്കുള്ളിലെ ആശയവിനിമയ ഘടന , പങ്കിടുന്നതിനും പുതിയ കാര്യങ്ങൾ പഠിക്കുന്നതിനും ഒക്കെയുള്ള അനുകൂല സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടോ ഇല്ലയോ തുടങ്ങിയവ ലിംഗപദവി തുല്യത കൈവരുത്തുന്നതിൽ സങ്കിർണതകൾ സൃഷ്ടിക്കുന്നവയാണ്. അധിക ജോലി എറ്റെടുത്ത്, രാത്രിയും ഇരുന്ന് ജോലി ചെയ്ത് പ്രമോഷൻ നേടാൻ സ്ത്രീകൾക്കാവില്ല. വീട്ടിലെ ജോലിഭാരം മാത്രമല്ല വൈകി യാത്ര ചെയ്യുന്നതും അവർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും . സംഘടനയുടെ/ സ്ഥാപനത്തിന്റെ പ്രവർത്തനം സംസ്കാരം (Work culture) അതുകൊണ്ട് തന്നെ ഏറെ പ്രധാനപ്പെട്ടതാണ്.

**എന്താണ് ലിംഗപദവി ഓഡിറ്റിന്റെ ലക്ഷ്യം**

സ്ത്രീകളെ മുഖ്യധാരാവികസന പ്രക്രിയകളിൽ പങ്കാളികളാക്കേണ്ടതിന്റെ/ ന്യായീകരണങ്ങൾ വ്യത്യസ്തങ്ങളാണ്. ക്ഷേമം, ദാരിദ്ര്യ നിർമ്മാർജ്ജനം, തുല്യത, കാര്യക്ഷമത, ശാക്തീകരണം തുടങ്ങിയ വിവിധ ഉദ്ദേശങ്ങളോടെയാണ് സ്ത്രീകളെ വികസനപ്രക്രിയകളിൽ ഭാഗഭാക്കുകളാക്കുന്നത്. പലപ്പോഴും പദ്ധതികൾ ആസൂത്രണം ചെയ്യുന്നവരുടെ ലക്ഷ്യം പദ്ധതി നടത്തുന്നവർക്ക് മനസ്സിലായിട്ടുണ്ടാവണ മെന്നില്ല. വളരെ ശക്തമായ ആൺമേൽക്കോയ്മ മൂല്യങ്ങൾ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ, 'ശാക്തീകരണം' എന്ന ആശയംപോലും ശരിയായി അർത്ഥത്തിലല്ല മനസ്സിലാക്കിയിരിക്കുന്നത്. അതുകൊണ്ട് തന്നെ, പദ്ധതിക്ക് നൽകിയ പണം കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന്

പരിശോധിക്കുന്നതിലപ്പുറം, പദ്ധതി സ്ത്രീകളുടെ അവസ്ഥയേയും പദവിയേയും മെച്ചപ്പെടുത്തുന്നതിന് സഹായിച്ചോ എന്ന് പരിശോധിക്കേണ്ടി വരുന്നു . ഇതാണ് ലിംഗപദവി ഓഡിറ്റിന്റെ പൊതുവായ ലക്ഷ്യം.

സ്ത്രീ പുരുഷ തുല്യത , നീതി എന്നിവ ലക്ഷ്യമാക്കി പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ, അവയുടെ ഫലപ്രാപ്തി അവലോകനം ചെയ്യുന്ന പ്രക്രിയകളും സ്ത്രീപക്ഷബോധ്യങ്ങളോടെയുള്ളതായിരിക്കണം എന്ന് ഉറപ്പാക്കേണ്ടതുണ്ട് .

**നിശ്ചിത പദ്ധതി അല്ലെങ്കിൽ പരിപാടി നടപ്പിലാക്കുന്നതിലൂടെ**

1. സമ്പത്ത്/വിഭവങ്ങൾ എന്നിവയിൽ സ്ത്രീകളുടെ പ്രാപ്യതയും ഉടമസ്ഥാവകാശവും ഉണ്ടാകുന്നുണ്ടോ ? മെച്ചപ്പെടുന്നുണ്ടോ ?
2. തിരുമാനമെടുക്കുന്ന പ്രക്രിയകളിലെ പങ്കാളിത്തം ( ഗണപരവും ഗുണപരവും) എപ്രകാരമാണ്?
3. മേൽ പറഞ്ഞവയെ നിർണ്ണയിക്കുന്ന അധികാരത്തിൽ സ്ത്രീകളുടെ പങ്ക് എന്താണ്? പുരുഷന്മാരുടെ പങ്ക് എന്താണ്?
4. സഞ്ചാരസ്വാതന്ത്ര്യം, അതിക്രമങ്ങളിൽ നിന്ന് സുരക്ഷ തുടങ്ങിയ കാര്യങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ പദ്ധതി കണക്കിലെടുക്കുന്നുണ്ടോ തുടങ്ങിയവ പരിശോധിക്കുക എന്നത് ലിംഗപദവി ഓഡിറ്റിംഗിന്റെ ലക്ഷ്യമാണ് .

പദ്ധതിയുടെ നയസമീപനം, ഇതിലെ ഓരോ പ്രവർത്തനവും (activities) നടപടികളും ഇവയിലൊക്കെ അടങ്ങിയിരിക്കുന്ന സങ്കൽപ്പങ്ങൾ എന്താണ്? പ്രത്യേകിച്ച് സ്ത്രീകളുടെയും പുരുഷന്മാരുടെയും സമൂഹത്തിലെ ഉത്തരവാദിത്വങ്ങൾ, അവരുടെ സമയക്രമം, കഴിവുകൾ, സാധ്യതകൾ തുടങ്ങിയവയെക്കുറിച്ചൊക്കെ പരമ്പരാഗത സങ്കൽപങ്ങൾ (വാർപ്പുമാതൃകകൾ) ആണോ പദ്ധതി നടത്തിപ്പുകാർക്കുള്ളത്? ഇവയും പരിശോധന വിധേയമാക്കേണ്ടതാണ്.

ലിംഗപദവി മുഖ്യധാരാവത്ക്കരണം എന്നത് പദ്ധതി നടപ്പാക്കുന്ന സ്ഥാപനം/ വകുപ്പ് / സംഘടന എന്നിവർ സ്വീകരിച്ചിട്ടുണ്ടോ ? അവരുടെ നയങ്ങൾ, പ്രവർത്തനരീതികൾ, അവർക്കുള്ള വൈദഗ്ധ്യം, ശേഷി മൂല്യങ്ങൾ തുടങ്ങിയവയിൽ ഇത് പ്രതിഫലിക്കുന്നുണ്ടോ? ഇല്ലെങ്കിൽ, ലിംഗപദവി അവബോധം വർദ്ധിപ്പിക്കാനും ശേഷി വികസിപ്പിക്കാനും വേണ്ട നിർദേശങ്ങൾ എന്താണ്?

**ലിംഗപദവി തുല്യതാ മാനദണ്ഡങ്ങൾ**

മൂന്ന് പ്രധാന മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു പരിപാടിയുടെ ലക്ഷ്യം ലിംഗപദവി തുല്യത അടിസ്ഥാനപ്പെടുത്തിയാണോ എന്ന് വിലയിരുത്താം . ആ പരിപാടി –

1. സ്ത്രീകളുടെ പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾക്കാണാ പ്രാധാന്യം നൽകുന്നത് ? തന്ത്രപരമായ ലിംഗപദവി ആവശ്യങ്ങളെ നേടിയെടുക്കാൻ എ നടപടികൾ എടുത്തിട്ടുണ്ട് ?
2. സ്ത്രീശാക്തീകരണം പ്രഖ്യാപിത ലക്ഷ്യമാണോ ? സ്ത്രീശാക്തീകരണത്തെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാട് ? നേടാനുള്ള നടപടികൾ
3. പുരുഷത്വം (masculinity) പുരുഷചുമതലകൾ തുടങ്ങിയവയിൽ ഉണ്ടാകുന്ന മാറ്റം

**ഫലപ്രദമായ ലിംഗപദവി ഓഡിറ്റിങ്ങിനുള്ള ഉപാധികൾ**

ജെൻഡർ ഓഡിറ്റ് എന്ന രാഷ്ട്രീയ പ്രക്രിയയിൽ ഏറ്റവും ആവശ്യവും ഫലപ്രദവുമായ ഉപാധികൾ.

1. സ്ത്രീകളുടെയും പുരുഷന്മാരുടെയും ചുമതല – വിഭവവിതരണത്തിലും മാറ്റങ്ങൾ വരുത്തികൊണ്ട് സന്തുലിതമായ സ്ത്രീപുരുഷപദവി ബന്ധങ്ങൾ ഉണ്ടാക്കാൻ വേണ്ടി ലിംഗപദവി മാറ്റങ്ങൾ ലക്ഷ്യം വച്ചുള്ള നയം നിലവിലുണ്ടോ എന്ന് പരിശോധിക്കുക .
2. ഒരു പ്രത്യേക ചെലവ് അതിന്റെ ഉപയോക്താക്കളുടെ ആവശ്യങ്ങൾക്ക് എത്രത്തോളം ഉപകരിച്ചിട്ടുണ്ട് എന്ന് വിശകലനം ചെയ്യുക . –
3. ഒരു പ്രത്യേക നിക്ഷേപം അല്ലെങ്കിൽ പൊതുചെലവ് എത്രത്തോളം ഫലം ചെയ്തുവെന്ന് ലിംഗപദവി കാഴ്ച്ചപ്പാടിലൂടെ നോക്കുക . പ്രാദേശിക സർക്കാരിന്റെ പ്രഖ്യാപിത നയങ്ങൾ

സ്ത്രീകളും പുരുഷന്മാരും എത്ര വ്യത്യസ്തമായിട്ടാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് സൂക്ഷ്മമായി പരിശോധിക്കുക .

4. ഓരോ മേഖലയിലും നടത്തിയിട്ടുള്ള പൊതുചെലവ് സ്ത്രീകളുടെയും പുരുഷന്മാരുടെയും ക്ഷേമത്തിനുവേണ്ടി എത്രമാത്രം ഫലപ്രദമായിരുന്നു എന്ന് അളക്കുക. മറ്റൊരുതരത്തിൽ പറഞ്ഞാൽ, വരുമാനം, ഉപജീവനമാർഗ്ഗം, പോഷകാഹാരം, മനുഷ്യ മൂലധനനിക്ഷേപം എന്നിവയി മേൽ എങ്ങനെയാണ് ഈ പൊതു ചെലവ് അനന്തര ഫലമുണ്ടാക്കുന്നത്.

5 . സമയത്തിന്റെ ഉപയോഗം (time use) പോലെ സാമ്പത്തികേതരമായ മാറ്റങ്ങൾക്ക് ഊന്നൽ നൽകുക. സമയവിനിയോഗത്തിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും ആകെ ഉത്പാദന സമയത്തിന്റെ ഫലം എന്താണ് എന്ന് നോക്കുക. ഇവിടെ പണം വരുമാനമായി കിട്ടുന്ന ഉത്പാദന ജോലികൾ മാത്രമല്ല കണക്കിലെടുക്കേണ്ടത്. വേതനമില്ലാത്ത ജോലിയും സമയവും കൂടി കണക്കിലെടുക്കണം. കാരണം, സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ സമയം, വേതനമില്ലാത്തതും വേതനമുള്ളതുമായ ജോലികൾ ചെയ്യേണ്ടിവരുന്നുണ്ട് .

6 . സമ്പദ്ഘടനയെ സമഗ്രമായി കണ്ട് അതിന്റെ ഫലങ്ങൾ മുഴുവൻ കണക്കിലെടുക്കുക . അന്തർദേശീയ, ദേശീയ, സംസ്ഥാന സമ്പദ്ഘടനയിലും നയങ്ങളിലും വരുന്ന മാറ്റങ്ങളുടെ ഫലമെന്താണെന്നു വിശകലനം ചെയ്യുക .

**വിവരങ്ങൾ ശേഖരിക്കാനും വിലയിരുത്തൽ നടത്താനുമുള്ള ഫലപ്രദമായ ജെൻഡർ ഓഡിറ്റിംഗ് ഉപാധികൾ**

- ഇനം തിരിച്ചുള്ള പദ്ധതിപ്രവർത്തനങ്ങൾ
- ഓരോ പദ്ധതിപ്രവർത്തനത്തിലുമുള്ള സ്ത്രീ ഗുണഭോക്താക്കളുടെ അനുപാതം
- സ്ത്രീകൾ ഭൂരിപക്ഷം അല്ലെങ്കിൽ പുരുഷന്മാർ ഭൂരിപക്ഷം ഗുണഭോക്താക്കളായി വരുന്ന പ്രവർത്തനങ്ങൾ .
- പദ്ധതികളുടെ ലക്ഷ്യം, പ്രവർത്തനങ്ങൾ എന്നിവ ലിംഗപദവി വിശകലനരൂപ രേഖ അനുസരിച്ച് ഓരോ പദ്ധതിയുടെയും ലിംഗപദവി തന്ത്രം വിലയിരുത്തുക .
- ലിംഗപദവി സംബന്ധമായ ഗവേഷണം എത്രമാത്രം നടന്നു . ഏതൊക്കെ തരത്തിൽ നടന്നു എന്ന് നോക്കുക .
- ലിംഗപദവിക്കുവേണ്ടി പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ
- ലിംഗപദവിക്കുവേണ്ടി ജനപ്രതിനിധികളുടെ ഉത്തരവാദിത്വങ്ങൾ
- റിപ്പോർട്ടുകളിൽ ലിംഗാടിസ്ഥാനത്തിൽ തരം തിരിച്ച വിവരങ്ങളുടെ അളവും ഗുണവും .

**ഫലപ്രദമായ ജെൻഡർ ഓഡിറ്റിംഗ് പ്രവർത്തനരീതികൾക്കുള്ള സൂചികകൾ**

- ആരാണ് ഗുണഭോക്താക്കൾ?

- തന്ത്രങ്ങൾ, നയങ്ങൾ, പദ്ധതികൾ എന്നിവയിൽ എങ്ങനെയാണ് ലിംഗപദവി പരിഗണിച്ചിട്ടുള്ളത്?

- സവിശേഷ വിഭാഗത്തിൽ (special groups) പ്പെട്ടവർക്കു വേണ്ടി ഏതുതരത്തിലാണ് പണം നീക്കിവച്ചത്? സ്ത്രീപുരുഷപദവിയിൽ എന്തുതരം അനന്തരഫലങ്ങളാണ് അതുണ്ടാക്കിയത്?

  പ്രധാന പ്രവർത്തകർക്കു വേണ്ടി സവിശേഷ സാഹചര്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനപദ്ധതി ജെൻഡർ ഓഡിറ്റിങ്ങിൽ ആവശ്യമുണ്ട് . അതിനായി ഈ ചോദ്യങ്ങൾ നിർബന്ധമായും ചോദിച്ചിരിക്കണം .

- ജെൻഡർ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിൽ ആരൊക്കെ പ്രധാന പങ്ക് വഹിക്കും? എന്തൊക്കെ വൈദഗ്ധ്യങ്ങളാണ് അവർക്കാവശ്യം ?

- എന്തൊക്കെയാണ് അവർ ചെയ്യേണ്ടിവരുന്ന ജോലികൾ (tasks) ? എന്തൊക്കെ ജോലിഭാരം അതിൽ ഉൾപ്പെടുന്നു ?

- എന്തൊക്കെ വിഭവങ്ങളും പരിശീലനങ്ങളും ആവശ്യമുണ്ട് ?

ജെൻഡർ ഓഡിറ്റ് നടത്തുന്നതിന് ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയതലത്തിലും ലിംഗപദവിയെക്കുറിച്ചുള്ള ഉയർന്ന അവബോധവും പിന്തുണയും വേണം. ലിംഗാടിസ്ഥാനത്തിൽ വേർതിരിച്ച കണക്കുകളും ജെൻഡർ പ്രൊഫൈലും ഇതിനാവശ്യമാണ്. ദൈനംദിന പ്രവർത്തനങ്ങൾ, പ്രകിയകൾ എന്നിവ സാഹചര്യ സവിശേഷതകളുമായും നല്ലവണ്ണം ബന്ധപ്പെടുത്തണം .

സവിശേഷ വിഭാഗങ്ങൾക്കുവേണ്ടി ഒരു നയമില്ലെങ്കിൽപ്പോലും ഓരോ പരിപാടിയുടെയും അനന്തരഫലം ജെൻഡർ ഓഡിറ്റിനു വിധേയമാക്കണം. ചില നയങ്ങളും പദ്ധതികളും പരോക്ഷമായി സ്ത്രീകളുടെയും പുരുഷന്മാരുടെയും സ്ഥാനത്തെ ഗുണപരമായോ അല്ലെങ്കിൽ ദോഷകരമായോ ബാധിക്കും.

വിവേചനരഹിതമായ നയങ്ങളുടെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരിന്റെ വിഭവങ്ങളിന്മേൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ പ്രാപ്യത ഉറപ്പുവരുത്തിയാൽ പലതരത്തിലുള്ള വിഭവമൂലധനത്തിന്റെ നിക്ഷേപത്തിലെ പോരായ്മകളെ തടയാനാവും. ഉത്പാദനം, സേവനം, അടിസ്ഥാന സൗകര്യം തുടങ്ങിയ മേഖലകളിൽ വിവേചനരഹിതമായ ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും വേണം .

**ലിംഗപദവി ഓഡിറ്റ് പ്രകിയ**

1. ഉത്തരവാദിത്തപ്പെട്ടവർ ലിംഗപദവി ഓഡിറ്റ് നടത്താൻ തീരുമാനിക്കുന്നു. അതിനുള്ള ടീമിനെ തെരഞ്ഞെടുക്കുന്നു. (ഓഡിറ്-നടത്താനുദ്ദേശിക്കുന്നതിന്റെ മൂന്ന് മാസം മുമ്പെങ്കിലും)
2. ലിംഗപദവി ഓഡിറ്റ് നടത്തേണ്ട തീയതി, സ്ഥലങ്ങൾ തുടങ്ങിയവ നിശ്ചയിക്കുന്നു .
3. ഓഡിറ്റ് ടീമിന്റെ ചുമതലയിൽ, ബന്ധപ്പെട്ട രേഖകൾ സമാഹരിക്കുന്നു . (പദ്ധതി രേഖ, ബഡ്ജറ്റ് , ഇടക്കാല വിശകലന റിപ്പോർട്ടുകൾ . . . ) ഇവ വിശകലനം ചെയ്യുന്നു . കരട് രേഖ , ചോദ്യങ്ങൾ ഇവ തയ്യാറാക്കുന്നു .
4. പങ്കാളിത്ത യോഗങ്ങൾ എപ്പോൾ, എത്ര എണ്ണം, എവിടെയൊക്കെ എന്ന് തീരുമാനിക്കുന്നു ബന്ധപ്പെട്ടവർക്ക് കത്തുകൾ വഴി അറിയിപ്പ് നൽകുന്നു . മറ്റ് ക്രമീകരണങ്ങൾ ചെയ്യുന്നു .
5. പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ തലത്തിലുള്ള ആളുകളുമായി (stakeholders അഭിമുഖം, പങ്കാളിത്തം പഠന കളരികൾ, കൺസൾട്ടേഷൻസ് തുടങ്ങിയവ വഴി വിവരങ്ങൾ ശേഖരിക്കുന്നു .
6. ഓഡിറ്റ് ടീം കൂടിയിരുന്ന്, മേൽപറഞ്ഞ പ്രക്രിയകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ കരട് റിപ്പോർട്ട് തയ്യാറാക്കുന്നു. തുടർ പരിപാടികൾക്ക് വേണ്ട നിർദ്ദേശങ്ങളുൾപ്പടെ...
7. പദ്ധതി നടത്തിപ്പുകാരുമായി കരട് റിപ്പോർട്ട് ചർച്ച ചെയ്യുന്നു. വസ്തുതാപരമായ തെറ്റുകരൾ ഉണ്ടെങ്കിൽ തിരുത്തുന്നു. അംഗീകരിച്ച റിപ്പോർട്ട്, നിർദ്ദേശങ്ങൾ സഹിതം വകുപ്പിന് നിർദ്ദേശങ്ങളുടെ മേലുള്ള തുടർനടപടികൾ സ്ഥാപനത്തിന്റെ /വകുപ്പിന്റെ ഉത്തരവാദിത്തമാണ്.
8. നിലവിൽ സ്ത്രീ പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധതലം എപ്രകാരമാണ്. പ്രശ്ന കാരണങ്ങൾ /വിശകലനം എന്നിവ വ്യക്തമാണോ ? സംസ്ഥാന – ദേശിയ തലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള വനിതാ നയം , ദേശിയ വികസന പരിപ്രേഷ്യം , മറ്റ് സ്ഥാപനസംവിധാനങ്ങൾ സീഡോ പോലുള്ള പ്രഖ്യാപനങ്ങൾ ഇവയെ സംബന്ധിച്ച അറിവ് എന്താണ്? .
9. സ്ഥാപനത്തിന്റെ / വകുപ്പിന്റെ നയങ്ങൾ, പരിപാടികൾ, ബഡ്ജറ്റ് എന്നിവയിൽ ലിംഗപദവി മുഖ്യധാരാവൽക്കരണം പ്രതിഫലിക്കുന്നുണ്ടോ ? (cross cutting concern)
10. സംഘടനയിൽ / വകുപ്പിൽ ലിംഗപദവിയെക്കുറിച്ച് നിലവിലുള്ള വൈദഗ്ദ്ധ്യം/ കഴിവ്, വിജ്ഞാനം
11. ലിംഗപദവി തുല്യത ലക്ഷ്യമാക്കി നിലവിൽ വിശകലന സംവിധാനങ്ങൾ . മോണിറ്ററിങ്ങ് തുടങ്ങിയവ രൂപപ്പെടുത്തിയിട്ടുണ്ടോ ?
12. തൊഴിൽ സ്ഥലത്ത് ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ? പ്രവർത്തിക്കുന്നുണ്ടോ ?
13. സംഘടന/വകുപ്പ് സ്ഥാപനത്തിന്റെ പ്രസിദ്ധീകരണങ്ങൾ/വെബ് സൈറ്റ് തുടങ്ങിയ വയിലൂടെ ദൃശ്യമാക്കപ്പെടുന്ന ലിംഗപദവി കാഴ്ചപ്പാട്

14. തീരുമാനമെടുക്കൽ പ്രക്രിയയിലെ ലിംഗപദവി ബോധ്യങ്ങൾ

15. ജീവനക്കാരുടെ തൊരഞ്ഞെടുപ്പ് , സ്റ്റാഫ് നയങ്ങൾ , തൊഴിൽ സംസ്കാരം എന്നിവയിലെ ലിംഗപദവി ബാലൻസ്, സ്ത്രീസൗഹൃദപരമായ നയങ്ങൾ, അന്തരീക്ഷം

16. വികസനത്തിൽ സ്ത്രീപങ്കാളിത്തം എന്തിന് വേണ്ടി എന്നതിനെ സംബന്ധിച്ച കാഴ്ചപ്പാട് (ക്ഷേമം, ദാരിദ്ര്യനിർമ്മാർജ്ജനം, കാര്യക്ഷമത, തുല്യത, ശാക്തീകരണം)

17. സ്ത്രീപുരുഷ തുല്യതയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ

18. സ്ത്രീശാക്തീകരണ പരിപാടികൾക്ക് നൽകുന്ന ശ്രദ്ധ – സമയം, ഇവ എത്രമാത്രം നിശ്ചയിച്ചിരിക്കുന്ന ജീവനക്കാർക്ക് മറ്റ് മുൻഗണനകളുടെ കൂടെ ഇതൊരു അധിക ചുമതലയാണോ? പദ്ധതി നടത്തിപ്പിന് മതിയായ വിഭവങ്ങൾ സമയബന്ധിതമായി ലഭ്യമാക്കിയോ? സൃഷ്ടിപരതയ്ക്കുള്ള അവസരങ്ങൾ

19. ഗുണഭോക്തൃ തെരഞ്ഞെടുപ്പ്. മാനദണ്ഡങ്ങൾ തുടങ്ങി ഓരോ പരിപാടി/ പദ്ധതിയുടെ ലക്ഷ്യങ്ങൾക്കനുസൃതമായ മറ്റ് ഘടകങ്ങളും സൂചകങ്ങളും ചേർക്കാം.

**ലിംഗപദവി വ്യത്യാസങ്ങൾ അളക്കാനുള്ള സൂചികകൾ (Gender indicators)**

ലിംഗപദവി ഓഡിറ്റിംഗ് ഫലപ്രദമായി നടത്തണമെങ്കിൽ, മാറ്റങ്ങൾ അളക്കാനുള്ള സൂചികകൾ വികസിപ്പിക്കണം . നയങ്ങളുടെയും ഇടപെടലുകളുടെയും ഫലമായി എന്തു സംഭവിച്ചു എന്ന് വ്യക്തമായി മനസ്സിലാക്കണമെങ്കിൽ ഇത്തരം സൂചികകൾ ആവശ്യമാണ്.

'മാറ്റ' ങ്ങൾ അളക്കുക എന്നത് സാങ്കേതികമായ ഒരു പ്രക്രിയ മാത്രമല്ല . ലിംഗപദവി തുല്യതയിലേക്ക് നീങ്ങുന്നുണ്ടോ എന്നത് അളക്കുന്നത് ഒരു രാഷ്ട്രീയ പ്രക്രിയ കൂടിയാണ് . ലിംഗപദവി തുല്യതയുടെ ഏതുവശമാണ് അളക്കേണ്ടതെന്ന് തീരുമാനിക്കുന്നതും രാഷ്ട്രീയ തീരുമാനമാണ്– ആരാണ് നേട്ടങ്ങൾ അളക്കുന്നത്? സർക്കാരാണോ? ഫണ്ട് നൽകിയവരാണോ അതോ പദ്ധതിയിൽ ഭാഗഭാക്കുകളായ സ്ത്രീപുരുഷന്മാരാണോ? ആരായാലും പ്രധാന ചോദ്യങ്ങൾ ഇവയാണ് . എന്താണ് നേടാൻ സാധിക്കുക? ആഗ്രഹിക്കുന്ന മാറ്റങ്ങളിലേക്കുള്ള പുരോഗതി അളക്കാൻ അനുയോജ്യമായ സൂചികകൾ ( indicators ) ഏതാണ് ?
വിവരങ്ങൾ സമാഹരിക്കുന്നതിന് ഗണപരവും (quantitative) ഗുണപരവും (qualitative)ആയ സമീപനങ്ങൾ സംയോജിപ്പിക്കുന്നതാണ് ഏറ്റവും നല്ലത് . ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ ലിംഗപദവി ബോധ്യത്തോടെയുള്ള ഉപാധികൾ വികസിപ്പിക്കാൻ കഴിയും .

ലിംഗപദവി വിവേചനങ്ങൾ ചൂണ്ടിക്കാണിക്കാൻ കണക്കുകൾ ആവശ്യമാണ്. ഗുണപരമായ മാർഗ്ഗ രീതികളിലൂടെ സാമൂഹിക പ്രക്രിയകളെയും സാമൂഹ്യബന്ധങ്ങളെയും അധികാര ചലനാത്മക, ലിംഗപദവി തുല്യതയുടെ ഗുണനിലവാരം തുടങ്ങിയവകളെയും അളക്കാൻ കഴിയും. ഗണപരമായ രീതികളിൽ അവ അളക്കാൻ പ്രയാസമാണ്.

| **മാർഗ്ഗരീതി** | **നിർവ്വചനം** |
|---|---|
| ഗണപരം (Quantitative) | ഗണപരമായ വിവരശേഖരണ രീതികളിലൂടെ അളക്കാവുന്ന ഫലങ്ങൾ ലഭിക്കുന്നു . ഉദാ : പാർലമെൻറിൽ ഉള്ള സ്ത്രീപുരുഷ് അനുപാതം , സ്ത്രീപുരുഷ കൂലി നിരക്ക് , ഉന്നത തൊഴിലുകളിലുള്ള സ്ത്രീകളുടെ ശതമാനം മുതലായവ |
| ഗുണപരം (Qualitative) | ഗുണപരമായ രീതികളിലൂടെ ആളുകളുടെ അഭിപ്രായങ്ങൾ സമീപനങ്ങൾ , വികാരങ്ങൾ തുടങ്ങിയവ മനസ്സിലാക്കുവാൻ കഴിയും. ചെറു ഗ്രൂപ്പ് ചർച്ച (FGD) തുടങ്ങിയ ഗുണപരമായ മാർഗ്ഗങ്ങളാണ് ഇതിന് ഉപയോഗിക്കുന്നത് |
| പങ്കാളിത്തം | തങ്ങളുടെ വികസനത്തിന്റെ കർത്താക്കളാകേണ്ടത് ( agents ) സ്ത്രീകളും പുരുഷന്മാരും തന്നെ ആണ് എന്ന് ധാരണയിലാണ് പങ്കാളിത്ത മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നത്. എന്താണ് അളക്കേണ്ടത്? എന്തു സൂചികകളാണ് ഉപയോഗിക്കേണ്ടത് എന്നിവ തിരുമാനിക്കുന്നതിൽ പങ്കെടുക്കുന്നതിലൂടെ വിലയിരുത്തൽ, ഓഡിറ്റിംഗ് പ്രകിയ അവരുടെ ഉടമസ്ഥത 'യിലാകുന്നു . |

മുമ്പ് സൂചിപ്പിച്ചതു പോലെ ഇവയെ സമന്വയിപ്പിക്കുന്ന മാർഗ്ഗരീതികളാണ് അനുയോജ്യം.

ലിംഗപദവി ഓഡിറ്റിങ്ങ് വേളയിൽ, ഒരു പദ്ധതി/ പരിപാടിയുടെ ശക്തമായ സ്വാധീനം (impact) ആണ് നാം അവലോകനം ചെയ്യുന്നത്. പല സംഘടനകളും പല ഉപാധികളും വികസിപ്പിച്ചിട്ടുണ്ട്. ചിലത് ഇവിടെ നൽകുന്നു .

**ലിംഗപദവി ഓഡിറ്റ് സൂചകങ്ങൾ –**

1 . പദ്ധതി നടത്തുന്ന സ്ഥാപനം / സംഘടന എന്നിവയുടെ ഓഡിറ്റിങ്ങ്
2 . ലിംഗപദവി തുല്യത നേടുന്നതിന് എന്തുമാത്രം പ്രയോജനപ്പെട്ടു ?

**പദ്ധതി / പരിപാടി വഴി**

- സ്ത്രീകളും പുരുഷന്മാരും സ്വകാര്യ പൊതു തലങ്ങളിലുള്ള തീരുമാനമെടുക്കൽ പ്രകിയകളിൽ ഒരു പോലെ പങ്കെടുക്കാൻ തുടങ്ങിയോ ?
- മുമ്പ് സ്ത്രീകൾ പങ്കെടുക്കാതിരുന്ന സാമൂഹിക / രാഷ്ട്രീയ പ്രകിയകളിൽ ഇപ്പോഴവർക്ക് കൂടുതൽ അവസരം ലഭിക്കുന്നുണ്ടോ ?
- പുരുഷന്മാരെ പോലെ തന്നെ, പദ്ധതി കാര്യങ്ങളിൽ തീരുമാനമെടുക്കുമ്പോൾ, സ്ത്രീകൾക്കും തുല്യസ്വാധീനം ഉണ്ടാകുന്നുണ്ടോ ?
- സാമ്പത്തിക വിഭവങ്ങൾ, പ്രകൃതി വിഭവങ്ങൾ, അടിസ്ഥാന സാമൂഹികസേവനങ്ങൾ എന്നിവയിൽ സ്ത്രികൾക്ക് തുല്യമായ പ്രാപ്യതയും നിയന്ത്രണവും ഉണ്ടാകുന്നുണ്ടോ ?
- പുരുഷന്മാർ സ്ത്രീകളുടെ അധ്വാനഭാരത്തിൽ പങ്കാളികളാകുന്നുണ്ടോ? അവർക്ക് സ്വന്തമായി സമയം ലഭിക്കുന്നുണ്ടോ ?
- ഭൂമി, വീട്ടിലെ സാമ്പത്തിക കാര്യങ്ങൾ, മറ്റ് ആസ്തികൾ എന്നിവയിൽ സ്ത്രീകൾക്ക് സ്വാധീനവും നിയന്ത്രണവും ഉണ്ടോ ?
- പ്രകൃതി വിഭവങ്ങളുടെ ഉപയോഗത്തിൽ ആരുടെ ആവശ്യങ്ങൾക്കാണ് മുൻഗണന ഉദാ : ജലസ്രോതസ്സുകളിൽ നിന്ന് കുടിവെള്ളമോ ജലസേചനം മാത്രമോ?
- സ്ത്രീകളുടെ ആസ്തി (ഉടമസ്ഥാവകാശം) വർദ്ധിച്ചോ ?
- അതിക്രമങ്ങൾ നേരിടുന്ന സ്ത്രീകളുടെ എണ്ണം കുറഞ്ഞോ? തങ്ങളുടെ ശരീരത്തിന്മേൽ സ്ത്രീകൾക്ക് കൂടുതൽ നിയന്ത്രണമുണ്ടായോ ?
- പദ്ധതിവഴി സ്ത്രികൾക്കെതിരെയുള്ള അതിക്രമങ്ങളിൽ കുറവുണ്ടായോ? അതോ അതിക്രമങ്ങൾ വർദ്ധിച്ചോ?
- പെൺകുട്ടികളെയും സ്ത്രീകളെയും കുറിച്ച് നിലനിൽക്കുന്ന വാർപ്പ്മാതൃകകളും വിവേചനങ്ങളും വെല്ലുവിളിക്കപ്പെടുകയും മാറ്റപ്പെടുകയും ചെയ്തോ?
- സ്ത്രീകളും പുരുഷന്മാരും തമ്മിൽ നിലനിൽക്കുന്ന തുല്യതയില്ലാത്ത അധികാരബന്ധം, എങ്ങിനെയാണ് സ്ത്രീകൾക്കെതിരെയുളള വിവേചനങ്ങൾ നിലനിർത്തുന്നതെന്ന് അവർ മനസ്സിലാക്കുന്നുണ്ടോ ?
- സ്ത്രീകളുടെ അദൃശ്യമായ പരിരക്ഷ ജോലികൾക്ക്, മൂല്യം കല്പിക്കപ്പെടുന്നുണ്ടോ? പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് കൂടുതൽ വില നൽകപ്പെടുന്നുണ്ടോ?
- സ്ത്രീകൾ കൂടുതൽ ആത്മവിശ്വാസം, നേതൃത്വകഴിവുകൾ, സംഘാടന കഴിവുകൾ തുടങ്ങിയവ നേടി, അതുവഴി മാറ്റത്തിന്റെ കർത്താക്കളാകാൻ കഴിയുന്നവിധം അവർ ശാക്തീകരിപ്പെടുന്നുണ്ടോ?
- സാമൂഹികമായ പ്രക്രിയകളെ സ്വാധീനിക്കും വിധം സ്ത്രീകളുടെ ആത്മവിശ്വാസവും സ്വാഭിമാനവും വർദ്ധിച്ചോ ?
- നേതൃത്വകഴിവുകൾ പ്രകടിപ്പിക്കാൻ കഴിയുന്നുണ്ടോ ?

| തലങ്ങൾ | വിശദാംശങ്ങൾ | രേഖകളുടെ വിശകലനം (documentation review) | രീതിശാസ്ത്രം |
|---|---|---|---|
| നയങ്ങളുടെ തലം (Policy level) | വനിതാനയം | • വനിതാനയം<br>• സ്ത്രീപദവി പഠനറിപ്പോർ ട്ട്<br>• സർക്കാർ നിർദ്ദേശങ്ങൾ<br>• മാർഗ്ഗരേഖകൾ<br>• വികസന രേഖകൾ<br>• വികസന റിപ്പോർട്ട്<br>• വാർഷിക പദ്ധതി രേഖകൾ | • ഉള്ളടക്കം വിശകലനം ചെയ്യുക<br>• ബന്ധപ്പെട്ട മേഖലകളിലുള്ളവർ, ജനപ്രതിനിധികൾ , സെക്രട്ടറി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ തുടങ്ങി യവർ പങ്കടുക്കുന്ന ഫോക്കസ് ഗ്രൂപ്പ് ചർച്ച |
| പദ്ധതിതലം (Plan level) | പ്രാദേശിക സർക്കാരുകളുടെ പദ്ധതികളുടെ എണ്ണം വിശകലനം | • ലിംഗപദവി തുല്യതയ്ക്ക വേണ്ടി യുള്ള ആകെ പ്രോജക്ടുകളുടെ എണ്ണം<br>• സ്ത്രീശാക്തീകരണത്തിനുവേണ്ടിയുള്ള ആകെ പ്രോജക്ടുകളുടെ എണ്ണം | • ഓരോ മേഖലയ്ക്കുമുള്ള ബഡ്ജറ്റ്നീക്കിവയ്ക്കൽ പരിശോധിക്കുക. അനുബന്ധരേഖ, പദ്ധതിരേഖ എന്നിവ വിശകലനം ചെയ്യുക |
| | പ്രോജക്ടുകളുടെ ആഴത്തിലുള്ള കേസ് സ്റ്റഡി വിശകലനം | • ദാരിദ്രനിർമ്മാർജ്ജനം<br>• സ്ഥായിയായ ഉപജീവനമാർഗ്ഗങ്ങൾക്കു വേണ്ടിയുള്ള പ്രോജക്ടുകൾ<br>• ആരോഗ്യം<br>• ചെറുകിട വ്യവസായം | • ഫീൽഡ് സന്ദർശനം ഗുണഭോക്താക്കൾ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ച<br>• ലിംഗപദവി നേട്ടകോട്ട വിശകലനം (gendered cost benefit analysis) |
| സ്ഥാപനത്തിന്റേതായ തലം (Institutional level) | സ്ത്രീകൾക്കനുകൂലമായ അന്തരീക്ഷം, എത്ര സ്ത്രീകൾ ,എത്ര പുരുഷന്മാർ,ഏതൊക്കെ സ്ഥാനങ്ങളിൽ സ്ത്രീകളുണ്ട്, എത്ര ഒഴിവു നികത്തപ്പെടാതെയുണ്ട് തുടങ്ങിയവ കണ്ടെത്തുക | 1. സ്ത്രീകൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപനങ്ങളിലുണ്ടോ<br>2. സ്ത്രീസൗഹാർദ്ദപരമായ അന്തരീക്ഷമുണ്ടോ<br>3. ലൈംഗികപീഡനത്തിനെതിരായുള്ള കമ്മിററി ഉണ്ടോ<br>4. സ്റ്റാഫിനിടയിലെ ലിംഗപദവി ബോധനിലവാരം എന്താണ്<br>5. ലിംഗപദവി തുല്യതക്ക് വേണ്ടിയുള്ള നവീന പ്രോജക്ടുകളെക്കുറിച്ചുള്ള അറിവും വിവരങ്ങളും ജീവനക്കാർക്ക് ഉണ്ടോ<br>6. നിയമന നയങ്ങൾ പ്രമോഷൻ, ട്രാൻസ്ഫർ എന്നിവ ഏത് അടിസ്ഥാനത്തിലാണ് | • നിരീക്ഷണം<br>• ഫോക്കസ് ഗ്രൂപ്പ് ചർച്ച<br>• ഗ്രാമസഭകളിൽ/വാർഡ്സഭകളിൽ പങ്കെടുക്കുന്നവർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, ജനപ്രതിനിധികൾ എന്നിവരുമായി<br>• റെക്കോർഡ് പരിശോധനയും ക്രോസ് ചെക്കിങ്ങും<br>• ഹാജർ ബുക്ക്, റിപ്പോർട്ടുകൾ |
| 4.ഘടനകളുടെ | പ്രാദേശിക സർ ക്കാരിന്റെ | പങ്കാളിത്തം, ഇടപെടൽ ചർച്ചകളിലും തീരുമാന | • നിരീക്ഷണം, |

| തലങ്ങൾ | വിശദാംശങ്ങൾ | രേഖകളുടെ വിശകലനം (documentation review) | രീതിശാസ്ത്രം |
|---|---|---|---|
| തലം (Structural level) | ഘടനകൾ , എണ്ണത്തിലും ഗുണത്തിലുമുള്ള തലങ്ങൾ എന്നിവ വിശകലനം ചെയ്യുക<br>1. ഗ്രാമസഭ/വാർഡ്സഭ<br>2. വർക്കിംഗ് ഗ്രൂപ്പുകൾ<br>3 സ്റ്റാന്റിംഗ് കമ്മിറ്റികൾ<br>4 ഭരണസമിതി | മെട്ടുക്കുന്നതിലും സ്ത്രീകൾക്കുള്ള സ്ഥാനവും പങ്കും | • വിവിധ യോഗങ്ങളുടെ മിനിറ്റ്സ്ബുക്ക് പരിശോധന,<br>• ഫോക്കസ് ഗ്രൂപ്പ് ചർച്ച |
| പ്രക്രിയകളുടെ തലം ( Process Level) | അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട എല്ലാ പ്രക്രിയകളുടെയും വിശകലനം<br>1) ആസൂത്രണം<br>2) നടപ്പിലാക്കൽ<br>3) മോണിറ്ററിംഗ്<br>4) അവലോകനം | പങ്കാളിത്തം<br>റോൾ<br>ചുമതലകൾ<br>തീരുമാനമെടുക്കൽ | • പ്രക്രിയകളുടെ ഡോക്യുമെന്റേഷൻ വിശകലനം<br>• ഭരണസമിതി അംഗങ്ങളു മായി ചർച്ച<br>• ഗ്രാമസഭയിലെ അംഗങ്ങളുമായി ചർച്ച<br>• നിർവ്വഹണ ഉദ്യോഗസ്ഥരുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ച<br>• മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ച |

## ലിംഗപദവി ഓഡിറ്റിംഗ് നടത്തുതിന് മേഖലാടിസ്ഥാനത്തിലുള്ള സൂചികകൾ

**ഉല്പാദനമേഖല**

പദ്ധതികളിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉണ്ടോ?

- സ്ത്രീകൾക്ക് വരുമാനം, വൈദഗ്ധ്യം, അറിവ്, വിലപേശൽശേഷി, സംഘാടനശേഷി, തൊഴിൽ സംരംഭകത്വശേഷി എന്നിവ വർദ്ധിച്ചുവോ?
- സ്ത്രീകൾക്കു മാത്രമായി ഉല്പാദനമേഖലയിൽ (പൊതു പദ്ധതിയിലുള്ള വനിതാഘടകപദ്ധതിയിലുള്ള) എത്ര പദ്ധതികൾ ഉണ്ടായിരുന്നു?
- സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തുല്യവേതനം ലഭിച്ചിരുന്നോ?
- സ്ത്രീകളുടെ അദ്ധ്വാനസമയം കണക്കാക്കപ്പെട്ടിരുന്നോ?
- പാരമ്പര്യേതരമായ തൊഴിലുകളിൽ പ്രവശിക്കാനുള്ള വൈദഗ്ധ്യം ആർജ്ജിക്കാനുള്ള എത്ര പദ്ധതികൾ സഹായിച്ചിട്ടുണ്ട്? അവ ഏതൊക്കെ?
- ഓരോ പദ്ധതിക്കും ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഉണ്ടാക്കുകയും അതുവഴി ഉല്പാദനം, സംഭരണം, വിപണനം, അറിവു വൈദഗ്ധ്യവും കൈമാറി ,അടിസ്ഥാനസൗകര്യങ്ങളുടെ ഉപയോഗം, വരുമാനം, സമ്പാദ്യം വർദ്ധിപ്പിക്കുക എന്നിവയിലൂടെ സ്ഥായിയായ ഉപജീവനമാർഗ്ഗം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

**സേവനമേഖല**

- വിദ്യാഭ്യാസമേഖലയിൽ പെൺകുട്ടികൾക്ക് (വിശേഷിച്ച് ദളിത്, ആദിവാസി, മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളിലെ) ഉയർന്ന അവസരങ്ങളും നേട്ടങ്ങളും കൈവരിക്കാൻ സാധ്യമാകുന്ന പദ്ധതികൾ കൂടുതൽ ഉണ്ടായിട്ടുണ്ടോ? ഇതിനായി എത്ര പണം ചെലവഴിച്ചിട്ടുണ്ട്?
- വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പെൺകുട്ടികൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ (വെള്ളം, ശുചിത്വം, സാനിറ്ററി നാപ്കിൻ ഡിസ്പോസൽ തുടങ്ങിയവയടക്കം) സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടോ?
- വൊക്കേഷണൽ, സാങ്കേതിക, പ്രൊഫഷണൽ വിദ്യാഭ്യാസത്തതിന് മുൻഗണനാ മാനദണ്ഡങ്ങൾ അനുസരിച്ച് പെൺകുട്ടികൾക്ക് അവസരം ലഭിക്കാനുള്ള പിന്തുണസംവിധാനങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതികൾ ഉണ്ടായിട്ടുണ്ടോ ?
- സ്ത്രീകൾക്കും പെൺകുട്ടികൾക്കും ലൈംഗിക, പ്രത്യുൽപാദനപരമായ ആരോഗ്യസേവനങ്ങൾക്കു വേണ്ടി എത്ര പദ്ധതികൾ ഉണ്ട്? എത്ര തുക ചെലവഴിച്ചു?
- സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടി ആരോഗ്യ കേന്ദ്രത്തിൽ അടിസ്ഥാനസൗകര്യങ്ങൾക്കു വേണ്ടി എത്ര തുക ചെലവഴിച്ചു? അടിസ്ഥാനസൗകര്യങ്ങൾ പര്യാപ്തമാണോ?

ഉദാഹരണത്തിനായി എച്ച്.ഐ.വി./എയ്ഡ്സ് ബാധിതരായ സ്ത്രീകളുടെ എണ്ണം കൂടിയോ കുറഞ്ഞോ? ആത്മഹത്യകൾ കുറയ്ക്കാൻ /തടയാൻ സാധിച്ചിട്ടുണ്ടോ? മാതൃമരണത്തിന്റെ എണ്ണം കുറയ്ക്കാൻ / തടയാൻ സാധിച്ചിട്ടുണ്ടോ? 0–6 പ്രായത്തിലുള്ള പെൺകുട്ടികളുടെ ലിംഗാനുപാതം കൂടിയിട്ടുണ്ടോ?/ കുറഞ്ഞിട്ടുണ്ടോ? (പദവിപഠന റിപ്പോർട്ട്, മറ്റ് പഠനങ്ങൾ , റിപ്പോർട്ടുകൾ എന്നിവ അടിസ്ഥാന വിവരങ്ങളെ ആസ്പദമാക്കി താരതമ്യം ചെയ്യാവുന്നതാണ് )

- കൗമാരപ്രായത്തിലുള്ള പെൺകുട്ടികളുടെ പോഷകാഹാരം, ലൈംഗികാരോഗ്യം എന്നിവയ്ക്കു വേണ്ടിയുള്ള പദ്ധതികൾ ഉണ്ടായിട്ടുണ്ടോ ? പദ്ധതിയുടെ ഗുണഫലം എത്ര പെൺകുട്ടികൾക്ക് ലഭിച്ചു? എത്ര തുക ചെലവഴിച്ചു?
- കുടുംബാസൂത്രണ ഉപാധികളും വന്ധ്യംകരണ ശസ്ത്രക്രിയയും പുരുഷന്മാരുടെ ഉത്തരവാദിത്തതിലാക്കുന്ന ഏതെങ്കിലും പരിപാടികൾ/പദ്ധതികൾ നടന്നിട്ടുണ്ടോ? കഴിഞ്ഞ ആസൂത്രണ വർഷത്തിൽ എത്ര സ്ത്രീകൾ വന്ധ്യംകരണത്തതിന് വിധേയമായി? എത്ര പുരുഷന്മാർ വന്ധ്യംകരണത്തതിന് വിധേയമായി?
- സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്/ ഇല്ലാതാക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടായിട്ടുണ്ടോ? അതിക്രമത്തിന്റെ തോത് കുറഞ്ഞിട്ടുണ്ടോ? ജാഗ്രതാസമിതിയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു? എന്തുതരം പരിഹാരമാർഗ്ഗങ്ങളാണ് നൽകിയത്? സ്വന്തം

ജീവിതത്തെ സംബന്ധിച്ച് തീരുമാനമെടുക്കാൻ എത്ര സ്ത്രീകളെ ഈ പദ്ധതി സഹായിച്ചിട്ടുണ്ട്? അതിനുവേണ്ടി നൽകിയ സഹായകസംവിധാനങ്ങൾ എന്തൊക്കെയാണ്?

- ആസൂത്രണത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ മുൻഗണനാ മാനദണ്ഡങ്ങളിലുള്ള എത്ര സ്ത്രീകൾക്ക് വീട് ലഭിച്ചു? വീടിന്റെ ഉടമസ്ഥത എത്ര സ്ത്രീകളുടെ പേരിലുണ്ട്? വീടിന് അടിസ്ഥാനസൗകര്യങ്ങൾ (ഉദാ: ഉറപ്പുള്ള ചുമരുകൾ, കക്കൂസ്, മേൽക്കൂര) ഉണ്ടോ? വീടിന്റെ രൂപകല്പനയിലും നിർമ്മാണത്തിലുമുള്ള സ്ത്രീകളുടെ പങ്ക് എന്തായിരുന്നു?
- സുസ്ഥിരമായ ശുദ്ധമായ കുടിവെള്ള ലഭ്യതയ്ക്കുവേണ്ടിയുള്ള പ്രോജക്ടുകൾ ഉണ്ടായിട്ടുണ്ടോ? സ്ത്രീകളുടെ അദ്ധ്വാനഭാരവും ആരോഗ്യ പ്രശ്നങ്ങളും തീർത്തും പരിഹരിക്കാൻ ഈ പദ്ധതികൾ എത്രമാത്രം സഹായിച്ചിട്ടുണ്ട്?
- സാംസ്കാരിക രംഗത്ത് സ്ത്രീകൾക്ക് വേണ്ടി എത്ര പദ്ധതികൾ നടന്നിട്ടുണ്ട്? എത്ര തുക ചെലവഴിച്ചിട്ടുണ്ട്? എത്ര സ്ത്രീകൾക്ക് ഏതൊക്കെ ഗുണം ലഭിച്ചിട്ടുണ്ട്?
- വിദ്യാഭ്യാസം, ലിംഗാനുപാതം, ആരോഗ്യം, തൊഴിൽ തുടങ്ങിയ എല്ലാ മേഖലകളിലും സ്ത്രീപുരുഷന്മാരുടെ വേർതിരിച്ച (Gender disaggregated data) വിവരങ്ങളും കണക്കുകളും ശേഖരിച്ച് രേഖപ്പെടുത്തിയിട്ടുണ്ടോ?
- സ്ത്രീകൾക്ക് വരാനും വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും (സംവാദം, ചർച്ച , പഠനങ്ങൾ , വായന മുതലായവ) ഏറ്റവും പുതിയ വിവരങ്ങൾ ലഭിക്കാനും കഴിയുന്ന ഇടം ഉണ്ടായിട്ടുണ്ടോ? എത്ര സ്ത്രീകൾക്ക് ഇതിന്റെ ഗുണങ്ങൾ നേരിട്ട് ലഭിക്കുന്നുണ്ട്?
- അടിസ്ഥാനസൗകര്യങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾ സ്ത്രീകൾക്ക് ഗുണകരമായിട്ടുണ്ടോ? എത്ര സ്ത്രീകൾ ഇതിൽ പങ്കാളികളാണ്? സ്ത്രീകൾക്കു വേണ്ടി ഏതൊക്കെ തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിട്ടുണ്ട്?

## ലിംഗപദവി ഓഡിറ്റിങ്ങിനുള്ള കേസ് സ്റ്റഡികൾ

### കേസ് സ്റ്റഡി–1

ചാക്ക് ബാഗ് നിർമ്മാണം

അരിച്ചാക്കുകൾ നിർമിക്കുന്നതിനുള്ള പ്രോജക്ട് നടപ്പിലാക്കിയത് കേരളത്തിലെ ഒരു ജില്ലാപഞ്ചായത്താണ്. പട്ടികജാതി വിഭാഗത്തിലെ വനിതാ പ്രോജക്ടായിട്ടാണ് 10 ലക്ഷം രൂപ വകയിരുത്തിയത്. പട്ടികജാതിയിൽപ്പെട്ട വനിതകൾക്ക് തൊഴിൽ നൽകുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ 25 വനിതകൾകളാണ് പ്രോജക്ടിന്റെ ഗുണഭോക്താക്കൾ. ജില്ലാ വ്യവസായ കേന്ദ്രത്തിനാണ് പ്രോജക്ടിന്റെ നിർവഹണചുമതല. പദ്ധതിക്ക് വേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പത്രത്തിൽ പരസ്യം കൊടുക്കുകയും ഗ്രാമപഞ്ചായത്തിൽ നിന്ന് 41 പേരെ ഒന്നര മാസം നീണ്ടുനിന്ന പരിശീലനത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തു. ഇതിൽ നിന്നും 24 പേരെയാണ് പ്രോജക്ട് നടത്തിപ്പിനായി തെരഞ്ഞെടുത്തത്. യൂണിറ്റിന്റെ പ്രവർത്തനത്തിനായി 15 ഇൻഡസ്ട്രിയൽ തയ്യൽ മെഷീനും 3 കട്ടിംഗ് മെഷീനും 5 സാധാരണ തയ്യൽ മെഷീനും ഒരു സ്ക്രീൻ പ്രിന്ററും വാങ്ങി. പ്രവർത്തനം തുടങ്ങുന്നതിനായുള്ള പണം കൊൽക്കത്തയിൽനിന്നും വ്യവസായകേന്ദ്രം വഴി കൊണ്ടുവന്നു . യൂണിറ്റിന്റെ പ്രവർത്തനശേഷി ഒരു ദിവസം 2500 ചാക്ക് ബാഗ് ഉണ്ടാക്കുക എന്നതാണ്. ഒരു ബാഗിന് 6 രൂപയോളം വിലയാണ് പ്രതീക്ഷിച്ചിരുന്നത് .

ജില്ലാ പഞ്ചായത്തിന്റെ 2020ൽ പ്രവർത്തനം ആരംഭിച്ച മറ്റൊരു പ്രോജക്ടായ റൈസ് പാർക്കിലേക്ക് ആവശ്യമായ ചാക്ക്സഞ്ചികൾ നിർമിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രോജക്ട് നടപ്പാക്കിയത്. എന്നാൽ റൈസ് പാർക്കിന്റെ പ്രവർത്തനം ശരിയായ തോതിൽ നടക്കാത്തത് കൊണ്ട് ചാക്ക് സഞ്ചി നിർമ്മാണത്തെയും അത് ബാധിച്ചു. ഒരു പ്രത്യേക തരം ബാഗ് ഉണ്ടാക്കുന്നതിൽ മാത്രം പരിശീലനം നൽകിയതും തുടർപരിശീലന പരിപാടികൾ നടത്താതിരുന്നതും പ്രോജക്ടിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിരുന്നു. പരിശീലന സമയത്തും യൂണിറ്റ് തുടങ്ങിയ ആറ് മാസക്കാലവും പ്രത്യേക വരുമാനം ലഭിക്കാതിരുന്നത് യൂണിറ്റ് അംഗങ്ങളുടെ വിശ്വാസം നഷ്ടപ്പെടുന്നതിന് ഇടവരുത്തി.

ഇപ്പോൾ ചാക്ക് ബാഗ് നിർമ്മാണയൂണിറ്റ് പൂട്ടിക്കിടക്കുകയാണ് . യന്ത്രങ്ങൾ തുരുമ്പെടുക്കുന്നു.

## കേസ് സ്റ്റഡി–2

<u>ചെരുപ്പ് നിർമ്മാണ യൂണിറ്റ്</u>

2002 ൽ 17 അംഗങ്ങളുള്ള അയൽക്കൂട്ടം യൂണിറ്റുകൾ രൂപീകരിച്ച് 2 വർഷത്തിനു ശേഷം 2004ൽ ആണ് ഇവർ ചെരുപ്പ് നിർമാണ യൂണിറ്റ് ആരംഭിക്കുന്നത് . ഗ്രാമപഞ്ചായത്തിൽ നിന്ന് 5000 രൂപ റിവോൾവിംഗ് ഫണ്ടായി ലഭിച്ചതു കൊണ്ടാണ് യൂണിറ്റ് തുടങ്ങിയത്. പഞ്ചായത്ത് ഈ തുക സ്റ്റേറ്റ് ബാങ്കിലടയ്ക്കുകയും ബാങ്ക് 25000 രൂപ യുണിറ്റിന് ലോൺ നൽകുകയും ചെയ്തു. മാസം തോറും 850 രൂപ യൂണിറ്റ് ബാങ്കിൽ തിരിച്ചടയ്ക്കണം. പഞ്ചായത്ത് വനിതഘടക പദ്ധതിയിൽ നിന്ന് 8000 രൂപ ഗ്രാന്റായി ഈ യൂണിറ്റിന് നൽകിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള 25 സ്ത്രികൾക്ക് പരിശീലനം നൽകിയാണ് യൂണിറ്റ് തുടങ്ങിയത്. ഇപ്പോൾ 6 സ്ത്രീകൾ മാത്രമാണ് ഈ യൂണിറ്റിലുള്ളത്. ഇതിൽ ഒരാൾക്ക് മാത്രമാണ് ചെരുപ്പ് നിർമ്മാണത്തിൽ പരിശീലനം കിട്ടിയിട്ടുള്ളത്.

നിർമ്മണപ്രക്രിയകൾ ഈ യൂണിറ്റിനെ സംബന്ധിച്ചിടതോളം വളരെ ദുഷ്കരമാണ്. സ്ഥലമില്ലാത്തത് കൊണ്ട് യൂണിറ്റ് പ്രസിഡന്റിന്റെ വീട്ടിലാണ് അസംസ്കൃത സാധനങ്ങൾ സൂക്ഷിക്കുന്നത്. മുറ്റത്ത് പായ വിരിച്ച് അതിലിരുന്നാണ് യൂണിറ്റംഗങ്ങൾ ചെരുപ്പ് ഉണ്ടാക്കുന്നത്. അതുകൊണ്ട് തന്നെ പകൽ സമയത്ത് വെയിലത്തിരുന്നു ജോലി ചെയ്യാൻ കഴിയില്ല. മഴക്കാലത്താകട്ടെ ക്യാൻവാസും മറ്റും ഉണക്കിയെടുക്കാനുള്ള സൗകര്യവുമില്ല. നിർമ്മാണസംബന്ധമായ മറ്റ ബുദ്ധിമുട്ടുകളും ഏറെയാണ്. അസംസ്കൃതസവസ്തുക്കൾ അടുത്തുള്ള പട്ടണത്തിൽ നിന്നാണ് വാങ്ങുന്നത്. ഏറ്റവും കുറഞ്ഞവിലയിൽ എവിടെ നിന്നാണ് അസംസ്കൃതസാധനങ്ങൾ ലഭിക്കുകയെന്ന് ഇവർക്കറിയില്ല. പരിശീലനം കൊടുത്ത ആൾ പറഞ്ഞ കടയിൽ നിന്നാണ് ഇപ്പോൾ വാങ്ങിക്കൊണ്ടിരിക്കുന്നത്. അസംസ്കൃതസാധനങ്ങളുടെ ലഭ്യതയും ജോലിചെയ്യാനുള്ള സ്ഥലത്ത് സൗകര്യവുമുണ്ടെങ്കിൽ ഒരു ദിവസം ഒരാൾക്ക് നാലോ അഞ്ചോ ചെരുപ്പുകൾ ഉണ്ടാക്കാൻ കഴിയും. മൂന്ന് ഡിസൈനിൽ ചെരുപ്പുകളുണ്ടാക്കാൻ മാത്രമാണ് പരിശീലനം കിട്ടിയത്. സ്ലിപ്പർ ഉണ്ടാക്കുന്നതിനുള്ള പരിശീലനം ഇല്ലായിരുന്നു. എന്നാൽ ഈ പ്രദേശത്ത് ഏറ്റവും ആവശ്യമുള്ളത് സ്ലിപ്പറാണ്. അതുകൊണ്ട് കടയിൽനിന്ന് സ്ലിപ്പറുകൾ 35 രൂപയ്ക്കു വാങ്ങി 50 രൂപയ്ക്ക് വിൽക്കുകയാണ് യുണിറ്റ് അംഗങ്ങൾ ചെയ്യുന്നത്.

## കേസ് സ്റ്റഡി 3

<u>പലഹാര നിർമ്മാണ യൂണിറ്റ്</u>

21 അംഗങ്ങളുള്ള കുടുംബശ്രീയൂണിറ്റിൽ നിന്നും 7 പേരടങ്ങുന്നതാണ് ഗ്രാമപഞ്ചായത്തിലെ പലഹാര യൂണിറ്റ്. യൂണിറ്റിന്റെ പ്രധാന ലക്ഷ്യം സ്ത്രീകൾക്ക് വരുമാനമാർഗ്ഗം ഉണ്ടാക്കുകയും സ്ത്രീകളെ ശാക്തീകരിക്കുകയും ചെയ്യുകയാണ്. യൂണിറ്റിലെ അംഗങ്ങൾ 17 നും 50 നും പ്രായമുള്ള സ്ത്രീകളാണ്. ഓരോ അംഗവും 200 രൂപ നിക്ഷേപിച്ചാണ് യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിയത്. പാചകപാത്രങ്ങൾ പഞ്ചായത്ത് വനിതാഘടക പദ്ധതിയിൽ നിന്നും നൽകി. സംഘത്തിലെ ഒരു അംഗത്തിന്റെ വീട്ടിൽ 255 രൂപ വാടകയുള്ള ഷെഡിലാണ് യൂണിറ്റ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഉണ്ണിയപ്പം, ഉഴുന്നുവട, പരിപ്പ് വട, സുഖിയൻ എന്നിവയാണ് ഉണ്ടാക്കുന്ന പ്രധാന പലഹാരങ്ങൾ. അടുത്ത വീടുകളിലും ബേക്കറികളിലുമായാണ് പലഹാരങ്ങൾ വിതരണം ചെയ്യുന്നത്. യൂണിറ്റംഗങ്ങൾക്ക് ഒരു ദിവസം ഏകദേശം 50 രൂപയാണ് വരുമാനമായി ലഭിക്കുന്നത്. യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ലോണോ മറ്റ് സഹായങ്ങളോ ലഭിച്ചിട്ടില്ല.രാവിലെ 9 മണി മുതൽ വൈകീട്ട് 7 മണി വരെയാണ് ജോലി സമയം.

പലഹാര നിർമ്മാണയൂണിറ്റിലെ ദൈനംദിന ജോലികളുടെ രീതി ഇതാണ്. രാവിലെ 9 മണിയോടെ അംഗങ്ങൾ എല്ലാവരും വാടക ഷെഡ്ഡിൽ എത്തും. പലഹാരം ഉണ്ടാക്കുന്നതിന് ആവശ്യമായ മാവും മറ്റും പാകപ്പെടുത്തി ഷെഡ്ഡിന്റെ നിലത്ത് പല ഭാഗങ്ങളിലായി സജ്ജീകരിച്ചിട്ടുള്ള അടുപ്പുകളിൽ പാകപ്പെടുത്തി തുടങ്ങും. 11 മണിയോടെ പലഹാരങ്ങൾ തയ്യാറാക്കും. അപ്പോൾ തന്നെ പാക്കിംഗ് ആരംഭിക്കും. തലേ ദിവസം കിട്ടിയ ഓർഡർ അനുസരിച്ചാണ് സാധനങ്ങൾ ഉണ്ടാക്കുന്നത്. സാധനങ്ങളുണ്ടാക്കുന്നതും പായ്ക്ക് ചെയ്യുന്നതും സമാന്തരമായി നടക്കും. രണ്ട് മണി കഴിയുന്നതോടെ പായ്ക്ക് ചെയ്തു വെച്ചിരിക്കുന്ന പലഹാരങ്ങൾ വാങ്ങാനുള്ള സ്ത്രീകൾ വരും. പിറ്റേ ദിവസത്തേക്ക് ആവശ്യമായ മാവ് അരച്ചും പൊടിച്ചും വെയ്ക്കലാണ് മറ്റൊരു ജോലി. വലിയ ആട്ടുകല്ലുകളും ഉരലും ഷെഡ്ഡിൽത്തന്നെയുണ്ട്. 12 മണിയോടെ മാവ് അരയ്ക്കുന്ന ജോലിയും ആരംഭിക്കും. ഉച്ചയ്ക്ക് രണ്ട് മണിക്ക് പലഹാരം വാങ്ങാൻ വരുന്നവർ തലേ ദിവസം വിറ്റതിന്റെ കാശും കണക്കും കൊണ്ട് വന്ന് ഏൽപ്പിക്കും. അംഗങ്ങളിൽ ആരെങ്കിലും ഒരാൾ അത് വാങ്ങി സൂക്ഷിക്കും. പിറ്റേ ദിവസം പാകം ചെയ്യാനുള്ള സാധനങ്ങൾ തയ്യാറാക്കി, പാത്രങ്ങൾ കഴുകി, ഷെഡ്ഡും പരിസരവും വൃത്തിയാക്കി കഴിയുമ്പോഴേക്കും ചുരുങ്ങിയത് 7 മണിയെങ്കിലും ആവും.

## കേസ് സ്റ്റഡി-4

<u>കറിപൗഡർ നിർമ്മാണ യൂണിറ്റ്</u>

1996-2000 ലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം 98-99 വാർഷിക പദ്ധകിയിലുക്ഷപ്പെടുത്തി വനിതാ സഹകരണസംഘത്തിന് ലഭിച്ചതാണ് കറിപൗഡർ യൂണിറ്റ്. പത്തംഗങ്ങളുള്ള ഇതിന്റെ പ്രവർത്തക ഗ്രൂപ്പിൽ ഏഴ് പേർ പഞ്ചായത്ത് മെമ്പർമാർ നിർദ്ദേശിച്ചവരും മൂന്ന് പേർ സഹകരണസംഘം കമ്മിറ്റി തീരുമാനിച്ചവരും ആയിരുന്നു. ഇവർക്ക് ആർക്കും തന്നെ യാതൊരു പരിശീലനവും ലഭിച്ചിരുന്നില്ല. ആകെ പദ്ധതി ചെലവ് 1,66,300 രൂപയായിരുന്നു. ഇതിൽ 15000 രൂപ സംഘത്തിന്റെ ഗുണഭോക്തൃവിഹിതമാണ്. ബാക്കി പദ്ധതി വിഹിതവും. പദ്ധതി കാലാവധിയുടെ അവസാനത്തിലാണ് പ്രോജക്ട് അംഗീകരിച്ച് കിട്ടിയത്. അതുകൊണ്ട് ഒരാഴ്ചക്കുള്ളിൽ കെട്ടിടം കണ്ടെത്തുക, കൊട്ടേഷൻ ക്ഷണിക്കുക, മെഷിനറി സ്ഥാപിക്കുക, വൈദ്യുതി കണക്ഷൻ എടുക്കുക തുടങ്ങി കാര്യങ്ങൾ ചെയ്തതിന് ശേഷം മാത്രമേ പഞ്ചായത്തുമായി എഗ്രിമെന്റുണ്ടാക്കാൻ സാധിച്ചുള്ളു. ഇത്തരം കാര്യങ്ങളെക്കുറിച്ച് അറിവില്ലായിരുന്ന സംഘം കമ്മിറ്റിക്ക് സമയക്കുറവു മൂലം കാര്യക്ഷമമായ അന്വേഷണം നടത്താനും സാധിച്ചില്ല.

പദ്ധതി വിഹിതത്തിൽ ആദ്യ ഗഡു മെഷിനുകൾ വാങ്ങാനും വാടക കെട്ടിടത്തിന് അഡ്വാൻസ് കൊടുക്കുവാനും, വൈദ്യതികരണത്തിനും ഫർണിച്ചർ വാങ്ങാനുമായി ലഭിച്ചു. വൈദ്യുതി കണക്ഷൻ ഒരു മാസം കഴിഞ്ഞാണ് ലഭിച്ചത്. അതിന് ശേഷം , അസംസ്കൃത വസ്തുക്കൾ വാങ്ങാനുള്ള പണം പഞ്ചായത്ത് അധികൃതർ തടഞ്ഞുവെച്ചു. സംഘം കമ്മിറ്റി പഞ്ചായത്ത് ഓഫീസിൽ സത്യഗ്രഹമിരുന്നാണ് ആ പൈസ വാങ്ങിയെടുത്തത് . സപ്ലൈക്കൊ പോലുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മാത്രം അസംസ്കൃത വസ്തുക്കൾ വാങ്ങാണമെന്നും, മുഴുവൻ തുകയ്ക്കുമുള്ള സാധനങ്ങൾ ഒരുമിച്ച് വാങ്ങണമെന്നുള്ള പഞ്ചായത്തിന്റെ നിബന്ധനകൾ കാരണം വിലകൂടി നിന്ന് ഓണക്കാലത്ത് 500 കിലോ വീതം മല്ലിയും മറ്റും വാങ്ങികൊണ്ടാണ് കറിപൗഡർ യൂണിറ്റ് ആരംഭിച്ചത്.

പ്രവർത്തനം തുടങ്ങിയപ്പോഴാണ് മറ്റ് പ്രശ്നങ്ങൾ( തുടങ്ങിയത്. മുളകും മല്ലിയും മഞ്ഞളും പൊടിക്കാനായി വാങ്ങിയ മെഷീനിൽ മുളക് മാത്രമേ ശരിയായി പൊടിക്കാൻ പറ്റുന്നുള്ളു. അത് പോലെ പൊടിപറക്കാതെ മെഷിനുകളിൽ പിടിപ്പിക്കേണ്ട തുണികൊണ്ടുള്ള ഫിറ്റിങ്ങുകളെക്കുറിച്ചും സ്ത്രീകൾക്ക് അറിവുണ്ടായിരുന്നില്ല . മെഷീൻ വാങ്ങിയ ഏജസി യഥാർത്ഥത്തിൽ സ്ത്രീകളെ പറ്റിക്കുകയായിരുന്നു. പൊടികൾ പാക്ക് ചെയ്യാനുള്ള കവറുകൾ ശിവകാശിയിലാണ് തയ്യാറാക്കിയത് . അവിടെ പോയി നിന്ന് ചെയ്യിക്കാൻ സ്ത്രീകൾക്ക് സാധിക്കാത്തതുകൊണ്ട് കവർ അടിച്ചുകിട്ടാൻ താമസിച്ചു . തന്നെയല്ല വി.പി.പി.ആയി അയച്ചുകിട്ടിയപ്പോൾ ഓർഡർ കൊടുത്ത എല്ലാ തരം കവറുകളും ഉണ്ടായിരുന്നില്ല.

ഈ സാഹചര്യത്തിലും മല്ലിയും മഞ്ഞളും കിലോക്ക് 5 രൂപയും 10 രൂപയും വീതം കൂലികൊടുത്ത് പുറത്ത് പൊടിപ്പിക്കുകയും മുളക് ഉണക്കി ഞെട്ടുകളഞ്ഞ് വൃത്തിയാക്കി സ്വന്തം മെഷീനിൽ പൊടിച്ചും നൽകിക്കൊണ്ടിരുന്നു. മുളകും മല്ലിയും വിലകുറഞ്ഞു നിൽക്കുമ്പോൾ അപ്പോഴത്തെ വിലയനുസരിച്ച് കൊടുക്കേണ്ടി വന്നു . കച്ചവടക്കാരെ സമീപിച്ചപ്പോൾ അവർക്ക് കൂടുതൽ ലാഭം കിട്ടുന്ന രീതിയിൽ കുറഞ്ഞ വില ആവശ്യപ്പെട്ടു. പിന്നീട് പ്രവർത്തകർ നേരിട്ട് സമീപപ്രദേശങ്ങളിലുൾപ്പടെ നടന്ന് വിറ്റ തീർക്കുകയായിരുന്നു . അങ്ങനെ ആദ്യ കച്ചവടത്തിൽ സാധനത്തിൽ മാത്രം 10000 രൂപയുടെ നഷ്ടമുണ്ടായി. പ്രവർത്തകരുടെ വേതനം, സമയം, ആരോഗ്യം തുടങ്ങിയ നഷ്ടങ്ങൾ വേറെയും. ഈ ഘട്ടത്തിൽ പഞ്ചായത്ത് അംഗങ്ങൾ നിർദ്ദേശിച്ച ഏഴ് പേരും പ്രവർത്തക ഗ്രൂപ്പിൽ നിന്നും പിന്മാറി, പ്രാദേശികമായ എതിർപ്പുകളും അഴിമതി ആരോപണങ്ങളും പദ്ധതി വിഹിതം മുഴുവൻ നൽകാത്തതും എല്ലാമായി തിരിച്ചടികൾ ധാരാളമുണ്ടായി.

ആദ്യത്തെ അനുഭവത്തിൽ നിന്നും പാഠമുൾക്കൊണ്ട് പിന്നീട് എല്ലാ തവണയും പൊടിക്കാനുള്ള സാധനങ്ങൾ വാങ്ങുന്ന കച്ചവടക്കാരനുമായുള്ള ധാരണയിൽ സാധനങ്ങൾ മുൻകൂർ പറ്റികൊണ്ടുള്ള പ്രവർത്തനമായി. മെഷീൻ കമ്പനിയുമായി നേരിട്ട് ബന്ധപ്പെട്ട് മഞ്ഞളും മല്ലിയും പൊടിക്കാനും പൊടി പറക്കാതിരിക്കാനും ഉള്ള സംവിധാനങ്ങൾ മെഷിനിൽ ഉൾപ്പെടുത്തി. പൊടികൾ പ്രാദേശികമായി നേരിട്ട് വിൽക്കുന്ന രീതിയാണ്. സാധനം കൊണ്ടു വരുന്നവർക്ക് പൊടിച്ചു കൊടുക്കുകയും ചെയ്യുന്നു. വാടക കെട്ടിടം ഒഴിഞ്ഞു കൊടുക്കേണ്ടി വന്നപ്പോൾ ഒരു സന്നദ്ധ സംഘടന പുതിയ വാടക കെട്ടിടത്തിനുള്ള ചെലവുകൾ കടമായി തന്നു.

ഇപ്പോൾ യൂണിറ്റ് തുടങ്ങിയിട്ട് 5 വർഷമായി. മായം ചേർക്കാത്ത പൊടികൾ എന്ന ലേബൽ നേടിയെടുക്കാൻ സാധിച്ചതു കൊണ്ട് പ്രവർത്തന ചെലവ് (മൂന്ന് പേർക്ക് ആയിരം രൂപ വീതം ശമ്പളം ഉൾപ്പടെ) കഴിച്ച് അല്പം മിച്ചം പിടിക്കാൻ സാധിക്കുന്നുണ്ട്. ആദ്യ രണ്ട് ഘട്ടം കഴിഞ്ഞ ശേഷം പഞ്ചായത്ത് കമ്മിറ്റിയിൽ നിന്നും

യാതൊരു സഹകരണവും കിട്ടിയില്ല. എങ്കിലും വനിതാസഹകരണ സംഘം കമ്മിറ്റി കൃത്യമായി മോണിറ്ററിംഗ് നടത്തുകയും സംഘം നിയമപ്രകാരം വർഷം തോറും ഓഡിറ്റ് നടത്തുകയും ചെയ്യുന്നുണ്ട്.

ഈ പദ്ധതികൾ ആഡിറ്റ് ചെയ്യുന്നതിനുള്ള സൂചികകൾ

- സ്ത്രീകളുടെ ആവശ്യങ്ങൾ, അവർക്കുള്ള വൈദഗ്ദ്ധ്യം എന്നിവ വിലയിരുത്തിയ ശേഷമാണോ പദ്ധതി രൂപീകരിച്ചത്?
- പദ്ധതിയുടെ ലക്ഷ്യം, കൃത്യവും വ്യക്തവുമാണോ ? സമയബന്ധിതമാണോ ?
- സാമ്പത്തികശാക്തീകരണം മാത്രമാണ് ലക്ഷ്യമെങ്കിൽ, അത് ഉറപ്പാക്കുന്നതിന് വേണ്ട മുൻ–പിൻ ബന്ധങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ (അസംസകൃതവിഭവങ്ങളുടെ ലഭ്യത, സൂക്ഷിക്കൽ, വൈദഗ്ദ്ധ്യ പരിശീലനം, മൂലധനം, വിപണനം മുതലായവ)? അനുയോജ്യമായ സാങ്കേതികവിദ്യ ഉപയോഗി ച്ചിട്ടുണ്ടോ? ഇരട്ടജോലിഭാരം കുറയ്ക്കാൻ നടപടിയെടുത്തിട്ടുണ്ടോ?
- സ്ത്രീകൾക്ക് ലഭിക്കുന്ന വരുമാനം പര്യാപ്തമാണോ? അവരുടെ അധ്വാനഭാരത്തിന് ആനുപാതിക മായ വരുമാനം ലഭിക്കുന്നുണ്ടോ?
- ഈ പദ്ധതി ഏതെങ്കിലും തരത്തിൽ സ്ത്രീകളുടെ സാമൂഹികപദവി ഉയർത്താൻ സഹായക മാണോ?എങ്ങനെ?
- പദ്ധതിവഴി സ്ത്രീകളുടെ കൂട്ടായ്മ, സംഘടനാശേഷി എന്നിവ വർദ്ധിച്ചോ
- പദ്ധതി വഴി സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ ചെറുക്കാനോ ഇല്ലാതാക്കാനോ എതെങ്കിലും നടപടികൾ ഉണ്ടായിട്ടുണ്ടോ?
- സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം വർദ്ധിച്ചോ?
- പദ്ധതി മെച്ചപ്പെടുത്തണമെങ്കിൽ എന്തു ചെയ്യണം ? നിർദ്ദേശങ്ങൾ

# സെഷൻ-5

# ലിംഗപദവി ഓഡിറ്റിംഗ്

KERALA INSTITUTE OF LOCAL ADMINISTRATION

- കണക്ക് പരിശോധനയല്ല
- സംവിധാനങ്ങളുടേയും പ്രക്രിയകളുടേയും വിശകലനം
- ലിംഗപദവി കാഴ്ച്ചപ്പാടോടെ

KILA 2

- വരവ്
- ചെലവ്
- നിയമനിർമ്മാണം
- മാർഗ്ഗനിർദ്ദേശങ്ങൾ
- നികുതികൾ
- സാമൂഹിക പദ്ധതികൾ
- വികസന ക്ഷേമപ്രവർത്തനങ്ങൾ

KILA 3

## എന്തിന്

ഒരു പദ്ധതി അല്ലെങ്കിൽ നയം ആ സമൂഹത്തിലെ സ്ത്രീകളെയും പുരുഷന്മാരെയും എങ്ങനെയാണ് ബാധിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കാനും സ്ത്രീപുരുഷ തുല്യത, തുല്യനീതി എന്നീ ലക്ഷ്യത്തിലേക്കെടുക്കാൻ അവ എങ്ങനെയാണ് സഹായിച്ചിട്ടുള്ളത് എന്ന് വിശകലനം ചെയ്യാനും കഴിയുന്നു.

KILA 4

## സോഷ്യൽ ഓഡിറ്റ്

- സാമൂഹിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ടി നടത്തിയ കാര്യങ്ങളെ വിലയിരുത്തുന്ന വിശകലനം
- സാമൂഹിക, സാമ്പത്തിക പാരിസ്ഥിതികമായ ഗുണങ്ങളും പരിമിതികളും വിലയിരുത്തുന്നതിന്

KILA 5

## ആര്?

- ഓഡിറ്റ് ടീം
  - വിദഗ്ധർ
  - മുൻജനപ്രതിനിധികൾ
  - ഗുണഭോക്താക്കൾ
  - പൊതുസമ്മതരായ ആളുകൾ
  - പ്രതിനിധികൾ

KILA 6

- ഭരണസമിതി
- സ്റ്റാന്റിംഗ് കമ്മിറ്റി
- വർക്കിംഗ് ഗ്രൂപ്പ്
- ഓഡിറ്റ് ടീം

KILA 7

## രീതിശാസ്ത്രം

- ഓഡിറ്റ് സ്ഥലം, തീയതി നിശ്ചയിക്കൽ
- ബന്ധപ്പെട്ട രേഖകൾ സമാഹരിക്കൽ
- വിശകലനം
- കരട് രേഖ/ചോദ്യങ്ങൾ തയ്യാറാക്കൽ
- പങ്കാളിത്ത യോഗങ്ങൾ
- അഭിമുഖം, നേരിട്ടുള്ള പരിശോധന
- കരട് റിപ്പോർട്ട്
- നടത്തിപ്പുകാരുമായി ചർച്ച, ആവശ്യമായ തിരുത്തലുകൾ
- അന്തിമ റിപ്പോർട്ട് /നിർദ്ദേശങ്ങൾ

KILA 8

- സാമൂഹിക ശാക്തീകരണം
- സാമ്പത്തിക ശാക്തീകരമം
- രാഷ്ട്രീയ ശാക്തീകരണം
- സുതാര്യത
- പങ്കാളിത്തം
- സാമൂഹ്യനീതി
- അക്കൗണ്ടബിലിറ്റി

KILA 9

- അതിക്രമങ്ങൾ
  - ഗാർഹികം
  - തൊഴിലിടം
  - പൊതു ഇടം
  - മുതലായവ

KILA 10

- സ്വാതന്ത്ര്യം
  - സഞ്ചാരം
  - തീരുമാനം
  - ആക്സസ്
  - കൺട്രോൾ

KILA 11

നന്ദി

KILA 12

# ലിംഗപദവിയിലധിഷ്ഠിതമായ അതിക്രമങ്ങൾ

സ്ത്രീകളുടെ പദവി സംബന്ധിച്ച ഐക്യരാഷ്ട്ര സഭയുടെ പ്രഖ്യാപനം അനുസരിച്ച് (1993) സാമൂഹിക ജീവിതത്തിലോ, സ്വകാര്യജീവിതത്തിലോ, സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ട് ശാരീരികമോ ലൈംഗികമോ മാനസികമോ ആയി ഉണ്ടാകുന്ന ഏത് അതിക്രമവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമമാണ്.

ഇത്തരം അതിക്രമങ്ങളുടെ സ്വഭാവവും രീതിയും ശാരീരികവും മാനസികവും മനശാസ്ത്രപരവുമായ തലങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഭാര്യയെ ദേഹോപദ്രവം ഏൽപ്പിക്കുക, സ്ത്രീകളെ ശല്യം ചെയ്യുക, ബലാത്സംഗം ചെയ്യുക, ജോലിസ്ഥലങ്ങളിൽ ശാരീരികമായോ മാനസികമായോ പീഡിപ്പിക്കുക തുടങ്ങിയവയാണ് സാധാരണയായി സമൂഹത്തിൽ കണ്ടുവരുന്ന സ്ത്രീകളോടുള്ള അതിക്രമങ്ങൾ. ഇതിന് പ്രായം, മതം, സംസ്കാരം, വർഗ്ഗം തുടങ്ങിയ വ്യത്യാസങ്ങളൊന്നുമില്ല. നമ്മുടെ നാടിന്റെ ഓരോ മുക്കിലും മൂലയിലും ഇത്തരം പീഡനങ്ങൾ നടക്കുന്നു. ചിലത് നാമറിയുന്നു. മറ്റ് ചിലത് ആരുമറിയാതെ പോകുന്നു.

കുടുംബത്തിലെ /സമൂഹത്തിലെ ഒരു വ്യക്തി ശാരീരികമായോ മാനസികമായോ ലൈംഗികമായോ സാമ്പത്തികമായോ സാമൂഹികമായോ സ്ത്രീകളെ നിയന്ത്രിക്കുന്നതിനോ അവരുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിനോ വേണ്ടി നടത്തുന്ന ശ്രമങ്ങളാണ് ഇത്തരം അതിക്രമങ്ങൾ.

**ശാരീരികമായ അതിക്രമങ്ങൾ** – അടിക്കുക, ഇടിക്കുക, ആയുധങ്ങൾകൊണ്ടോ അല്ലാതെയോ ഉപദ്രവിക്കുക .

**ലൈംഗികമായ അതിക്രമങ്ങൾ** – സ്ത്രീകളുടെ ലൈംഗികാവയവങ്ങളിലുള്ള ശാരീരികമായ ആക്രമണം, ബലാത്സംഗം. സ്വന്തം ഇഷ്ടത്തിനെതിരായി ഒരു സ്ത്രീയെ നിർബന്ധപൂർവവം ലൈംഗികബന്ധത്തിന് വിധേയമാക്കുന്നതാണ് ബലാത്സംഗം. ഇത് യഥാർത്ഥത്തിൽ സ്വന്തം ശരീരത്തിൽ വ്യക്തിക്കുള്ള അവകാശത്തിന്റെ ലംഘനമാണ്.

**വൈകാരികമായ അതിക്രമങ്ങൾ**– പീഡനത്തിനിരയായവരെ എല്ലാതരത്തിലും നിസാരമായി കാണാനുള്ള മനഃപൂർവ്വമായ ശ്രമങ്ങൾ അവരുടെ മാനസികാരോഗ്യത്തെ തന്നെ മോശമായി ബാധിക്കും . അവരെ പരസ്യമായും രഹസ്യമായും അപമാനിക്കാനുള്ള ശ്രമങ്ങളും ഉണ്ടാകുന്നു.

**മാനസികമായ അതിക്രമങ്ങൾ**– സാമ്പത്തികമായോ വൈകാരികമായോ ആയ ദ്രോഹങ്ങൾ, ഭീഷണികൾ, അപമാനം, സാമ്പത്തികമായ അതിക്രമങ്ങൾ/ധനപരമായ ആശ്രിതത്വം, നോട്ടം കൊണ്ടോ പ്രവൃത്തി കൊണ്ടോ അംഗവിക്ഷേപങ്ങൾ കൊണ്ടോ സ്ത്രീകളെ ഭയപ്പെടുത്തുന്നതും ഒരു തരത്തിലുള്ള അതിക്രമമാണ്.

'സ്ത്രീകൾ എന്തുചെയ്യുന്നു', 'ആരെ കാണുന്നു', 'എവിടെ പോകുന്നു' എന്ന കാര്യങ്ങളിൽ പരിധി കല്പിക്കുന്നതും നിയന്ത്രണം ഏർപ്പെടുന്നതും അവരെ സമൂഹത്തിൽ ഒറ്റപ്പെടുത്തുന്നതിന് തുല്യമാണ് .

പുരുഷൻ സ്ത്രീകളെയും കുട്ടികളെയും തന്റെ പരിചാരകരെപ്പോലെ മാത്രം കണ്ട് അവരെ പൂർണമായി നിയന്ത്രിക്കാൻ ശ്രമിക്കുന്നതും സ്ത്രീകളോടുള്ള അതിക്രമങ്ങളുടെ ഗണത്തിൽപ്പെടുത്താം.

### സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ പലതരത്തിൽ

ഒരു പുരുഷാധിപത്യസമൂഹത്തിൽ കുടുംബത്തിനകത്തും പുറത്തും സ്ത്രീകൾ ജീവിക്കുന്നത് അതികമങ്ങളുടെ നിഴലിലാണ്. ഇത്തരം സമൂഹത്തിൽ സ്ത്രീസ്വത്വം സാംസ്കാരികമായി നിർമ്മിച്ചിരിക്കുന്നത് അതിക്രമങ്ങളെ ആന്തരവത്കരിക്കുന്ന തരത്തിലാണ്. അതിക്രമമെന്നാൽ (Gnandamon, et al.,1993) ശാരീരികമായിട്ടുള്ളത് മാത്രമല്ല, മറിച്ച് മൊത്തം സ്വഭാവത്തെ ബാധിക്കുന്ന ഒരു പ്രതിഭാസമാണ്. സ്ത്രീക്കു നേരെയുള്ള പുരുഷശക്തിയുടെ കടന്നുകയറ്റമാണ്. ഭ്രൂണാവസ്ഥ തൊട്ട് മരണം വരെ അവളുടെ ജീവിതത്തിലുടനീളം സ്ത്രീകൾ അഭിമുഖീകരിക്കുന്ന അതിക്രമങ്ങൾ പലതരത്തിലുള്ളതാണ്.

### പൊതുസ്ഥലത്ത് / യാത്രാവേളകളിൽ നേരിടേണ്ടിവരുന്ന അതിക്രമങ്ങൾ

ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, ഉത്സവസ്ഥലങ്ങൾ, ചന്ത തുടങ്ങിയ പൊതുസ്ഥലങ്ങളിൽ നിൽക്കുമ്പോൾ സ്ത്രീകളോട് അശ്ലീലച്ചുവയുള്ള സംസാരം, ശരീരഭാഗങ്ങളിൽ സ്പർശിക്കുക, നഗ്നത പ്രദർശിപ്പിക്കുക തുടങ്ങിയവ.

**പാരമ്പര്യം, സംസ്കാരം എന്നിവയുടെ പേരിൽ നടക്കുന്ന അതിക്രമങ്ങൾ**

സതി എന്ന ദുരാചാരം നിയമംമൂലം നിരോധിച്ചതാണ്. എന്നാൽ 1987ൽ രൂപ്കൻവറെ അവരുടെ പുരുഷബന്ധുക്കൾ ബലംപ്രയോഗിച്ച് സതി മാതയാക്കി . ഇതിനെ സമുദായത്തിലെ മുഴുവൻ പുരുഷൻമാരും പാരമ്പര്യത്തിന്റെയും ഭാര്യയ്ക്ക് ഭർത്താവിനോടുള്ള കൂറിലടങ്ങിയ ഹൈന്ദവമൂല്യത്തിന്റെയും പേരിൽ ന്യായീകരിച്ചു. മന്ത്രവാദിവേട്ട എന്ന പേരിൽ താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകളെ, പ്രത്യേകിച്ച് ആദിവാസി സ്ത്രീകളെ, ഉയർന്ന ജാതിയിൽപ്പെട്ട പുരുഷന്മാർ പലപ്പോഴു മർദ്ദിക്കുകയും കൊല്ലുകയും ചെയ്യുന്നത് ഗ്രാമസമുദായങ്ങൾ അംഗീകരിക്കാറുണ്ട്. ഉയർന്നജാതിയിൽപ്പെട്ട പുരുഷന്മാരുടെ ലൈംഗിക പീഡനത്തിനെ പ്രതിഷേധിച്ച് സ്വതന്ത്ര ജീവിതം നയിക്കുന്ന സ്ത്രീകളെ മന്ത്രവാദിനികളാണ് എന്ന് മുദ്രകുത്തി സാമൂഹികമായി ഒറ്റപ്പെടുത്തുകയും തരംകിട്ടുമ്പോൾ മർദ്ദിക്കുകയും ചെയ്യാറുണ്ട്.

സ്ത്രീകൾക്കുനേരെ നടക്കുന്ന അതിക്രമങ്ങളിൽ പലപ്പോഴും FIR ഫയൽ ചെയ്യാറില്ല. ഇതിന് കാരണമായി പറയുന്നത് പലപ്പോഴും ഇത്തരം പ്രശ്നങ്ങൾ സ്വകാര്യതലത്തിലെ പ്രശ്നവും അത് പൊതുതലത്തിലേക്ക് വലിച്ചിഴക്കപ്പെടേണ്ട കാര്യമില്ലെന്നുമാണ്. ഇത്തരം പ്രശ്നങ്ങളുമായി പോലീസ് സ്റ്റേഷനിൽ ചെല്ലുമ്പോൾ തന്നെ 'കേസ്സാക്കണോ' / 'കുടുംബബന്ധം തകരില്ലേ?' എന്നൊക്കെയുള്ള ചോദ്യങ്ങളാണ് പലപ്പോഴും അഭിമുഖീകരിക്കേണ്ടിവരുന്നത്. സാമ്പത്തികമായും സാമൂഹികമായും ഉയർന്നവരാണെങ്കിൽ പോലും പ്രശ്നങ്ങൾ നാലു ചുമരുകൾക്കുള്ളിൽ ഒതുക്കാൻ പറയുകയാണ് ചെയ്യുക.

**തൊഴിലിടങ്ങളിൽ ( ഓഫീസ്, കലാലയങ്ങൾ , സ്വകാര്യസ്ഥാപനങ്ങൾ കച്ചവടസ്ഥാപനങ്ങൾ, ചന്ത ) നേരിടുന്ന പീഡനങ്ങൾ**

ദ്വയാർത്ഥത്തിലുളള തമാശകൾ, ലൈംഗികച്ചുവയുള്ള ഭാഷാപ്രയോഗങ്ങൾ എന്നിവ തൊഴിൽ ഇടങ്ങളിൽ സാധാരണമാണ്. സംസാരിക്കുമ്പോൾ മേലധികാരി അടിമുടി നോക്കുക, അപവാദം പ്രചരിപ്പിക്കുക, ഓഫീസിന്റെ ഏണിപ്പടികളിലും ഇടവഴികളിലും ഭിത്തികളിലും മൂത്രപ്പുരയിലുമെല്ലാം അശ്ലീല കമന്റുകൾ എഴുതിവയ്ക്കുക, ഓഫീസ് സമയം കഴിഞ്ഞാലും ഭക്ഷണത്തിന് ക്ഷണിക്കുന്ന മേലധികാരി, സമ്മതിച്ചില്ലെങ്കിൽ ഭീഷണിപ്പെടുത്തുക തുടങ്ങി സ്ത്രീക്ക് സമ്മതമില്ലാത്ത, അവൾക്ക് സ്വീകാര്യമല്ലാത്ത ഏതൊരു വാക്കും പ്രവൃത്തിയും തൊഴിൽസ്ഥലത്തെ ലൈംഗികപീഡനത്തിൽപ്പെടുന്നു.

**തൊഴിലുമായി ബന്ധപ്പെട്ട ആരോഗ്യഹാനി**

വേതനം കുറഞ്ഞ അവിദഗ്ധ തൊഴിലുകളിൽ ഏർപ്പെടുന്ന സ്ത്രീകൾ അനാരോഗ്യകരമായ പരിസ്ഥിതിയിൽ ജോലിചെയ്യാൻ നിർബന്ധിതരാകുന്നു. ശരീരം പ്രത്യേകരീതിയിൽ വച്ചുകൊണ്ടുള്ള (പ്രവർത്തനസമയം മുഴുവൻ ഒരേനിലയിൽ കുനിഞ്ഞോ, നിവർന്നോ, കുത്തിയിരുന്നോ ഉള്ള) പണി, വിഷവസ്തുക്കളുമായി സമ്പർക്കം, തിങ്ങിഞെരുങ്ങിയ ജോലിസാഹചര്യം, ടോയ് ലറ്റ് സൗകര്യമില്ലാതിരിക്കുക, ശാരീരികക്ലേശം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പലതരം തൊഴിൽജന്യമായ രോഗങ്ങൾ ജോലി ചെയ്യുന്ന വളരെയേറെ സ്ത്രീകളെ ബാധിക്കുന്നു. ഉദാ: ഗർഭാശയസംബന്ധമായ രോഗങ്ങൾ, ക്ഷയം, നാഡിതളർച്ച. ജോലിയുടെ അമിതഭാരം തീവ്രമായ ശാരീരിക, മാനസിക ആരോഗ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു. തൊഴിൽജന്യപ്രശ്നങ്ങൾ നേരിടുന്നു എന്നുമാത്രമല്ല പ്രത്യക്ഷവും പരോക്ഷവുമായ ലൈംഗിക പീഡനങ്ങളും ഉണ്ടാകുന്നു. ഇതുമൂലം മാനസികമായ സംഘർഷവും പ്രശ്നങ്ങളും നേരിടേണ്ടിവരുന്നു. ഇതും ആരോഗ്യത്തെ ബാധിക്കുന്നതോടൊപ്പം അന്തസ്സിനെയും അഭിമാനത്തെയും വ്രണപ്പെടുത്തുന്നു.

**വേശ്യാവൃത്തിക്കുവേണ്ടി തട്ടിക്കൊണ്ടുപോവുക, കച്ചവടം ചെയ്യുക**

പ്രേമം നടിച്ചും, ജോലിവാഗ്ദാനം ചെയ്തും പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി ലൈംഗികവൃത്തിക്ക് നിർബന്ധിക്കുക .

**കസ്റ്റഡിയിലുള്ള സ്ത്രീകളെ ബലാത്സംഗം ചെയ്യുക / പീഡിപ്പിക്കുക**

ആശുപത്രി, പോലീസ് സ്റ്റേഷൻ, ജുവനൈൽ ഹോം, റെസ്ക്യൂ ഹോം എന്നിവിടങ്ങളിൽ അധികാരം പ്രയോഗിച്ച് ബലാൽത്സംഗം ചെയ്യുക. ബലാത്സംഗത്തിനിരയാവുന്നവരെ വേശ്യകളും സദാചാരനിഷ്ഠ യില്ലാത്തവരുമായി ചിത്രീകരിച്ച് അധികാരത്തിലിരിക്കുന്നവർ ഇത്തരം അക്രമങ്ങളെ ന്യായീകരിക്കാറുണ്ട്.

**ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള അതിക്രമങ്ങൾ**

കലാപസംഘർഷമേഖലകളിൽ പട്ടാളക്കാരും പോലീസും നടത്തുന്ന കടന്നുകയറ്റങ്ങൾ. ആരോഗ്യ മേഖലയിൽ കുടുംബാസൂത്രണ മരുന്നുകളുടെ പരീക്ഷണം, വികസന മേഖലയിൽ പുരുഷകേന്ദ്രീകൃത വികസനത്തിനുള്ള ഊന്നൽ നൽകുക, കുടിയൊഴിപ്പിക്കൽ.

**ജാതി, മത സംഘർഷസാഹചര്യങ്ങളിൽ സ്ത്രീകൾനേരിടുന്ന പ്രത്യേക പീഡനങ്ങൾ**

താഴ്ന്ന ജാതിക്കാരെ മാനംകെടുത്താനും അവർ നിസ്സഹായരാണെന്ന് തെളിയിക്കാനും താഴ്ന്നജാതിയിലെ സ്ത്രീകളെ ബലാൽസംഗം ചെയ്യുകയെന്നത് ഒരു ആയുധമായി ഉപയോഗിക്കാറുണ്ട്. ന്യൂനപക്ഷ വർഗ്ഗീയതയിലും ഭൂരിപക്ഷവർഗ്ഗീയതയിലും പ്രതികാരം തീർക്കുന്നത് ഇരുപക്ഷത്തിലെയും സ്ത്രീകളെ ബലാൽസംഗം ചെയ്താണ്.

**യുദ്ധവും അതുവഴി ഉണ്ടാകുന്ന പീഡനങ്ങളും**

യുദ്ധസമയത്തും കലാപസമയത്തും കുഞ്ഞുങ്ങളെയും മറ്റുള്ളവരെയും ഉപേക്ഷിച്ച് സ്വയം രക്ഷനേടാൻ സ്ത്രീകൾക്ക് കഴിയാത്തതു കൊണ്ട് ഇതിന്റെയെല്ലാം പീഡനമേല്ക്കുന്നത് സ്ത്രീകൾക്കാണ്. പട്ടാളക്കാർ നടത്തുന്ന കൂട്ടബലാത്സംഗങ്ങളും ആയുധപ്രയോഗം മൂലം ഉണ്ടാകുന്ന ദുരിതങ്ങളും അനുഭവിക്കുന്നത് സ്ത്രീകളാണ്. പരിക്കേറ്റവരെയും മറ്റും ശുശ്രൂഷിക്കേണ്ടി വരുന്നവർ സ്ത്രീകളാണ്. കൊല്ലപ്പെടുന്ന പുരുഷന്മാരുടെ ചുമതലകൾ കൂടി അതിക്രമങ്ങൾക്കിരയായ സ്ത്രീകൾ ഏറ്റെടുക്കേണ്ടി വരുന്നു.

**സമ്പദ് വ്യവസ്ഥയും സ്ത്രീകൾക്കെതിരായ അതിക്രമവും**

തൊഴിലില്ലായ്മയും തൊഴിൽ സ്ഥിരതയില്ലായ്മയും കുറഞ്ഞ കൂലിയും സ്ത്രീകൾക്കെതിരായ അക്രമത്തിന്റെ കഠിനരൂപങ്ങളാണ്. ഇന്ത്യയിൽ വേതനം പറ്റുന്ന സ്ത്രീകളിൽ 94 ശതമാനം അസംഘടിത മേഖലയിലെ തൊഴിലാളികളെന്ന നിലയിൽ അനൗപചാരികമേഖലയിൽ പണിചെയ്യുന്നവരാണ്. ഈ മേഖലയിൽ സ്ത്രീകൾക്ക് തങ്ങളുടെ വൈദഗ്ധ്യം മെച്ചപ്പെടുത്താനും ഉയർന്ന വേതനമുള്ള ജോലികളിൽ കടക്കാനുമുള്ള അവസരങ്ങൾ വളരെ കുറവാണ്. ഉയർന്ന തോതിലുള്ള ജോലി സ്ഥിരതയില്ലായ്മക്കും ഇവർ ഇരയാകുന്നു . കൂടുതൽ സമയം ജോലിചെയ്യുന്നുവെങ്കിലും താൽക്കാലിക തൊഴിലാളിയായി ജോലിചെയ്യുന്ന സ്ത്രീക്ക് കിട്ടുന്ന കൂലി പുരുഷനു കിട്ടുന്ന ദിവസക്കൂലിയേക്കാൾ കുറവാണ്.

ഇതിനു കാരണം പുരുഷാധിപത്യമുള്ള സമൂഹത്തിൽ പുരുഷനെ കുടുംബം പുലർത്തുന്നവനായും സ്ത്രീയെ സഹായിക്കുന്നവളായി മാത്രവും കണ്ടുവരുന്നുവെന്നതാണ് . സ്ത്രീയുടെ കുടുംബത്തിനകത്തുള്ള പുനരുത്പാദന ചുമതല വീടിന് പുറത്തുള്ള അവളുടെ ഉത്പാദനക്ഷമതയേക്കാൾ മഹത്വവൽക്കരിക്കപ്പെടുന്നു. തൊഴിൽകമ്പോളത്തിൽ ഉണ്ടാകുന്ന നിസ്സഹായാവസ്ഥ സ്ത്രീതൊഴിലാളികൾ തൊഴിൽ സ്ഥലത്തുവെച്ചും തൊഴിലുടമകളാലും ലേബർ കോൺട്രാക്ടർമാരാലും ലൈംഗികമായി പീഡിപ്പിക്കപ്പെടുന്നതിന് കാരണമാകുന്നു..

**സാമ്പത്തികപരിഷ്കാരവും സ്ത്രീകൾക്കെതിരായ അതിക്രമവും**

1997 ൽ ഇന്ത്യ ഗവണമെന്റ് ഘടനപരമായ നീക്കുപോക്കുകൾ ( Structural adjustments) എന്നറിയപ്പെടുന്ന സാമ്പത്തിക പരിഷ്കാരങ്ങൾ ആരംഭിച്ചു. ഇതിനുസരിച്ച് സാമൂഹികക്ഷേമമേഖലയിലെ സബ്സിഡികൾ (സഹായധനം)വെട്ടിച്ചുരുക്കി. ഇത് മൂലം പൊതുവിതരണ സമ്പ്രദായവും ഗവൺമെന്റ് വക ആരോഗ്യസേവനവും ബലഹീനപ്പെട്ടു. ആഹാരവും ആരോഗ്യപരിചരണവും കുടുംബാംഗങ്ങൾക്ക് നൽകേണ്ട പ്രാഥമിക ചുമതല സ്ത്രീകൾക്കായതിനാൽ വർദ്ധിച്ചതോതിലുള്ള സാമ്പത്തികസമ്മർദ്ദം അവർക്ക് നേരിടേണ്ടിവരുന്നു. ഇത് കുടുംബത്തിനകത്ത് അക്രമം വർധിപ്പിക്കാൻ ഇടവരുത്തുന്നു.

കമ്പോളശക്തിയുടെ സ്വതന്ത്രപ്രവർത്തനവും സ്റ്റേറ്റിന്റെ പിൻവാങ്ങലും ഉൾക്കൊള്ളുന്നതാണ് നീക്ക പോക്കുപരിപാടി . ഇതിന്റെ ഫലമായി പീഡിതവ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടാനും തൊഴിലാളികൾക്ക് അവകാശങ്ങൾ നൽകുന്ന നിയമങ്ങൾ റദ്ദാക്കാനും ഇടയാക്കും. ട്രേഡ് യൂണിയനുകളിൽപ്പെടാത്ത ഏറ്റവും വലിയ വിഭാഗം സ്ത്രീകളായതിനാൽ ജോലി ആദ്യം നഷ്ടപ്പെടുന്നത് സ്ത്രീകൾക്കായിരിക്കും.

**പീഡനത്തിന്റെ സംസ്കാരം :**

മാധ്യമങ്ങൾ വഴിയും അശ്ലീലസാഹിത്യ- ചിത്ര നിർമ്മാണങ്ങളിലൂടെയും മറ്റും സൃഷ്ടിച്ചെടുക്കുന്ന സാംസ്കാരികമൂല്യങ്ങൾ, സ്ത്രീയുടെ ശരീരം പുരുഷന്റെ നിയന്ത്രണത്തിനും അഭിനിവേശത്തിനും ഉള്ളതാണ് എന്ന് വരുത്തിത്തീർക്കുന്നു. അക്രമത്തെ ന്യായീകരിക്കുന്ന, സ്വഭാവികമായി കരുതുന്ന ഒരു സംസ്കാരം സൃഷ്ടിച്ചെടുക്കുന്നതിൽ മാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട്.




ഈ അധികാരശ്രേണിയിൽ, ഒന്നിൽക്കൂടുതൽ അധികാരമുള്ളവർ ഉദാഹരണത്തിന് സമ്പന്നനും വിദ്യാസമ്പന്നനും മേൽജാതിക്കാരനുമായ ഒരാൾ കീഴ്ജാതിക്കാരിയായ ദരിദ്രയായ ഒരു സ്ത്രീയോട് പൊതുവെ എങ്ങനെയായിരിക്കും പെരുമാറുക.

എല്ലാ ഘടകങ്ങളും പരസ്പരബന്ധിതമാണ്. അധികാരത്തിന്റെ ശ്രേണിയിൽ വിവിധ സ്വത്വങ്ങൾ (Multiple Identity) വ്യത്യസ്തമായ അധികാരങ്ങളും അതിക്രമങ്ങളും അനുഭവിക്കുന്നു.

**ലിംഗപദവിയിലധിഷ്ഠിതമായ അക്രമത്തിന്റെ കാരണങ്ങൾ**

**<u>സാംസ്കാരികം</u>**

- ലിംഗപദവിയിലധിഷ്ഠിതമായ സാമൂഹികവൽക്കരണം
- സ്ത്രീകൾക്കും പുരുഷന്മാർക്കും നിർവ്വചിക്കപ്പെട്ടിട്ടുള്ള വ്യത്യസ്തമായ റോളുകൾ
- കുടുംബം ഒരു സ്വകാര്യഇടമെന്ന കാഴ്ച്ചപ്പാട്
- വിവാഹസമ്പ്രദായങ്ങൾ
- അക്രമം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു മാർഗ്ഗമാണെന്ന കാഴ്ച്ചപ്പാട്
- പിതൃമേധാവിത്വത്തിലൂന്നിയ വിശ്വാസങ്ങൾ

**<u>രാഷ്ട്രീയം</u>**

- രാഷ്ട്രീയം, നിയമം, വൈദ്യശാസ്ത്രം എന്നീ രംഗങ്ങളിൽ സ്ത്രീകളുടെ കുറവ്
- സ്ത്രീവിരുദ്ധമായ നയങ്ങളും പരിപാടികളും

**<u>സാമ്പത്തികം</u>**

- സാമ്പത്തിക ആശ്രിതത്വം

- പിന്തുടർച്ചാവകാശം, സ്വത്തവകാശം തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമങ്ങളിലെ വിവേചനം
- വിദ്യാഭ്യാസം , മറ്റ് പരിശീലനങ്ങൾ, തൊഴിൽ എന്നിവ ലഭിക്കുന്നതിലെ പ്രശ്നങ്ങൾ

<u>**നിയമം**</u>

- ഭരണഘടന തുല്യത ഉറപ്പ് വരുത്തുന്നുണ്ടെങ്കിലും നടപ്പിലാക്കേണ്ട നിയമങ്ങളിലെ രണ്ടാം കിട സ്ഥാനം
- സ്ത്രീകൾക്ക് തങ്ങളുടെ അവകാശങ്ങളെയും സംരക്ഷണനിയമങ്ങളെയും കുറിച്ചുള്ള അറിവില്ലായ്മ, സാമ്പത്തികനിയമങ്ങളെയും കുറിച്ചുള്ള അറിവില്ലായ്മ, സാമ്പത്തികവും മറ്റുമായ പ്രാപ്യതയില്ലായ്മ
- പോലീസ്, ജ്യുഡീഷ്യറി സ്ത്രീ വിരുദ്ധ നിലപാടുകൾ

**ബലാൽസംഗത്തെ/ ലൈംഗിക അക്രമത്തെ സംബന്ധിച്ച മിഥ്യയും യഥാർത്ഥ്യവും**

| | | |
|---|---|---|
| മിഥ്യ | : | വീടിന് പുറത്ത്, ഇരുണ്ടസ്ഥലങ്ങളിൽ അപരിചിതരാലാണ് സ്ത്രീകൾ ബലാൽക്കാരം ചെയ്യപ്പെടുന്നത് |
| യാഥാർത്ഥ്യം | : | മിക്കവാറും ബലാൽക്കാരം നടക്കുന്നത് വീടിനുള്ളിൽ വെച്ചാണ്. സ്ത്രീകൾ അറിയുന്ന ആരെങ്കിലുമാണ്. |
| മിഥ്യ | : | വിവാഹത്തിനുള്ളിൽ ബലാൽക്കാരം നടക്കുന്നില്ല. |
| യാഥാർത്ഥ്യം | : | ഭർത്താക്കന്മാരാൽ സ്ത്രീകൾ ബലാൽക്കാരം ചെയ്യപ്പെടുന്നു. |
| മിഥ്യ | : | ലൈംഗികതൃഷ്ണ കൂടുതലുള്ളതുകൊണ്ടാണ് പുരുഷന്മാർ ബലാൽക്കാരം ചെയ്യുന്നത് |
| യാഥാർത്ഥ്യം | : | ലൈംഗികത്വവും സാമൂഹികമായി രൂപപ്പെടുന്നതാണ് |
| മിഥ്യ | : | ബലാൽക്കാരം ചെയ്യുന്ന പുരുഷന്മാർ മാനസികപ്രശ്നമുള്ളവരാണ് |
| യാഥാർത്ഥ്യം | : | ബലാൽക്കാരം ചെയ്യുന്ന ഓരോ പുരുഷനും ആരുടെയങ്കിലും മകനോ സഹോദരനോ ഭർത്താവോ ആണ്. മാനസികരോഗമുള്ളതു കൊണ്ടല്ല– പുരുഷനെന്ന അധികാരത്തിന്റെ പ്രകടനമാണ്. |
| മിഥ്യ | : | ലൈംഗികപീഡനം സാധാരണമല്ല |
| യാഥാർത്ഥ്യം | : | ലൈംഗികപീഡനം സർവ്വസാധാരണമാണ്. ഇത് 40 മുതൽ 60 ശതമാനം വരെ ഉദ്യോഗസ്ഥകൾക്കും അത്രയും തന്നെ വിദ്യാർത്ഥികൾക്കും സംഭവിക്കുന്നു |
| മിഥ്യ | : | ലൈംഗിക പീഡനം പെരുപ്പിച്ച് കാണിക്കപ്പെടുന്നു.എന്നാൽ പലതും നിരുപദ്രവും നിസ്സാരരവും ആയിരിക്കും |
| യാഥാർത്ഥ്യം | : | ലൈംഗികപീഡനം വളരെ ക്രൂരമാണ്. അത് സ്ത്രീകളെ ഞെട്ടിപ്പിക്കുന്നതും വേദനാജനകവും ഭീതിപ്പെടുത്തുന്നതുമായ ഒരനുഭവമാണ്. അത് സ്ത്രീകളെ മാനസികവും ആരോഗ്യപരവുമായി തകർച്ചയിലെത്തിക്കുന്നു. |
| മിഥ്യ | : | പല സ്ത്രീകളും ലൈംഗികപീഡനകഥകൾ കെട്ടിച്ചമച്ച് തങ്ങൾക്ക് ശത്രുതയുള്ളവർക്ക് നേരെ ഉപയോഗിക്കുന്നു |
| യാഥാർത്ഥ്യം | : | നടക്കുന്ന സംഭവങ്ങൾ തന്നെ പലപ്പോഴും റിപ്പോർട്ട് ചെയ്യപ്പെടാത്ത അവസ്ഥയിൽ കെട്ടിച്ചമയ്ക്കുന്നു എന്നു പറയുന്നതിൽ ഒരു ശതമാനം പോലും യാഥാർത്ഥ്യമില്ല |
| മിഥ്യ | : | പീഡനത്തിനിരയാകുന്ന സ്ത്രീകൾ പലപ്പോഴും വസ്ത്രധാരണരീതികൾ, പെരുമാറ്റം എന്നിവയിലൂടെ പീഡനത്തിന് വഴികൊടുക്കുന്നു |
| യാഥാർത്ഥ്യം | : | പീഡനത്തിനിരയാകുന്നവർ പ്രായം, വസ്ത്രം, സ്വഭാവം, വസ്ത്രധാരണരീതി എന്നിവയിൽ വ്യത്യസ്തതകൾ പുലർത്തുന്നു. കൊച്ചുകുഞ്ഞുങ്ങൾ മുതൽ മുത്തശ്ശിമാർ വരെ പീഡനത്തിനിരയാകുന്നുണ്ട്. |
| മിഥ്യ | : | പീഡനം നിങ്ങളവഗണിച്ചാൽ പിന്നെ ഉണ്ടാവുകയില്ല |
| യാഥാർത്ഥ്യം | : | തീർച്ചയായും ഉണ്ടായിക്കൊണ്ടിരിക്കും . അവഗണന പലപ്പോഴും സമ്മതം എന്ന് കണക്കാക്കപ്പെടാറുണ്ട്. |
| മിഥ്യ | : | മാന്യമായ സ്ത്രീകൾ ലൈംഗീകാക്രമണത്തിന് വിധേയരാകുന്നില്ല |
| യാഥാർത്ഥ്യം | : | സമൂഹത്തിലെ എല്ലാ തുറയിലുംപെട്ട സ്ത്രീകളും അക്രമണത്തിന് വിധേയരാകുന്നു |
| മിഥ്യ | : | സ്ത്രീകൾ 'വേണ്ട' എന്നു പറയുന്നതിന്റെ അർത്ഥം 'വേണം' എന്നാണ് |
| യാഥാർത്ഥ്യം | : | പുരുഷന്മാരുടെ ലൈംഗികാക്രമണം ന്യായീകരിക്കാൻ വേണ്ടി സാധാരണ ഉപയോഗിക്കാറുള്ള ഒരു മിഥ്യയാണിത്. ഏത് പുരുഷനും നിങ്ങളുടെ 'വേണ്ട' എന്നു പറയാനുള്ള അധികാരത്തെ മാനിക്കണം. |

## ഗാർഹികാതിക്രമങ്ങൾ

കുടുംബത്തിനുള്ളിൽ പങ്കാളികൾക്കിടയിൽ നടക്കുന്ന പീഡനങ്ങളും അതിക്രമങ്ങളും വ്യാപകമാണെങ്കിലും, ഇതൊരു സ്വകാര്യസംഭവം എന്ന നിലയിൽ മാത്രമാണ് കണക്കാക്കിപ്പോരുന്നത്. സമൂഹം ഇടപെട്ട് പരിഹാരം കാണേണ്ട ഒരു സാമൂഹികതിന്മയായി ഇന്നും ഇത് കണക്കാക്കപ്പെട്ടിട്ടില്ല.

ഗാർഹികാതിക്രമങ്ങളുടെ ഇരകൾ, കുട്ടികൾ പ്രത്യേകിച്ച് പെൺകുട്ടികൾ, മുതിർന്ന സ്ത്രീകൾ, പ്രായമായ സ്ത്രീകൾ, താഴ്ന്ന ജാതിയിലും ആദിവാസി വിഭാഗങ്ങളിലും പെട്ട സ്ത്രീകൾ, ശാരീരിക, മാനസിക ബുദ്ധിമുട്ട് (വൈകല്യം) അനുഭവിക്കുന്ന സ്ത്രീകൾ, ഗർഭിണികൾ തുടങ്ങിയവരാണ്. ഗാർഹികാതിക്രമങ്ങളെക്കുറിച്ച് നടത്തിയ നിരവധി പഠനങ്ങൾ, വ്യത്യസ്ത സമീപനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് . അതിക്രമത്തിന്റെ സ്വഭാവം, തീവ്രത, കുറ്റവാളികളുടെയും ഇരയാക്കപ്പെടുന്ന വ്യക്തിയുടെയും പ്രായം, സ്വഭാവം, കാരണങ്ങൾ, പ്രത്യാഘാതങ്ങൾ, സ്വീകരിച്ച സഹായം, പ്രതിവിധി മുതലായവ.

വിവിധ പഠനങ്ങളിൽനിന്നും ഗാർഹികാതിക്രമങ്ങളെക്കുറിച്ച് പൊതുവായി എത്താവുന്ന നിർവചനം ഇപ്രകാരമാണ്. ''സ്ത്രീയുടെ ശരീരം, സമ്പത്ത്, വ്യക്തിത്വം എന്നിവയിന്മേൽ ബലം പ്രയോഗിച്ചോ, ഭീഷണികൊണ്ടോ നടത്തുന്ന കയ്യേറ്റവും ബലപ്രയോഗവും ഗാർഹികാതിക്രമമെന്ന് വിശേഷിപ്പിക്കാം. "പേടിപ്പിച്ച് പെൺകുട്ടികളുടെയും സ്ത്രീകളുടെയും പെരുമാറ്റത്തെയും ഇടപെടലുകളെയും നിയന്ത്രിക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

കുടുംബത്തിലെ പുരുഷന്മാരുടെ അധികാരത്തിന്റെ ദുർവിനിയോഗം (Abuse of Power) ആണിത്. അധികാരം കൂടുതലുള്ള വ്യക്തി, അധികാരം കുറഞ്ഞവരെ മുതലെടുക്കുന്ന പ്രക്രിയയാണിത്. കുടുംബത്തിന്റെ നാലുചുമരുകൾക്കുള്ളിൽ നടക്കുന്ന മാനസികവും വൈകാരികവും ശാരീരികവുമായ പീഡനങ്ങൾ മിക്കപ്പോഴും പുറത്താരും അറിയാറില്ല , അറിയിക്കാറുമില്ല . കുടുംബത്തിന്റെ സൽപേര് നിലനിർത്താൻ സ്ത്രീകൾ നൽകുന്ന വിലയാണ് ഈ മൗനം . സ്വന്തം കാലിൽ നിൽക്കാൻ സാധിക്കാത്തവിധം പരാശ്രിത ആക്കിയിരിക്കുന്ന അവസ്ഥയിൽ മറ്റൊന്നും സാധിക്കാത്ത അവസ്ഥയിലുമായിരിക്കും സ്ത്രീ. കുടുംബത്തിനകത്തെ അതിക്രമങ്ങളെക്കുറിച്ച് ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട് ഇങ്ങനെ പറയുന്നു.

''തങ്ങൾ മേധാവികളും (Superior) മേന്മയുള്ളവരും ആണെന്നും, അവരോടൊപ്പം ജീവിക്കുന്ന സ്ത്രീകൾ തങ്ങളുടെ കൈവശസ്വത്തും ഉപകരണങ്ങളും ആണെന്നും പുരുഷന്മാർ പൊതുവേ കരുതുന്നു. തങ്ങൾക്ക് അനുയോജ്യമെന്നു കരുതുന്നതും ആഗ്രഹിക്കുന്നതുമായ എന്തും സ്ത്രീകളോട് പ്രവർത്തിക്കാം എന്നും മറ്റുമുള്ള വിശ്വാസങ്ങൾ എല്ലാ സംസ്കാരങ്ങളിലും നിലനിൽക്കുന്നുണ്ട്. ഇത്തരം വിശ്വാസങ്ങളുടെ പരിണതഫലമാണ് കുടുംബത്തിൽ നടക്കുന്ന പീഡനങ്ങൾ ( Violence against Women in the family : UN Sales , No. E 89 , IV.5 (New York ; UN 1989).

## ഗാർഹികാതിക്രമങ്ങൾ നടക്കുന്നത് താഴെപ്പറയുന്ന രീതികളിൽ ആയിരിക്കാം

**<u>ശാരീരികമർദ്ദനം</u>**

- കൈകൊണ്ടോ, വടി, ഇരുമ്പ് ദണ്ഡ്, ബെൽറ്റ്, ഇലക്ട്രിക് വയർ, കത്തി, വീട്ടുപകരണങ്ങൾ എന്നിവ ഉപയോഗിച്ചോ മർദ്ദിക്കുക , മുറിവേൽപ്പിക്കുക .
- വയറിലും നാഭിയിലും ചവിട്ടുക – പ്രത്യേകിച്ച് ഗർഭിണിയായിരിക്കുമ്പോൾ ഇപ്രകാരം ചെയ്താൽ മരണം വരെ സംഭവിക്കാം
- മുടി പിടിച്ചുവലിക്കുക ; തല ചുവരിൽ ഇടിക്കുക, മുടി മുറിച്ചുകളയുക, മറ്റ് അവയവങ്ങൾക്ക് ക്ഷതം വരുത്തുക.
- സിഗരറ്റ് കൊണ്ട് ജനനേന്ദ്രിയഭാഗങ്ങൾ, മാറിടം, എന്നിവിടങ്ങളിൽ പൊള്ളിക്കുക, മണ്ണെണ്ണ ഒഴിച്ച് തീ വെയ്ക്കുക , കൊല്ലുക.
- പാചകം ചെയ്ത ഭക്ഷണം, വീട്ടുപകരണങ്ങൾ എന്നിവകൊണ്ട് എറിയുക, ചൂട് ഭക്ഷണം മുഖത്തൊഴിക്കുക.

**<u>വാചികമർദ്ദനം</u>**

- തെറി വിളിക്കുക , അശ്ലീലഭാഷ ഉപയോഗിക്കുക .

**ലൈംഗിക ചൂഷണം**

- അമിതമായ ലൈംഗികാവശ്യങ്ങൾ ഉന്നയിക്കുക, സ്ത്രീക്ക് ഇഷ്ടമില്ലാത്ത രീതിയിലുള്ള ലൈംഗികബന്ധങ്ങൾക്ക് നിർബന്ധിക്കുക, സ്ത്രീയെ ലൈംഗികമായി തയ്യാറാക്കാതെ, നിർബന്ധിതവും ക്രൂരവുമായ ലൈംഗികബന്ധം.

**മാനസിക അതിക്രമങ്ങൾ** ;

- തരംതാഴ്ത്തി സംസാരിക്കുക, ഭാര്യയുമായി സംസാരിക്കാതിരിക്കുക, മറ്റുള്ളവരുടെ മുമ്പിൽ വച്ച് അപമാനിക്കുക, സ്ത്രീയുടെ കുടുംബാംഗങ്ങളെക്കുറിച്ച് മോശമായും താഴ്ത്തിക്കെട്ടിയും സംസാരിക്കുക, ഭാര്യയുടെ എല്ലാ ബന്ധുക്കളെയും സംശയദൃഷ്ട്യാ വീക്ഷിക്കുക, ഉപേക്ഷിക്കുക, രണ്ടാം വിവാഹം കഴിക്കും എന്നൊക്കെ ഭീഷണിപ്പെടുത്തുക, കുട്ടി തന്റേതല്ലെന്ന് ആരോപിക്കുക,

**വൈകാരിക ചൂഷണം** :

- സ്നേഹവും കരുതലും നിഷേധിക്കുക, ഭാര്യയുടെ മുമ്പിൽ വച്ച് അന്യസ്ത്രീകളുമായി ലൈംഗികബന്ധം പുലർത്തുക, കുട്ടികളെ ഉപയോഗിച്ച് ഭാര്യയെ മാനസികവും വൈകാരികവുമായി ഒറ്റപ്പെടുത്തുക.
- മുറിയിൽ പൂട്ടിയിടുക , വീട്ടിൽനിന്ന് പുറത്താക്കുക, കുഞ്ഞുങ്ങളെ കാണാൻ അനുവദിക്കാതിരിക്കുക, സ്വന്തം കുടുംബാംഗങ്ങളുമായോ സുഹൃത്തുക്കളുമായോ ബന്ധം പുലർത്താൻ അനുവദിക്കാതിരിക്കുക , (isolate her), കത്തുകൾ വായിച്ചുനോക്കുക,

**സാമ്പത്തിക ചൂഷണം** :

- കുടുംബാവശ്യങ്ങൾക്ക് പണം നൽകാതിരിക്കുക, ഭാര്യയുടെ പേരിൽ സ്വത്തുണ്ടെങ്കിൽ അത് എഴുതിവാങ്ങാൻ സമ്മർദ്ദം / മർദ്ദനം ഏല്പ്പിക്കുക, ജോലി രാജിവയ്ക്കാൻ നിർബന്ധിക്കുക, രാജിവെയ്പ്പിക്കുക, സ്ത്രീധനത്തിന്റെ പേരിൽ പീഡനം, ഭാര്യാഗൃഹത്തിൽനിന്നും കൂടുതൽ പണം, സ്വർണ്ണം, കാർ മുതലായവ ആവശ്യപ്പെടുക.
- ഭക്ഷണം, വസ്ത്രം മുതലായ അടിസ്ഥാന ആവശ്യങ്ങൾ നിഷേധിക്കുക

സ്ത്രീധനത്തിനുവേണ്ടിയുള്ള പീഡനം പലപ്പോഴും കലാശിക്കുന്നത്, വധുവിനെ ചുട്ടെരിക്കുന്നതിലും വിഷം കൊടുത്ത് കൊല്ലുക, ആത്മഹത്യ ചെയ്യത്തക്കവിധം സമ്മർദ്ദങ്ങൾ ചെലുത്തുക എന്നിവയിലുമാണ്. സ്ത്രീധനം കൊണ്ടുവരാത്തതിന്, നിർബന്ധപൂർവ്വം ഗർഭഛിദ്രം നടത്തിക്കുന്നതും, പുരുഷനെക്കൊണ്ട് രണ്ടാമതൊരു വിവാഹം കഴിപ്പിക്കുന്നതും ഒക്കെ അപൂർവ്വമല്ല. പല പഠനങ്ങളും കാണിക്കുന്നത്, പ്രശ്നങ്ങൾ വളരെ രൂക്ഷമാകുമ്പോഴാണ് സ്ത്രീകൾ സഹായം തേടുന്നത് എന്നാണ്. റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾവച്ച് നോക്കുമ്പോൾ വളരെ ക്രൂരവും നിന്ദ്യവുമായ പീഡനങ്ങളാണ് സ്ത്രീകൾ കുടുംബത്തിൽ നേരിടേണ്ടിവരുന്നതെന്ന് മനസ്സിലാക്കാൻ കഴിയും .

പെൺകുഞ്ഞുങ്ങളെ കൊല്ലുന്നത് ഒരു കാരണം സ്ത്രീധനമാണ്. ഒരു പെൺകുട്ടി വളർന്ന് വിവാഹപ്രായമാകുമ്പോൾ ആവശ്യമായ സ്ത്രീധനം കൊടുക്കാനാവാതെ വരുന്നതിനാലാണ് പെൺകുഞ്ഞിന്റെ ജനനം സ്വാഗതാർഹമാകാത്തത്. ആൺകുട്ടിയെ പ്രസവിച്ചില്ലെങ്കിൽ സ്ത്രീകളെ കുറ്റപ്പെടുത്തുന്നത് ഇന്നും തുടരുന്നു . കേരളത്തിൽ 6 വയസ്സിന് താഴെ പെൺകുട്ടികൾ കുറഞ്ഞുവരുന്നതായി. 2011 ലെ സെൻസസ് ചൂണ്ടിക്കാണിക്കുന്നു.

കേരളത്തിൽ ആകെ ജനസംഖ്യയുടെ 12.48 ശതമാനം ആണ്. ആൺകുട്ടികളുള്ളപ്പോൾ, 10.95 ശതമാനം മാത്രമെ പെൺകുട്ടികൾ ഉള്ളൂ. ആൺകുട്ടികളാണ് അഭികാമ്യം എന്നും പെൺകുട്ടികൾ ബാധ്യതയാണെന്നും കരുതുന്ന പ്രവണത കേരളസമൂഹത്തിലും വർദ്ധിക്കുന്നുണ്ടോ?

**പെൺകുട്ടികൾ നേരിടുന്ന ലൈംഗികപീഡനം ( Incest ) :**

ഏറ്റവും അദൃശ്യവും മൗനത്തിന്റെ മൂടുപടം കൊണ്ട് മറയ്ക്കപ്പെടുന്നതുമായ ഹീനകൃത്യമാണ് സ്വന്തം കുടുംബാംഗങ്ങളിൽനിന്നും പെൺകുട്ടികൾ നേരിടേണ്ടിവരുന്ന ലൈംഗികപീഡനം. സ്വന്തം അച്ഛൻ, സഹോദരൻ, കസിൻസ്, അമ്മാവൻ തുടങ്ങി ഏതു കുടുംബാംഗങ്ങളിൽ നിന്നും പീഡനം അനുഭവിക്കേണ്ടിവരുന്ന എത്രയോ സംഭവങ്ങൾ നമുക്കു ചുറ്റിലുമുണ്ട്.

**മാതാപിതാക്കളെ ദ്രോഹിക്കുക :**

സ്വത്തിന്റെ പേരിൽ മക്കൾ പ്രത്യേകിച്ച് ആൺകുട്ടികൾ കാണിക്കുന്ന അവഗണന, ദ്രോഹം, കോടതി നടപടികൾ തുടങ്ങിയവ ഇതിൽ പെടുന്നു . മക്കളുടെ മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, ഊഹക്കച്ചവടം തുടങ്ങി പല കാരണങ്ങൾ ഇതിലേക്ക് നയിക്കാം. ശാരീരിക ഉപദ്രവം കൂടാതെ ചികിത്സാച്ചെലവുകൾ വഹിക്കാതിരിക്കുക, വീട്ടിൽനിന്നും പുറത്താക്കുക തുടങ്ങി പല രീതികളും അവലംബിക്കുന്നതായി കാണാം.

പലപ്പോഴും വാർദ്ധക്യത്തിലെത്തിയ വിധവകളായ സ്ത്രീകളെ ഇതു കൂടുതലായി ബാധിക്കുന്നതായി കാണാം. സ്ത്രീക്ക് പൊതുവെ സ്വത്തവകാശം ഇല്ലാത്ത പിതൃദായസമ്പ്രദായം നിലനിൽക്കുന്ന കുടുംബങ്ങളിൽ, അച്ഛൻ മരിച്ചുകഴിഞ്ഞാൽ അമ്മ തീർത്തും ആശ്രിതയാകുന്നു. വിവാഹസമ്പ്രദായത്തിൽ സ്ത്രീക്ക് പുരുഷനേക്കാളും പ്രായം കുറഞ്ഞിരിക്കുന്നതുമൂലവും സ്ത്രീയുടെ ആയുർദൈർഘ്യം കൂടുതലായതു കൊണ്ടും നമ്മുടെ ജനസംഖ്യയിൽ പ്രായം ചെന്ന സ്ത്രീകളുടെ എണ്ണം വളരെ കൂടുതലാണെന്നു കാണാം . ഇത്തരം സ്ത്രീകൾ നേരിടുന്ന സവിശേഷ പ്രശ്നങ്ങൾ ഇന്നും വേണ്ടത്ര പഠനമോ ശ്രദ്ധയോ കിട്ടാതെപോകുന്നു.

**സ്ത്രീധനവുമായി ബന്ധപ്പെട്ട ചില കണക്കുകൾ :**

- ഇന്ത്യയിൽ 5000 സ്ത്രീകളെങ്കിലും സ്ത്രീധനവുമായി ബന്ധപ്പെട്ട് ഓരോ വർഷവും കൊല ചെയ്യപ്പെടുന്നുണ്ട്.
- 1995 ൽ 5092 സ്ത്രീധനകൊലപാതകൾ നടന്നുവെങ്കിൽ 1996 ആയപ്പോഴേക്കും അത് 5513 ആയി വർദ്ധിച്ചു.(8.3% വർധന) .
- കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സ്ത്രീധനമരണങ്ങൾ പരിശോധിച്ചാൽ, 1997ൽ മുൻവർഷങ്ങളേക്കാൾ നിരക്ക് വളരെ കൂടുതലായി എന്നുകാണാം. ആത്മഹത്യകളാക്കി മാറ്റുന്ന സ്ത്രീധനമരണങ്ങൾ ഇക്കൂട്ടത്തിൽപെടുന്നില്ല. അതേസമയം ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കിൽ കാണുന്നതിനേക്കാൾ വളരെയധികം കേസുകൾ വനിതാകമ്മീഷൻ മുമ്പാകെ എത്തുന്നുണ്ട് .

1996 ൽ വനിതാകമ്മിഷന് ലഭിച്ച പരാതികൾ

- ❖ സ്ത്രീധനമരണങ്ങൾ – 191
- ❖ സ്ത്രീധനവുമായി ബന്ധപ്പെട്ട അതിക്രമങ്ങൾ – 300
- ❖ ബലാൽസംഗവും മറ്റ് അകമങ്ങളും – 500
- ❖ ലൈംഗികപീഡനങ്ങൾ – 228

(വനിതാകമ്മിഷൻ 1996 , മൃദുൽ ഈപ്പൻ , പ്രവീണ 2001)

ഇന്റർനാഷണൽ സെന്റർ ഫോർ റിസർച്ച് ഓൺ വിമൻ (ICRW) എന്ന സംഘടന ഇന്ത്യയുൾപ്പെടെ നാലു രാജ്യങ്ങളിൽ ഗാർഹികാതിക്രമങ്ങളെക്കുറിച്ച് നടത്തിയ പഠനം ശ്രദ്ധേയമാണ് . ഇതിന്റെ ചില സുപ്രധാന നിഗമനങ്ങൾ ഇപ്രകാരമാണ്:

- വർഗ്ഗം, പ്രദേശം തുടങ്ങിയവയ്ക്കതീതമായി എല്ലാ സ്ത്രീകളും നേരിടുന്ന ഗൗരവമായ ഒരു പ്രശ്നമാണ് ഗാർഹികാതിക്രമം.
- റിപ്പോർട്ട് ചെയ്യുന്നതിന് വ്യത്യാസങ്ങൾ ഉണ്ടായേക്കാമെങ്കിലും, അതിക്രമങ്ങളുടെ സ്വഭാവം ഒരുപോലെയാണ്. പട്ടണം, ചേരിപ്രദേശങ്ങൾ, ഗ്രാമീണമേഖലകൾ തുടങ്ങി വിവിധ ഇടങ്ങളിലുള്ള സ്ത്രീകൾ വ്യത്യസ്ത രീതിയിലുള്ള അതിക്രമങ്ങൾ, ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ, പ്രത്യേകിച്ച് ഗർഭിണിയായിരിക്കുമ്പോൾ, അനുഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തങ്ങളുടെ സ്വന്തം കുടുംബാംഗങ്ങളും വിവാഹിതയായി ചെന്ന കുടുംബത്തിലെ മറ്റംഗങ്ങളും തങ്ങൾ നേരിടുന്ന അതിക്രമങ്ങളെക്കുറിച്ച് അറിഞ്ഞിരുന്നുവെന്ന് 58% സ്ത്രീകൾ സൂചിപ്പിച്ചു. അയൽപക്കക്കാർക്ക് അറിയാമായിരുന്നു എന്ന് 41 % പേർ പറഞ്ഞു . അതിക്രമങ്ങൾ വിവാഹജീവിതത്തിന്റെ ഒരു ഭാഗം പോലെയാണെന്ന് ഇവ അനുഭവിച്ച മിക്ക സ്ത്രീകളും കരുതുന്നു .

I. സ്ത്രീകളുടെ തൊഴിൽ പദവിയും അക്രമവും തമ്മിലുള്ള ബന്ധം പരിശോധിച്ചപ്പോൾ സങ്കീർണ്ണമായ തലങ്ങളാണ് കാണാൻ കഴിഞ്ഞത്.

a) സ്ത്രീക്ക് ഭർത്താവിനേക്കാളും കൂടുതൽ വരുമാനമുണ്ടായിരിക്കുകയും പക്ഷെ അവളുടെ ജോലി സ്ഥിരമല്ലാതിരിക്കുകയും, പൊതുവേ അയാൾ മദ്യപനും കൂടിയാണെങ്കിൽ അതിക്രമങ്ങൾ വർദ്ധിക്കുന്നു .
b) സംഘടിതമേഖലയിൽ സ്ഥിരമായി ജോലി സ്ത്രീക്ക് ഉണ്ടായിരിക്കുകയും അവളുടെ കുടുംബാംഗങ്ങളുടെ പിന്തുണ ലഭിക്കുകയും ചെയ്യുന്നുവെങ്കിൽ അതിക്രമങ്ങൾ കുറയുന്നു.
c) നിലനിൽക്കുന്ന ലിംഗപദവി അധികാരബന്ധങ്ങൾ വിവാഹജീവിതത്തിൽ പ്രകടിപ്പിക്കുന്നതുമായി അതിക്രമങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. ഈ പഠനങ്ങളിൽ വെളിവാക്കപ്പെട്ട മറ്റൊരു ശ്രദ്ധേയ കാര്യം, വിവിധ ഇന്ത്യൻ സംസ്ഥാനങ്ങൾ തമ്മിലുള്ള ഒരു താരതമ്യപഠനത്തിൽ, ഗാർഹികാതിക്രമങ്ങളുടെ കാര്യത്തിൽ കേരളം വളരെ മുമ്പിലാണെന്നാണ്.

## ഗാർഹികാതിക്രമങ്ങൾ – പ്രത്യാഘാതങ്ങൾ

**ശാരീരിക , ആരോഗ്യ പ്രത്യാഘാതങ്ങൾ**

- ആഗ്രഹിക്കാത്ത ഗർഭധാരണം
- ലൈംഗികരോഗങ്ങൾ
- തലവേദന, ആസ്ത്മ
- ഭാഗികമോ പൂർണ്ണമോ ആയ അംഗവൈകല്യം
- സ്ഥിരമായ ഇടുപ്പ് വേദന
- മുറിവുകൾ/ ക്ഷതങ്ങൾ പ്രത്യേകിച്ച് ജനനേന്ദ്രിയഭാഗത്ത്
- ഗർഭഛിദ്രം
- കർണ്ണപുടം പൊട്ടുക, താടിയെല്ല് തെറ്റുക
- മദ്യപാനം, മയക്ക് മരുന്ന ഉപയോഗം
- സ്ഥിരമായി വയറിളക്കം

**മാനസിക – പ്രത്യാഘാതങ്ങൾ**

- ലൈംഗികപ്രവർത്തന വൈകല്യങ്ങൾ
- വിഷാദം, അമിത ആകാംക്ഷ
- വ്യക്തിത്വവൈകല്യങ്ങൾ
- ക്രമം തെറ്റിയ ഭക്ഷണരീതികൾ
- മറ്റ് മാനസിക രോഗങ്ങൾ
- സ്വാവഗണന
- ഉറക്കമില്ലായ്മ
- ഉൾവലിയൽ

**മാരക – പ്രത്യാഘാതങ്ങൾ**

- ആത്മഹത്യ
- കൊലപാതകം

### ഗാർഹികാക്രമത്തിന്റെ ചാക്രികശൈലി

വളരെ അടുത്ത ബന്ധങ്ങളിലുണ്ടാകുന്ന അതിക്രമങ്ങൾക്ക് ഒരു ചാക്രിക സ്വഭാവമുണ്ട്. സമയത്തിലും തീവ്രതയിലും വ്യത്യാസമുണ്ട്. സമയത്തിലും തീവ്രതയിലും വ്യത്യാസമുണ്ടെങ്കിലും പ്രധാനമായും മൂന്ന് വ്യത്യസ്ത ഘട്ടങ്ങൾ കാണാം.

1) സംഘർഷങ്ങൾ/ടെൻഷൻ രൂപപ്പെടുന്നു.
2) പൊട്ടിത്തെറി/മാർദ്ദനം
3) ശാന്തമാകുന്ന, സ്നേഹം പകരുന്ന പിൻവാങ്ങൽ ഘട്ടം

ശാരീരികവും വൈകാരികവും സാമ്പത്തികവും ലൈംഗികവുമായ പീഡനങ്ങൾ വഴി പങ്കാളിയെ നിയന്ത്രിക്കുകയും അവളുമേൽ മേധാവിത്വം പുലർത്തുകയും ചെയ്യുന്നു. കാലക്രമേണ പീഡമത്തിന്റെ തീവ്രതയും തോതും വർദ്ധിക്കുന്നു.

a) സംഘർഷം– സ്ഥിരമായി കുറ്റം കണ്ടെത്തുക, വിമർശിക്കുക, മാനസികമായി പീഡിപ്പിക്കുക, തരംതാഴ്ത്തി സംസാരിക്കുക തുടങ്ങിയ പെരുമാറ്റങ്ങൾ വർദ്ധിക്കുന്നു. ഭർത്താവിന്റെ ശത്രുതയുടെ തീവ്രത കൂടുമ്പോൾ അത് മർദ്ദനത്തിൽ കലാശിക്കുന്നു.

b) അക്രമം– ശാരീരികമോ വൈകാരികമോ ലൈംഗികമോ ആയ പീഡനം

c) മധുവിധു ഘട്ടം– മാപ്പ് ചോദിക്കുന്നു. കുറ്റബോധം–വീണ്ടും ആവർത്തിക്കില്ലെന്ന വാഗ്ദാനം, മർദ്ദകൻ അയാളുടെ ഏറ്റവും നല്ല പെരുമാറ്റം പുറത്തെടുക്കും.

സാഹചര്യം കൈകാര്യം ചെയ്യുന്നതിലെ തടസ്സങ്ങൾ– അക്രമപരമായ ഒരു ബന്ധത്തിൽ നിന്നു പുറത്തു വരാൻ എളുപ്പമല്ല. താൻ കാരണമാണ് തല്ല് കിട്ടിയതെന്ന് സ്വയം കുറ്റപ്പെടുത്തൽ, സാമൂഹികസമ്മർദ്ദം, സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ അഭാവം, സാമൂഹികമായ ഒറ്റപ്പെടൽ, ഭീഷണി, ആത്മഹത്യാഭീഷണി, കുട്ടികളുടെ ഭാവിയെക്കുറിച്ചുള്ള ആശങ്ക എന്നിങ്ങനെ പല കാരണങ്ങൾ കൊണ്ട് ബന്ധം അവസാനിപ്പിക്കാൻ സ്ത്രീകൾക്ക് പ്രയാസമുണ്ടാകുന്നു. മധുവിധുഘട്ടത്തിലെ പെരുമാറ്റത്തിൽ പ്രതീക്ഷ അർപ്പിച്ചു കൊണ്ട്, പീഡനം അവസാനിക്കും എന്നവൾ പ്രതീക്ഷിക്കുന്നു. അയാളിൽ മാറ്റം ഉണ്ടാകും എന്ന പ്രതീക്ഷ മർദ്ദനം സഹിക്കാൻ അവളെ പ്രേരിപ്പിക്കുന്നു.

Crimes against Women in Kerala During the Period 2009 - 2019

| Sl.No | Crime head | 2009 | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 (Provisional) | Trend |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Rape | 554 | 617 | 1132 | 1019 | 1221 | 1347 | 1256 | 1656 | 2003 | 2005 | 2076 | |
| 2 | Molestation | 2539 | 2939 | 3756 | 3735 | 4362 | 4367 | 3987 | 4029 | 4413 | 4544 | 4579 | |
| 3 | Kidnapping & Abduction | 171 | 175 | 221 | 214 | 185 | 143 | 192 | 166 | 184 | 173 | 224 | |
| 4 | Eve teasing | 394 | 539 | 573 | 498 | 404 | 257 | 267 | 328 | 421 | 461 | 431 | |
| 5 | Dowry death (304(B) IPC) | 21 | 21 | 15 | 32 | 21 | 28 | 8 | 25 | 12 | 17 | 6 | |
| 6 | Cruelty by husband / relatives | 3976 | 4788 | 5377 | 5216 | 4820 | 4919 | 3668 | 3455 | 2856 | 2046 | 2991 | |
| 7 | Other offences | 1699 | 1702 | 2205 | 2288 | 2725 | 3463 | 3107 | 5455 | 4374 | 4397 | 3986 | |
| | Total | 9354 | 10781 | 13279 | 13002 | 13738 | 14524 | 12485 | 15114 | 14263 | 13643 | 14293 | |

Source– National Crime Records Bureau

Crime against women - 2019 (Provisional)

| SL. No. | Name of Dist/City | Rape | Molestation (354 IPC) | Kidnapping & Abduction | Eve-teasing 509 IPC | Dowry Deaths | Cruelty by husband or relatives | Other Offences | Total |
|---|---|---|---|---|---|---|---|---|---|
| 1 | Trivandrum City | 95 | 204 | 12 | 21 | 0 | 89 | 313 | 734 |
| 2 | Trivandrum Rural | 202 | 353 | 7 | 10 | 1 | 204 | 281 | 1058 |
| 3 | Kollam City | 82 | 200 | 7 | 16 | 1 | 145 | 102 | 553 |
| 4 | Kollam Rural | 100 | 282 | 0 | 21 | 1 | 150 | 93 | 647 |
| 5 | Pathanamthitta | 89 | 160 | 5 | 21 | 0 | 68 | 311 | 654 |
| 6 | Alappuzha | 107 | 300 | 21 | 33 | 0 | 138 | 264 | 863 |
| 7 | Kottayam | 104 | 250 | 24 | 44 | 0 | 84 | 90 | 596 |
| 8 | Idukki | 99 | 260 | 9 | 15 | 0 | 87 | 38 | 508 |
| 9 | Ernakulam City | 98 | 222 | 5 | 42 | 0 | 91 | 348 | 806 |
| 10 | Ernakulam Rural | 122 | 323 | 23 | 41 | 1 | 109 | 229 | 848 |
| 11 | Thrissur City | 117 | 186 | 6 | 23 | 0 | 171 | 417 | 920 |
| 12 | Thrissur Rural | 69 | 208 | 9 | 23 | 0 | 156 | 98 | 563 |
| 13 | Palakkad | 144 | 241 | 24 | 14 | 0 | 209 | 78 | 710 |
| 14 | Malappuram | 197 | 371 | 11 | 31 | 0 | 430 | 417 | 1457 |
| 15 | Kozhikode City | 79 | 159 | 21 | 27 | 1 | 165 | 217 | 669 |
| 16 | Kozhikode Rural | 79 | 249 | 21 | 8 | 1 | 295 | 54 | 707 |
| 17 | Wyanad | 86 | 166 | 8 | 11 | 0 | 66 | 35 | 372 |
| 18 | Kannur | 110 | 231 | 7 | 19 | 0 | 232 | 359 | 958 |
| 19 | Kasaragod | 92 | 176 | 4 | 5 | 0 | 102 | 170 | 549 |
| 20 | Railways | 3 | 37 | 0 | 6 | 0 | 0 | 72 | 118 |
| 21 | Crime Branch | 2 | 1 | 0 | 0 | 0 | 0 | 0 | 3 |
| | TOTAL | 2076 | 4579 | 224 | 431 | 6 | 2991 | 3986 | 14293 |

Source– National Crime Records Bureau

## Crime Against Women




Source- National Crime Records Bureau

### കുട്ടികൾക്ക് നേരെയുള്ള ലൈംഗികചൂഷണം

2007ൽ കേന്ദ്ര സർക്കാർ ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ആഗോളതലത്തിൽ പത്തുകുട്ടികളിൽ ഒരാൾ വീതം ലൈംഗിക ചൂഷണത്തിന് (child abuse) വിധേയരാകുന്നുണ്ട്. ലൈംഗിക സംതൃപ്തിക്കു വേണ്ടി മുതിർന്നവർ കൊച്ചുകുട്ടികളെ ചൂഷണം ചെയ്യുന്ന കഥകൾ ഇന്ത്യൻ മാധ്യമങ്ങളിലും നിറയുന്നു. വിദേശങ്ങളിൽ മാത്രമാണ് ഇത്തരം ചൂഷണങ്ങൾ നടക്കുന്നത് എന്നു വിശ്വസിക്കാനാഗ്രഹിക്കുന്ന നമ്മുടെ ഉറക്കം കെടുത്തുന്ന തരത്തിലുള്ള സംഭവങ്ങളാണ് ദിനംപ്രതി ഇവിടെ യുണ്ടാകുന്നത്. ഇന്ത്യയിൽ അഞ്ചു കുട്ടികളിൽ ഒരാൾവീതം മുതിർന്നവർ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നുണ്ട് എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇവരിൽ 75 ശതമാനം പേർ പ്രായ പൂർത്തിയാ കാത്തവരും 50 ശതമാനം പേർ സ്വന്തം വീട്ടിലെ തന്നെ മുതിർന്നവരാൽ ചൂഷണം ചെയ്യപ്പെടുന്നവരുമാണ് എന്ന വസ്തുത നമ്മുടെ സാംസ്കാരികാധഃപതനത്തിലേക്കാണ് വിരൽചൂണ്ടുന്നത്.

ഒരു വ്യക്തി മറ്റൊരു വ്യക്തിയോട് ശാരീരികമായോ വാക്കുകളാലോ മോശമായി അന്തസ്സില്ലാതെ പെരുമാറുന്നതിനെ ദുരുപയോഗം /ചൂഷണം (abuse) എന്ന വാക്കുകൊണ്ടർത്ഥമാക്കാം . മുതിർന്ന കുട്ടികളോ മധ്യവയസ്കരോ ചെറിയ കുട്ടികളെ ലൈംഗികതൃപ്തിക്കായി ഉപയോഗിക്കുന്നു. പീഡോഫീലിയ (paedophilia) എന്ന രോഗത്തിനടിമയായ ഇക്കൂട്ടർ, കുട്ടികളുടെ സ്വകാര്യഭാഗങ്ങളിൽ തൊടാൻ പ്രേരിപ്പിക്കുക, ഒരുമിച്ച് കുളിക്കുക, കുട്ടികളെ നഗ്നചിത്രങ്ങളോ നീലചിത്രങ്ങളോ കാണിക്കുക, അവരുടെ നഗ്നചിത്രങ്ങളെടുക്കുക (pornography), പലതരത്തിൽ കുട്ടികളുമായി ലൈംഗികബന്ധത്തിൽ ഏർപ്പെടുക തുടങ്ങിയ കാര്യങ്ങളിൽ താൽപര്യമുള്ളവരായിരിക്കും.

പലപ്പോഴും നിർദ്ദോഷങ്ങളെന്നു തോന്നുന്ന പ്രവൃത്തികളാവും നീണ്ടുനിൽക്കുന്ന ലൈംഗിക ചൂഷണങ്ങൾക്ക് വഴിവെയ്ക്കുന്നത്. ഉദാഹരണത്തിന് മടിയിൽ കയറ്റിയിരുത്തുക, ചുംബിക്കുക, കെട്ടിപ്പിടിക്കുക തുടങ്ങിയവ. തുടർന്ന് സാഹചര്യം ലഭിക്കുന്നതനുസരിച്ച് ഇവയുടെ രീതി മാറുകയും ദീർഘകാലം നിലനിൽക്കുന്ന ആരോഗ്യകരമല്ലാത്ത ഒരു ബന്ധത്തിന് തുടക്കമാവുകയും ചെയ്യാം. കുട്ടികൾ വളരെയധികം ഇഷ്ടപ്പെടുന്ന ആളിൽനിന്നും മറ്റും ഇത്തരം അനുഭവങ്ങളുണ്ടാകുമ്പോൾ അവർക്ക് എതിർക്കാൻ സാധിച്ചെന്നുവരില്ല. പക്ഷേ മിക്ക കേസുകളിലും കുട്ടികളെ പലതരത്തിൽ ഭീഷണിപ്പെടുത്തിയാവും കാര്യം സാധിക്കുന്നത്. 50 ശതമാനം കേസുകളിലും അടുത്ത ബന്ധുക്കളാണ് കുട്ടികളെ ചൂഷണം ചെയ്യുന്നത്. 25 ശതമാനം അദ്ധ്യാപകരിൽ നിന്നുള്ള പീഡനങ്ങളാണ്. പെൺകുട്ടികളെ സംബന്ധിച്ച് സഹോദരന്മാർ, സഹോദരിഭർത്താക്കന്മാർ, കസിൻസ്, അയൽക്കാർ.... എന്തിന് സ്വന്തം അച്ഛനിൽ നിന്നുപോലും ഇത്തരം മോശമായ അനുഭവങ്ങളുണ്ടാകാം. എന്നാൽ ആൺകുട്ടികൾക്ക് വീടിനു പുറത്തുനിന്നുള്ള അതിക്രമങ്ങളാണ് കൂടുതലും നേരിടേണ്ടിവരിക. (ഉദാ : അദ്ധ്യാപകർ , സ്പോർട്സ് കോച്ചുമാർ, പ്രായം കൂടിയ സുഹൃത്തുക്കൾ, വീട്ടുജോലിക്കാർ തുടങ്ങിയവർ). അമ്മയിൽ നിന്നോ സഹോദരിമാരിൽ നിന്നോ അതിക്രമങ്ങൾ നേരിടേണ്ടി വന്ന ആൺകുട്ടികളുമുണ്ട് എന്നത് അതിശയോക്തിയല്ല. എന്നാൽ അടുത്ത ബന്ധുക്കളിൽ നിന്നും പീഡനം ഏൽക്കേണ്ടിവന്ന പെൺകുട്ടികളെ അപേക്ഷിച്ച് ഇത്തരം ആൺകുട്ടികളുടെ എണ്ണം താരതമ്യേന കുറവാണ്.

കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതിനെതിരെ കൈക്കൊള്ളേണ്ട ശക്തമായ നടപടിക്രമ ങ്ങളെയും അവരുടെ അവകാശങ്ങളെയും കുറിച്ച് 1924 ലെ ജനീവ പ്രഖ്യാപനം, 1959 ലെ ഐക്യരാഷ്ട്രസഭാ ജനറൽ അസംബ്ലിയുടെ പ്രഖ്യാപനം, മനുഷ്യാവകാശ സാർവദേശീയ പ്രഖ്യാപനം, പൗരാവകാശങ്ങൾ സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടികൾ എന്നിവ വ്യക്തമായി പറയുന്നുണ്ട്. ഇന്ത്യയിൽ, 1974ൽ കുട്ടികൾക്കായുള്ള ദേശീയ നയം രൂപീകരിച്ചിട്ടുണ്ട്. പക്ഷേ ഇവയൊന്നും തന്നെ നമ്മുടെ കുട്ടികളെ പീഡകരിൽ നിന്നും രക്ഷിക്കാൻ പര്യാപ്തമാകുന്നില്ല എന്നാണ് അനുഭവങ്ങൾ പഠിപ്പിക്കുന്നത്. സാഹചര്യങ്ങളാണ് കുട്ടികളെ ഇക്കൂട്ടരുടെ കൈകളിലെത്തിക്കുന്നത്. ആധുനികസമൂഹത്തിലെ അണു കുടുംബങ്ങളിൽ ഭൂരിഭാഗം അച്ഛനമ്മമാരും ജോലിക്കു പോകുന്നവരാണ്. ഇതുമൂലം കുട്ടികൾക്ക് അവരിൽ നിന്ന് ലഭിക്കുന്ന ശ്രദ്ധയും സംരക്ഷണവും കുറയുന്നുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. ഈ സാഹചര്യ ത്തിലാണ് കൂടുതൽ അംഗീകാരം കിട്ടുന്നിടത്തേക്ക് കുട്ടികൾ അറിയാതെയെങ്കിലും അടുക്കുന്നത്. നമ്മുടെ സമൂഹത്തിൽ കൊച്ചുകുട്ടികളെ പ്രായമായവരുടെയടുത്ത് (ബന്ധുവോ, ആയയോ ഒക്കെ) നോക്കാൻ ഏൽപ്പിക്കുന്ന പതിവുണ്ട്. ഇതും പലപ്പോഴും കുട്ടികൾ ചൂഷണം ചെയ്യപ്പെടാനുള്ള അവസരമൊരുക്കുന്നു.

ലഹരിക്കടിമയായവരോ വിവാഹേതരബന്ധമുള്ളവരോ ആയ മാതാപിതാക്കളുടെ കുട്ടികൾ ലൈംഗിക ചൂഷണത്തിനു വിധേയരാകാനുള്ള സാധ്യത ഏറെയാണ്. ഈ മാതാപിതാക്കളെ കണ്ടു വളരുന്ന കുട്ടി കളിൽ ഇത്തരം പ്രവൃത്തികൾ സ്വീകാര്യമാണ് എന്ന തോന്നലുണ്ടാകാം. മാതാപിതാക്കൾ തങ്ങളുടെ കുട്ടിക്കുണ്ടാകുന്ന മോശമായ അനുഭവങ്ങൾ മൂടിവയ്ക്കാൻ ശ്രമിക്കുന്നത് കുട്ടികളെ പീഡിപ്പിക്കുന്നവരെയും നഗ്നചിത്രങ്ങളെടുത്ത് അവരെ ചൂഷണംചെയ്യുന്നവരെയും ഒട്ടൊന്നുമില്ല സഹായിക്കുന്നത്.

ഇത്തരം ചൂഷണങ്ങൾ ചിലപ്പോൾ ഒരു തവണ മാത്രമാകാം സംഭവിക്കുന്നത്. മറ്റു ചിലപ്പോൾ പലതവണ തുടരാം. ചില കേസുകളിൽ ഒരു കുട്ടിക്കു തന്നെ പലരിൽ നിന്നുള്ള അതിക്രമങ്ങൾ നേരിടേണ്ടി വരാം.

പ്രശ്നങ്ങൾ തുറന്നു പറയാൻ ആരുമില്ലാത്തത് കുട്ടികളുടെ മാനസികനില തന്നെ വഷളാക്കാം. ദുഃഖം , ദേഷ്യം, വെറുപ്പ്, നിസ്സഹായത, ചിന്താക്കുഴപ്പം, ഇച്ഛാഭംഗം, അപമാനഭയം തുടങ്ങിയവ ഇവരെ വേട്ടയാടി ക്കൊണ്ടിരിക്കും . പക്ഷേ ഏറ്റവും കൂടുതലായി ബാധിക്കുന്നത് കുറ്റബോധമാണ് . ചില കുട്ടികൾ പഠനത്തിന് പിന്നോട്ടാവാം, ചിലർ അവർക്കനുഭവിക്കേണ്ടിവന്ന കാര്യങ്ങൾ മറ്റു കുട്ടികളിൽ പ്രയോഗിച്ചു നോക്കാനും മുതിർന്നെന്നുവരാം. പ്രായപൂർത്തിയായിട്ടും ഇവരിൽ ഈ പ്രവണത തുടരാനും സാദ്ധ്യതയുണ്ട്. ലൈംഗികമായ ചിന്താക്കുഴപ്പങ്ങളിൽ പെട്ടുപോകുന്ന ഇവർ ലൈംഗിക വൈകൃതങ്ങൾക്ക് അടിപ്പെട്ടവരോ, ലൈംഗികകാര്യങ്ങളിൽ അമിത താൽപര്യമുള്ളവരോ ആയിത്തീരാം .

കുട്ടികൾക്ക് ശാസ്ത്രീയമായ ലൈംഗികവിദ്യാഭ്യാസം നൽകുകയാണ് ഇത്തരം ചൂഷണങ്ങൾ നിയന്ത്രി ക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട നടപടി. വൈകൃതങ്ങൾ തിരിച്ചറിയാനുള്ള കഴിവുനേടാൻ അവരെ സഹായി ക്കണം . നല്ലതും ചീത്തയുമായ സ്പർശത്തിന്റെ വ്യത്യാസം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കണം. ''വേണ്ട''/ ''പറ്റില്ല"("No")എന്നു പറയേണ്ടിടത്ത് ഉറച്ച ശബ്ദത്തിൽ അങ്ങനെ പറയാൻ അവരെ പരിശീലിപ്പിക്കണം. ഇത്തരം സാഹചര്യങ്ങൾ കൈകാര്യംചെയ്യുന്നതിൽ കുടുംബത്തിനുള്ള പങ്ക് സുപ്രധാനമാണ്. ഏതു പ്രശ്നത്തിലും സമീപിക്കാവുന്നവരാണ് മാതാപിതാക്കൾ എന്ന ബോധം കുട്ടികളിലുണ്ടാക്കു കയാണ് ആദ്യം വേണ്ടത്. കുട്ടികൾ പറയുന്നത് ഗൗരവമായി കാണുന്നു എന്നവർക്ക് തോന്നണം. അവരെ അവിശ്വസിക്കാ തിരിക്കുക. ചിലപ്പോൾ കുടുംബത്തിനേറ്റവും പ്രിയപ്പെട്ട വ്യക്തി യായിരിക്കും കുറ്റക്കാരൻ, അപ്പോഴും കുട്ടിക്ക് പൂർണപിന്തുണ നൽകുകയാണു വേണ്ടത്.

പണ്ടത്തേതുപോലെ, അമ്മമാർ എപ്പോഴും കുട്ടികളെ കണ്ണിലെണ്ണയൊഴിച്ച് കാത്തുസൂക്ഷിക്കണം എന്നു പറയുന്നത് ആധുനികസമൂഹത്തിൽ പ്രാവർത്തികമല്ല. അതിനാൽ അവരെ സ്വയം രക്ഷിക്കാൻ പ്രാപ്തരാ ക്കുകയാണ് വേണ്ടത്. ഇന്ത്യയിലെ മാതാപിതാക്കൾ കുട്ടികളോട് ലൈംഗികകാര്യങ്ങൾ സംസാരി ക്കുന്നത് ചീത്തക്കാര്യമായാണ് കരുതുന്നത്. ഈ വിശ്വാസവും മാറ്റേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ജീവൻ കൊടുത്ത് ഈ ലോകത്തേക്കു കൊണ്ടുവന്ന കുട്ടികൾക്ക് ആരോഗ്യത്തോടെ വളരാനുള്ള ചുറ്റുപാട് ഉണ്ടാക്കിക്കൊടുക്കേണ്ടതും അച്ഛനമ്മമാരുടെ കടമയാണ്.

Crimes against Children in Kerala During the Period 2009 - 2019

| Sl.No | Crime Heads | 2009 | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 (Provisional) | Trend |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Total Murder | 44 | 42 | 47 | 34 | 40 | 44 | 43 | 33 | 27 | 28 | `20 | |
| | a) Infanticide | 0 | 1 | 1 | 0 | 0 | 0 | 4 | 0 | 0 | 1 | 0 | |
| | b) Other Murder | 44 | 41 | 46 | 34 | 40 | 44 | 39 | 33 | 27 | 27 | 20 | |
| 2 | Rape | 235 | 208 | 423 | 455 | 637 | 754 | 720 | 958 | 1045 | 1137 | 1313 | |
| 3 | Kidnapping and Abduction | 83 | 111 | 129 | 147 | 136 | 130 | 171 | 154 | 100 | 205 | 267 | |
| 4 | Foeticide | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 0 | 1 | 0 | |
| 5 | Abetment of Suicide | 0 | 3 | 2 | 3 | 9 | 5 | 3 | 3 | 5 | 6 | 0 | |
| 6 | Exposure and Abandonment | 7 | 9 | 4 | 4 | 4 | 5 | 4 | 5 | 5 | 11 | 11 | |
| 7 | Procuration of Minor Girls | 14 | 6 | 9 | 10 | 15 | 4 | 3 | 3 | 14 | 23 | 2 | |
| 8 | Buying Girls for Prostitution | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | |
| 9 | Selling Girls for Prostitution | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | |
| 10 | Prohibition of Child marriage Act | 0 | 6 | 3 | 6 | 11 | 19 | 13 | 8 | 15 | 18 | 6 | |
| 11 | Other Crimes against Children | 206 | 211 | 835 | 664 | 1024 | 1474 | 1427 | 1717 | 2332 | 2824 | 2941 | |
| Total Crimes | | 589 | 596 | 1452 | 1324 | 1877 | 2391 | 2384 | 2881 | 3543 | 4253 | 4560 | |

Source- National Crime Records Bureau

## Crime Against Children




Source- National Crime Records Bureau

## നിയമ സഹായ, പിന്തുണാ സ്ഥാപനങ്ങൾ/സംവിധാനങ്ങൾ

### വനിതാ കമ്മീഷൻ

സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും പരമാവധി നീതി ഉറപ്പ് വരുത്തുന്നതിനും ഇന്ത്യൻ പാർലമെൻറ് 1990 ൽ നടപ്പിലാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് വനിതാ കമ്മീഷൻ. അദ്ധ്യക്ഷയും രണ്ട് മെമ്പർമാരും ഉൾപ്പെടുന്നതാണ് വനിതാ കമ്മീഷന്റെ ഘടന. കേരളാ സംസ്ഥാന വനിതാ കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരത്താണ്. എല്ലാ മാസവും ജില്ലാ ഭരണകേന്ദ്രങ്ങളിൽ വച്ച് വനിതാ കമ്മീഷൻ അദാലത്തുകൾ സംഘടിപ്പിച്ച് പരാതികൾ സ്വീകരിക്കുന്നു.

<u>കമ്മീഷന്റെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും</u>

- സ്ത്രീ സംരക്ഷണത്തിനായി ഭരണഘടനയിലും, മറ്റ് നിയമങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങളിൽ അന്വേഷണം നടത്തുക, ഇവയിൽ പഴുതുകളോ, കുറവുകളോ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള ഭേദഗതികൾ വരുത്തുവാൻ അന്വേഷണ റിപ്പോർട്ടുകളും മറ്റ് നിർദ്ദേശങ്ങളും സർക്കാരിന് സമർപ്പിക്കുക.
- സ്ത്രീകൾക്കെതിരെയുള്ള അവകാശ ലംഘനങ്ങൾ, വിവേചനം എന്നിവയിൽ നിന്നുണ്ടാകുന്ന പ്രശ്നങ്ങളിൽ പഠനങ്ങളും അന്വേഷണങ്ങളും നടത്തി സ്വമേധയാ അവയ്ക്ക് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുക.
- സ്ത്രീകളുടെ സമഗ്രവികസനത്തിനായുള്ള ആസൂത്രണ പ്രക്രിയയിൽ വേണ്ടതായ ഉപദേശങ്ങൾ നൽകുകയും, പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.
- സ്ത്രീകളുടെ പുനരധിവാസ കേന്ദ്രങ്ങൾ, ജയിൽ, മറ്റ് സ്ഥാപനങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക.
- സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹിക ഇതര പ്രശ്നങ്ങളിൽ കാലാകാലങ്ങളിൽ സർക്കാരിന് റിപ്പോർട്ട് നൽകുക.

- അന്വേഷണത്തിന്റെ ഭാഗമായി ഏതൊരു വ്യക്തിയേയും വിസ്തരിക്കാനും, തെളിവുകൾ സ്വീകരിച്ച് മൊഴിയെടുക്കുവാനുമുള്ള സിവിൽ കോടതിയുടെ അധികാരം കമ്മീഷന് ഉണ്ട്.

കമ്മീഷനിൽ പരാതി നൽകേണ്ട വിധം

- പരാതികൾ സ്വന്തം കൈപ്പടയിലോ, ടൈപ്പ് ചെയ്തോ, പരാതിക്കാരിയുടേയും എതിർ കക്ഷിയുടേയും വ്യക്തമായ മേൽവിലാസത്തോടുകൂടി നേരിട്ടോ, തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്.
- പരാതികളിൽ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേണ്ട ആവശ്യകതയില്ല.
- സിവിൽ കേസുകൾ കമ്മീഷന്റെ പരിഗണനയിൽ വരുന്നതല്ല.
- കുടുംബത്തിന്റെ ഒത്തുചേരലിനുവേണ്ടിയുള്ള പുരുഷൻമാരുടെ പരാതികളും കമ്മീഷൻ പരിഗണിക്കാറുണ്ട്.
- വിവാഹബന്ധം വേർപെടുത്തുന്നതിനുള്ള പരാതികൾ കമ്മീഷൻ സ്വീകരിക്കില്ല.
- നിയമ സഹായം ആവശ്യമുള്ള കേസുകളിൽ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ സേവനങ്ങൾ കമ്മീഷൻ ഉറപ്പാക്കുന്നു.
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതോ പട്ടികജാതി വിഭാഗത്തിലുള്ള പരാതിക്കാരായ പട്ടികവർഗ്ഗ/ എ ടെസ്റ്റ് രാജീവ്ഗാന്ധി .എൻ. കുട്ടികളുടെ പിതൃത്വം തെളിയിക്കുന്നതിനായുള്ള ഡിസ്ത്രീകൾക്ക് ബയോടെക്നോളജിയുടെ ഫോർ ൽസെൻ്ടപിന്തുണയോടെ നടത്തുന്നുഇതിനായി (രൂപ-/20000) . .ഹാജരാക്കണം ഫിക്കറ്റുകൾജാതി സർട്ടി/സാക്ഷ്യപ്പെടുത്തിയ വരുമാന ർതഹസീൽദാ

**ജില്ലാ വനിതാ സെൽ**

സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സംസ്ഥാന പോലീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് വനിതാ സെൽ. കേരളത്തിൽ 19 ജില്ലാ വനിതാ സെല്ലുകൾ പ്രവർത്തിക്കുന്നു.

ഘടന

- ഓരോ വനിതാ സെല്ലിലും ഒരു വനിത സിഐ.
- വനിതാ എസ്ഐമാർ.
- വനിതാ സീനിയർ സിവിൽ പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സേവനമനുഷ്ഠിക്കുന്നു

ചുമതലകൾ

- സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച് പരാതി സ്വീകരിക്കുകയും അവ വിശകലനം ചെയ്ത് അന്വേഷണം നടത്തുകയും ചെയ്യുന്നു.
- ലോക്കൽ പോലീസിന്റെ ശ്രദ്ധയിൽ വന്നിട്ടില്ലാത്ത സംഭവങ്ങളിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നു.
- ലോക്കൽ പോലീസ് അന്വേഷിക്കുന്ന സ്ത്രീ അതിക്രമ കേസുകളിൽ വീഴ്ചയുണ്ടായാൽ അന്വേഷിച്ച് തുടർ നടപടികൾക്ക് ശുപാർശ ചെയ്യൽ.
- സ്ത്രീ സുരക്ഷാ പ്രതിരോധ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ.
- വനിതാ സെൽ മുഖേന കൗൺസിലിംഗ് സേവനവും, ലഹരി വിമുക്ത ചികിത്സയ്ക്കും നിയമ സഹായത്തിനുമുള്ള സഹായങ്ങൾ ചെയ്ത് നൽകുന്നു.
- വനിതാ സെല്ലുകളുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനുകൾ ഉണ്ട് . (1091)
- ശാരീരിക മാനസിക പീഡനങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ കൗൺസിലിംഗും നിയമോപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വനിതാ സെല്ലുകളോട് അനുബന്ധിച്ച് നടത്തുന്ന സംവിധാനമാണ് വിക്റ്റിം സപ്പോർട്ട് സെൽ.
- ഓരോ പഞ്ചായത്തിലും വനിതാ പോലീസ് ഉദ്യോഗസ്ഥയെ ബീറ്റ് ഓഫീസർ എന്ന പേരിൽ ചുമതലപ്പെടുത്തിയിരിക്കുന്നു.

**വനിതാ പ്രൊട്ടക്ഷൻ ഓഫീസർ**

സ്ത്രീകൾക്കെതിരെ നടക്കുന്ന ഗാർഹിക പീഢനം തടയുന്നതിനും ആവശ്യമായുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥയാണ് വനിതാ പ്രൊട്ടക്ഷൻ ഓഫീസർ. വകുപ്പ് 8 (1) പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥയാണ്.

<u>ചുമതലകൾ</u>

- ഗാർഹിക പീഢനം നടന്നതോ, നടക്കാൻ സാധ്യതയുള്ളതോ, തടയാൻ ആവശ്യമുള്ളതോ ആയ കാര്യങ്ങൾ മജിസ്ട്രേറ്റിനെ അറിയിക്കുക.
- മജിസ്ട്രേറ്റ് മുൻപാകെ വരുന്ന പരാതികൾ എതിർ കക്ഷിക്ക് നോട്ടീസ് നൽകി തീർപ്പ്കൽപ്പിക്കുന്നു.
- ഗാർഹിക അതിക്രമത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് പ്രൊട്ടക്ഷൻ ഓർഡർ ലഭ്യമാക്കുക.
- പരാതിക്കാരായ സ്ത്രീകൾക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയുമായി ചേർന്ന് സൗജന്യ നിയമസഹായം ഉറപ്പുവരുത്തുന്നു.
- അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളേയും പെൺകുട്ടികളേയും മജിസ്ട്രേറ്റിന്റെ അധികാര പരിധിയിൽ വരുന്ന ഹോമുകളിലേയ്ക്ക് പുനരധിവസിപ്പിക്കുക.
- സ്ത്രീകൾ വീടുകളിൽ അനുഭവിക്കുന്ന ശാരീരിക, മാനസിക ലൈംഗിക പീഢനങ്ങളിൽ നിന്ന് സംരക്ഷണം നൽകുക.

<u>പരാതി നൽകേണ്ട വിധം</u>

- ഗാർഹിക അതിക്രമത്തിന് ഇരയായ സ്ത്രീ വനിതാ പ്രൊട്ടക്ഷൻ ഓഫീസർക്ക് മുൻപിൽ നേരിട്ട് ഹാജരായി പരാതി നൽകേണ്ടതാണ്.
- അതിക്രമ സമയത്ത് മുറിവുകളോ ശാരീരിക ക്ഷതങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ഗവൺമെൻറ് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും പരാതിയോടൊപ്പം സമർപ്പിക്കാവുന്നതാണ്.
- ഭർത്താവിൽ നിന്ന് ജീവനാംശം ലഭിക്കുന്നതിനുള്ള പരാതിയും അപേക്ഷയും പ്രൊട്ടക്ഷൻ ഓഫീസർ മുൻപാകെ നൽകാവുന്നതാണ്.

**പ്രൊബേഷൻ ഓഫീസർ**

ഗാർഹിക പീഡനത്തിനിരയാവുന്നവർക്ക് സംരക്ഷണം നൽകുന്നതിനായി കേരളത്തിലെ പതിനാല് ജില്ലകൾക്കുമായി 31 സംരക്ഷണ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ജില്ലാ പ്രൊബേഷൻ ഓഫീസർ എന്നാണിവർ അറിയപ്പെടുന്നത്. സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിലാണ് പ്രൊബേഷൻ ഓഫീസറും പ്രവർത്തിക്കുന്നത്. ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് പ്രൊബേഷൻ ഓഫീസർ തയ്യാറാക്കുന്ന ഡൊമസ്റ്റിക് ഇൻഡിസെൻറ് റിപ്പോർട്ട് (ഡി ഐ ആർ) വളരെ പ്രധാനപ്പെട്ടതാണ് . ഈ റിപ്പോർട്ടാണ് അധികാരമുള്ള ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടിന് സമർപ്പിക്കുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതും .

**ചൈൽഡ് വെൽഫെയർ കമ്മിറ്റി**

ബാലനീതി നിയമം പ്രകാരം പ്രത്യേക പരിഗണനയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പ്രത്യേക നിയമ സംവിധാനമാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി. സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് ചിൽഡ്രൻ ഫോമുകളിലാണ് അവ സിറ്റിംഗുകൾ നടത്താറുള്ളത്. ......... ൽ ഉൾപ്പെടെ 4 അംഗങ്ങൾ ഉണ്ടായിരിക്കും. ചെയർമാൻ, ബോർഡ് അംഗങ്ങളിൽ ഒരാളെങ്കിലും വനിത ആയിരിക്കും. ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ അധികാരമാണ് ഈ കമ്മിറ്റിയ്ക്ക് ഉള്ളത്.

<u>ചുമതലകൾ/പ്രവർത്തനങ്ങൾ</u>

- കുട്ടികളുടെ സുരക്ഷയ്ക്കും, പുരോഗതിയ്ക്കും തടസ്സമാകുന്ന പ്രശ്നങ്ങളിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുക.
- ഇത്തരം അന്വേഷണങ്ങൾക്ക് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ ഉദ്യോഗസ്ഥരേയോ മറ്റ് എൻ.ജി.ഒ കളേയോ ചുമതലപ്പെടുത്തുന്നു.

- സ്ഥാപനങ്ങളിലും മറ്റിടങ്ങളിലും മാതാപിതാക്കളുടെ സംരക്ഷണം ലഭ്യമല്ലാത്ത കുട്ടികൾക്ക് ആവശ്യമായ അന്വേഷണങ്ങൾക്കു ശേഷം സ്ഥാപനേതര സംരക്ഷണം നൽകുന്നു.
- കൂടുതൽ കരുതലും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് അവ ഉറപ്പു നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ രക്ഷിതാവിന്/സ്ഥാപനത്തിന് നൽകുക.
- കരുതലും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് അനുയോജ്യമായ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുക.
- കുട്ടികളുടെ ഹോമുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുക.
- ഉപേക്ഷിക്കപ്പെട്ടതോ, അല്ലാത്തതോ ആയ എല്ലാ കുട്ടികളുടേയും സംരക്ഷണം ഉറപ്പു വരുത്തുന്നു.
- നിയമപരമായ ദത്തെടുക്കലിന് വേണ്ടി പ്രോത്സാഹിപ്പിക്കുന്നു.
- ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് മാനസിക പിന്തുണയോടൊപ്പം പുനരധിവാസവും വിദ്യാഭ്യാസവും ഉറപ്പു വരുത്തുന്നു.
- 18 വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും നിയമ പരിരക്ഷ ഉറപ്പു വരുത്തുന്നു.

**ചൈൽഡ് ലൈൻ – 1098**

കുട്ടികളുടെ കരുതലും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനാ സംവിധാനമാണ് ചൈൽഡ് ലൈൻ. തെരുവിൽ അലഞ്ഞുനടക്കുന്ന കുട്ടികൾ, ബാലവേല ചെയ്യുന്നവർ, ഗാർഹിക പീഢനം അനുഭവിക്കുന്ന കുട്ടികൾ, ഒളിച്ചോടി പോകുന്ന കുട്ടികൾ, ലൈംഗിക ചൂഷണം അനുഭവിക്കുന്ന കുട്ടികൾ എന്നിവർക്ക് ചൈൽഡ് ലൈനിന്റെ സേവനം ലഭ്യമാകുന്നു.

<u>ചുമതലകൾ</u>

- അടിയന്തിര ഘട്ടങ്ങളിൽ ദീർഘകാല പുനരധിവാസം ആവശ്യമുള്ള കുട്ടികൾക്ക് മറ്റ് സർക്കാർ–സർക്കാരിതര സംവിധാനങ്ങളുമായി ചേർന്ന് പുനരധിവാസം ഉറപ്പുവരുത്തുന്നു.
- പൊതു സ്ഥലങ്ങളായ റെയിൽവേ സ്റ്റേഷൻ, ഹോസ്പിറ്റലുകൾ തുടങ്ങിയ ഇടങ്ങളിൽ കുട്ടികളുടെ പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധപ്രവർത്തനങ്ങൾ നടത്തുന്നു.
- സ്കൂളിലും, വീടിനുള്ളിലും കുട്ടികൾ അനുഭവിക്കുന്ന ശാരീരിക, മാനസിക ലൈംഗിക ചൂഷണങ്ങളിൽ നിന്ന് സംരക്ഷണം നൽകുക. അത്തരത്തിലുള്ള കുട്ടികളെ അവിടെ നിന്നും രക്ഷപ്പെടുത്തി ......... യിൽ ഹാജരാക്കേണ്ട ചുമതലയും ചൈൽഡ് ലൈനിനുണ്ട്.

അരക്ഷിതാവസ്ഥ അനുഭവിക്കുന്ന (ഭിന്നശേഷിയുള്ള കുട്ടികൾ, ലഹരി ചൂഷണങ്ങൾക്ക് അടിപെട്ടവർ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ, മറ്റ് സ്ഥാപനങ്ങളിൽ താമസിക്കുന്ന കുട്ടികൾ, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, എയ്ഡഡ് ബാധിതരായ കുട്ടികൾ, കുടുംബ പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികൾ എന്നിവർക്ക് മാനസിക പിന്തുണ നൽകുന്നു.

ലീഗൽ സർവ്വീസ് ആക്ട് 1987 പ്രകാരം പ്രവർത്തിക്കുന്ന ലീഗൽ സർവ്വീസ് അതോറിറ്റി ദുർബല വിഭാഗങ്ങൾക്ക് സൗജന്യവും, നീതിപൂർവ്വവുമായ നിയമ സഹായങ്ങൾ നൽകുന്നു. ജില്ലാ സബ് ജഡ്ജ് സെക്രട്ടറിയായി പ്രവർത്തിക്കുന്ന ലീഗൽ സർവ്വീസ് അതോറിറ്റിക്ക് താലൂക്ക് തലത്തിലുള്ള പ്രവർത്തനങ്ങളും ഉണ്ട്. പഞ്ചായത്ത് തലത്തിലുള്ള പാരാ ലീഗൽ വോളണ്ടിയർമാരും നിയമസഹായം ഉറപ്പുവരുത്തുന്നതിനായി ഈ അതോറിറ്റിയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നവരാണ്.

**ജാഗ്രതാ സമിതി**

കേരളത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം എന്നിവയിൽ ഇടപെട്ട് പരിഹരിക്കാനും അത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹ്യ സൃഷ്ടിക്കും വേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ പ്രവർത്തിക്കാൻ ലക്ഷ്യമിട്ട് കൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാ സമിതികൾ.

- സ്ത്രീകളും പെൺകുട്ടികളും കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിക്കുക, പരിഹരിക്കുക
- സ്വയം പ്രശ്നങ്ങൾ ഏറ്റെടുത്ത്കണ്ടെത്തി പരിഹരിക്കാനായി ഇടപെടുക /

- സ്ത്രീകൾക്കും, പെൺകുട്ടികൾക്കും എതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക
- സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക
- സ്ത്രീ പക്ഷ സമീപനത്തോടെ പ്രശ്നങ്ങളെ സമീപിക്കുക
- ആവശ്യമായ നിയമ സഹായവും ഉപദേശവും പ്രചരണവും നൽകുക

എന്നിവയാണ് ജാഗ്രതാ സമിതിയുടെ പ്രധാന ലക്ഷ്യങ്ങളും ഉത്തരാവാദിത്തങ്ങളും

താഴേത്തലത്തിലേക്ക് ജനങ്ങൾക്ക് കാര്യക്ഷമമായി ഇടപെടാൻ കഴിയുന്ന ജാഗ്രതാ സമിതി പോലുള്ള ഒരു സംവിധാനം വളരെ അത്യാവശ്യമാണ്. നിയമ സംവിധാനങ്ങളെ സമീപിക്കാനുള്ള പരിജ്ഞാനം സ്ത്രീകൾക്കുണ്ടാക്കുക, അതിനാവശ്യമായ ആത്മബലവും പിൻതുണയും നൽകുക, അവയുടെ സേവനം സ്ത്രീകളുടെ അടുത്ത് എത്തിക്കുക, നിയമാവബോധം നൽകുക, നീതി നടപ്പിലാക്കാൻ സഹായിക്കുക, ഇവ കൂടാതെ കൗൺസിലിംഗ് ആവശ്യമുള്ള സന്ദർഭങ്ങളിൽ അത് നൽകാനുള്ള സംവിധാനവും ജാഗ്രതാ സമിതി വഴി നടത്തുന്നു.

വികേന്ദ്രീകൃതമായുള്ള ഇത്തരം സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക വഴി നീതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കിക്കൊണ്ട് പ്രശ്നപരിഹാരം സാദ്ധ്യമാവും, സാമൂഹിക നീതി ഉറപ്പ് വരുത്തുക എന്ന കർത്തവ്യം നടപ്പിലാക്കുന്നതിൽ പ്രാദേശിക സർക്കാരുകളെയും ജാഗ്രതാ സമിതികൾ സഹായിക്കുന്നു.

**ജനമൈത്രി പോലീസ്/എക്സൈസ്**

സമൂഹത്തിന്റെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിൽ പൗരന്മാരുടെ പങ്കാളിത്തം, സമൂഹത്തിന്റേയും പോലീസിന്റേയും വിഭവ സംരക്ഷണം എന്നിവയാണ് ജനമൈത്രി സുരക്ഷ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പോലീസിന്റെ പരമ്പരാഗത സമീപനത്തിൽ നിന്നും വ്യത്യസ്തമായി ജനസൗഹൃദപരമായ സമീപനത്തിലേയ്ക്ക് മാറുന്നതിനായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പ്രാദേശിക പ്രശ്നങ്ങളിൽ ഇടപെടാനും, അവയ്ക്ക് പരിഹാരം കാണുവാനും അതത് പോലീസ് സ്റ്റേഷനിൽ നിന്നും ഒരു ബീറ്റ് ഓഫീസറെ ചുമതലപ്പെടുത്തുന്നു. ഈ ഓഫീസർ നേരിട്ടെത്തിയോ, പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ചോ പ്രശ്നപരിഹാരം സാധ്യമാക്കുന്നു.

വിജിലൻറ് ഗ്രൂപ്പ് ഇടപെടുന്ന പ്രശ്നങ്ങളിൽ പോലീസിന്റെ സഹായം ആവശ്യമായി വരുമ്പോൾ അതത് പ്രദേശത്തെ ബീറ്റ് ഓഫീസറെ സമീപിക്കുന്നത് ഉചിതമായിരിക്കും.

- ലഹരി ഉപയോഗംമൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങളിൽ അതാത് എക്സൈസ് റേഞ്ചിൽ വരുന്ന പ്രിവൻറീവ് ഓഫീസറുടെ സേവനം തേടാവുന്നതാണ്.
- എക്സൈസ് ഡിപ്പാർട്ട്മെൻറിന്റെ ''വിമുക്തി'' പദ്ധതിയുമായി ചേർന്ന് ലഹരി വിമുക്ത ചികിത്സ ചെയ്തു കൊടുക്കാവുന്നതാണ്.

സമൂഹത്തിൽ ലഹരി ഉപയോഗം കുറയ്ക്കുന്നതിനും ഇതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളെ ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും എക്സൈസ് ഡിപ്പാർട്ടുമെൻറുമായി ചേർന്ന് പ്രവർത്തിച്ചാൽ വിജിലൻറ് ഗ്രൂപ്പിന് സാധിക്കും.

<u>പോലീസ് സ്റ്റേഷനിൽ പരാതി നൽകുന്ന വിധം</u>

- അതിക്രമം നടന്ന പ്രദേശത്ത് ആ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷനിലാണ് പരാതി നൽകേണ്ടത്.
- സി ആർ പി സി സെക്ഷൻ 154(1) പ്രകാരം പരാതി നൽകുന്ന വ്യക്തി എഫ് ഐ ആറിൽ ഒപ്പ് വെക്കേണ്ടതുണ്ട്. രജിസ്റ്റർ ചെയ്ത പരാതിയുടെ ഒരു കോപ്പി സി ആർ പിസി സെക്ഷൻ 154(2) പ്രാകാരം പരാതിക്കാരി/പരാതിക്കാരന് ലഭിക്കും.
- പരാതി ഫോൺ, ഇമെയിൽ, ടെലിഗ്രാം എന്നിവയായും രേഖപ്പെടുത്താവുന്നതാണ്.
- 15 വയസ്സിന് താഴെയുള്ള കുട്ടികളും, സ്ത്രീകളും തങ്ങൾ താമസിക്കുന്ന സ്ഥലത്ത് നിന്ന് മറ്റൊരിടത്ത് പോലീസ് നടപടിക്കായി പോകേണ്ടതില്ല.

- ലൈംഗിക പീഢനം നടന്നാൽ ആ വ്യക്തിയുടെ വസ്ത്രവും ശരീരവും കഴുകുന്നതിനു മുൻപായി മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാകേണ്ടതുണ്ട്. കേസിന്റെ തുടർ നടപടികൾക്കായി ഇത് അത്യാവശ്യമാണ്.
- സ്ത്രീകളെ അറസ്റ്റ ചെയ്യുമ്പോൾ വനിതാ പോലീസിന്റെ സാന്നിദ്ധ്യം ഉണ്ടാകേണ്ടതുണ്ട്.
- മൊഴി രേഖപ്പെടുത്തുമ്പോൾ ആവശ്യമെങ്കിൽ വനിതാ പോലീസിന്റെ സഹായം അഭ്യർത്ഥിക്കാവുന്നതാണ്
- വികലാംഗരുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കേസുകൾ പരിഹരിക്കുന്നതിനായി സ്റ്റേറ്റ് ഡിസെബിലിറ്റി കമ്മീഷൻ ഓഫീസ് പ്രവർത്തിക്കുന്നു.

**സ്നേഹിതാ ജെൻഡർ ഹെൽപ്പ് ഡെസ്ക് (ആഭ്യന്തര പിന്തുണാ സംവിധാനം)**

അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും താൽക്കാലിക അഭയകേന്ദ്രവും, മാനസിക പിന്തുണയും ഉറപ്പുവരുത്തുന്നതിനായി കുടുബശ്രീ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്.

<u>ഘടന</u>

- 2 കൗൺസിലർ
- 5 സർവ്വീസ് പ്രൊവൈഡർമാർ
- 1 ഓഫീസ് അസിസ്റ്റൻറ്
- 2 സെക്യൂരിറ്റി
- 1 കെയർടേക്കർ

<u>സേവനങ്ങൾ</u>

- 24 മണിക്കൂറും പ്രവർത്തിക്കുന്ന സെൻറർ (ടോൾഫ്രീ നമ്പർ ഓരോ ജില്ലയ്ക്കും)
- കൗൺസിലിംഗ് സേവനങ്ങൾ (വ്യക്തിഗതം, കുടുംബം, പ്രീമാരിറ്റൽ)
- താത്ക്കാലിക അഭയവും സംരക്ഷണവും (3–7 ദിവസം വരെ)
- സ്നേഹിതയിൽ പ്രവർത്തിക്കുന്ന ലീഗൽ എയ്ഡ് ക്ലിനിക്കുവഴി സൗജന്യ നിയമ സഹായം
- ഉപജീവന പരിശീലനങ്ങൾ നൽകുന്ന കേന്ദ്രം
- 24 മണിക്കൂറും ടെലികൗൺസിലിംഗ് സേവനം
- സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.
- ജില്ലാ ജെൻഡർ റിസോഴ്സ് സെൻററായി പ്രവർത്തിക്കുന്നു
- ജെൻഡർ ബോധവത്ക്കരണ പരിപാടികൾ ജില്ലാ/സി.ഡി.എസ്സ്/എ.ഡി.എസ്സ്/എൻ.എച്ച്.ജി തലങ്ങളിൽ സംഘടിപ്പിക്കുന്നു.
- സ്ഥിരമായ പുനരധിവാസം ആവശ്യമുള്ള സ്നേഹിതയിലെത്തുന്ന സ്ത്രീകളേയും കുട്ടികളേയും മറ്റ് സർക്കാർരിതര സംവിധാനങ്ങളുമായി സംയോജിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള സർക്കാ– .സ്വീകരിക്കുന്നു നടപടികൾ
- മറ്റ് വകുപ്പുകളുമായി സംയോജിച്ചുള്ള പ്രവർത്തനങ്ങൾ, ദിനാചരണങ്ങള്, ബോധവത്ക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു.
- സ്കൂളുകൾ (1ബ്ലോക്കടിസ്ഥാനത്തിൽ) കേന്ദ്രീകരിച്ചും 'സ്നേഹിത സ്കൂൾ' എന്ന പേരിൽ സ്നേഹിതയുടെ സേവനങ്ങൾ ലഭ്യമാക്കുന്നു. ലിംഗ്കൗൺസി), ബോധവത്ക്കരണ പരിപാടികൾ, കുടുംബശ്രീ പദ്ധതികളുമായി സംയോജിച്ചുള്ള പ്രവർത്തനം(
- സ്നേഹിത വഴി ലഭ്യമാകുന്ന സേവനങ്ങൾ സൗജന്യമാണ്.

**ലീഗൽ സർവ്വീസ് അതോറിറ്റി**

ചുമതലകൾ

- സാമ്പത്തിക സാമൂഹ്യമായും ക്ലേശമനുഭവിക്കുന്നവർക്ക് നിയമ സഹായങ്ങൾ നൽകുക.
- അദാലത്തുകൾ സംഘടിപ്പിച്ച് സുതാര്യവും നീതിപൂർവ്വവുമായ നിയമ സഹായങ്ങൾ ലഭ്യമാക്കുക.
- നിയമ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
- സ്കൂൾ, കോളേജ് മററ് ഇതര സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ലീഗൽ എയ്ഡ് ക്ലിനിക്ക് സ്ഥാപിക്കുക.
- വനിതാ കമ്മീഷന്റെ ജില്ലാതല അദാലത്തുകളിൽ ആവശ്യമായ പിന്തുണ നൽകുക.
- പരാതികൾ അതാത് ജില്ലാ, താലൂക്ക് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ഓഫീസിൽ നിന്ന് ലഭ്യമാകുന്ന നിശ്ചിത ഫോർമാറ്റിൽ നൽകാവുന്നതാണ്.

## സ്ത്രീകളുടെ അവകാശസംരക്ഷണ പ്രഖ്യാപനങ്ങൾ, കമ്മീഷനുകൾ, നിയമങ്ങൾ

1.1. അന്താരാഷ്ട്രതലം

a) CEDAW പ്രഖ്യാപനം

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള പ്രധാനപ്പെട്ട അന്താരാഷ്ട്ര രേഖയാണ് കൺവെൻഷൻ ഓൺ എലിമിനേഷൻ ഓഫ് ഓൾ ഫോംസ് ഓഫ് ഡിസ്ക്രിമിനേഷൻ എഗയ്ൻസ്റ്റ് വിമെൻ (CEDAW) പ്രഖ്യാപനം. 1979 ൽ നടന്ന ഈ കൺവെൻഷനിൽ വച്ച് ഐക്യരാഷ്ട്രസഭ പാസ്സാക്കിയ ഈ അവകാശ പ്രഖ്യാപനരേഖ, സ്ത്രീകൾക്കെതിരെ നടക്കുന്ന എല്ലാ വിധ വിവേചനങ്ങളും ഇല്ലായ്മ ചെയ്തുകൊണ്ട്, സ്ത്രീകളുടെ സമത്വത്തിനുള്ള അവകാശം ഉറപ്പ വരുത്തുവാൻ എല്ലാ അംഗരാഷ്ട്രങ്ങളും നടപടി എടുക്കണമെന്ന് നിർദ്ദേശിച്ചു. ഇന്ത്യ ഉൾപ്പടെ 189 രാജ്യങ്ങൾ ഈ പ്രഖ്യാപനരേഖ അംഗീകരിച്ചിട്ടുണ്ട്. 1993 ലാണ് ഇന്ത്യ ഈ പ്രഖ്യാപനരേഖ അംഗീകരിച്ചത്.

b) ബീജിംഗ് പ്രഖ്യാപനം

1995 ൽ ബീജിങ്ങിൽ നടന്ന നാലാമത് അന്താരാഷ്ട്ര വനിതാ സമ്മേളനത്തിൽ സ്ത്രീകളുടെ അവകാശ നിഷേധങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും "ബീജിംഗ് പ്രഖ്യാപനം" എന്ന പേരിൽ സ്ത്രീകളുടെ അവകാശ സംരക്ഷണ രേഖയും, രേഖയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികളും പ്രഖ്യാപിക്കുകയും ചെയ്തു. ഗാർഹികാതിക്രമത്തെ അക്രമ പ്രവർത്തിയെന്ന് കണ്ട് അതിനെതിരെ ബോധവൽക്കരണം നടത്താനും ഈ സമ്മേളനം തീരുമാനിക്കുകയുണ്ടായി.

c) ബീജിംഗ് +5 പ്രഖ്യാപനം

ബീജിംഗ് പ്രഖ്യാപനത്തിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി ഐക്യരാഷ്ട്ര സഭ ജനറൽ അസംബ്ലിയുടെ പ്രത്യേക സെഷൻ. 2000 ൽ ന്യൂയോർക്കിൽ വെച്ച് 'ബെയ്ജിംഗ് +5 ' എന്ന പേരിൽ ചേരുകയും സ്ത്രീകളുടെ അവകാശ സംരക്ഷണത്തിനായുള്ള തുടർ നടപടികൾ പ്രഖ്യാപിക്കുകയും ചെയ്തു.

d) ബീജിംഗ് +20

1995 ൽ നടന്ന ബീജിംഗ് പ്രഖ്യാപനത്തിന്റെ 20 വർഷത്തെ പ്രവർത്തനം വിലയിരുത്തുന്നതിനും ബീജിംഗ് പ്രഖ്യാപനത്തിലെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി 2015 സെപ്റ്റംബർ 27 ന് UN Women, ചൈന എന്നിവയുടെ സംയുക്തമാഭിമുഖ്യത്തിൽ ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭാ ആസ്ഥാനത്ത് വച്ച് 1995 ലെ ബീജിംഗ് കൺവെൻഷൻ പങ്കെടുത്ത രാഷ്ട്രങ്ങളിലെ നേതാക്കളുടെ ഒരു അന്താരാഷ്ട്ര സമ്മേളനം നടക്കുകയുണ്ടായി. 2030 നകം ബീജിംഗ് പ്രഖ്യാപനത്തിൽ ലക്ഷ്യമിട്ട ലിംഗസമത്വവും സ്ത്രീശാക്തീകരണവും കൈവരിക്കുന്നതിനുള്ള നടപടികളുടെ പ്രഖ്യാപനമാണ് ഈ ആഗോള സമ്മേളനത്തിൽ ഉണ്ടായത്. ബീജിംഗ് +20 എന്ന പേരിലാണ് ഈ ആഗോള കൺവെൻഷൻ സംഘടിപ്പിക്കപ്പെട്ടത്.

1.2 ദേശീയതലം

a) ഭരണഘടനാവ്യവസ്ഥകൾ

അനുച്ഛേദം 14 : തുല്യതയ്ക്കുള്ള അവകാശം

അനുച്ഛേദം 15 : വിവേചനരാഹിത്യം.

അനുച്ഛേദം 15 (3) : സ്ത്രീകൾക്ക് വേണ്ടി പ്രത്യേക നിയമങ്ങൾ ഉണ്ടാക്കുവാൻ ഭരണകൂടത്തെ അധികാരപ്പെടുത്തൽ

അനുച്ഛേദം 16 : സർക്കാർ ജോലിയിൽ അവസരസമത്വം

അനുച്ഛേദം 19
1. അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യം
2. സമ്മേളന സ്വാതന്ത്ര്യം
3. സംഘടനാ സ്വാതന്ത്ര്യം
4. സഞ്ചാരസ്വാതന്ത്ര്യം
5. താമസിക്കാൻ സ്വാതന്ത്ര്യം
6. തൊഴിൽ, ബിസിനസ് മുതലായവ നടത്താനുള്ള സ്വാതന്ത്ര്യം

അനുച്ഛേദം 21 : അന്തസ്സോടെയും മറ്റും ജീവിക്കാനുള്ള അവകാശം, വ്യക്തിസ്വാതന്ത്ര്യം

അനുച്ഛേദം 23 : മനുഷ്യക്കടത്ത്, നിർബന്ധിത തൊഴിൽ മുതലായ ചൂഷണത്തിൽ നിന്നു മുള്ള സംരക്ഷണം

അനുച്ഛേദം 32 : ഭരണഘടന വാഗ്ദാനം നൽകുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അത് നേടിയെടുക്കുന്നതിനുള്ള പരിഹാരങ്ങൾ

അനുച്ഛേദം 39 : തുല്ല്യ ജോലിക്ക് തുല്ല്യ വേതനം, കഴിവിനു യോജിക്കാത്ത ജോലി എടുക്കാൻ നിർബന്ധിക്കരുതെന്ന നിർദ്ദേശം

അനുച്ഛേദം 42 : ജോലി സ്ഥലം ആരോഗ്യകരമാകണമെന്നും പ്രസവാനുകൂല്യം നൽകണ മെന്നുമുള്ള വ്യവസ്ഥകൾ

അനുച്ഛേദം51എ(ഇ):സ്ത്രീയുടെ അന്തസ്സും അഭിമാനവും ഹനിക്കത്തക്ക പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണ്.

b) ദേശീയ വനിതാ കമ്മീഷൻ

സ്ത്രീകളുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി 1990 ൽ ഇന്ത്യൻ പാർലമെൻറ് ദേശീയ വനിതാ കമ്മീഷൻ നിയമം പാസാക്കുകയും തുടർന്ന് 1992 ൽ ജനുവരിയിൽ ദേശീയ വനിതാ കമ്മീഷൻ രൂപീകരിക്കുകയും ചെയ്തു. ദേശീയ വനിതാ കമ്മീഷന്റെ വിലാസം താഴെ ചേർക്കുന്നു.

National Commission for Women
Plot -21, Jasola Institutional Area
New Delhi-110025
Phone No- 011-26942369, 26944740
Email Id- ncw@nic.in

c) **ദേശീയ വനിതാ നയം**, 2001 (National Policy For the Empowerment of Women, 2001)

സ്ത്രീകളുടെ സർവ്വതോന്മുഖമായ പുരോഗതി നേടിയെടുക്കുന്നതിന് വേണ്ട സമൂഹ്യ-സാമ്പത്തിക-ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക, അതിലൂടെ സ്ത്രീകളുടെ പൂർണ്ണ വ്യക്തി വികാസം സാധ്യമാക്കുക എന്നതാണ് 2001 ലെ ദേശീയ വനിതാ നയം മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാട്. സ്ത്രീകൾ ഇന്ന് നേരിടുന്ന എല്ലാവിധ വെല്ലുവിളികളേയും നേരിടാൻ അവരെ പ്രാപ്തമാക്കുന്നതിനും എല്ലാ തരത്തിലുമുള്ള അതിക്രമങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പുതിയ ദേശീയ വനിതാനയം (National Policy For the Empowerment of Women, 2016) കേന്ദ്രസർക്കാർ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2001 ലെ നയത്തിന്റെ പരിഷ്കരിച്ച രൂപമാണ് 2016 ലെ കരട് നയം. 2016 ലെ നയം അംഗീകരിക്കുന്നതോടെ 2001 ലെ നയം പ്രാബല്യത്തിലുണ്ടാകുകയില്ല.

1.3 **സംസ്ഥാനതലം**

**a)** സംസ്ഥാന വനിതാകമ്മീഷൻ

ദേശീയ വനിതാ കമ്മീഷൻ നിയമം 1990 ൽ പാർലമെൻറ് പാസ്സാക്കിയതിനെ തുടർന്ന് 1990 ൽ കേരള നിയമസഭ കേരള സംസ്ഥാന വനിതാ കമ്മീഷൻ ബിൽ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനയച്ചെങ്കിലും രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത് 1995 ലാണ്. രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് 1995 ൽ കേരള വനിതാ കമ്മീഷൻ നിയമം പാസ്സാക്കുകയും 1996 ൽ

സംസ്ഥാന വനിതാ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. സംസ്ഥാന വനിതാ കമ്മീഷന്റെ വിലാസം ചുവടെ കൊടുക്കുന്നു.

Kerala Women's Commission
Lourde Church, PMG, Pattom.P.O
Thiruvananthapuram
Phone No- 0471-2302590, 2300509
Email Id- keralawomenscommission@yahoo.co.in

**b)** ജാഗ്രതാസമിതി സംവിധാനം

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിക്കുകയും അവ പരിഹരിക്കുന്നതിന് പ്രാദേശികതലത്തിൽ ഇടപെട്ട് പരിഹാരം ഉണ്ടാക്കുന്നതിന് പ്രാദേശികതലത്തിൽ തന്നെ ഔദ്യോഗിക സംവിധാനം ഉണ്ടാകണമെന്ന് ലക്ഷ്യത്തോടെയാണ് സംസ്ഥാന വനിതാ കമ്മീഷന്റെ മേൽനോട്ടത്തിൽ ജില്ലാ–പ്രാദേശികതലങ്ങളിൽ ജാഗ്രതാസമിതികൾ ഉണ്ടാകണമെന്ന് തീരുമാനിച്ചത്.

**c)** സംസ്ഥാന വനിതാ നയം 2015

ദേശീയ വനിതാ നയം പ്രഖ്യാപിച്ചതിന്റെ തുടർച്ചയെന്നോണം 2005 ൽ സംസ്ഥാന വനിതാ നയം പ്രഖ്യാപിക്കുകയുണ്ടായി. 2009 ൽ അത് പരിഷ്കരിക്കുകയുണ്ടായി. തുടർന്ന് 2015 ൽ വീണ്ടും പരിഷ്കരിക്കുകയുണ്ടായി. അതിന് ശേഷം 2015 ൽ തന്നെ Gender Equity and Womens Empowerment Policy 2015 (GEWE 2015) എന്ന പേരിൽ വീണ്ടും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO (MS).No.207/2015/SJD 16.04.2015)

1.4 നിയമവ്യവസ്ഥകൾ

*A.* ***<u>അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ</u>***

1) ഇന്ത്യൻ ശിക്ഷാ നിയമം 1860 (Indian Penal Code 1860)

a) ലൈംഗിക കുറ്റങ്ങൾ

1. പൊതു സ്ഥലത്തുവെച്ച് അശ്ലീല പ്രവൃത്തിചെയ്യുകയോ അസഭ്യം പറയുകയോ ചെയ്താൽ– 294–വകുപ്പ് പ്രകാരം 3 മാസം വരെ കഠിന തടവും പിഴയും.
2. സ്ത്രീയെ തട്ടിക്കൊണ്ട് പോയി അവിഹിത ബന്ധത്തിനോ വിവാഹബന്ധത്തിനോ നിർബന്ധിക്കുന്നത് വകുപ്പ് 366 പ്രകാരം 10 വർഷം തടവും പിഴയും.
3. സ്ത്രീയെ മാനഹാനി വരുത്തണമെന്ന ഉദ്ദേശ്യത്തോടെ ആംഗ്യം കാണിക്കുകയോ ശബ്ദം പുറപ്പെടുവിക്കുകയോ വസ്തുക്കൾ പ്രദർശിപ്പിക്കുകയോ ചെയ്യുന്നത് –509 ാം വകുപ്പ് പ്രകാരം 3 വർഷം വരെ തടവും പിഴയും.
4. മാനഹാനി വരുത്തണമെന്ന ഉദ്ദേശ്യത്തോടെ സ്ത്രീയെ കൈയ്യേറ്റം ചെയ്താൽ – 354 –ാം വകുപ്പ് പ്രകാരം 1 വർഷം മുതൽ 5 വർഷം വരെ തടവും പിഴയും.
5. അശ്ലീല പരാമർശം നടത്തുന്നതും ശരീര ഭാഗങ്ങളിൽ സ്പർശിക്കുന്നത് മുതലായവയും – 354 എ പ്രകാരം – 3 വർഷം വരെ തടവോ പിഴയോ.
6. വിവസ്ത്രയാക്കിയാൽ – വകുപ്പ് 354 ബി പ്രകാരം 3 മുതൽ 7 വർഷം വരെ തടവും പിഴയും.
7. ഒളിഞ്ഞുനോട്ടവും സ്വകാര്യപ്രവൃത്തികൾ ചെയ്യുന്നത് ഫോട്ടോ എടുക്കുന്നതും മറ്റും – 354 സി പ്രകാരം 1 മുതൽ 3 വർഷം വരെ തടവോ പിഴയോ.
8. നിരന്തരം പിൻതുടർന്ന് ശല്യം ചെയ്യുക – 354 ഡി പ്രകാരം 3 വർഷം വരെ തടവും പിഴയും.
9. ബലാൽസംഗം – 376–ാം വകുപ്പ് പ്രകാരം 7 വർഷത്തിൽ കുറയാത്ത കഠിന തടവോ അല്ലെങ്കിൽ ജീവപര്യന്തം വരെയാകാവുന്ന തടവോ പിഴയോ.
10. ബലാൽസംഗത്തിനിരയായ സ്ത്രീ മരിക്കാനിടയായാലോ ജീവച്ഛവമാക്കിയാലോ – 376അ വകുപ്പ് പ്രകാരം 20 വർഷത്തിൽ കുറയാത്ത കഠിന തടവോ/ വധശിക്ഷയോ
11. കോടതിയുടെ ഉത്തരവ് പ്രകാരം പിരിഞ്ഞു താമസിക്കുന്ന ഭാര്യയുടെ സമ്മതം കൂടാതെയുള്ള ലൈംഗികവേഴ്ച്ച 376 ബി പ്രകാരം 2 മുതൽ 7 വർഷം വരെ തടവും പിഴയും.
12. അധികാരമുള്ള വ്യക്തി ബലാൽസംഗം ചെയ്താൽ 376–സി വകുപ്പ് പ്രകാരം 5 വർഷം മുതൽ 10 വർഷം വരെ തടവും പിഴയും
13. കൂട്ടബലാൽസംഗം – 376–ഉ വകുപ്പ് പ്രകാരം 20 വർഷത്തിൽ കുറയാത്ത കഠിന തടവും ജീവപര്യന്തം തടവും പിഴയും.

**b)** വിവാഹസംബന്ധമായ കുറ്റങ്ങൾ

1. നിയമ പ്രകാരം വിവാഹം കഴിക്കാതെ ഭാര്യയാണെന്ന് വിശ്വസിപ്പിച്ച് കൂടെ താമസ്സിപ്പിച്ച് ലൈഗീകബന്ധത്തിലേർപ്പെടുന്നത് – **493** വകുപ്പ് പ്രകാരം **10** വർഷം വരെ തടവും പിഴയും.
2. ഭാര്യ ജീവിച്ചിരിക്കെ മറ്റൊരു വിവാഹം കഴിക്കുന്നത് – **494** വകുപ്പ് പ്രകാരം **7** വർഷം വരെ തടവും പിഴയും.
3. ആദ്യ വിവാഹം മറച്ചുവെച്ച് വിവാഹം കഴിക്കുന്നത് – **495** വകുപ്പ് പ്രകാരം **10** വർഷം വരെ തടവും പിഴയും
4. നിയമസാധുതയില്ലെന്നറിഞ്ഞിട്ടുള്ള വഞ്ചിക്കണമെന്ന ഉദ്ദേശത്തോടെയുള്ള സാധുതയില്ലാത്ത വിവാഹ ചടങ്ങ് നടത്തുന്നത് – **496** വകുപ്പ് പ്രകാരം **7** വർഷം വരെ തടവും പിഴയും.
5. വിവാഹിതയായ സ്ത്രീയെ ഭർത്താവിൽനിന്ന് അകറ്റി അവിഹിത വേഴ്ച നടത്താൻ തടഞ്ഞു വെക്കുന്നത് – **498** വകുപ്പ് പ്രകാരം **2** വർഷം തടവും പിഴയും.
6. സ്ത്രീധനം ആവശ്യപ്പെട്ടോ അല്ലാതെയോ ഭർത്താവോ, ബന്ധുക്കളോ ക്രൂരമായി പെരുമാറുന്നത് – **498**എ വകുപ്പ് പ്രകാരം **3** വർഷം തടവോ, പിഴയോ.
7. വിവാഹ**????** **7** വർഷത്തിനുള്ളിൽ സ്ത്രീധനമരണം – **304** ബി.വകുപ്പ് പ്രകാരം **7** വർഷത്തിൽ കുറയാത്തതും ജീവപര്യന്ത്യം വരെയാകാവുന്നതുമായ ശിക്ഷ ലഭിക്കാവുന്ന കുറ്റം

**2)** കേരള പോലീസ് നിയമം, **2011 (Kerala Police Act, 2011)**

- പൊതുസ്ഥലത്ത് സ്ത്രീയുടെ അന്തസ്സിനെ ഹനിക്കുന്ന ലൈംഗിക ചേഷ്ടകളോ പ്രവൃത്തികളോ ചെയ്താൽ **119** (മ) പ്രകാരം **3** വർഷം തടവും **10000** രൂപ വരെ പിഴയും , രണ്ടും കൂടി
- സ്ത്രീയുടെ സ്വകാര്യതക്ക് ഭംഗം വരും വിധം ഫോട്ടോയോ വീഡിയോയോ എടുക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നത് **119** (യ) പ്രകാരം **3** വർഷം തടവും **10000** രൂപ വരെ പിഴയും , രണ്ടും കൂടി
- തീയറ്റർ മാനേജർ, ബസ് കണ്ടക്ടർ മുതലായ ആ പൊതുസ്ഥലത്തിന്റെ ചുമതലയുള്ള വ്യക്തിയോട് മേൽപറഞ്ഞ കുറ്റത്തെക്കുറിച്ച് പരാതി പറഞ്ഞിട്ടും അത് തടയുവാനോ അത് സംബന്ധിച്ച് അധികാരികളെ അറിയിക്കുവാനോ വേണ്ട ന്യായമായ നടപടി സ്വീകരിക്കാതിരിക്കുകയും അക്കാര്യത്തിൽ ബോധപൂർവ്വം വീഴ്ച്ച വരുത്തുകയും ചെയ്താൽ **119(2)** പ്രകാരം **1000** രൂപ വരെ പിഴ ശിക്ഷ ലഭിക്കും.

**3)** ഗാർഹികപീഡനത്തിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം, **2005 (Protection of Women from Domestic Violence Act, 2005 )**

- ഒരേ വീട്ടിൽ താമസിക്കുന്നതോ താമസിച്ചതോ ആയ ജന്മനാലുള്ള ബന്ധം, വിവാഹബന്ധം, കൂട്ടുകുടുംബബന്ധം, വിവാഹം കഴിക്കാതെയുള്ള ദാമ്പത്യബന്ധം എന്നീ ബന്ധത്തിലെ പുരുഷൻ ആ ബന്ധത്തിലെ സ്ത്രീയെ പീഡിപ്പിക്കുന്നത് ഗാർഹിക പീഡനമാണ്.
- ശാരീരികവും വാക്കാലോ വൈകാരികമോ ലൈംഗികമോ, സാമ്പത്തികമോ ആയ പീഡനങ്ങൾ ഇതിൽ ഉൾപ്പെടും
- ഇത്തരം പരാതി ജില്ലയിലെ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ/സേവനദാതാക്കൾ മുതലായവർ മുമ്പാകെ നൽകാം
- മജിസ്ട്രേറ്റ് മുമ്പാകെ അഭിഭാഷകൻ മുഖാന്തിരവും നൽകാം
- സംരക്ഷണം, നഷ്ടപരിഹാരം, സാമ്പത്തിക നിവൃത്തി, കസ്റ്റഡി മുതലായ ഉചിതമായ ഉത്തരവ് കോടതി നൽകും
- ഇത് കൂടാതെ പരാതിക്കാരിക്ക് താമസിക്കുന്ന വീട്ടിൽ നിന്ന് ഇറക്കി വിടാതിരിക്കാനോ താമസസൗകര്യം ഒരുക്കാനോ ഉള്ള റെസിഡൻസ് ഓഡർ അഥവാ പാർക്കാനുള്ള ഉത്തരവും ലഭിക്കാം
- നിയമസഹായം, ചികിത്സാ സഹായം പാർക്കാനുള്ള സംവിധാനം, കൗൺസലിങ് എന്നിവ സൗജന്യമായി ലഭിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു
- സംരക്ഷണ ഉത്തരവിന്റെ ലംഘനം ഒരു വർഷം വരെ തടവും **20,000** രൂപ പിഴ ശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്

4) സ്ത്രീധനനിരോധന നിയമം 1961 (Dowry Prohibition Act, 1961)

- വിവാഹബന്ധത്തിലെ ഒരു പക്ഷം മറുപക്ഷത്തിനോ അവരുടെ മാതാപിതാക്കൾക്കോ മറ്റ് ബന്ധുക്കൾക്കോ വിവാഹസമയത്തോ അതിന് മുമ്പോ ശേഷമോ, വിവാഹാനുബന്ധമായി നൽകുന്ന സ്വത്തോ, വിലമതിക്കുന്ന പാത്രങ്ങളോ നേരിട്ടോ പരോക്ഷമായോ ആയി നൽകുന്നതിനെയാണ് സ്ത്രീധനം എന്ന് നിയമം വിവരിക്കുന്നത്.
- മഹറും വധൂവരൻമാർക്കുള്ള വിവാഹസമയത്ത് നൽകപ്പെട്ട സമ്മാനങ്ങളും ഇതിൽ നിന്ന് ഒഴിവാക്കപ്പെട്ടവയാണ്.
- സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും അഞ്ച് വർഷത്തിൽ കുറയാത്ത തടവും 15,000 രൂപ പിഴയും (വകുപ്പ് 3) ലഭിക്കാവുന്ന കുറ്റകൃത്യമാണ്
- സ്ത്രീധനം ആവശ്യപ്പെടുന്നത് 6 മാസം മുതൽ 2 വർഷം വരെ തടവും 10,000 രൂപ വരെ പിഴയും (വകുപ്പ് 4) ലഭിക്കാവുന്ന കുറ്റമാണ്
- സ്ത്രീധനം സംബന്ധിച്ച് പരസ്യം നൽകുന്നത്– 6 മാസം മുതൽ 5 വർഷത്തിൽ കുറയാത്ത തടവും 15,000 രൂപ വരെ പിഴയും (വകുപ്പ് 4 ) ലഭിക്കാവുന്ന കുറ്റകൃത്യമാണ്
- വിവാഹത്തിന് മുമ്പ് ലഭിച്ച സ്ത്രീധനം വധുവിന് വിവാഹം കഴിഞ്ഞ് മൂന്ന് മാസത്തിനുള്ളിൽ നൽകാതിരുന്നാൽ– 6 മാസം മുതൽ 2 വർഷം വരെയും പിഴ 5000 രൂപ മുതൽ 10000/ രൂപ വരെയും (വകുപ്പ് 6) ലഭിക്കാവുന്ന കുറ്റമാണ്
- ഈ നിയമം നടപ്പിലാക്കുന്നതിലേക്കായി സാമൂഹ്യനീതി വകുപ്പ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാതല ഉദ്യോഗസ്ഥരെ സ്ത്രീധനനിരോധന ഉദ്യോഗസ്ഥരായി നിയോഗിച്ചിട്ടുണ്ട്.

5) ഗർഭചിദ്രം നിയമം 1971 (Medical Termination of Pregnancy Act 1971)

- ഇന്ത്യൻ ശിക്ഷാനിയമത്തിലെ പല വ്യവസ്ഥകളും ഗർഭചിദ്രം ശിക്ഷാർഹമാക്കിയിട്ടുണ്ട്. എന്നാൽ ഗർഭിണിയായ സ്ത്രീയുടെ ജീവനോ ശാരീരികമാനസികാവസ്ഥക്കോ അപകടമുണ്ടാവുകയോ ഗർഭസ്ഥശിശുവിന് ശാരീരികമോ മാനസികമോ ആയ തകരാറുണ്ടെങ്കിലോ, ബലാൽസംഗം മൂലമുള്ള, ഗർഭനിരോധന ഉപാധിയുടെ തകരാറുമൂലമോ ആണ് ഗർഭധാരണം സംഭവിച്ചതെങ്കിലോ; ആ സ്ത്രീയുടെയോ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെങ്കിൽ കുട്ടിയുടെ മാതാപിതാക്കളുടെയോ മനോരോഗിയെങ്കിൽ രക്ഷിതാവിന്റെയോ, സമ്മതത്തോടെ, ഗർഭചിദ്രം നടത്താവുന്നതാണ്.
- എന്നാൽ ഗർഭസ്ഥ ശിശുവിന് 12 ആഴ്ച്ചക്കും 20 ആഴ്ച്ചക്കും ഇടയിൽ വളർച്ച പ്രാപിച്ചാൽ രണ്ട് രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർമാരുടെ അഭിപ്രായത്തോടെ മാത്രമേ ഗർഭചിദ്രം നടത്താവൂ.

6) സ്ത്രീകളെ അപഹാസ്യമായി ചിത്രീകരിക്കൽ നിരോധന നിയമം 1986 (Indecent Representation of Women Prohibition Act, 1986)

- സ്ത്രീകളുടെ രൂപമോ ശരീരമോ ഏതെങ്കിലും പരസ്യത്തിലോ പ്രസിദ്ധീകരണത്തിലോ എഴുത്തിലോ ചിത്രത്തിലോ മറ്റും അശ്ലീലമായോ അപഹാസ്യമായോ അപകീർത്തികരമായോ, പൊതുജനങ്ങളുടെ സന്മാർഗ്ഗികത നശിപ്പിക്കുകയോ ദുഷിപ്പിക്കുകയോ ഹനിക്കുകയോ ചെയ്യുന്ന തരത്തിൽ ചിത്രീകരിക്കുന്നത് 2 വർഷം വരെ തടവും 2000 രൂപ പിഴയും ലഭിക്കാവുന്ന കുറ്റമാണ്.
- ഇത് ആവർത്തിച്ചാൽ 6 മാസം മുതൽ 5 വർഷം തടവും 10000 രൂപ മുതൽ 1 ലക്ഷം രൂപ വരെ പിഴയും ലഭിക്കാം
- എന്നാൽ ശാസ്ത്രം, സാഹിത്യം, കല , വിദ്യാഭ്യാസം, മതപരമായ ആവശ്യം എന്നിവക്കായിട്ടാണ് മേൽ പറഞ്ഞ ചിത്രീകരണമെങ്കിൽ ഈ നിയമം ബാധകമല്ല

7) സൈബർ നിയമം 2000 (വിവരസാങ്കേതിക നിയമം) (Information Technology Act, 2000)

- കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഡിജിറ്റൽ ക്യാമറ മുതലായ ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉപയോഗിച്ചോ അവ ലക്ഷ്യം വച്ചോ നടത്തുന്ന കുറ്റകൃത്യങ്ങളെയാണ് സൈബർ കുറ്റകൃത്യങ്ങൾ എന്ന് പറയുന്നത്.

- ഇത്തരം കുറ്റകൃത്യങ്ങൾ വ്യക്തികൾക്കെതിരെയും സംഘങ്ങൾക്കെതിരെയും പൊതുസമൂഹത്തിനെതിരെയും ഉണ്ടാവാം.
- മൊബൈൽ/ വെബ് ക്യാമറ വഴി സ്വകാര്യതയിലേക്കുള്ള കടന്നു കയറ്റം, ഇ-മെയിൽ മൊബൈൽ ഫോൺ മറ്റ് നവ മാധ്യമങ്ങൾ വഴി ശല്യപ്പെടുത്തൽ, സൈബർ ഇടങ്ങളിൽ പിൻതുടർന്ന് ശല്യപ്പെടുത്തൽ, കമ്പ്യൂട്ടർ /മൊബൈൽ ഫോൺ എന്തു ചെയ്യുന്നു എന്നറിയാൻ സ്പൈ സോഫ്റ്റ് വെയറുകൾ ഉപയോഗിക്കൽ. ഇൻറർ നെറ്റിലെ ഹിസ്റ്ററി പരിശോധിച്ച് ഭീഷണിപ്പെടുത്തൽ, ഇ-മെയിൽ സ്പൂഫിങ്ങ്, അശ്ലീല ചിത്രങ്ങൾ, മോർഫിങ്ങ് മുതലായവയാണ് സ്ത്രീകൾക്കെതിരെ പൊതുവെ നടക്കുന്ന സൈബർ കുറ്റങ്ങൾ.

<u>**കുറ്റകൃത്യങ്ങളും ശിക്ഷാവ്യവസ്ഥകളും**</u>

- കമ്പ്യൂട്ടർ ഹാക്ക് ചെയ്യുന്നത് **3** വർഷം വരെ തടവും **5** ലക്ഷം പിഴയും (വകുപ്പ് **66**)
- മോഷ്ടിച്ച കമ്പ്യൂട്ടറും മറ്റും വാങ്ങുന്നത് **3** വർഷം വരെ തടവും **1** ലക്ഷം പിഴയും (വകുപ്പ് **66 B**)
- മറ്റൊരാളുടെ പാസ്സ് വേഡ് ഉപയോഗിക്കുന്നത് **3** വർഷം വരെ തടവും **1** ലക്ഷം പിഴയും (വകുപ്പ് **66 C**)
- കമ്പ്യൂട്ടറും മറ്റും ഉപയോഗിച്ചുള്ള വഞ്ചന **3** വർഷം വരെ തടവും **1** ലക്ഷം പിഴയും (വകുപ്പ് **66 D**)
- മറ്റുള്ളവരുടെ സ്വകാര്യഭാഗങ്ങളുടെ ചിത്രമെടുക്കുകയോ, വിതരണം ചെയ്യുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നത് **3** വർഷം വരെ തടവും **2** ലക്ഷം പിഴയും (വകുപ്പ് **66 E**)
- സൈബർ തീവ്രവാദം ജീവപര്യന്തം (വകുപ്പ് **66 F**)
- അശ്ലീലമായ കാര്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് ആദ്യ തവണ **3** വർഷം വരെ തടവും **5** ലക്ഷം വരെ പിഴയും; കുറ്റം ആവർത്തിച്ചാൽ **5**വർഷം വരെ തടവും **10** ലക്ഷം വരെ പിഴയും (വകുപ്പ് **67** )
- അശ്ലീലമായ ചിത്രങ്ങളും വീഡിയോയും മറ്റും പ്രദർശിപ്പിക്കുന്നത് **5**വർഷം വരെ തടവും **10** ലക്ഷം പിഴയും; കുറ്റം ആവർത്തിച്ചാൽ **7**വർഷം വരെ തടവും **10** ലക്ഷം വരെ പിഴയും (വകുപ്പ് **67 A**)
- ഓൺലൈനിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതും മറ്റും **5** വർഷം വരെ തടവും **10** ലക്ഷം പിഴയും; ആവർത്തിച്ചാൽ **7** വർഷം വരെ തടവും **10** ലക്ഷം പിഴയും (വകുപ്പ് **67 B** )

**8)** അസാൻമാർഗ്ഗികവ്യാപാരം തടയൽ നിയമം,**1956 (Immoral Traffic(Prevention)Act 1956)**

- നിർബന്ധിത വേശ്യാവൃത്തി, ലൈംഗിക ചൂഷണം മറ്റ് അസാൻമാർഗ്ഗിക നടപടികൾ എന്നിവ തടയുകയാണ് ഈ നിയമത്തിന്റെ ലക്ഷ്യം
- ഈ നിയമം വേശ്യാവൃത്തി എന്നത് അതേപടി തടയുന്നില്ല
- വേശ്യാലയങ്ങൾ നടത്തുന്നത് ഒരു വർഷം മുതൽ **3** വർഷം വരെ തടവും **2,000** രൂപ വരെ പിഴയും
- അതിനായി സ്ഥലം അനുവദിക്കുന്നതും മറ്റും **2** വർഷം വരെ തടവും **2,000** രൂപ വരെ പിഴയും
- ആവർത്തിച്ചാൽ **2**വർഷം മുതൽ **5** വർഷം വരെ തടവും **2,000** രൂപ പിഴയും
- പ്രായപൂർത്തിയായ വ്യക്തി വേശ്യാവൃത്തിയിലൂടെ ഉപജീവനം നടത്തുന്നതും ഏജൻറായി പ്രവർത്തിക്കുന്നതും **2** വർഷം തടവും **1,000** രൂപ പിഴയും
- കുട്ടിയെ ഉപയോഗിച്ചാണ് മേൽ കുറ്റം ചെയ്യുന്നതെങ്കിൽ **7** വർഷം മുതൽ **10**വരെ തടവ്
- വേശ്യാവൃത്തിക്ക് കൊണ്ടുപോകുന്നതും പ്രലോഭിപ്പിക്കുന്നതും മറ്റും **3** വർഷം മുതൽ **7** വരെ കഠിനതടവ്; **2,000** രൂപ പിഴ
- നിർബന്ധിച്ച് വേശ്യാവൃത്തി ചെയ്യിക്കുന്നത് **3** വർഷം മുതൽ **7** വരെ കഠിനതടവ്; **2,000** രൂപ പിഴ
- മേൽ കുറ്റം കുട്ടിയെ ഉപയോഗിച്ച് ചെയ്താൽ **7** വർഷം മുതൽ ജീവപര്യന്തം വരെ തടവ്
- വേശ്യാവൃത്തിക്കായി മനുഷ്യക്കടത്ത് നടത്തുന്നത് **7** വർഷത്തിൽ കുറയാത്ത തടവ്; കുറ്റം ആവർത്തിച്ചാൽ ജീവപര്യന്തം വരെയോ **10** വർഷം വരെയോ തടവ്.
- വേശ്യാവൃത്തി നടത്തുന്നിടത്ത് ലൈംഗിക ബന്ധത്തിനായി തടഞ്ഞുവച്ചാൽ **7** വർഷം മുതൽ ജീവപര്യന്തം വരെ/ **10** വർഷം വരെ തടവും **1** ലക്ഷം രൂപ പിഴയും
- പൊതു സ്ഥലങ്ങളിലോ പൊതുസ്ഥലത്തിന്റെ പരിസരങ്ങളിലോ വേശ്യാവൃത്തി ചെയ്യുന്നത് (ആരാധനാലയം, വിദ്യാഭ്യാസ സ്ഥാപനം, ആശുപത്രി മുതലായവയുടെ **200** മീറ്റർ ചുറ്റളവിൽ) **3** മാസം വരെ തടവ്.

- കുട്ടിയെ ഉപയോഗിച്ചാണ് മേൽകുറ്റം ചെയ്തതെങ്കിൽ 7 വർഷം മുതൽ ജീവപര്യന്തം വരെ/ 10 വർഷം തടവും പിഴയും

9) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) നിയമം, 2013 (Sexual Harrassment of Women at Work Place (Prevention, Prohibition & Redressal) Act, 2013

- തൊഴിലിടങ്ങളിൽ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ തടയുക, നിരോധിക്കുക, പരിഹാരം കാണുക എന്നിവ ഈ നിയമം ലക്ഷ്യമിടുന്നു
- ഈ നിയമപ്രകാരം തൊഴിലിടങ്ങളിലെ ലൈംഗികപീഡനങ്ങൾ നിർവചിച്ചിട്ടുണ്ട്
- ശാരീരിക ലൈംഗികമായ കാര്യങ്ങൾക്ക് ആവശ്യപ്പെടുന്നതും അപേക്ഷിക്കുന്നതും
- അശ്ലീലസാഹിത്യപ്രദർശനം
- ലൈംഗിക ചുവയുള്ള സംസാരം
- ലൈംഗികചുവയുള്ള വാക്കാലോ അല്ലാത്തതോ, ശാരീരികമോ ആയോ സ്വാഗതാർഹമല്ലാത്ത പ്രവൃത്തികൾ

മേൽ പറഞ്ഞ പ്രവൃത്തികൾ ഉൾപ്പടെയുള്ള സ്വാഗതാർഹമല്ലാത്ത, നേരിട്ടോ വ്യംഗ്യമായോ ഉള്ള പ്രവൃത്തികളെ ലൈംഗിക പീഢനമായി കണക്കാക്കാം.

- തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾക്കെതിരെ പരാതിപ്പെടാൻ എല്ലാ സ്ഥാപനങ്ങളിലും ഇൻറേണൽ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണെന്നും അസംഘടിത മേഖലയിലെ സ്ത്രീകൾക്കായി ജില്ലാതലത്തിൽ ലോക്കൽ കമ്മിറ്റികൾ സ്ഥാപിക്കേണ്ടതാണെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.

10) മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും പരിപാലനത്തിനും ക്ഷേമത്തിനുമുള്ള നിയമം, 2007 (Maintenance and Welfare of Parents & Seniors Citizens Act 2007)

- മുതിർന്ന പൗരന്മാർക്കെതിരെയുള്ള ചൂഷണം തടയുവാനും അവരുടെ സംരക്ഷണത്തിനും ക്ഷേമത്തിനും ഊന്നൽ കൊടുക്കുവാനും ഈ നിയമം ലക്ഷ്യമിടുന്നു.
- മാതാപിതാക്കളുടെ സ്വത്തുക്കൾ ലഭിക്കാൻ അർഹതയുള്ള അവരുടെ ബന്ധുക്കളെയും പൗരന്മാരുടെ സംരക്ഷണ ചെലവ് നല്കുവാൻ മക്കളെയും പേരക്കുട്ടികളെയും മക്കളില്ലാത്ത മുതിർന്ന പൗരന്മാർക്ക് അവരുടെ സ്വത്തുകൾ ലഭിക്കാൻ അർഹതയുള്ള അവരുടെ ബന്ധുക്കളെയും ഈ നിയമം ഉത്തരവാദിത്തപ്പെടുത്തുന്നു.
- ഇത് കൂടാതെ രണ്ടാനച്ഛനും രണ്ടാനമ്മക്കും ദത്തെടുത്ത മാതാപിതാക്കൾക്കും ഈ നിയമം സംരക്ഷണം നല്കുന്നു.
- ഇവ നേടിയെടുക്കുന്നതിന് സംരക്ഷണ ട്രൈബ്യൂണലിനായി ആർ.ഡി.ഒ കോടതിയെ നിയോഗിച്ചിട്ടുണ്ട്.
- 10000 രൂപയാണ് പരമാവധി ലഭിക്കാവുന്ന സംരക്ഷണ ചെലവ്
- 60 വയസ്സ് കഴിഞ്ഞവരെയാണ് മുതിർന്ന പൗന്മരായി കണക്കാക്കിയിരിക്കുന്നത്. എന്നാൽ ഈ നിയമ പ്രകാരമുള്ള സംരക്ഷണത്തിന് മാതാപിതാക്കൾക്ക് 60 തികയണമെന്നില്ല.
- മുതിർന്ന പൗരനെ ഉപേക്ഷിക്കുന്നത്, മൂന്ന് മാസം തടവും 5000 രൂപ പിഴശിക്ഷയും ലഭിക്കുന്ന കുറ്റമാണ് (വകുപ്പ്24 )
- ഈ നിയമം നിലവിൽ വന്നതിന് ശേഷം, തന്നെ സംരക്ഷിക്കുമെന്ന വ്യവസ്ഥയിൽ വിശ്വസിച്ച് ഏതെങ്കിലും മുതിർന്ന പൗരൻ , തന്റെ സ്വത്തുകൾ ആർക്കെങ്കിലും കൈമാറ്റം ചെയ്യുകയും, എന്നാൽ വസ്തുകൈപ്പറ്റിയയാൾ പിന്നീട് ആ വ്യവസ്ഥയിൽ വീഴ്ച്ച വരുത്തുകയും ചെയ്താൽ ആ വസ്തുകൈമാറ്റം അസാധുവാക്കുവാൻ ട്രൈബ്യൂണലിനെ (ആർ.ഡി.ഒ കോടതിയെ) സമീപിക്കാവുന്നതാണ്. (വകുപ്പ്23)

11) ക്രിമിനൽ നടപടിക്രമ നിയമം, 1973 (Code of Criminal Procedure Act, 1973)

- ഒരു സ്ത്രീയെ അറസ്റ്റ് ചെയ്യുമ്പോൾ അവരുടെ അന്തസ്സിനെ ഹനിക്കാത്ത തരത്തിൽ മറ്റൊരു സ്ത്രീയെ കൊണ്ട് മാത്രമേ ദേഹ പരിശോധന നടത്താവൂ- വകുപ്പ് 51 (2), 100(3)

- സ്ത്രീയാണ് പ്രതിയെങ്കിൽ അവരുടെ ദേഹപരിശോധന ഒരു വനിതാ ഡോക്ടറെ കൊണ്ട് മാത്രമേ നടത്തിക്കാവൂ- വകുപ്പ് **53(2)**
- പോലീസ് സാക്ഷിമൊഴി സ്ത്രീകൾ താമസിക്കുന്നിടത്ത് വന്ന് എടുക്കേണ്ടതാണ്. അതായത് സാക്ഷിയായി മൊഴി എടുക്കാൻ അവരെ സ്റ്റേഷനിൽ വിളിച്ച് വരുത്തരുത്.
- ലൈംഗിക കുറ്റകൃത്യത്തിനിരയാവുന്ന സ്ത്രീക്ക് മാനസികമോ ശാരീരികമോ ആയ അവശതകൾ ഉണ്ടായാൽ അവരുടെ മൊഴി അവരുടെ വീട്ടിലോ അവർക്ക് സൗകര്യപ്രദമാകുന്ന മറ്റേതെങ്കിലും സ്ഥലത്തോ വച്ച് എടുക്കേണ്ടതും അത് വീഡിയോ റെക്കോർഡ് ചെയ്യേണ്ടതും കഴിവതും വേഗത്തിൽ മജിസ്ട്രേറ്റ് മുമ്പാകെ **164** സ്റ്റേറ്റ്മെൻറ് എടുപ്പിക്കേണ്ടതുമാണ് (വകുപ്പ്**154 )**
- എല്ലാ ലൈംഗികകുറ്റകൃത്യങ്ങൾക്കും പോലീസ് ഉടനടി മജിസ്ട്രേറ്റ് മുമ്പാകെ **164** സ്റ്റേറ്റ്മെൻറ് എടുപ്പിക്കേണ്ടതുമാണ് ( വകുപ്പ് **164)**
- ലൈംഗിക കുറ്റകൃത്യത്തിനിരയാവുന്നവർക്ക് എല്ലാ ആശുപത്രികളിലും വൈദ്യസഹായം സൗജന്യമായി നല്കേണ്ടതാണ്.( വകുപ്പ് **357** സി)

## *B. വ്യക്തി നിയമങ്ങൾ* :

സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങളിൽ വിവാഹം, പിൻതുടർച്ച മുതലായവ വിഷയങ്ങൾ തീരുമാനിക്കുന്നത് മതാധിഷ്ഠിതമായ വ്യക്തി നിയമങ്ങളാണ്.

**1.** വിവാഹ നിയമങ്ങൾ

**a)** ഹിന്ദു വിവാഹ നിയമം

**1955** ലെ ഹിന്ദു വിവാഹ നിയമം അനുസരിച്ച് മാത്രമേ ഹിന്ദു വിവാഹം നടത്താൻ പാടുള്ളൂ. ഇത്തരം വിവാഹം നടത്താനും വേർപ്പെടുത്താനും പല വ്യവസ്ഥകളും പാലിക്കേണ്ടതുണ്ട്.

1. വിവാഹം അസാധുവാക്കൽ
2. ദാമ്പത്യ ബന്ധം പുനഃസ്ഥാപിക്കൽ
3. ജുഡീഷ്യൽ സെപ്പറേഷൻ
4. വിവാഹമോചനം
5. ഉഭയ സമ്മതപ്രകാരമുള്ള വിവാഹ മോചനം

മേൽ പറഞ്ഞവയുള്ള വ്യവസ്ഥകൾ ഹിന്ദു വിവാഹ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**b)** ക്രിസ്ത്യൻ വിവാഹ നിയമം.

**1872** ലെ ഇന്ത്യൻ ക്രിസ്റ്റീയ സിവിൽ മാര്യേജ് നിയമപ്രകാരമാണ് വിവാഹം. വിവാഹമോചനം സംബന്ധിച്ചുള്ളത് ഇന്ത്യൻ വിവാഹമോചന നിയമമാണ്.

1. വിവാഹ മോചനം
2. ഉഭയ സമ്മതപ്രകാരമുള്ള വിവാഹ മോചനം
3. വിവാഹം അസാധുവാക്കൽ

മേൽ പറഞ്ഞവ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**c)** മുസ്ലിം വിവാഹ നിയമം.

1. മുസ്ലീം വിവാഹം, ആചാരപ്രകാരം ഒരു കരാർ ആയിട്ടാണ് കണക്കാക്കുന്നത്.
2. വിവാഹമോചനം രണ്ട് തരത്തിലാവാം
   - **a)** കോടതി മുഖേന അല്ലാതെ നടത്തുന്നത്
   - **b)** കോടതി മുഖേന നടത്തുന്നത്

കോടതി മുഖേന അല്ലാതെ – തലാഖ് ചൊല്ലിയും ഉഭയസമ്മതപ്രകാരവും വിവാഹബന്ധം ഒഴിയാം.
മുസ്ലീം വിവാഹമോചന നിയമം **1939 (Dissolution of Muslim Marriage Act 1939 )** പ്രകാരമുള്ള ഒമ്പത് കാരണങ്ങളിൽ ഏതെങ്കിലും കാരണത്താൽ മുസ്ലീം സ്ത്രീക്ക് കോടതി മുഖേന വിവാഹമോചനം നേടാം.

**d)** സ്പെഷൽ മാര്യേജ് ആക്ട് **1954 (Special Marriage Act 1954)**

ഈ നിയമം **1955** ൽ നിലവിൽ വന്നു. ഇത് പ്രകാരം പ്രായപൂർത്തിയായ വ്യത്യസ്ഥ മത വിഭാഗത്തിൽപ്പെട്ടവർക്ക് തമ്മിൽ നിബന്ധനകൾ പാലിച്ച് വിവാഹം കഴിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നു. ഈ നിയമത്തിൽ ദാമ്പത്യബന്ധം പുനഃസ്ഥാപിക്കൽ, കാരണസഹിതം വിവാഹമോചനം എന്നിവക്കും വ്യവസ്ഥയുണ്ട്.

ഒരിക്കൽ വിവാഹം കഴിച്ചാൽ കുടുംബകോടതി വഴിയെ വിവാഹമോചനം നടത്താൻ കഴിയൂ.

**2.** ജീവനാംശ നിയമങ്ങൾ

ജീവനാംശം എന്നതിൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസ ചെലവ്, വൈദ്യപരിശോധന,ചികിൽസ, ആരോഗ്യ പരിപാലന ചെലവുകൾ എന്നിവ ഉൾപ്പെടുന്നു.

1) ഹിന്ദു സ്ത്രീകൾക്ക്
ഹിന്ദു അഡോപ്ഷൻ & മെയിൻറനൻസ് നിയമപ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി ചെലവിന് ലഭിക്കും.

2) മുസ്ലിം സ്ത്രീകൾക്ക്
സ്ത്രീക്ക് വ്യക്തി നിയമപ്രകാരവും 1986 ലെ വിവാഹ മോചിതരുടെ അവകാശ സംരക്ഷണ നിയമപ്രകാരവും ക്രിമിനൽ നടപടിക്രമത്തിന്റെ 125 –ാം വകുപ്പ് പ്രകാരവും ഈ വിഭാഗത്തിൽപെട്ടവർക്ക് ജീവനാംശം ലഭിക്കും.

3) ക്രിസ്ത്യൻ സ്ത്രീകൾക്ക്
ക്രൈസ്തവർക്കായി പ്രത്യേക ജീവനാംശ നിയമങ്ങൾ ഇല്ലെങ്കിലും ക്രിമിനൽ നടപടി നിയമം വകുപ്പ് 125 പ്രകാരം ഈ വിഭാഗത്തിൽപെട്ടവർക്ക് ജീവനാംശം ലഭിക്കും.

3. പിൻതുടർച്ചാവകാശ നിയമങ്ങൾ
- ഹിന്ദു
  1956 ലെ ഹിന്ദു പിൻതുടർച്ചാവകാശം ആണ് ബാധകമാകുക ഇത് പ്രകാരം മാതാപിതാക്കളുടെ സ്വത്തിന് പെൺമക്കൾക്കും തുല്യാവകാശം ഉണ്ട്.
- ക്രിസ്ത്യൻ
  1925 ലെ ഇന്ത്യൻ പിൻതുടർച്ചാനിയമം ആണ് ബാധകമാവുക. ഇത് പ്രകാരം പെൺമക്കൾക്കും തുല്ല്യാവകാശം കൈവന്നിരിക്കുന്നു.
- മുസ്ലിം
  ഇസ്ല്ലാമിക സ്വത്ത് നിയമപ്രകാരമാണ് അവകാശം

*C.* ***<u>തൊഴിൽ നിയമങ്ങൾ</u>***

1) ഫാക്ടറി നിയമം 1948 (Factories Act 1948)
- സൗകര്യപ്രദമായ Toilets എല്ലാ ഫാക്ടറിയിലും ഉണ്ടാവണം
- 30 ൽ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനമാണെങ്കിൽ 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കായി ക്രെഷെകൾ ഉണ്ടാവണം
- ചില സാഹചര്യങ്ങൾ ഒഴികെ രാവിലെ 6 മണിക്ക് മുതൽ വൈകുന്നേരം 7 മണിവരെ സ്ത്രീകളെ ജോലി എടുപ്പിക്കാവൂ

2) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് നിയമം 1948 (ESI Act)
- പ്രസവാനുകൂല്യങ്ങൾ ലഭിക്കാൻ അർഹത നൽകുന്നു

3) മൈൻസ് നിയമം 1952 (Mines Act 1952)
- സ്ത്രീകളെ കൊണ്ട് ജോലി എടുപ്പിക്കരുത്
- രാത്രി 7 മുതൽ രാവിലെ 6 വരെ മൈനുകളിൽ ജോലി എടുപ്പിക്കരുത്

4) പ്രസവാനുകൂല്യ നിയമം 1961 (Maternity Benefit Act 1961) & 2017 ലെ ഭേദഗതികൾ
- ബാധകമായ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് പ്രസവാനുകൂല്യങ്ങൾ ലഭിക്കും, ഗർഭിണിയായിരിക്കുമ്പോഴോ, പ്രസവമോ, ഗർഭം അലസലോ അലസിപ്പിക്കലോ നടന്നാലോ അവധി നൽകേണ്ടതാണ്. അവരുടെ ആരോഗ്യസ്ഥിതി അനുസരിച്ച് ജോലിസമയങ്ങൾ നൽകേണ്ടതുമാണ്.
- കുഞ്ഞിന് 15 മാസം ആകും വരെ ദിവസേന രണ്ട് പ്രാവശ്യം മുലയൂട്ടാനും അവസരം നൽകണം
- ഈ അനുകൂല്യങ്ങൾക്ക് പകരമായി ശമ്പളത്തിൽ നിന്ന് തുക വസൂലാക്കാൻ പാടില്ല.

5) തുല്യവേതന നിയമം, 1976 (Equal Remuneration Act 1976), ലിംഗവിവേചനമില്ലാതെ തുല്യ ജോലിക്ക് തുല്യവേതനം നൽകേണ്ടത് തൊഴിലുടമയുടെ ഉത്തരവാദിത്ത്വമാണ്.

6) തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം) നിയമം 2013

തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമങ്ങളിൽ നിന്ന് സംരക്ഷണത്തിനുള്ള വ്യവസ്ഥകൾ, സംവിധാനങ്ങൾ.

## 2. കുട്ടികളുടെ അവകാശസംരക്ഷണ പ്രഖ്യാപനങ്ങൾ, കമ്മീഷനുകൾ, നിയമങ്ങൾ

**2.1** അന്താരാഷ്ട്ര തലം

കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് അന്തർദേശീയ – ദേശീയതലങ്ങളിൽ പല പ്രമാണങ്ങളും നിയമങ്ങളും നിലവിലുണ്ട്.1959 ലെ കുട്ടികളുടെ അവകാശ സംരക്ഷണ പ്രഖ്യാപനത്തിന്റെ ചുവടു പിടിച്ച് ഉണ്ടാക്കിയ കുട്ടികളെ സംബന്ധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട അന്താരാഷ്ട്ര രേഖയാണ് 1989 ലെ ഐക്യരാഷ്ട്ര സഭയുടെ കുട്ടികളുടെ അവകാശ ഉടമ്പടി (UN CONVENTION ON THE RIGHTS OF CHILD -1989). 1992ൽ ഇന്ത്യ ഈ ഉടമ്പടി അംഗീകരിച്ചു. ഈ ഉടമ്പടി പ്രകാരം നാല് തരത്തിലാണ് കുട്ടികളുടെ അവകാശങ്ങളെ തരംതിരിച്ചിരിക്കുന്നത്.

- അതിജീവനം (Survival)
- വികസനം (Development)
- പങ്കാളിത്തം (Participation)
- സംരക്ഷണം (Protection)

**2.2** ദേശീയ തലം

**a)** ഭരണഘടനാ വ്യവസ്ഥകൾ

**i. അവകാശങ്ങൾ**

ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന എല്ലാ അവകാശങ്ങളും കുട്ടികൾക്കും അർഹതപ്പെട്ടതാണ്. കുട്ടികൾക്കായി ചില പ്രത്യേക വ്യവസ്ഥകളും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

അനുഛേദം 15(3) : കുട്ടികളുടെ സംരക്ഷണത്തിനായി പ്രത്യേക നിയമങ്ങൾ ഉണ്ടാക്കുവാൻ ഭരണകൂടത്തിനെ അധികാരപ്പെടുത്തൽ

അനുഛേദം 21 (A) : ആറിനും പതിനാലിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം

അനുഛേദം 23 : മനുഷ്യക്കടത്ത്, നിർബന്ധിത ജോലി എന്നിവ തടയുന്നു

അനുഛേദം 24 : ബാലവേല നിരോധനം

അനുഛേദം 30 : മത–ഭാഷാ ന്യൂനപക്ഷത്തിൽപ്പെട്ട കുട്ടികൾക്ക് അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം

അനുഛേദം 45 : ആറ് വയസ്സുവരെയുള്ള കുട്ടികളുടെ പരിചരണവും വിദ്യാഭ്യാസവും

**ii.** നിർദ്ദേശക തത്വങ്ങൾ

അനുഛേദം 39: കുട്ടികളുടെ പ്രായമോ ശരീരമോ ദുരുപയോഗപ്പെടുത്താതിരിക്കാനും ശരീരത്തിനോ ജീവനോ ഹിതകരമല്ലാത്ത ജോലിക്ക് നിർബന്ധിക്കാതിരിക്കാനും വ്യവസ്ഥ ചെയ്യുന്നു

അനുഛേദം 41 : വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, ചികിത്സ, ശേഷിക്കുറവ് മുതലായവക്കുള്ള പ്രതിവിധിക്കായി സഹായം നൽകുന്നത് രാഷ്ട്രത്തിന്റെ ബാധ്യതയാണ്

അനുഛേദം 45: സൗജന്യവും നിർബന്ധിതവുമായ ശിശുവിദ്യാഭ്യാസം

അനുഛേദം 46: ദുർബല വിഭാഗങ്ങളെ ചൂഷണ വിമുക്തമാക്കേണ്ടത് രാഷ്ട്രബാധ്യത

അനുഛേദം 47: പോഷകാഹാരം, മുതലായവ ഉറപ്പാക്കേണ്ടത് രാഷ്ട്ര ബാധ്യത

**iii.** മൗലിക കർത്തവ്യങ്ങൾ

അനുഛേദം 51A(k): 6നും 14നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കേണ്ടത് മാതാപിതാക്കളുടേയും രക്ഷിതാക്കളുടേയും കടമയാണ്

**b)** ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ നിയമം,2005 (Commission for Protection of Child Rights Act, 2005)

ദേശീയ – സംസ്ഥാനതലങ്ങളിൽ കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്താൻ ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിക്കുക, ബാലാ വകാശലംഘനങ്ങൾക്കെതിരെ നടപടി എടുക്കുവാൻ സംവിധാനമുണ്ടാകുക എന്നീ ലക്ഷ്യങ്ങളാണ് ഈ നിയമത്തിനുള്ളത്. POCSO Act 2012, JJ Act 2015, RTE Act 2009 എന്നീ നിയമങ്ങളുടെ നടത്തിപ്പിനെ കുറിച്ച് നിരീക്ഷണം നടത്തുക

എന്ന ചുമതലയും ബാലാവകാശ സംരക്ഷണ കമ്മീഷനുണ്ട്. ദേശീയ സംസ്ഥാനതലങ്ങളിൽ ബാലാവകാശസംരക്ഷണ കമ്മീഷനുകൾ പ്രവർത്തിച്ചു വരുന്നു.

1. ദേശീയ ബാലാവകാശസംരക്ഷണ കമ്മീഷൻ
മേൽ നിയമം അനുസരിച്ച് 2007 ൽ ദേശീയ ബാലാവകാശസംരക്ഷണ കമ്മീഷൻ ചെയർപേഴ്സണും 6 അംഗങ്ങളുമാണ് കമ്മീഷനിലുള്ളത്.

<u>മേൽവിലാസം</u>
ദേശീയ ബാലാവകാശ സംരക്ഷണകമ്മീഷൻ
5- നില, ചന്ദ്രലോക് ബിൽഡിങ്ങ്, 36 ജനപഥ് ന്യൂഡെൽഹി- 110 001
ഫോൺ നം- 01123478200 ഇ.മെയിൽ-ncpcr@nic.in

2. സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ
2005 ലെ ദേശീയ ബാലാവകാശസംരക്ഷണ കമ്മീഷൻ നിയമത്തിൽ പറഞ്ഞിട്ടുള്ള ചുമതലകൾ സംസ്ഥാനതലത്തിൽ നിറവേറ്റുന്നതിനായി സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ 2013 ജൂണിൽ സംസ്ഥാന സർക്കാർ രൂപീകരിച്ചു. ചെയർപേഴ്സണും 6 അംഗങ്ങളുമടങ്ങുന്നതാണ് കമ്മീഷൻ.

<u>മേൽവിലാസം</u>
കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ
ശ്രീഗണേഷ്, ടി.സി-14/2036,
വാൻറോസ് ജംഗ്ഷൻ, ബേക്കറി ജംഗ്ഷനു സമീപം,
യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം 695 034
ഫോൺ നം- 04712325602 ഇ.മെയിൽ-childrights.cpcr@kerala.gov.in

c) നിയമവ്യവസ്ഥകൾ

A. കുട്ടികൾക്ക് നേരെയുള്ള ക്രിമിനൽ കുറ്റങ്ങൾക്കെതിരെയുള്ള നിയമങ്ങൾ

1) ഇന്ത്യൻ ശിക്ഷാ നിയമം, 1860 (Indian Penal Code,1860)

| ക്രമ നം | കുറ്റത്തിന്റെ സ്വഭാവം | വകുപ്പ് | ശിക്ഷ |
|---|---|---|---|
| 1. | 7 വയസ്സിൽ താഴെ പ്രായമുള്ള ഒരു കുട്ടി കുറ്റം ചെയ്താൽ 82-ാം വകുപ്പ് പ്രകാരം അത് കുറ്റമായി കണക്കാക്കില്ല. 7നും 12നും ഇടയിൽ പ്രായമുള്ള കുട്ടി കുറ്റം ചെയ്താൽ ആ കുറ്റത്തിന്റെ സ്വഭാവവും ഭവിഷ്യത്തും മനസ്സിലാക്കാനുള്ള മാനസിക പക്വതയില്ലെങ്കിലും കുറ്റമായി കണക്കാക്കില്ല | 82 | കുറ്റമായി കണക്കാക്കില്ല |
| 2. | ഗർഭഛിദ്രം നടത്തുന്നതും മറ്റും | 312<br>316 | 7 വർഷം വരെ തടവ്<br>10 വർഷം വരെ തടവ് |
| 3. | 12 വയസ്സിൽ താഴെയുള്ള കുട്ടിയെ തൊഴിലിന് ഉപയോഗിക്കുന്നത് | 317 | 7 വർഷം തടവും പിഴയും |
| 4. | നിയമപരമായ രക്ഷിതാക്കളിൽ നിന്ന് കിഡ്നാപ്പ് ചെയ്യുന്നത് (16 വയസ്സിന് താഴെയുള്ള ആൺകുട്ടി/18 വയസ്സിന് താഴെയുള്ള പെൺകുട്ടി) | 361 | 7 വർഷം തടവും പിഴയും |
| 5. | ഭിക്ഷാടനത്തിനായി കുട്ടിയെ കിഡ്നാപ്പ് ചെയ്യുന്നതും അംഗഭംഗം വരുത്തുന്നതും മറ്റും | 363 A | 10 വർഷം വരെ തടവും പിഴയും |
| 6. | മോചനദ്രവ്യം ആവശ്യപ്പെട്ട് കിഡ്നാപ്പ് | 364 A | വധശിക്ഷയോ; ജീവപര്യന്തവും പിഴ ശിക്ഷയും |
| 7. | മൈനറായ പെൺകുട്ടിയെ വശീകരിച്ച് കൊണ്ടുപോകുന്നത് | 366 A | 10 വർഷം തടവും പിഴയും |

| ക്രമ നം | കുറ്റത്തിന്റെ സ്വഭാവം | വകുപ്പ് | ശിക്ഷ |
|---|---|---|---|
| 8. | അന്യ രാജ്യത്തു നിന്നും പെൺകുട്ടിയെ കടത്തി കൊണ്ട് വരുന്നത് | 366 B | 10 വർഷം തടവും പിഴയും |
| 9. | കുട്ടിയുടെ ശരീരത്തിൽ നിന്ന് എന്തെങ്കിലും അപഹരിക്കണമെന്ന ഉദ്ദേശത്തോടെ കുട്ടിയെ കിഡ്നാപ്പ് ചെയ്യുന്നത് | 369 | 7 വർഷം തടവും പിഴയും |
| 10. | പ്രായപൂർത്തിയാകാത്ത കുട്ടിയെ വേശ്യാവൃത്തിക്കായി വിൽക്കുന്നതും മറ്റും | 372 | 10 വർഷം തടവും പിഴയും |
| 11. | പ്രായപൂർത്തിയാകാത്ത കുട്ടിയെ വേശ്യാ വൃത്തിക്കായി വാങ്ങുന്നതും മറ്റും | 373 | 10 വർഷം തടവും പിഴയും |
| 12. | 18 വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടിയുടെ സമ്മതത്തോടെയും അല്ലാതെയും നടത്തുന്ന ലൈംഗീക വേഴ്ച്ചയും 18 വയസ്സിൽ താഴെ പ്രായമുള്ള ഭാര്യയുമായി നടത്തുന്ന ലൈംഗീക വേഴ്ച്ചയും ബലാൽസംഗമാണ് | 376 (1) | 7 വർഷം മുതൽ ജീവപര്യന്തം വരെയും കഠിന തടവും പിഴയും |
| 13. | പോലീസ് ഉദ്യോഗസ്ഥൻ 16 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെയോ ബാലമന്ദിരത്തിൽ താമസിക്കുന്ന കുട്ടിയെയോ ബലാൽസംഗം ചെയ്താൽ | 376(2) | 10 വർഷം മുതൽ ജീവപര്യന്തം തടവും (ജീവിതാവസാനം വരെ) പിഴയും |
| 14. | പ്രകൃതി വിരുദ്ധ പീഢനങ്ങൾ | 377 | 10 വർഷം തടവും പിഴയും |
| 15. | കുട്ടികടത്ത് | 370 (4) | 10 വർഷം മുതൽ ജീവപര്യന്തം വരെയാകാവുന്ന കഠിന തടവും പിഴയും |
| 16. | ഒന്നിൽ കൂടുതൽ കുട്ടികളെ കടത്തിയാൽ | 370 (5) | 14 വർഷത്തിൽ കുറയാത്ത ജീവപര്യന്തം കഠിന തടവും പിഴയും |
| 17. | ഇത് ആവർത്തിച്ചാൽ | 370 (6) | ജീവിതാവസാനം വരെ തടവും പിഴയും |
| 18. | ഇത്തരത്തിൽ കടത്തികൊണ്ടു വന്ന കുട്ടിയെ ലൈംഗിക ചൂ,ഷണത്തിനു വിധേയമാക്കിയാൽ | 370 A | 5 വർഷം മുതൽ 7 വർഷം വരെ തടവ് |

2) **ബാലനീതി നിയമം- 2015** [Juvenile Justice (Care & Protection of Children) Act 2015]

- 18 വയസ്സിൽ താഴെ പ്രായമുള്ള ആൺകുട്ടികളും പെൺകുട്ടികളും ഈ നിയമത്തിന്റെ സംരക്ഷണത്തിൽ ഉൾപ്പെട്ടും

- ഈ നിയമപ്രകാരം കുട്ടികളെ രണ്ടായി തരം തിരിച്ചിട്ടുണ്ട്.

a) നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി (18 വയസ്സിൽ താഴെ പ്രായത്തിൽ ഏതെങ്കിലും കുറ്റകൃത്യം ചെയ്ത കുട്ടി) (Child in conflict with Law)

b) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (Child in Need of Care & Protection)

- മാതാപിതാക്കളോ രക്ഷിതാക്കളോ ഇല്ലാത്തവർ, കുട്ടികളെ സംരക്ഷിക്കാൻ പ്രാപ്തരല്ലാത്ത മാതാപിതാക്കളുടെ കുട്ടികൾ, ബാലവേല ചെയ്യുന്നവർ, ഭിക്ഷാടനം ചെയ്യുന്നവർ, ശാരീരികമോ ലൈംഗികമോ ആയ പീഢനത്തിനിരയായ കുട്ടികൾ, ലഹരിക്കടിമപ്പെട്ട കുട്ടികൾ മുതലായവർ ഈ ഗണത്തിൽ പെടുന്നു

- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കാര്യത്തിൽ തീർപ്പ കൽപ്പിക്കുന്നത് ജുവൈനൽ ജസ്റ്റിസ് ബോർഡുകളാണ്. ഒരു പ്രിൻസിപ്പാൾ മജിസ്ട്രേട്ടും 2 അംഗങ്ങളും (വിദഗ്ദ്ധർ/സാമൂഹ്യപ്രവർത്തകർ) ചേരുന്നതാണ് ബോർഡ്. അതിൽ ഒരാൾ വനിതയായിരിക്കണം

- ഇത്തരം കുട്ടികൾക്ക് പൊതുവെ ജാമ്യം നൽകാം. എന്നാൽ ഉചിതമെന്ന് തോന്നുന്ന സാഹചര്യത്തിൽ ജാമ്യം നൽകാതെ ഒബ്സർവേഷൻ ഹോമുകളിൽ പാർപ്പിക്കാം. സ്പെഷ്യൽ ഹോം, പ്ലേയ്സ് ഓഫ് സേഫ്റ്റി മുതലായ സംവിധാനങ്ങളും ഉണ്ട്

- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ അടിസ്ഥാന ജീവിതാവശ്യങ്ങളും മനുഷ്യാവകാശ സംരക്ഷണവും ഉറപ്പാക്കാനുള്ള നടപടികൾ എടുക്കാൻ ഉള്ള അധികാരം ബാലക്ഷേമ സമിതി അഥവാ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ (CWC) ക്കാണ്

- ഒരു ചെയർമാനും 4 അംഗങ്ങളും അടങ്ങുന്നതാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി. അതിൽ ഒരാൾ വനിതയായിരിക്കണം

- ഇത്തരം കുട്ടികളെ ബാലമന്ദിരങ്ങളിൽ (ചിൽഡ്രൻസ് ഹോം) ആണ് പാർപ്പിക്കുക. സർക്കാർ – സർക്കാരിതര സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെടും

- കുട്ടികളുടെ പുനരധിവാസത്തിനും സാമൂഹിക പുനഃരുദ്ഗ്രഥനത്തിനുമായി ദത്തെടുക്കൽ, ഫോസ്റ്റർ കെയർ (താൽക്കാലിക സുരക്ഷ) സ്പോൺസർഷിപ്പ് (യുക്തരായ വ്യക്തികൾ (Fit Person), സ്ഥാപനങ്ങൾ (Fit Institution) എന്നിവ ഉപയോഗപ്പെടുത്താം. കൂടാതെ മറ്റ് സംസ്ഥാനത്ത് നിന്നും വന്ന കുട്ടികളെ തിരിച്ചെത്തിക്കാനുള്ള സംവിധാനവും ലഭ്യമാണ്

**ബാലനീതി നിയമപ്രകാരമുള്ള കുറ്റങ്ങൾ, ശിക്ഷകൾ (പ്രധാനപ്പെട്ടവ)**

| **കുറ്റത്തിന്റെ സ്വഭാവം** | **വകുപ്പ്** | **ശിക്ഷ** |
|---|---|---|
| കുട്ടികളുടെ പേരു വിവരങ്ങൾ വെളിപ്പെടുത്തുന്നത് | വകുപ്പ് 74 | 6 മാസം വരെ തടവും 2 ലക്ഷം രൂപ വരെ പിഴയും |
| കുട്ടികളെ കുട്ടികളുടെ ചുമതലയുള്ള ആൾ ചുമതലയുള്ള സമയത്ത് കുട്ടികളെ ശിക്ഷിക്കുക, ഉപദ്രവിക്കുക, ഉപേക്ഷിക്കുക, ആക്രമിക്കുക, അവഗണിക്കുക മുതലായ പ്രവൃത്തിയിലൂടെ കുട്ടിക്ക് ശാരീരികമോ മാനസികമോ ആയ സമ്മർദ്ദം ഉണ്ടാക്കുന്നത് | വകുപ്പ് 75 | 3 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| കുട്ടിയെ കൊണ്ടോ, കുട്ടിയെ ഉപയോഗിച്ചു കൊണ്ടോ ഭിക്ഷാടനം നടത്തുന്നത് | വകുപ്പ് 76 | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| പൊതുസ്ഥലത്ത് വച്ച് മദ്യമോ ലഹരി വസ്തുക്കളോ കുട്ടിക്ക് നൽകുന്നത് | വകുപ്പ് 77 | 7 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| മദ്യമോ ലഹരിവസ്തുക്കളോ കടത്തുന്നതിനോ വിൽക്കുന്നതിനോ കുട്ടികളെ ഉപയോഗിക്കുന്നത് | വകുപ്പ് 78 | 7 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| അപകടകരമായ തൊഴിൽ ചെയ്യിക്കുന്നതിന് കൊണ്ടു വരികയും ചെയ്യിക്കുകയും വേതനം തടഞ്ഞു വെക്കുകയും ചെയ്യുന്നത് | വകുപ്പ് 79 | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |
| കുട്ടിയെ വാങ്ങുക വിൽക്കുക എന്നിവ ചെയ്യുന്നത് | വകുപ്പ് 81 | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും |

### 3) ബാല്യവിവാഹനിരോധന നിയമം, 2006 (Prohibition of Child Marriage Act, 2006)

- ജാതിമതഭേദമന്യേ, 18 വയസ്സിൽ താഴെയുള്ള പെൺകുട്ടിയെയോ 21 വയസ്സിൽ താഴെയുള്ള ആൺകുട്ടിയേയോ വിവാഹം ചെയ്യാൻ പാടില്ല എന്ന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

- ഇത് തടയുന്നതിനായി ബാല്യവിവാഹ നിരോധന ഉദ്യോസ്ഥരായ ഇഉജഛ മാരെ നിയോഗിച്ചിട്ടുണ്ട്. ബാല്യവിവാഹത്തിനെതിരെ ബോധവൽക്കരണം നടത്താനും തടയാനും ഉത്തരവാദിത്വം ഇവരിൽ നിക്ഷിപ്തമാണ്.

- ബാല്യവിവാഹം തടയാൻ കോടതിയിൽ നിന്ന് 'ഇൻജംഗ്ഷൻ' (Injunction) ഉത്തരവ് നേടാവുന്നതുമാണ്.

- വിവാഹം റദ്ദാക്കാൻ കുട്ടിക്ക് കോടതിയെ സമീപിക്കാനും നിയമം വ്യവസ്ഥ ചെയ്യുന്നു.

- തട്ടികൊണ്ട് പോയിട്ടോ നിർബന്ധിച്ചോ വിവാഹത്തിനായി കുട്ടിയെ വിൽപ്പന നടത്തിയിട്ടോ ഉള്ള സാഹചര്യങ്ങളിൽ ആ വിവാഹം അസാധുവാക്കാവുന്നതാണ്. അത്തരം കുട്ടികൾക്ക് സംരക്ഷണചെലവും താമസസംവിധാനവും നൽകാൻ വിവാഹം കഴിച്ച പുരുഷന്മാർ ബാധ്യസ്ഥനാണ്.

**ബാല്യവിവാഹനിരോധനനിയമപ്രകാരമുള്ള കുറ്റങ്ങൾ, ശിക്ഷകൾ (പ്രധാനപ്പെട്ടവ)**

| കുറ്റത്തിന്റെ സ്വഭാവം | വകുപ്പ് | ശിക്ഷ |
|---|---|---|
| പ്രായപൂർത്തിയായ പുരുഷൻ പ്രായപൂർത്തിയാകാത്ത കുട്ടിയെ വിവാഹം കഴിച്ചാൽ | വകുപ്പ് 9 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |
| ബാല്യവിവാഹം നടത്തുക, അതിന് നിർദ്ദേശം നൽകുക, പ്രേരിപ്പിക്കുക മുതലായ പ്രവൃത്തികൾ ചെയ്യുന്നത് | വകുപ്പ് 10 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |
| വിവാഹം തടഞ്ഞുകൊണ്ടുള്ള കോടതി ഉത്തരവ് ലംഘിക്കുന്നത് | വകുപ്പ് 11 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |
| കുട്ടിയിൽ അധികാരമുള്ള ആൾ ബാല്യവിവാഹത്തിന് അനുമതി നൽകുക, തടയുന്നതിൽ വീഴ്ച വരുത്തുക, മുതലായ പ്രവൃത്തികൾ ചെയ്താൽ | വകുപ്പ് 11 | 2 വർഷം കഠിനതടവും 1 ലക്ഷം രൂപ പിഴശിക്ഷ |

**4) മുലപ്പാലിന് പകരമുള്ള പാൽ, പാൽകുപ്പികൾ, ശിശുക്കൾക്കുള്ള ഭക്ഷണം, (ഉല്പാദനം, എത്തിക്കൽ, വിതരണം, നിയന്ത്രണം) നിയമം 1992 (Infant Milk Substitues, Feeding bottles, Infant foods, (Regulation of Production, Supply and Distribution) Act 1992**

- മുലപ്പാലിന് പകരമുള്ള പാലോ ഭക്ഷണമോ പാൽകുപ്പികളോ സംബന്ധിച്ച പരസ്യം ചെയ്യാൻ പാടില്ല. അവ മുലപ്പാലിലും നല്ലതാണ് എന്ന് വിശ്വസിപ്പിക്കാൻ പാടില്ല.
- അവയുടെ സാമ്പിൾ പാക്കറ്റുകൾ സമ്മാനമായി നൽകരുത്
- ശിശു മന്ദിരങ്ങളിൽ അവ സംഭാവന ചെയ്യാൻ പാടില്ല
- നിങ്ങളുടെ കുഞ്ഞിന് ഏറ്റവും നല്ലത് അമ്മയുടെ പാലാണ് എന്ന് കുഞ്ഞുങ്ങൾക്കായി വില്പന നടത്തുന്ന കുപ്പികളിലും പാത്രങ്ങളിലും ഭക്ഷണവസ്തുക്കളിലും രേഖപ്പെടുത്തണം
- അമ്മയുടെയും കുഞ്ഞിന്റെയും ചിത്രങ്ങൾ അവയുടെ പാത്രത്തിൽ, കുപ്പിയിൽ ഉണ്ടാവരുത് മുതലായ വ്യവസ്ഥകളും നിയമത്തിലുണ്ട്.

ഇത്തരം വ്യവസ്ഥകൾ ലംഘിച്ചാൽ ആ വസ്തുക്കൾ കണ്ടുകെട്ടാവുന്നതാണ്. മാത്രമല്ല, മൂന്ന് വർഷം വരെ തടവും 2000 പിഴ ശിക്ഷയും ലഭിക്കാവുന്ന കുറ്റവും ആണ്.

5) ഗർഭധാരണത്തിന് മുമ്പും ഗർഭാവസ്ഥയിലും (ലിംഗതെരഞ്ഞെടുപ്പ് നിരോധനം) നിയമം 1994/ ഭ്രൂണപരിശോധന നിയമം,1994 (Pre conception-Pre Natal Diagnostic Technics (Prohibition of Sex Selection) Act 1994)

- പെൺഭ്രൂണഹത്യയും ആൺഭ്രൂണം തിരഞ്ഞെടുക്കലും തടയുക വഴി പെൺകുഞ്ഞുങ്ങൾക്കെതിരെയുള്ള വിവേചനം തടയുക എന്ന ലക്ഷ്യമാണീ നിയമത്തിനുള്ളത്.
- ഗർഭധാരണത്തിന് മുമ്പ് ആൺ ഭ്രൂണം തിരഞ്ഞെടുക്കുന്നതും ഗർഭധാരണത്തിന് ശേഷം ഭ്രൂണ പരിശോധന നടത്തി ലിംഗനിർണ്ണയം നടത്തുന്നതും ഈ നിയമം മൂലം നിരോധിച്ചിരിക്കുന്നു.
- ഭ്രൂണലിംഗനിർണ്ണയം നടത്തുന്നതിനുള്ള പരസ്യങ്ങൾ നിരോധിച്ചിട്ടുണ്ട്.
- അൾട്രാസൗണ്ട് മെഷീൻ മുതലായവ രജിസ്ട്രേഷൻ കൂടാതെ വിൽക്കാൻ പാടില്ല
- ഗർഭസ്ഥ ശിശുവിന്റെയോ മാതാവിന്റെയോ ആരോഗ്യപ്രശ്നങ്ങളുമായി ബന്ധപ്പെട്ടല്ലാതെ ഇത്തരം പരിശോധന നടത്താൻ പാടില്ല.
- കുട്ടി ആണോ പെണ്ണോ എന്ന് യാതൊരു രീതിയിലും വെളിപ്പെടുത്തരുത്.
- ഈ നിയമത്തിന്റെ ലംഘനം, മൂന്ന് മുതൽ അഞ്ച് വർഷം വരെ തടവു ശിക്ഷയും 10,000 മുതൽ 50,000 രൂപ വരെ പിഴശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്

6) ലൈംഗികാതിക്രമത്തിൽ നിന്നും കുട്ടികൾക്കുള്ള സംരക്ഷണ നിയമം, 2012 (Protection of Children from Sexual Offences Act, 2012), (POCSO Act)

- കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുവാനും ദ്രുതഗതിയിൽ വിചാരണ നടത്തുവാൻ പ്രത്യേക കോടതി (Special Court) സ്ഥാപിക്കാനും ലക്ഷ്യമിടുന്ന നിയമമാണിത്.
- ഈ നിയമപ്രകാരം ലിംഗഭേദമെന്യേ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഈ നിയമത്തിന്റെ സംരക്ഷണം ലഭിക്കും.
- പ്രവേശിക ലൈംഗികാതിക്രമം മുതൽ ലൈംഗിക ചുവയോടെയുള്ള നോട്ടവും സ്പർശവും അടക്കം എല്ലാ ലൈംഗിക ചേഷ്ടകളും പ്രവൃത്തികളും 6 മാസം മുതൽ ജീവപര്യന്തം വരെ ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ്.
- ഏതെങ്കിലും കുട്ടിയെ ആരെങ്കിലും ലൈംഗികമായി ചൂഷണം ചെയ്യുന്നുവെന്നോ ചെയ്യാൻ ശ്രമിക്കുന്നു എന്നോ അറിവുകിട്ടിയ ഒരു വ്യക്തി അത് നിർബന്ധമായും പോലീസിൽ റിപ്പോർട്ട് ചെയ്യണം. അതിൽ വീഴ്ച വരുത്തിയാൽ വീഴ്ച്ച വരുത്തിയ ആൾക്ക് 6 മാസം തടവു ശിക്ഷ ലഭിക്കും.
- കുട്ടിയുടെ മൊഴി എടുക്കുന്നതും വൈദ്യപരിശോധന നടത്തുന്നതും കുട്ടിക്ക് വിശ്വാസമുള്ളവരുടെ സാന്നിദ്ധ്യത്തിലും ബാലസൗഹൃദപരമായും ആയിരിക്കണം.
- POCSO നിയമപ്രകാരമുള്ള കേസുകൾക്കായി പ്രത്യേക കോടതിയും പ്രത്യേക പബ്ലിക്ക് പ്രോസിക്യൂട്ടർമാരും ഉണ്ടാവണം.
- വിചാരണ വേളയിലോ അതിനു മുമ്പോ കുട്ടിയും പ്രതിയും ആയി നേരിട്ട് കാണാനുള്ള അവസരം ഒഴിവാക്കാൻ പോലീസും മറ്റും ശ്രമിക്കണം.
- ഈ നിയമത്തിൽ കുട്ടിക്ക് നഷ്ടപരിഹാരത്തിനുള്ള വ്യവസ്ഥയുണ്ട്.
- ഈ നിയമപ്രകാരമുള്ള ഒരു കുറ്റകൃത്യവും മദ്ധ്യസ്ഥതയിൽ ഒത്ത് തീർപ്പാക്കാൻ പാടുള്ളതല്ല.
- കുട്ടിയെ ഒരു കാരണവശാലും പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി മൊഴി എടുക്കാൻ പാടില്ല.
- കുട്ടിക്ക് സൗജന്യവൈദ്യപരിശോധനയും ആവശ്യമെങ്കിൽ ചികിത്സയും നൽകേണ്ടതാണ്.

B. തൊഴിൽ നിയമങ്ങൾ

a. ബാലവേല നിരോധന നിയമം, 1986 (Child Labour (Prohibition & Regulation Act) , 1986)

- 14 വയസ്സിൽ താഴെപ്രായമുള്ള കുട്ടികളെ ജോലി എടുപ്പിക്കുന്നത് ചില സന്ദർഭങ്ങളിൽ തടയുകയും ചില സാഹചര്യങ്ങളിൽ നിയന്ത്രിക്കുകയും ചെയ്യുക എന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യം.

- ഈ നിയമത്തിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള **65** തൊഴിൽപ്രക്രിയകളിലും **18** തൊഴിലുകളിലും കുട്ടികളെ ഏർപ്പെടുത്തുന്നത് നിയമം പൂർണ്ണമായും വിലക്കുന്നു. സർക്കസ്, ഹോട്ടൽ, വീടുകൾ, ബിഡി നിർമ്മാണം മുതലായവ ഇതിൽ ഉൾപ്പെടും.
- എന്നാൽ അത്തരം തൊഴിലുകൾ സ്കൂളിന്റേയോ കുടിൽവ്യവസായത്തിന്റേയോ പരിശീലനത്തിന്റേയോ ഭാഗമായിട്ടോ കുടുംബ ബിസിനസുമായി ബന്ധപ്പെട്ടതോ ആണെങ്കിൽ ഈ വ്യവസ്ഥകൾ ബാധകമല്ല.
- ചില തൊഴിലുകളിൽ നിയമം ചില നിയന്ത്രണങ്ങളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. **6** മണിക്കൂറിൽ കൂടുതൽ ഒരു കുട്ടിയെ ജോലിക്ക് നിർത്തരുതെന്നും, ഇടവേളകൾ നൽകണമെന്നും, രാത്രി **7**മുതൽ രാവിലെ **8** വരെ കുട്ടിയെ ജോലിക്ക് വെക്കരുതെന്നും ഒക്കെയുള്ള വ്യവസ്ഥകൾ അവയിൽ ചിലതാണ്.
- ഈ വ്യവസ്ഥകൾ ലംഘിച്ചാൽ മൂന്ന് മാസം മുതൽ ഒരു വർഷം വരെ തടവും **10,000** രൂപ വരെ പിഴയും ലഭിക്കാം.
- എം.സി മെഹ്തയുടെ കേസിൽ സുപ്രീം കോടതിയുടെ വിധിപ്രകാരം ബാലവേല ചെയ്യിച്ച തൊഴിലുടമ ആ കുട്ടിയുടെ വീട്ടിലെ പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് ജോലി നൽകുകയോ ജോലി കൊടുക്കാൻ സാധിച്ചില്ലെങ്കിൽ കുട്ടിയുടെ പേരിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയോ വേണം.

**b)** ട്രേഡ് യൂണിയൻ നിയമം **1926 (Trade Union Act 1926)**

- 15 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് മാത്രമേ ട്രേഡ് യൂണിയൻ അംഗമാകാവൂ.

**c)** ബാലവേല (പണയപ്പെടുത്തൽ) നിയമം **1933 (Pledging for Labour) Act 1933)**

- തൊഴിലുടമയിൽ നിന്ന് പണവും മറ്റും വാങ്ങി പകരം കുട്ടികളെ ജോലി എടുപ്പിക്കുന്നത് നിരോധിക്കുന്നു

**d)** ഫാക്ടറീസ് നിയമം, **1948 (Factories Act 1948)**

- 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ ജോലി ചെയ്യിക്കരുത്
- അപകടകരമായ ജോലികളിൽ കുട്ടികൾ ജോലി ചെയ്യുന്നതിന് നിയന്ത്രണം
- രാത്രി **7** മുതൽ രാവിലെ **6** വരെ ജോലി എടുപ്പിക്കരുത് മുതലായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**C.** വിദ്യാഭ്യാസ അവകാശ നിയമം **, 2009 (Right to Education Act, 2009)**

- 6 നും 14 ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിന് ഉള്ള അവകാശം ഉറപ്പ് നൽകുന്ന നിയമമാണിത്.
- പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ നിയമം ഉദ്ദേശിക്കുന്നു.
- സംഭാവനയും പകിടിപണവും വാങ്ങിയാൽ അതിന്റെ പത്തിരട്ടി തുക പിഴ ശിക്ഷ ലഭിച്ചേക്കാം.
- സ്കൂളിൽ ചേർക്കുന്നതിനായി കുട്ടിയെയോ രക്ഷിതാക്കളെയോ ഇൻർവ്യൂ ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്താൽ **25,000/-** രൂപ ശിക്ഷ ലഭിക്കാം.
- അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിജപ്പെടുത്തി
- കുട്ടികളെ ശാരീരികമായോ മാനസികമായോ പീഡിപ്പിക്കുന്നത് സർവ്വീസ് ചട്ടപ്രകാരം അച്ചടക്ക നടപടികൾക്ക് വിധേയമാക്കാൻ വ്യവസ്ഥ ചെയ്തു.

സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനായി ഉണ്ടാക്കപ്പെട്ടിട്ടുള്ള മേൽപ്പറഞ്ഞ നിയമങ്ങളെക്കുറിച്ച് തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, അവിടെ ജാഗ്രതാസമിതി അംഗങ്ങളായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ അനുദ്യോഗസ്ഥ അംഗങ്ങൾ എന്നിവർക്കെല്ലാം കൃത്യമായ അറിവുണ്ടാവുകയും ആ അറിവ് ഉപയോഗപ്പെടുത്തി സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണാർത്ഥം അവർ പ്രവർത്തിക്കുകയും ചെയ്യുക എന്നത് അവരുടെ ഔദ്യോഗിക ചുമതല മാത്രമല്ല ധാർമ്മികമായ കർത്തവ്യം കൂടിയാണ്.

## 3. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കുള്ള സംവിധാനങ്ങൾ

### 3.1 ജാഗ്രതാ സമിതി

സ്ത്രീകളുടേയും കുട്ടികളുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളും പീഡനങ്ങളും തടയുന്നതിനും അവർക്കുണ്ടാകുന്ന പ്രശ്നങ്ങളിൽ അവരുടെ പക്ഷത്ത് നിന്ന് പരിഹാരം ഉണ്ടാക്കിക്കൊടുക്കുന്നതിനും വേണ്ടിയുള്ള സംവിധാനമാണ് ജാഗ്രതാ സമിതി. ജാഗ്രതാസമിതി പ്രവർത്തനം സംബന്ധിച്ച് വിശദമായ മാർഗരേഖ സാമൂഹ്യക്ഷേമ വകുപ്പിന്റെ **23.6.2007** ലെ സ.ഉ (എം.എസ്)നം **31/07** പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതനുസരിച്ച് വാർഡ് തലത്തിലും പഞ്ചായത്ത്/നഗരസഭ തലത്തിലും ജില്ലാതലത്തിലും ജാഗ്രതാ സമിതികൾ പ്രവർത്തിക്കേണ്ടതുണ്ട്. ജാഗ്രതാ സമിതികളെ ഫലപ്രദമായി പ്രവർത്തിപ്പിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഒരു പ്രധാന ഉത്തരവാദിത്തമാണ്.

### 3.2 നിയമവ്യവസ്ഥകളുമായി ബന്ധപ്പെട്ട സുരക്ഷാസംവിധാനങ്ങൾ

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങളും പീഢനങ്ങളും അവകാശ-നീതി നിഷേധങ്ങളും തടയുന്നതിനും അവരുടെ സുരക്ഷക്കുമായി പൊതുവായുള്ളതും പ്രത്യേകമായുള്ളതുമായ ഒട്ടേറെ സംവിധാനങ്ങൾ നിലവിലുണ്ട്. അങ്ങനെയുള്ള സംവിധാനങ്ങളിൽ പ്രധാനപ്പെട്ടവയും അവയിലൂടെ എന്ത് സൗകര്യം/ സേവനം/ സംരക്ഷണമാണ് ലഭ്യമാകുക എന്നും ചുവടെ കൊടുത്ത പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്നു.

| ക്രമ നം | സംവിധാനം | ബാധകമായ നിയമങ്ങൾ | ആരെ/എവിടെ ബന്ധപ്പെടണം? | ഉപയോഗപ്പെടുത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 1. | Women Protection Officer | DV Act 2005 | 14 ജില്ലകളിലേയും Women Protection Officer മാർ | സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനങ്ങൾ |
| 2. | സ്ത്രീധന നിരോധന ഓഫീസർ | സ്ത്രീധന നിരോധന നിയമം 1961 | സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ (മുഖ്യ സ്ത്രീധന നിരോധന ഓഫീസർ), റീജിയണൽ സ്ത്രീധന നിരോധന ഓഫീസർമാർ (തിരുവനന്തപുരം, എറണാകുളം, കാഴിക്കോട്) | സ്ത്രീധനം സംബന്ധിച്ചുള്ള പരാതികൾ |
| 3. | ശൈശവവിവാഹ നിരോധന ഓഫീസർ | Child Marriage Protection Act 2012 | ഓരോ Integrated Child Development Project ലേയും സി.ഡി.പി.ഒ മാർ (ബ്ലോക്ക്തലത്തിലും നഗരസഭാതലത്തിലും) | ശൈശവ വിവാഹങ്ങൾ തടയുന്നതിനും അത് നടത്തിക്കൊടുക്കുന്ന വരെ ശിക്ഷാനടപടികൾക്ക് വിധേയമാക്കുന്നതിനും |
| 4. | നിർഭയ സെൽ | Nirbhaya Policy 2012, POCSO 2012 തൊഴിലിടങ്ങളിൽ ലൈംഗികാതിക്രമം തടയൽ നിയമം 2013 | തദ്ദേശസ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ, ജില്ലാതല നിർഭയസെൽ, സംസ്ഥാന നിർഭയ സെൽ | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ |
| 5. | Integrated Child Protection Scheme(ICPS) | JJ Act 2000/2015 | District Child Protection Unit (DCPU) | കുട്ടികൾക്കെതിരെയുള്ള അവകാശനിഷേധങ്ങൾ, അതിക്രമങ്ങൾ എന്നിവയിൽ നിന്ന് സംരക്ഷണം |

| ക്രമ നം | സംവിധാനം | ബാധകമായ നിയ മങ്ങൾ | ആരെ/എവിടെ ബന്ധപ്പെ ടണം? | ഉപയോഗപ്പെടു ത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 6. | Juvenile Justice Board(JJ Board) | JJ Act 2000/2015 | അതത് ജില്ലകളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് /ചുമതലയുള്ള ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് (Principal Magistrate, JJ Board) | നിയമവുമായി പൊരു ത്തപ്പെടാത്ത കുട്ടിക ളുടെ സുരക്ഷ, വിക സനം, പുനരധിവാ സം, സംരക്ഷണം എന്നീ കാര്യങ്ങൾക്ക് |
| 7. | Child Welfare Committee(CWC ) | JJ Act 2000/2015 | 14 ജില്ലകളിലേയും Child Welfare Committee കൾ (Chairman CWC) | ശ്രദ്ധയും സംരക്ഷ ണവും ആവശ്യമായ കുട്ടികളുടെ അവകാ ശം, സുരക്ഷ, സംര ക്ഷണം, പുനരധി വാസം എന്നീ ആവശ്യങ്ങൾക്ക് വേണ്ടി |
| 8. | Special Juvenile Police Unit (SJPU) | JJ Act 2000/2015 | Crime Detachment , DySP District Special Juvenile Police Unit | കുട്ടികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളുടെ അന്വേഷണം, ഏകോ പനം |
| 9. | CHILDLINE | CIF(Registered NGO & Central Nodal Agency for Childline Service) | ജില്ലാതല സേവനം, Toll free Phone No1098 | കുട്ടികൾക്കെതിരെ യുള്ള എല്ലാവിധ അതിക്രമങ്ങളിൽ നിന്നും പീഢനങ്ങ ളിൽ നിന്നുമുള്ള സംരക്ഷണം |
| 10. | KELSA/DLSA/TL SC | | KELSA സംസ്ഥാനതല യൂണിറ്റ്, DLSA ജില്ലാതല യൂണിറ്റുകൾ, TLSC താലൂക്ക്തല യൂണിറ്റുകൾ | പീഢനത്തിനും അതി ക്രമങ്ങൾക്കും ഇരയാകുന്നവർക്ക് നിയമസഹായം ജാഗ്ര താസമിതികൾക്ക് നിയമസഹായ പരിശീ ലനങ്ങൾ |
| 11. | ഭൂമിക | നിർഭയ പദ്ധതി | ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ (21 സെല്ലുകൾ) | സ്ത്രീകൾക്കും കുട്ടികൾക്കും എതി രെയുള്ള ലൈംഗികാ തിക്രമങ്ങൾ, സ്ത്രീകൾക്കെതിരായ ഗാർഹിക പീഢനം |
| 12. | Sakhi- One Stop Centre | നിർഭയ പദ്ധതി | 14 ജില്ലകളിലും വനിത പ്രൊട്ടെക്ഷൻ ഓഫീസർമാർ | സ്ത്രീകൾക്കും കുട്ടികൾക്കും എതി രെയുള്ള ലൈംഗികാ തിക്രമങ്ങൾ, സ്ത്രീകൾക്കെതിരായ ഗാർഹിക പീഢനം |

| ക്രമ നം | സംവിധാനം | ബാധകമായ നിയമങ്ങൾ | ആരെ/എവിടെ ബന്ധപ്പെടണം? | ഉപയോഗപ്പെടുത്തേണ്ടി വരുന്ന സന്ദർഭങ്ങൾ |
|---|---|---|---|---|
| 13. | പ്രത്യേക പോലീസ് ഓഫീസർ (OSCC) | നിർഭയ പദ്ധതി | ജില്ലാതലത്തിൽ പ്രത്യേക ചുമതലയുള്ള കുറഞ്ഞത് 7 പോലീസ് ഇൻസ്പെക്ടർമാർ | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള എല്ലാ കുറ്റകൃത്യങ്ങളുടേയും അന്വേഷണം, അതിക്രമങ്ങൾക്ക് ഇരയായവർക്ക് വേണ്ട സഹായം |
| 14. | പ്രത്യേക മെഡിക്കൽ ഓഫീസർ | DV Act 2005 | സംസ്ഥാനത്തെ എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികൾ | ഗാർഹികപീഢനം, ലൈംഗിക പീഢനം എന്നിവയ്ക്ക് വിധേയരാകുന്ന സ്ത്രീകൾ |
| 15. | പ്രത്യേക മെഡിക്കൽ ഓഫീസർ (OSCC) | നിർഭയ പദ്ധതി | ജില്ലാ-താലൂക്ക് ആശുപത്രികളിലെ പ്രത്യേകം ചുമതലപ്പെടുത്തിയ ഗൈനക്കോളജിസ്റ്റുകൾ | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ |
| 16. | ബാലാവകാശ സംരക്ഷണ കമ്മീഷൻ | National Commission for Protection of Child Rights Act, 2005 | സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | എല്ലാ അവകാശനിഷേധങ്ങളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം ലഭിക്കാൻ |
| 17. | വനിതാ കമ്മീഷൻ | ദേശീയ സംസ്ഥാന വനിതാകമ്മീഷൻ നിയമം | സംസ്ഥാന വനിതാകമ്മീഷൻ | എല്ലാ അവകാശനിഷേധങ്ങളിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം ലഭിക്കാൻ |

3.3 മിത്ര 181

പൊതുസ്ഥലങ്ങൾ സ്ത്രീകൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമാക്കുന്നതിനും അവിടെ അവർ പ്രശ്നങ്ങൾ നേരിടുമ്പോൾ അവരെ തത്സമയം സഹായിക്കുന്നതിനുമായി ഏർപ്പെടുത്തിയിട്ടുള്ള ടോൾഫ്രീ-ഹെൽപ് ലൈൻ സംവിധാനമാണ് മിത്ര 181. 181 എന്ന ഫോൺ നമ്പറിൽ 24 മണിക്കൂറും സേവനം ലഭ്യമാകുന്നു. ലാൻറ് ലൈനിൽ നിന്നും മൊബൈൽ ഫോണിൽ നിന്നും വിളിക്കാം. സഹായം ആവശ്യപ്പെട്ടു കൊണ്ടുള്ള ഫോൺവിളി ലഭിച്ചാൽ, ലഭിച്ച സന്ദേശം അതത് ജില്ലകളിലെ പോലീസിനും ചൈൽഡ് ലൈൻ പ്രവർത്തകർക്കും കൈമാറും. തുടർനടപടികൾ അവർ സ്വീകരിക്കും. ആശുപത്രികൾ, ആംബുലൻസ് സേവനങ്ങൾ എന്നിവ ആവശ്യമെങ്കിൽ അതും ലഭ്യമാക്കും. കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷനാണ്
മിത്ര 181 ന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നത്. രാജ്യവ്യാപകമായി സ്ത്രീസുരക്ഷാ സംവിധാനം ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ സംവിധാനം ഇവിടെയും ഒരുക്കിയിട്ടുള്ളത്.

3.4 പിങ്ക് പട്രോൾ (Pink Patrol)

പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനാതിനായി കേരള പോലീസ് ആരംഭിച്ചിട്ടുള്ള സംവിധാനമാണ് പിങ്ക് പട്രോൾ. ഓരോ ജില്ലയിലേയും പോലീസ് മേധാവിയുടെ ചുമതലയിലാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. പിങ്ക് പട്രോൾ ടീമിന്റെ നേതൃത്വം പ്രത്യേക പരിശീലനം നേടിയ ഒരു വനിതാപോലീസ് ഓഫീസർക്കാണ്.

കെ.എസ്.ആർ.ടി.സി ബസ്സുകളിലും സ്വകാര്യബസ്സുകളിലും സ്ത്രീകൾ, വയോജനങ്ങൾ, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള സീറ്റുകൾ അവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, പൂവാലശല്യം ഉൾപ്പടെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ പൊതുസ്ഥലങ്ങളിൽ ഉണ്ടാകുന്ന എല്ലാതരം ശല്യങ്ങളും അതിക്രമങ്ങളും തടയുക, കുട്ടികൾ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരെ യാത്രകളിൽ സഹായിക്കുക എന്നിവയാണ് പിങ്ക് പട്രോൾ വഴി

പ്രധാനമായും ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ. അതിനായി യാത്രാ ബസ്സുകളിലും ബസ് സ്റ്റാൻറുകളിലും സ്കൂൾ–കോളേജ് പരിസരങ്ങളിലും മറ്റ് പൊതു ഇടങ്ങളിലും സ്ഥിരമായി പട്രോളിംഗ് നടത്തുന്നു.

മേൽപ്പറഞ്ഞ സംവിധാനങ്ങളെ സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും പുനരധിവാസത്തിനും വേണ്ടി പ്രയോജനപ്പെടുത്താനുള്ള ശക്തമായ സഹായസംവിധാനമായി മാറാൻ വാർഡ്തല–തദ്ദേശഭരണ സ്ഥാപനതല–ജില്ലാതല ജാഗ്രതാസമിതികൾക്ക് കഴിയണം. തങ്ങളെ സമീപിക്കുന്നവരുടെ പ്രശ്നങ്ങൾക്കും തങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കി ക്കൊടുക്കാൻ മേൽപ്പറഞ്ഞ സംവിധാനങ്ങളെക്കുറിച്ചുള്ള അറിവും അവയുമായുള്ള അടുത്ത ബന്ധവും ജാഗ്രതാസമിതികളിലെ ഓരോ അംഗത്തിനും ഉണ്ടാകേണ്ടതുണ്ട്.

3.5 ബേട്ടി ബച്ചാവോ ബേട്ടി പഠാവോ

ഇന്ത്യയിൽ 0–6 പ്രായത്തിലുള്ള കുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നത് തടയുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയാണ് ബേട്ടി ബച്ചാവോ ബേട്ടി പഠാവോ.

- പെൺകുട്ടികളുടെ അതിജീവനം സംരക്ഷണം ശാക്തീകരണം എന്നിവ ഉറപ്പുവരുത്തുകയാണ് പ്രധാന ലക്ഷ്യം.
- പെൺ ഭ്രൂണഹത്യ, ജനനത്തിന് ശേഷമുള്ള വിവേചനം എന്നിവ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക
- പെൺകുട്ടികളുടെ അതിജീവനം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക. ഇതിനായി നിലവിലുള്ള നിയമ സംവിധാനങ്ങളും ഫലപ്രദം ഉപയോഗിക്കുക
- പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക
- പെൺകുട്ടികളുടെ പങ്കാളിത്തം വർധിപ്പിക്കുക

ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതി ഉൾപ്പെടുത്തി തുടങ്ങിയ സ്കീമാണ് സുകന്യ സമൃദ്ധി യോജന

ഇത് ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതിയിൽ ഉൾപ്പെട്ട ഒരു സമ്പാദ്യപദ്ധതിയാണ്. 10 വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെ രക്ഷിതാക്കൾക്ക് SSY അക്കൗണ്ട് തുടങ്ങാം. ഒരു രക്ഷിതാവിന് 2 പെൺകുട്ടികളുടെ പേരിൽ അക്കൗണ്ട് തുടങ്ങാവുന്നതാണ്. അക്കൗണ്ട് ആരംഭിച്ച് രണ്ടു വർഷം കഴിയുമ്പോഴോ 18 വയസ്സിന് ശേഷം പെൺകുട്ടി വിവാഹിതയാകുമ്പോഴോ ആണ് കാലാവധി കഴിഞ്ഞ് പണം തിരികെ ലഭിക്കുക. നിക്ഷേപത്തിന്റെ പലിശ ഗവൺമെൻറ് കാലാകാലങ്ങളിൽ നിശ്ചയിക്കും. ഇപ്പോൾ 8.5 ശതമാനം പലിശ ആണുള്ളത്. കാലാവധി 21 വർഷമാണെങ്കിലും 15 വർഷം മാത്രമാണ് പണം അടക്കേണ്ടത്.

ഒരു വർഷത്തിൽ അടയ്ക്കാവുന്ന തുക മിനിമം 250 രൂപയും പരമാവധി 1.5 ലക്ഷം രൂപയുമാണ്. പെൺകുട്ടിയുടെ വിവാഹ പ്രായമാകുമ്പോഴേക്കും ഏകദേശം സമ്പാദ്യത്തിന്റെ ഇരട്ടിയോളം ലഭ്യവുന്ന സ്കീം ആണിത്.

3.6 കിഷോരി ശക്തി യോജന

കൗമാരപ്രായക്കാരായ (11–18) പെൺകുട്ടികളുടെ ശാക്തീകരണം ലക്ഷ്യമാക്കിയുള്ളതാണ് ഈ സ്കീം. ഈ പദ്ധതികൾ പ്രകാരം പോഷകാഹാരം, ആരോഗ്യം, ശുചിത്വം എന്നിവ മെച്ചപ്പെടുത്തുക. ജീവിത നൈപുണികൾ വികസിപ്പിക്കുക. കൂടുതൽ അറിവും ആത്മവിശ്വാസവും ഉള്ളവരാക്കി മാറ്റുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ICDS വഴിയാണ് ഈ സ്കീം നടപ്പിലാക്കുന്നത്.

3.7 മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP)

ഇന്ത്യയിലെ സ്ത്രീകളിൽ ഭൂരിഭാഗവും കാർഷികമേഖലയെ ആശ്രയിച്ച് ജോലി ചെയ്യുന്നവരാണ്. കാർഷികമേഖലയിൽ സ്ത്രീകൾക്കുള്ള പിന്തുണാ സംവിധാനം ശക്തിപ്പെടുത്തുകയാണ് ഈ സ്കീമുകളിലൂടെ ലക്ഷ്യമിടുന്നത്. ദരിദ്രരായ സ്ത്രീ കർഷകരുടെ സാമൂഹിക സംഘടനകളെ ശാക്തീകരിച്ച് കാർഷിക മേഖലയിൽ സ്ത്രീകൾക്ക് സുസ്ഥിര വരുമാനം നേടിക്കൊടുക്കലാണ് ലക്ഷ്യം. കേരളത്തിൽ കുടുംബശ്രീയുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്.

3.8 സ്കീം ഫോർ അഡോളസെന്റ് ഗേൾസ്

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണം ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ നടപ്പിലാക്കുന്ന സ്കീം. പോഷണനിലവാരം, ആരോഗ്യം, നൈപുണികൾ എന്നിവ മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. 11–14 വയസ്സ് വരെയുള്ള സ്കൂളിൽ പോവാത്ത പെൺകുട്ടികളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഇവരെ ഔപചാരിക വിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരിക എന്നത് കൂടി ഇതിന്റെ ലക്ഷ്യമാണ്. ICDS വഴിയാണ് ഇത് നടപ്പിലാക്കുന്നത്.

3.9 മദർ ആന്റ് ചൈൽഡ് ട്രാക്കിംഗ് സിസ്റ്റം (MCTS)

2009 ൽ ആരംഭിച്ച വെബ് അധിഷ്ഠിത സംവിധാനമാണിത്. എല്ലാ ഗർഭിണികളെയും ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നു. രജിസ്റ്റർ ചെയ്യുന്ന മുഴുവൻ ഗർഭിണികളുടെയും പ്രതിരോധ മരുന്നുകൾ, കുത്തിവെയ്പ്പുകൾ, ഗർഭകാല പരിചരണം, പ്രസവം, പ്രസവാനന്തര ശുശ്രൂഷ എന്നിവയെല്ലാം മോണിറ്റർ ചെയ്യപ്പെടുന്നു. ഓരോ ഘട്ടത്തിലും ആവശ്യമായ പിന്തുണ ഉറപ്പ് വരുത്തുന്നു.

3.10 സബല

കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും ശാക്തീകരണത്തിനും വേണ്ടി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സബല. 11 മുതൽ 18 വരെയുള്ള പെൺകുട്ടികളെല്ലാം സബല പദ്ധതിയുടെ ഭാഗമായിരിക്കും. ഇവരുടെ വിവരങ്ങൾ അങ്കണവാടികളിൽ പ്രത്യേക രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. അർഹതപ്പെട്ടവർക്ക് പോഷകാഹാരം വിതരണം ചെയ്യേണ്ടതാണ്. സ്കൂളിൽ നിന്നും കൊഴിഞ്ഞു പോയവരെ കണ്ടെത്തി സ്കൂളുകളിൽ എത്തിക്കുക, പെൺകുട്ടികൾക്ക് ആരോഗ്യശുചിത്വം, പൊതുസംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് ധാരണ ഉണ്ടാക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. കേരളത്തിൽ കൊല്ലം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളാണ് സബല പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

3.11 രാഷ്ട്രീയ മഹിളാഘോഷ് (RMK)

RMK നാഷണൽ ക്രെഡിറ്റ് ഫണ്ട് ഓഫ് വുമൺ എന്ന പേരിലും അറിയപ്പെടുന്നു. പാവപ്പെട്ട വനിതകളുടെ വായ്പ ആവശ്യങ്ങൾ നിറവേറ്റുകയാണ് പ്രധാന ലക്ഷ്യം. സ്വയം സഹായക സംഘങ്ങളുടെ മൈക്രോ ക്രെഡിറ്റ് സൗകര്യമാണ് ഇതിലൂടെ ലഭ്യമാവുന്നത്. ഈ വായ്പ ഉപയോഗിച്ച് ഇവരുടെ സാമൂഹ്യ–സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുകയാണ് ലക്ഷ്യം.

3.12 സ്നേഹസ്പർശം

ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യ മായ സാമ്പത്തിക സഹായം നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് സ്നേഹസ്പർശം. പ്രതി മാസം 1000 രൂപ വീതമാണ് ഈ പദ്ധതിയിലൂടെ ധനസഹായമായി നൽകുന്നത്.

3.13 പ്രത്യാശ വിവാഹ ധനസഹായപദ്ധതി

വ്യക്തികളും കോർപ്പറേഷനുകളും കേരള സാമൂഹ്യസുരക്ഷാമിഷനും സംയുക്ത സംരംഭമായി ആരംഭിച്ച നൂതനമായ പദ്ധതിയാണിത്. ദരിദ്രകുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ചെലവ് കണ്ടെത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്.

വ്യക്തികളോ സ്ഥാപനങ്ങളോ 25000 രൂപയോ അതിന്റെ ഗുണിതങ്ങളോ സംഭാവനയായി നൽകിയാൽ തത്തുല്യമായ തുക മിഷനും വഹിച്ചു കൊണ്ട് 50000 രൂപ ഒരു ദരിദ്രയുവതിക്ക് വിവാഹ ധനസഹായമായി നൽകുന്ന പദ്ധതിയാണിത്. ഈ ഇനത്തിൽ സംഭാവന ലഭിക്കുന്ന മുറക്ക് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ. ഗുണഭോക്താക്കൾ 22 വയസ്സ് കഴിഞ്ഞവരും നിർദ്ധന കുടുംബശ്രീയിൽപ്പെട്ടവരും ആയിരിക്കണം. സംഭാവന നൽകുന്നവർക്ക് ഗുണഭോക്താക്കളെ നിർദ്ദേശിക്കാവുന്നതാണ്.

3.14 മംഗല്യ പദ്ധതി–(വിധവാ വിവാഹ പ്രോത്സാഹനം) –

വിധവകൾ, നിയമപരമായി വിവാഹമോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിനു കേരള സർക്കാർ സാമൂഹികനീതി വകുപ്പ് മുഖേന ധനസഹായം നൽകുന്ന പദ്ധതിയാണ് മംഗല്യ പദ്ധതി. 18 മുതൽ 50 വയസ്സുവരെയുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കാണ് അർഹത. 2500 രൂപയാണ് ധനസഹായം

3.15 സ്വാധാർ സ്കീം

ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ, എന്നിവർക്കു താമസം, ഭക്ഷണം, വസ്ത്രം, കൗൺസിലിംഗ്, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്വാധർ സ്കീം. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്കാണ് അപേക്ഷ നൽകേണ്ടത്.

വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനസഹായം. നൽകുന്ന പദ്ധതിയാണിത്. ഒരു കുടുംബത്തിൽ പരമാവധി രണ്ടു കുട്ടികൾക്കു വരെ അർഹത.

എസ്.എസ്.എൽ.സി . മുതൽ പ്ലസ്ടുവരെ പ്രതിമാസം 250 രൂപ

ഡിഗ്രി മുതൽ ഉടർ വിദ്യാഭ്യാസത്തിന് – പ്രതിമാസം 500 രൂപ

3.16 ഉജ്വല സ്കീം

ലൈംഗിക ചൂഷണത്തിന് ഇരയായവർക്കും, ചൂഷണത്തിന് ഇരയാകാൻ സാദ്ധ്യതയുള്ളവർക്കും പുനരധിവസിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല സ്കീം. അപേക്ഷകൾ സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

ആശ്വാസനിധി പദ്ധതി – ലൈംഗികാതിക്രമം, ആസിഡ് ആക്രമണം, പീഢനം, ഹീനമായ ലിംഗവിവേചനം എന്നിവയ്ക്ക് ഇരയായവർ, ഇത്തരം ആക്രമത്തിന് ഇരയായി ജീവൻ നഷ്ടപ്പെട്ടവരുടെ അവകാശികൾ എന്നിവർക്കുള്ള ധനസഹായപദ്ധതി. ആക്രമണങ്ങൾക്കനുസരിച്ച് 25000 മുതൽ 2 ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നു. വിശദവിവരം വനിത പ്രൊട്ടക്ഷൻ ഓഫീസിൽ നിന്ന് ലഭിക്കുന്നു.

3.17 വനിതാവികസന കോർപ്പറേഷൻ വഴിയുള്ള പദ്ധതികൾ

1. വായ്പാ പദ്ധതികൾ
   വനിതകൾക്ക് വിവിധതരം വായ്പകൾ 3% മുതൽ 6% കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കുന്നു. 18 നും 55 നും ഇടയ്ക്ക് പ്രായമുള്ള വനിതകൾക്ക് വായ്പ ലഭ്യമാക്കുന്നു.

2. സ്വയം തൊഴിൽ വായ്പ
   - ന്യൂനപക്ഷവിഭാഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ . ദേശീയ ഏജൻസിയുടെ പ്രത്യേക അനുമതിയോടെ 10 ലക്ഷം വരെ
   - പിന്നോക്ക വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപ വരെ ദേശീയ ഏജൻസിയുടെ പ്രത്യേക അനുമതിയോടെ 10 ലക്ഷം വരെ
   - മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്കുള്ള വായ്പ

3. മൈക്രോ ഫൈനാൻസ് പദ്ധതി
   75% എങ്കിലും ന്യൂനപക്ഷ, പിന്നോക്ക/പട്ടികജാതി വിഭാഗത്തിലെ വനിതകൾ ഉൾപ്പെടുന്ന സ്വയംസഹായകസംഘങ്ങൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്നു. സംഘത്തിൽ ചുരുങ്ങിയത് 10 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. ഒരാൾക്ക് പരമാവധി 50000 രൂപ വരെയുള്ള നിരക്കിൽ വായ്പ ലഭ്യമാണ്.

4. വിദ്യാഭ്യാസ വായ്പാപദ്ധതി
   പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ job oriented ഡിഗ്രി കോഴ്സുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് വായ്പ പദ്ധതി. ഇന്ത്യയ്ക്കകത്ത് പരമാവധി 10 ലക്ഷം രൂപയും വിദേശത്ത് പരമാവധി 20 ലക്ഷം രൂപയും ലഭ്യമാവുന്നതാണ്.

5. വർക്കിംഗ് വുമൺസ് ഹോസ്റ്റലുകൾ
   നഗരപ്രദേശങ്ങളിൽ ജോലിയെടുക്കുന്ന വനിതാഉദ്യോഗസ്ഥർക്ക് കുറഞ്ഞ നിരക്കിൽ സുരക്ഷിത താമസസൗകര്യം ലഭ്യമാക്കുന്നതിനായി വനിത വികസന കോർപ്പറേഷൻ തിരുവനന്തപുരം, എറണാകുളം, മഞ്ചേരി, കണ്ണൂർ, തിരൂർ, വയനാട് തുടങ്ങിയ സ്ഥലങ്ങളിൽ വർക്കിംഗ് വുമൺസ് ഹോസ്റ്റലുകൾ നേരിട്ട് നടത്തി വരുന്നു.

3.18. നിർഭയ

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ വർധിച്ചുകൊണ്ടിരിക്കുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് രൂപം നൽകിയ പദ്ധതിയാണ് 'നിർഭയ'. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സർക്കാരിതര സന്നദ്ധ സംഘടനകൾ, സ്വയം സഹായ സംഘടനകൾ, ജനമൈത്രീ പോലീസ്, തുടങ്ങിയവയുടെ സഹായത്തോടെ, ലൈംഗിക അതിക്രമങ്ങൾ തടയാൻ, ലൈംഗിക പീഡനങ്ങൾക്കിരയാവുന്നവരെ രക്ഷപ്പെടുത്തൽ, അവരുടെ സംരക്ഷണം, പുനരധിവാസം തുടങ്ങിയവയാണ് നിർഭയയുടെ പ്രധാന പ്രവർത്തനങ്ങൾ .

സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി ചെയർമാനായുള്ള സമിതിയും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായുമുള്ള നിർഭയ കമ്മറ്റികളാണ് പദ്ധതിക്ക് നേതൃത്വം നൽകുക. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/മേയർ ചെയർമാനായ ജാഗ്രതാ സമിതികളാണ് പ്രാദേശികതലത്തിൽ നിർഭയക്കുള്ള സംവിധാനം.

3.19 വൺസ്റ്റോപ്പ് ക്രൈസിസ് സെൽ/ ഭൂമിക

ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രികളോട് അനുബന്ധിച്ച് 21 വൺസ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചു വരുന്നു. ആക്രമങ്ങൾക്കിരയാവുന്നവർക്ക് വൈദ്യസഹായം, പോലീസ് സഹായം, നിയമ സഹായം, കൗൺസിലിംഗ് തുടങ്ങിയ ഒരു കുടക്കീഴിൽ അവ ലഭ്യമാക്കുന്നതിനാണ് വൺസ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ സ്ഥാപിച്ചിട്ടുള്ളത്. കുട്ടികളുള്ള സ്ത്രീകൾക്ക് 6 വയസ്സ് വരെ കുട്ടികളെ ഇവിടെ കൂടെ താമസിപ്പിക്കാം.

### 3.20 നിർഭയ ഷെൽട്ടർ ഹോം

ലൈംഗിക പീഢനത്തിനിരയായ പെൺകുട്ടികളെ സുരക്ഷിതമായി താമസിപ്പിക്കാൻ നിർഭയ സെല്ലിന്റെ മേൽനോട്ടത്തിൽ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. പീഢനത്തിനിരയായ കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരവും മുതിർന്ന സ്ത്രീകളാണെങ്കിൽ കോടതി ഉത്തരവ് പ്രകാരവുമാണ് ഷെൽട്ടർ ഹോമുകളിൽ പാർപ്പിക്കുന്നത്. നിലവിൽ 11 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ മൂന്നും, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ ഓരോന്ന് വീതവും ഷെൽട്ടർ ഹോമുകളാണുള്ളത്.

<u>നിർഭയ ഹെൽപ് ലൈൻ നമ്പറുകൾ</u>
ടോൾ ഫ്രീ നമ്പർ 18004251400 –
നിർഭയ സെൽ നമ്പർ 2343466 0471 –
ഇമെയിൽ. –nirbhayacell@gmail.com

### 3.21 മഹിളാ മന്ദിരം

പരിചരിക്കുവാൻ ആളില്ലാത്ത വിധവകൾ, വിവാഹമോചിതർ, അഗതികൾ, ആരും സംരക്ഷിക്കാനില്ലാത്ത സ്ത്രീകൾ തുടങ്ങി സംരക്ഷണം ആവശ്യമുള്ള 18 വയസ്സിന് മുകളിൽ പ്രായമുള്ളവരെയാണ് മഹിളാമന്ദിരത്തിൽ പ്രവേശിക്കുന്നത്. എല്ലാ ജില്ലകളിലും (വയനാട്, ഇടുക്കി ഒഴികെ) മഹിളാമന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നു.

### 3.22 ആശാഭവൻ

മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും സംരക്ഷിക്കുവാനാളില്ലാത്ത രോഗികളായ സ്ത്രീകളുടെ പരിചരണത്തിനും സംരക്ഷണത്തിനുമുള്ളതാണ് ആശാഭവൻ. കേരളത്തിൽ ആകെ 6 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. മാനസികരോഗ്യം വീണ്ടെടുത്തവരാണെന്ന് തെളിയിക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. സാമൂഹ്യനീതി വകുപ്പിന് കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്.

### 3.23 റസ്ക്യൂ ഹോം

ലൈംഗികചൂഷണത്തിന് വിധേയരായ സ്ത്രീകൾക്ക് പരിചരണവും സംരക്ഷണവും നൽകി പുനരധിവസിപ്പിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് റെസ്ക്യൂ ഹോമുകൾ. സംരക്ഷണം, ആതുരസേവനം, വിദ്യാഭ്യാസം, കൗൺസിലിംഗ് തുടങ്ങിയ സേവനങ്ങളാണ് റെസ്ക്യൂ ഹോമുകൾ ചെയ്യുന്നത്. അനാശാസ്യ പ്രവർത്തനങ്ങളിൽ അറസ്റ്റിലായവർ, അനാശാസ്യവിപത്തിൽ നിന്നും രക്ഷപ്പെട്ടെത്തിയവർ, അനാശാസ്യവിപത്തിനെ ഭയന്ന് സ്വമേധയാ വരുന്ന സ്ത്രീകൾ തുടങ്ങിയവർക്കെല്ലാം റെസ്ക്യൂ ഹോമുകളിൽ സഹായം ലഭിക്കും. ആലപ്പുഴയിലും മലപ്പുറം ജില്ലയിലെ തവനൂരിലും റെസ്ക്യൂ ഹോമുകൾ പ്രവർത്തിക്കുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്.

### 3.24.ആഫ്റ്റർ കെയർ ഹോം

സാമൂഹികനീതി വകുപ്പിന് കീഴിലുള്ള ബാലമന്ദിരം, പുവർഹോം, സ്പെഷ്യൽ ഹോം, അനാഥാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും പുറത്തിറങ്ങുന്നവരെ ആഫ്റ്റർ കെയർ ഹോമിൽ പുനരധിവസിപ്പിക്കും. ഇവിടുത്തെ അന്തേവാസികൾക്ക് അവരുടെ വിദ്യാഭ്യാസം തുടരുന്നതിനും തൊഴിൽ പരിശീലനത്തിനും സൌകര്യമുണ്ടായിരിക്കും. കൊല്ലത്തും കോഴിക്കോടുമായി പെൺകുട്ടികൾക്കും തലശ്ശേരിയിൽ ആൺകുട്ടികൾക്കുമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

### 3.25. ഷോർട്ട് സ്റ്റേ ഹോം

തകർന്ന കുടുംബങ്ങളിൽ നിന്നുള്ള സാമൂഹിക പിന്തുണ ലഭിക്കാത്തവർ, മാനസിക സമ്മർദ്ദമുള്ളവർ, ചൂഷണം ചെയ്യപ്പെട്ടവർ, സമൂഹം ബഹിഷ്കരിച്ചവർ, അനാശാസ്യ വിപത്തിൽ ഭയപ്പെടുന്നവർ എന്നിങ്ങനെയുള്ള സ്ത്രീകളെയും പെൺകുട്ടികളെയും താമസിപ്പിക്കുന്നതിനുള്ള താൽക്കാലിക അഭയകേന്ദ്രങ്ങളാണ് സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഷോർട്ട് സ്റ്റേ ഹോമുകൾ. 15 നും 35 നും ഇടയിൽ പ്രായമുള്ള സമൂഹത്തിന്റെ പിന്തുണയില്ലാത്ത സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവരുടെ

കുഞ്ഞുങ്ങൾക്കും ഇത്തരം ഹോമുകളിൽ സഹായം ലഭ്യമാണ്. ഇവിടെ അഭയം ലഭിക്കുന്നവർക്ക് തുടർവിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും ഏർപ്പെടാനുള്ള സൗകര്യമുണ്ടായിരിക്കും. കൂടുതൽ കാലം താമസം ആവശ്യമായി വരുന്നവരെ മറ്റ് സ്ഥാപനങ്ങളിലേക്ക് മാറ്റുന്നതാണ്.

3.26 സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്

അതിക്രമങ്ങൾക്ക് ഇരയാവുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശ്രയ കേന്ദ്രമാണ് സ്നേഹിത ജെൻഡർ ഹെൽപ് ഡസ്ക് . കുടുംബശ്രീ സംസ്ഥാന ശിശുക്ഷേമ സമിതി, പോലീസ്, സാമൂഹിക നീതി വകുപ്പ് എന്നീ വകുപ്പുകളുമായി സംയോജിച്ചാണ് സ്നേഹിതയുടെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. അതിക്രമങ്ങൾ നേരിട്ട് സ്നേഹിതയിലെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ് നൽകും. ആവശ്യമായ നിയമസഹായവും ലഭ്യമാക്കും. കൂടാതെ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വിജിലന്റ് ഗ്രൂപ്പുകൾ വഴി അതിക്രമങ്ങൾക്കിരയാവുന്നതായി കണ്ടെത്തുന്നവർക്ക് സ്നേഹിതയുടെ ഷോർട്ട് സ്റ്റേ ഹോമിൽ സുരക്ഷിതതാമസവും സൗജന്യനിയമ സഹായവും മാനസിക പിന്തുണയും ലഭ്യമാക്കും. കൂടാതെ രാത്രിയിൽ ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്ക് ആവശ്യമെങ്കിൽ ഷോർട്ട് സ്റ്റേ ഹോമിൽ താമസിക്കാനുള്ള സൗകര്യം ലഭ്യമാക്കും.

3.27 സ്നേഹിത കാളിംഗ് ബെൽ

കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരെയും മുതിർന്ന പൗരന്മാരെയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ള വ്യക്തികളെയും കണ്ടെത്തി നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് സ്നേഹിത കാളിംഗ് ബെൽ. ഒറ്റക്ക് താമസിക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ പോലീസുമായും ക്ലബുകളുമായും സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്, സി.ഡി.എസ് വഴി ഗൃഹസന്ദർശനം നടത്തും. അയൽക്കൂട്ട ഭാരവാഹികൾ ദിവസവും ഇവരുടെ വീടുകൾ സന്ദർശനം നടത്തും. സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്.

3.28 സഖി വൺ സ്റ്റോപ്പ് സെന്റർ

അതിക്രമത്തിനിരയാകുന്ന സ്ത്രീകളും കുട്ടികളും, ഗാർഹികപീഢനത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വൈദ്യസഹായം, സൈക്കോസോഷ്യൽ കൗൺസിലിംഗ്, നിയമസഹായം, പോലീസ് സംരക്ഷണം, താൽക്കാലിക അഭയം എന്നിവ ഒരു കുടക്കീഴിൽ നൽകുന്നു. എല്ലാ ജില്ലകളിലും വനിത പ്രൊട്ടക്ഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ ജില്ലാ ആശുപത്രി/താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നു.

## കേരള ലീഗൽ സർവ്വീസ് അതോറിറ്റി (KELSA)

നാഷണൽ ലീഗൽ സർവീസസ് അതോറിറ്റിയുടെ നയങ്ങളും നിർദേശങ്ങളുമനുസരിച്ച് ലോക് അദാലത്തുകളിലൂടെ ജനങ്ങൾക്ക് സൗജന്യനിയമസഹായം നൽകുന്ന സംവിധാനം.

1987–ൽ നിലവിൽ വന്ന ലീഗൽ സർവീസസ് ആക്ട് പ്രകാരമാണ് ഇന്ത്യയിൽ നാഷണൽ ലീഗൽ സർവീസസ് അതോറിറ്റിയും കേരളത്തിൽ കേരള ലീഗൽ സർവീസസ് അതോറിറ്റിയും രൂപം കൊണ്ടത്. സാമ്പത്തികവും പലതരത്തിലുള്ള പരിമിതികളും കാരണം പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും നീതി ലഭ്യമാക്കുന്നതിനായി സൗജന്യനിയമ സഹായം നൽകുക എന്നതാണ് KELSA യുടെ ലക്ഷ്യം.

ഭരണഘടന ഉറപ്പുനൽകുന്ന നിയമപരമായ അവകാശങ്ങൾ എല്ലാവർക്കും ഉറപ്പ് വരുത്തുകയാണ് കേരള ലീഗൽ സർവീസസ് അതോറിറ്റിയുടെ ദൗത്യം. നിയമസഹായങ്ങൾക്കു പുറമേ സ്കൂൾ, കോളജ് തലത്തിലും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേനയും കെൽസ നിയമ സാക്ഷരതാ ക്ളാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

സംസ്ഥാന അതോറിറ്റിക്ക് താഴെ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയും (DLSA) താലൂക്ക് ലീഗൽ സർവീസസ് അതോറിറ്റിയും പ്രവർത്തിച്ചു വരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും നിയമാവബോധം നൽകുന്നതിനായി ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിക്ക് കീഴിൽ പാര ലീഗൽ വാളണ്ടിയർമാരും പ്രവർത്തിച്ചു വരുന്നു.

## റവന്യൂ ഡിവിഷണൽ ഓഫീസർ (ആർ.ഡി.ഒ)

2007 ലെ വയോജന സംരക്ഷണ നിയമം 60 വയസ്സിന് മുകളിലുള്ള വ്യക്തികളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പുവരുത്തുന്നു. ഇത്തരം നിയമപരിരക്ഷ ലഭ്യമാക്കാത്ത വ്യക്തികൾക്ക് അതാത് റവന്യൂ ഡിവിഷൻ പരിധിയിൽ വരുന്ന ആർ.ഡി.ഒ മാർക്ക് പരാതി നൽകാവുന്നതാണ്. വയോജന സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള ട്രൈബ്യൂണലായി ആർ.ഡി.ഒ പ്രവർത്തിക്കുന്നു.

- 60 വയസ്സിനു മുകളിലുള്ള മാതാപിതാക്കളെ മക്കൾ സംരക്ഷിച്ചില്ലെങ്കിൽ ചെലവിനു ലഭിക്കുന്നതിനും സംരക്ഷണം ഉറപ്പാക്കുന്നതിനുമായി ആർ.ഒ യെ സമീപിക്കാം.ഡി.
- ഇഷ്ടദാനമായോ, വിലയാധാരമായോ മാതാപിതാക്കളുടെ സ്വത്തുക്കൾക്ക് അവകാശി ആവുകയും തുടർന്ന് അവരെ സംരക്ഷിക്കാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്താൽ സ്വത്തുക്കൾ തിരികെ മാതാപിതാക്കൾക്ക് ലഭിക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനും ട്രൈബ്യൂണലിന് അധികാരമുണ്ട്.
- മക്കളില്ലാത്തതും, സംരക്ഷിക്കാൻ ആരും ഇല്ലാത്തതുമായ വയോജനങ്ങളെ സർക്കാര്–രിതര പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് അന്വേഷണം നടത്തിയശേഷം സർക്കാ .പുനരധിവസിപ്പിക്കുന്നതിനുള്ള അധികാരം ട്രൈബ്യൂണലിന് ഉണ്ട്
- മക്കൾ ജീവിച്ചിരിക്കാത്തതോ, മക്കൾക്ക് സംരക്ഷിക്കാൻ പറ്റാത്തതുമായ സാഹചര്യത്തിൽ മക്കളുടെ മക്കൾക്കോകൈവശം വച്ചിര സ്വത്തുക്കൾ/ിക്കുന്ന ബന്ധുക്കളോ ശരിയായ സംരക്ഷണം നൽകുന്നില്ല എന്ന് ബോധ്യപ്പെട്ടാൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനും ട്രൈബ്യൂണലിന് അധികാരമുണ്ട്.
- പ്രതിമാസ ചെലവിനത്തിൽ 10000/–രൂപ വരെ മക്കളിൽ നിന്നും ഈടാക്കി മാതാപിതാക്കൾക്ക് നൽകാൻ ട്രൈബ്യൂണലിന് സാധിക്കും.
- ചെലവ് നൽകുന്നതിനോ സംരക്ഷണം നൽകുന്നതിലോ വീഴ്ച വരുത്തിയാൽ 6 മാസം തടവോ 10000/–രൂപ പിഴയോ ഇല്ലെങ്കിൽ രണ്ടും ഒന്നിച്ചോ ഉള്ള ശിക്ഷ അനുഭവിക്കണമെന്ന് നിയമം അനുശാസിക്കുന്നു.

## ഭൂമിക (Gender Based Violence Management Centre)

ലിംഗപരമായ അതിക്രമങ്ങളും പീഡനങ്ങളും നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ ആരോഗ്യ നിയമ സേവനങ്ങൾ നൽകുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ, താലൂക്ക് ആശുപത്രി/ ജില്ലാ ആശുപത്രിയിലാണ് ഭൂമിക കൗൺസിലിംഗ് സെൻറർ പ്രവർത്തിക്കുന്നത് . ഒരു സ്ത്രീ കൗൺസിലറുടെ സേവനം ഇവിടെ ലഭ്യമാണ്. ദേശീയ ഗ്രാമീണ ആരോഗ്യ മിഷന് കീഴിൽ പ്രവർത്തിക്കുന്ന ഭൂമിക അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മാനസികമായ പിന്തുണ നൽകുന്നതിൽ വലിയ പങ്ക് വഹിക്കുന്നു . ഇത് കൂടാതെ അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണ ഭവനങ്ങളിൽ താമസ സൗകര്യവും നൽകി വരുന്നു. വ്യക്തിക്ക് ആവശ്യമായ നിയമ സേവനങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ ആവശ്യമായ സഹായങ്ങളും ഭൂമിക വഴി നൽകി വരുന്നു.

## **മനുഷ്യാവകാശ കമ്മീഷൻ**

ഭരണഘടനയിലോ അന്താരാഷ്ട്ര പ്രഖ്യാപനങ്ങളിലോ ഉറപ്പുനൽകുന്നതും വ്യക്തിയുടെ ജീവനേയും സ്വാതന്ത്ര്യത്തിനേയും സമത്വത്തിനേയും അന്തസ്സിനേയും ബാധിക്കുന്ന മാനുഷികമായ ഏതൊരു അവകാശത്തേയും മനുഷ്യാവകാശം എന്നു പറയും. ഇത്തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുമ്പോൾ അവയെ സംബന്ധിച്ച പരാതി അതിനിരയായ വ്യക്തിയ്ക്കോ അയാൾക്ക് വേണ്ടി മറ്റാർക്കെങ്കിലുമോ സൗജന്യമായി സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ നൽകാം.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ പ്രതിരോധിക്കാനും പരിഹാരം കണ്ടെത്തുന്നതിനുമായി നിരവധി സംവിധാനങ്ങൾ നിലവിലുണ്ട്. നിയമപരമായ ഒരു അവകാശം നിഷേധിക്കുകയാണെങ്കിൽ പരിഹാരം ലഭ്യമാക്കുന്നതിന് ഏതൊരു വ്യക്തിക്കും ഈ നിയമസേവന സംവിധാനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. പ്രധാനമായും 26 നിയമങ്ങളാണ് സ്ത്രീകളെയും കുട്ടികളെയും നേരിട്ട് ബന്ധപ്പെടുന്നതായുള്ളത്. സിവിൽ കോടതി, ക്രമിനിൽ കോടതി എന്നിവയിലൂടെയാണ് പ്രശ്നപരിഹാരം പ്രധാനമായും തേടുന്നത്.

## ലിംഗലൈംഗിക ന്യനപക്ഷങ്ങളുടെ അവകാശങ്ങളും അവർ നേരിടുന്ന അതിക്രമങ്ങളും

ലിംഗം (sex), ലിംഗാവസ്ഥ ( Gender), ലൈംഗികത (sexuality) എന്നിവ ഒറ്റ നോട്ടത്തിൽ സമാന പദങ്ങളായി തോന്നുമെങ്കിലും വ്യത്യസ്തമായ എന്നാൽ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന 3 കാര്യങ്ങളാണ്. ഒരു വ്യക്തിയുടെ ശാരീരികവും, മാനസികവും, സാമൂഹികവുമായ നിലനില്പിന്റെ അടിസ്ഥാനമാണ് ഇവ മൂന്നും.

### ലിംഗം (Sex)

സാധാരണയായി ഒരു കുട്ടി ജനിക്കുമ്പോൾ ജനന സമയത്ത് പ്രധാനമായും ലൈംഗിക അവയവം ഏത് എന്ന് നോക്കി തികച്ചും ശാരീരികമായി മാത്രം നിർണ്ണയിക്കപ്പെടുന്നതാണ് ഒരാളുടെ ലിംഗം (sex). ലൈംഗിക അവയവങ്ങൾക്കപ്പുറം ക്രോസോമൽ വ്യത്യസ്തകളും ലിംഗ നിർണ്ണയത്തിൽ നിർണ്ണായകമാകുന്നു. ഇൻന്റർ സെക്സ്, പെൺ, ആൺ എന്നിവയാണ് വ്യത്യസ്ത ലിംഗങ്ങൾ. ഇവയിൽ നമ്മുടെ സമൂഹത്തിൽ അധികം ചർച്ച ചെയ്യപ്പെടാത്തവരാണ് ഇന്റർസെക്സും ആയ മനുഷ്യരും അവരുടെ അവകാശങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളും .

### ഇന്റർസെക്സ്

ഭാഗികമായോ, ബാഹ്യമായോ, ആന്തരികമായോ ആൺ, പെൺ ലൈംഗിക അവയവങ്ങൾ, ഒരു വ്യക്തിയിൽ കാണുകയോ XY/XX ക്രോമസോമുകൾക്ക് അപ്പുറം മറ്റ ക്രോമസോമുകൾ വൈവിധ്യം (ഉദാ: XZ, XXY etc) കാണിക്കുന്നവരോ ആണ് ഇന്റർസെക്സ് ലിംഗത്തിൽ പെടുന്നത്.

### ഇന്റർസെക്സ് അവകാശങ്ങൾ

- ഇന്റർസെക്സ് എന്നത് തികച്ചും സ്വാഭാവികമായ അവസ്ഥയാണെന്നും ഇത് ഒരു വൈകല്യമോ രോഗമോ അല്ല എന്നും സമൂഹം മനസിലാക്കണം.
- ഏതൊരു വ്യക്തിയെയും പോലെ എല്ലാ അവകാശങ്ങളോടും ജീവിക്കാനുള്ള അവകാശം ഇന്റർസെക്സ് മനുഷ്യർക്കും ഭരണഘടന അനുവദിക്കുന്നു.
- സുപ്രീംകോടതിയുടെ .ലെ ബഹു 2014NALSA വിധിയിലും കേരള ട്രാൻസ്ജെന്റേഴ്സ് അവകാശങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് നിർദ്ദേശിക്കുന്നു.

### ഇന്റർസെക്സ് വ്യക്തികൾ നേരിടുന്ന വെല്ലുവിളികൾ

1. ഇന്ത്യയടക്കമുള്ള വികസ്വര രാജ്യങ്ങളിൽ ഗർഭസ്ഥ ലിംഗ നിർണയത്തിലൂടെ ജന്റർസെക്സ് ഭ്രൂണഹത്യകൾ നടക്കുന്നുണ്ട്.
2. ജനിക്കുന്ന കുട്ടികളെ ഡോക്ടറിന്റെയോമാതാപിതാക്കളുടെയോ ഇഷ്ടപ്രകാരം ഇന്റർസെക്സ് ശരീരത്തെ , സർജറിയിലൂടെ ആൺ അല്ലെങ്കിൽപെൺ എന്ന ലിംഗത്തിലേക്ക് അവരുടെ സമ്മതമില്ലാതെ തന്നെ പരിവർത്തനപ്പെടുത്തുന്നത്.ഉണ്ടാക്കുന്നു ഈ കുട്ടികളിൽ മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ ,
3. നിലവിലെ സമൂഹ സാഹചര്യങ്ങളിൽ വളരെയധികം വിവേചനങ്ങളാണ് ഇന്റർസെക്സ് വിഭാഗം നേരിടുന്നത്.
4. കൃത്യമായ രേഖകൾ സ്റ്റേറ്റിന് നൽകാൻ കഴിയാത്തതും വലിയ വെല്ലുവിളിയാണ്.

### ലിംഗാവസ്ഥ (Gender)

ജനനസമയത്ത് നിർണ്ണയിക്കപ്പെടുന്ന ലിംഗത്തിന് അനുസൃതമായി നിലനിൽക്കുന്ന സാമൂഹിക ഘടനയും ലഭ്യമായിട്ടുള്ള മാതൃകകളും അടിസ്ഥാനമാക്കി തുടരുന്നതാണ് പൊതുവെ ഒരു വ്യക്തിയുടെ ജന്റർ അഥവാ ലിംഗാവസ്ഥയായി കണ്ടു വരുന്നത്. ആണായി ജനിച്ചാൽ ആണിനെപ്പോലെ പെണ്ണായി ജനിച്ചാൽ പെണ്ണിനെപ്പോലെ എന്നിങ്ങനെ കൃത്യമായി നിർമ്മിക്കപ്പെട്ട സമൂഹിക ചട്ടക്കൂടിനുള്ളിൽ നിരവധി സ്വഭാവ സവിശേഷതകളെ (വസ്ത്രധാരണം, തലമുടി, താടി, സംസാര ശൈലി, നടത്തം എന്നിങ്ങനെ) ഒരുമിച്ച് ചേർത്തു ഒരു വ്യക്തിയുടെ ലിംഗാവസ്ഥ തീരുമാനിക്കപ്പെടുന്നു. ഇത്തരം വാർപ്പ് മാതൃകകളാണ് ലിംഗാവസ്ഥ എന്ന സാമൂഹിക നിർമ്മിതിയുടെ അടിത്തറ.

ജനിക്കുന്ന കുട്ടി ആണാണെങ്കിൽ ഇടുന്ന പേരുതൊട്ട് ഉപയോഗിക്കുന്ന വസ്തുങ്ങൾ തൊട്ട് നൽകുന്ന നിറങ്ങൾ തൊട്ട്, എന്തിന് നൽകുന്ന സ്വാതന്ത്ര്യത്തിൽ വരെ നമ്മൾ ജെന്റർ പഠിപ്പിക്കുന്നു. ഇനി ജനിക്കുന്നത് പെൺകുട്ടിയാണെങ്കിൽ എങ്ങനെ ഒരു പെൺകുട്ടി ആകണം എന്നും സമൂഹം പഠിപ്പിച്ചു കൊടുക്കുന്നു. ഇത്തരത്തിൽ ശരീരത്തിനപ്പുറം സാമൂഹികവും മാനസികവുമായ തിരിച്ചറിവുകളാണ് ലിംഗത്വം അഥവാ ജെന്റർ എന്ന് പറയുന്നത് ലിംഗാവസ്ഥയെ ദ്വന്ദ്വരൂപത്തിൽ (Binary) മാത്രം അടയാളപ്പെടുത്തുന്ന സമൂഹസ്ഥിതിയിൽ പുരുഷ, സ്ത്രീ ലിംഗാവസ്ഥകൾക്കു പുറത്തും യാഥാർത്ഥ്യങ്ങളുണ്ടെന്ന വസ്തുത ബോധപൂർവ്വം മറച്ചു വയ്ക്കപ്പെടുകയോ ആ സാധ്യതകളെ അടിച്ചമർത്തപ്പെടുകയോ ചെയ്യുന്നുണ്ട്.

ശാരീരികമായ അടയാളങ്ങളെ മാത്രം കണക്കിലെടുത്ത് ശൈശവ ദശയിൽ തന്നെ നിർണ്ണയിക്കപ്പെടുന്ന ലിംഗാവസ്ഥയിൽ ജീവിത കാലം മുഴുവൻ കഴിയാൻ ഓരോ വ്യക്തിയെയും സമൂഹം ബാധ്യസ്ഥരാക്കുന്നുണ്ട്. എന്നാൽ ആൺ ശരീരത്തിലെ പെൺ മനസ്സോ, പെൺ ശരീരത്തിലെ ആൺ മനസ്സോ സാധ്യമാണെന്ന് ബോധപൂർവ്വം വിസ്മരിക്കുന്ന സമൂഹത്തിൽ അങ്ങനെയുള്ളവർ ജന്മം കൊണ്ടു തന്നെ കുറ്റവാളികളാകുന്നു, തടവുകാരാകുന്നു. തന്റേതല്ലാത്ത സ്വത്വത്തിനുള്ളിൽ ഒളിച്ചു ജീവിക്കാൻ വിധിക്കപ്പെടുന്നു.

ആൺ, പെൺ ദ്വന്ദത്തിന്റെ പരമ്പരാഗത മാതൃകകൾക്കും അടയാളങ്ങൾക്കും വെളിയിലാണ് ഒരു ട്രാൻസ്ജെന്റർ വ്യക്തിയുടെ സ്വത്വം (identity) നിലകൊള്ളുന്നത്. ലിംഗ നിർണ്ണയം നടത്തുന്നതിലെ വ്യവസ്ഥാപിത രീതിയിൽ നിന്ന് തുടങ്ങുന്നതാണ് വ്യത്യസ്ഥമായ ലിംഗ-ലൈംഗിക സ്വത്വങ്ങളെ തള്ളിക്കളയുന്ന ശീലം.

**ട്രാൻസ്ജെന്റർ**

ജനന സമയത്ത് നിർണയിച്ച ലിംഗ സ്വഭാവത്തിന് വ്യത്യസ്തമായ ലിംഗാവസ്ഥ വളർച്ചയുടെ ഘട്ടത്തിൽ കാണിക്കുന്ന അവസ്ഥയാണ് ട്രാൻസ് ജെന്റർ എന്ന് പറയുന്നത്.

**ട്രാൻസ് വുമൺ (Trans Woman)**

ആൺകുട്ടിയായി/ആൺ ശരീരത്തിൽ ജനിക്കുകയും വളർച്ചയുടെ കാലഘട്ടങ്ങളിൽ സ്ത്രൈണതയെ മനസ്സിലാക്കുകയും സ്ത്രീയായി സ്വയം തിരിച്ചറിയുകയും ചെയ്യുന്നവർ.

**ട്രാൻസ് മാൻ, ട്രാൻസ് പുരുഷൻ**

പെൺകുട്ടിയായി/പെൺശരീരത്തിലുള്ള പുരുഷത്വത്തെ മനസ്സിലാക്കുകയും പുരുഷനായി സ്വയം തിരിച്ചറിയുകയും ചെയ്യുന്നവർ.

**ട്രാൻസ് ജെന്റർ, അവകാശങ്ങൾ**

- ഇന്ത്യൻ പൗരന്മാരായതിനാൽ തന്നെ ഭരണഘടനാ അവകാശങ്ങൾ ട്രാൻസ് ജെന്റർ വ്യക്തികൾക്കും തുല്യമായി ബാധകമാണ്.
- (വിശദമായി നിയമഭാഗത്ത് പറയുന്നത്)

**വെല്ലുവിളികൾ**

- കുടുംബത്തിൽ നിന്നുള്ള അന്യവൽക്കരണം
- വിദ്യാഭ്യാസ നിഷേധം
- വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്
- സ്വത്ത് നിഷേധം
- ആരോഗ്യ മേഖലയിലുള്ള വിവേചനം
- തൊഴിലില്ലായ്മ
- ശാരീരിക മാനസിക അതിക്രമങ്ങൾ
- വാക്കുകൾ കൊണ്ടുള്ള കളിയാക്കലുകൾ
- സാമൂഹിക വ്യവഹാരങ്ങളിൽ നിന്നുള്ള അരികുവത്കരണം
- പ്രാതിനിധ്യമില്ലായ്മ

- കൃത്യമായ രേഖകളുടെ അപര്യാപ്തത

**മറ്റുള്ളവർ**

ലോകത്ത് സ്ത്രീ, പുരുഷൻ, ട്രാൻസ് ജെന്റർ എന്നതിനപ്പുറം ധാരാളം ലിംഗവാസ്ഥകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഉദാ: ജെന്റർ ക്വിയർ (Gender Queer), ജെന്റർ ഫ്ലൂയിഡ് (Gender Fluid), നോൺ ബൈനറി (Non Binary) മുതലായവ

**സാംസ്കാരിക സ്വത്വങ്ങൾ**

ഇന്ത്യ പോലൊരു രാജ്യത്ത് ഇവിടത്തെ ട്രാൻസ് ജെന്റർ മനുഷ്യർ നൂറ്റാണ്ടുകളായി തുടർന്നു പോകുന്ന സാംസ്കാരിക സ്വത്വങ്ങൾ ധാരാളം ഉണ്ട്.

കേരളത്തിൽ അത്തരമൊരു വ്യവസ്ഥയില്ലെങ്കിലും മറ്റ സംസ്ഥാനങ്ങളിൽ വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ ഇവ നിലനിൽക്കുന്നു.

ഹിജഡ, കോത്തി, കിന്നർ, അറവാണി, അർധനാരി, ശിവശക്തി, ജോഗദ എന്നിങ്ങനെ വ്യത്യസ്തമായ സാസ്കാരിക അസ്ഥിത്വങ്ങൾ കാണുവാൻ സാധിക്കും. ഈ വിഭാഗങ്ങളും ട്രാൻസ് ജെന്റർ എന്ന വിഭാഗത്തിൽ പെടുന്നു.

**ട്രാൻസെക്ഷ്വൽ (Trans Sexual)**

സ്വന്തം മനസ്സിണങ്ങും വിധം ശരീരത്തെ ശസ്ത്രക്രിയ വഴി പരിവർത്തനം ചെയ്ത വ്യക്തികളെ Transssexual എന്ന് വിളിക്കുന്നു.

SRS (ലിംഗ മാറ്റ ശസ്ത്രക്രിയ) വഴിയാണ് ശരീരമാറ്റം സാധ്യമാക്കുന്നത്. അതിനോടൊപ്പം ഹോർമോൺ തെറാപ്പിയും ഈ ഒരു പ്രക്രിയയ്ക്ക് സഹായമാകുന്നു. Transexual വ്യക്തികൾക്ക് അവരുടെ ജെന്റർ സ്ത്രീ/പുരുഷൻ എന്ന് ഔദ്യോഗിക രേഖകളിൽ ചേർക്കുന്നതിന് നിയമം അനുവദിക്കുന്നു.

**തെറ്റിദ്ധാരണകൾ**

- മാനസിക രോഗമാണ്
- വളർത്തുദോഷമാണ്
- ചികിത്സിച്ച മാറ്റാം
- അഭിനയമാണ്
- കുറ്റവാസന ഉള്ളവരാണ്
- നൃത്തം പഠിക്കുന്നതിനാൽ ഇങ്ങനെ ആകുന്നതാണ്
- ഇതൊരു തിരഞ്ഞെടുപ്പാണ്
- ജീവിതത്തിലെ ഒരു ഘട്ടം മാത്രമാണ്
- പാപമാണ്തെറ്റ് ചെയ്തതിനാൽ ഇങ്ങനെ ആയവരാണ്/

**ലൈംഗികത (Sexuality)**

ഒരു വ്യക്തിക്ക് ആരോട് പ്രണയവും, ലൈംഗിക താല്പര്യവും തോന്നുന്നു എന്നതടിസ്ഥാനമായി ലൈംഗികത നിർണ്ണയിക്കപ്പെടുന്നു.

**തരങ്ങൾ**

- ഭിന്ന വർഗ്ഗ ലൈംഗികത (Hetro Sexuality)
- സ്വവർഗ്ഗ ലൈംഗികത (Homo Sexuality)
- ഉഭയ വർഗ്ഗ ലൈംഗികത (Bi sexuality)

- സാർവ്വ ലൈംഗികത (Pan Sexuality)
- നിർ ലൈംഗികത (Asexuality)

**ഭിന്ന വർഗ്ഗ ലൈംഗികത (Hetro Sexuality)**

- ഒരു വ്യക്തിക്ക് അയാളുടെ തന്നെ ജെന്ററിനോട് തന്നെ തോന്നുന്ന പ്രണയം, ലൈംഗിക താല്പര്യം.
- ഒരു പുരുഷന് മറ്റൊരു പുരുഷനോട് തോന്നുന്ന പ്രണയം –പുരുഷസ്വവർഗാനുരാഗം (ഗേ– Gay)
- ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയോട് തോന്നുന്ന പ്രണയം– സ്ത്രീസ്വവർഗാനുരാഗം – ലെസ്ബിയൻ
- സദാചാര സമൂഹം മാനസിക രോഗമായും, കുറ്റമായും പാപമായും കണക്കാക്കുന്ന ഈ ലൈഗികത തികച്ചും സ്വാഭാവികവും പ്രകൃത്യാ നിലനിൽക്കുന്നതുമാണെന്നും ശാസ്ത്രം പറയുന്നു.
- ഇന്ത്യയി സ്വവർഗ്ഗാനുരാഗം നിയമം വഴി അംഗീകരിക്കപ്പെടുന്നു.
- ഇത് ഒരു രോഗമല്ല എന്ന് ലോകാരോഗ്യസംഘടനയും ആരോഗ്യ സംഘടനയും, 1973 ൽ വിജ്ഞാപനം ഇറക്കിയിട്ടുള്ളതാണ്. അമേരിക്കൻ സൈക്യാട്രിക് അസോസിയേഷൻ, ഇന്ത്യൽ സൈക്യാട്രിക് സൊസൈറ്റി എന്നിവയും സ്വർഗാനുരാഗം സ്വാഭാവികമാണ് ചികിത്സിക്കാൻ പാടില്ല എന്നും വിജ്ഞാപനം ഇറക്കിയിട്ടുണ്ട്.
- സ്വവർഗ്ഗാനുരാഗികളുടെ അവകാശങ്ങൾ മനുഷ്യാവകാശമാണെന്നും അവ ഇന്ത്യൻ ഭരണഘടനയിലൂടെ സംരക്ഷിക്കുകയും മെച്ചപ്പെടണമെന്ന് സുപ്രീംകോടതി 2018 സെപ്തംബർ 6 ലെ IPC 377 സംബന്ധിച്ച വിധിയിൽ പ്രസ്താവിക്കുന്നു.

**ഉഭയവർഗ്ഗലൈംഗികത (Bisexuality)**

ഒരു വ്യക്തിക്ക് ഒരേ സമയം സ്വന്തം ജെന്ററിൽപ്പെടുന്ന വ്യക്തിയോടും മറ്റൊരു ജെന്ററിൽപ്പെടുന്ന പെടുന്ന വ്യക്തിയോടും പ്രണയവും, ലൈംഗിക താല്പര്യവും തോന്നുന്ന അവസ്ഥ.

ഉദാ: ഒരു പുരുഷന് മറ്റൊരു പുരുഷനോടും, സ്ത്രീകളോടും ആകർഷണവും, ലൈംഗിക താല്പര്യവും തോന്നുക.

**സാർവ്വലൈംഗികത (Pansexuality)**

ജെന്റർ വ്യത്യാസങ്ങളില്ലാതെ, ഏതു ജെന്ററിൽപ്പെടുന്ന വ്യക്തികളോടും പ്രണയവും, ലൈംഗിക താല്പര്യവും തോന്നുന്നവർ.

**നിർലൈംഗികത (Asexuality)**

ഒരു ജെന്ററിൽപ്പെടുന്നവരോടും ലൈംഗികമായ താല്പര്യമോ ആകർഷണമോ തോന്നാത്തവർ.

**മറ്റുള്ളവർ**

ലോകത്ത് മുകളിൽ പറഞ്ഞതിനപ്പുറവും ധാരാളം ലൈംഗികതകൾ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.

**സംശയം പാടില്ല**

എല്ലാ ട്രാൻസ്ജെന്റർ വ്യക്തികളും സ്വവർഗാനുരാഗികൾ അല്ല. സ്ത്രീ, പുരുഷൻ എന്ന പോലെ മറ്റൊരു സ്വാഭാവിക ജെന്റർ മാത്രമാണ് ട്രാൻസ് ജെന്ററും. എല്ലാ ജെന്റർ മനുഷ്യരിലും ഭിന്നവർഗ ലൈഗികരും (Heterosexuals), സ്വവാർഗാന്യരാഗികളും (Homosexuals) കാണപ്പെടുന്നുണ്ട്.

- ഇന്റർസെക്സും, ട്രാൻസ് ജെന്ററും ഒന്നല്ലഒരു ഇന്റർസെക്സ് വ്യക്തി ആണോ ., പെണ്ണോ, ട്രാൻസ് ജെന്റർ എന്നി ലിംഗപദവി സ്വയം തിരിച്ചറിയുകയുന്നു.
- ആൺകുട്ടിയേയും, പെൺകുട്ടിയേയും പോലെ തന്നെ

ഭൂമിയിൽ ഏകദേശം 350 ലധികം ജീവി വർഗങ്ങളിൽ സ്വവർഗാനുരാഗം കാണപ്പെടുന്നുണ്ട്. ലോകത്ത് 28 രാജ്യങ്ങളിൽ സ്വവർഗ വിവാഹങ്ങൾ നിയമപരമായി നടക്കുന്നുണ്ട്..

**ഭരണഘടന**

ഇന്ത്യയിലെ പരമോന്നത നിയമമാണ് നമ്മുടെ ഭരണഘടന. രാജ്യത്തെ അടിസ്ഥാന രാഷ്ട്രീയ തത്വങ്ങളുടെ നിർവ്വചനം, ഗവൺമെന്റ് സംവിധാനങ്ങളുടെ ഘടന പൗരന്റെ കർത്തവ്യങ്ങൾ, മൗലികാവകാശങ്ങൾ കടമകൾ, രാഷ്ട്ര ഭരണത്തിനായുള്ള നിർദ്ദേശക തത്വങ്ങൾ, നടപടി ക്രമങ്ങൾ മുതലായവ ഭരണഘടന നമുക്ക് വേണ്ടി മുന്നോട്ടു വെയ്ക്കുന്നു.

ഭരണഘടനയുടെ ആമുഖം വിഭാവനം ചെയ്തിരിക്കുന്നത് ഇന്ത്യയൊരു പരമാധികാര സ്ഥിതി സമത്വ മതേതര ജനാധിപത്യ റിപ്പബ്ളിക്കായിട്ടാണ് ഭരണഘടനയുടെ ഒരു ഭാഗത്തു പോലും പൗരൻ എന്നല്ലാതെ സ്ത്രീ/പുരുഷൻ മറ്റുള്ളവയായെന്നും തന്നെ കാണാൻ സാധിക്കില്ല എന്നത് ശ്രദ്ധേയമാണ്.

ലോകത്തിലെ തന്നെ എഴുതപ്പെട്ട ഭരണഘടനകളിൽ ഏറ്റവും ബൃഹത്തരമായ ഇന്ത്യൻ ഭരണഘടനയിൽ പൗരന്മാർക്കായി മൗലികാംശങ്ങൾ എഴുതി ചേർത്തിരിക്കുന്നു. സ്വാതന്ത്ര്യവും സമത്വവും വ്യക്തിയുടെ അന്തസും ആമുഖത്തിൽ എഴുതി ചേർത്തിരിക്കുന്ന ഭരണഘടനയിൽ ഏവർക്കും തുല്യമായ അവകാശങ്ങൾ ഉറപ്പു നൽകുന്നു. ജാതി-മത-ലിംഗ-ജന്മ-ദേശ ഭേദമന്യേ മുഴുവൻ പൗരന്മാരെയും ഒരേ നിലയിൽ പരിഗണിച്ചിരിക്കുന്നു.

വ്യക്തിയുടെ അന്തസിനും മൂല്യങ്ങൾ നൽകുക. ഭരണഘടനാവകാശങ്ങളിൽ ട്രാൻസ് ജെന്റർ വ്യക്തികളും ഉൾപ്പെട്ടിരിക്കുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ല. വ്യക്തിക്കായി (പൗരന്) എഴുതിയിരിക്കുന്ന മൗലിക അവകാശങ്ങൾ പൂർണമായും അത് ട്രാൻസ് ജെന്റർ വ്യക്തികൾക്കുമായി വിഭാവനം ചെയ്തിരിക്കുന്നത്. ഒരാൾ ട്രാൻസ്ജെന്റർ വ്യക്തിയാണ് എന്നതിന്റെ പേരിൽ ലംഘിക്കപ്പെടുന്ന മൗലിക അവകാശങ്ങൾ ഭരണഘടന ലംഘനം തന്നെയാണ്.

ഇന്ത്യയുടെ പൗരൻമാരായ ഓരോ വ്യക്തിക്കും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങൾ ഉണ്ട്.

- നിയമത്തിനു മുൻപാകെ സമത്വം
  ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 14 പ്രകാരം ഏതൊരു പൗരനും രാജ്യത്തിന്റെ ഭൂപ്രദേശത്തിനകത്ത് നിയമത്തിനു മുന്നിലുള്ള സമത്വവും, നിയമപരമായ സംരക്ഷണവും നിഷേധിക്കുവാൻ പാടുള്ളതല്ല. (Equality before law, equal protection of laws)
- മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ ജനനസ്ഥലമോ കാരണമാക്കിയുള്ള വിവേചന ത്തിന്റെ നിരോധനം
  ഭരണഘടനയുടെ അനുച്ഛേദം 15 പ്രകാരം രാജ്യത്തെ പൗരനെ ലിംഗം, മതം, വർഗം, ജാതി, അല്ലെങ്കിൽ അവയിൽ ഏതെങ്കിലും മാത്രം കാരണമാക്കി വിവേചനം കാണിക്കുവാൻ പാടുള്ളതല്ല.
- പൊതു ജീവനു സംബന്ധിച്ച വിഷയങ്ങളിൽ അവസര സമത്വം
  അനുച്ഛേദം 16 പ്രകാരം പൊതു നിയമത്തിന്റെ കാര്യത്തിൽ എല്ലാ പൗരന്മാർക്കും തുല്യ അവസരമുണ്ടായിരിക്കണം. ജാതി-മത-ലിംഗ-വംശം-ജന്മസ്ഥല കാരണത്താലും ഒരു ഇന്ത്യൻ പൗരനെതിരായി യാതൊരു വിവേചനവും കാണിക്കുവാൻ പാടുള്ളതല്ല.
- തൊട്ടു കൂടായ്മ നിർത്തലാക്കൽ
  ഭരണഘടന അനുച്ഛേദം 17 പ്രകാരം തൊട്ടുകൂടായ്മ നിർത്താലക്കുകയും അതിന്റെ ഏത് രൂപത്തിലുമുള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു.
- സ്ഥാനപേരുകൾ നിർത്താലക്കൽ
  അനുച്ഛേദം 18 പ്രകാരം സൈനികമോ വിദ്യാസംബന്ധമോ ആയ പ്രാഗൽഭ്യത്തിനല്ലാതെ യാതൊരു സ്ഥാനപേരും രാഷ്ട്രം നൽകുവാൻ പാടുള്ളതല്ല.
- സ്വാതന്ത്ര്യത്തിനുള്ള അവകാശം
  ഭരണഘടന അനുച്ഛേദം 19 പ്രകാരം ഇന്ത്യയിലെ പൗരന്
  - സംസാരത്തിനും ആശയ പ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
  - സമാധാനപരമായി സമ്മേളിക്കുവാനുള്ള സ്വാതന്ത്ര്യം
  - സമാജങ്ങളോ യൂണിയനുകളോ രൂപീകരിക്കുവാനുള്ള സ്വാതന്ത്ര്യം
  - രാജ്യത്ത് എവിടെയും സ്വതന്ത്ര്യമായി സഞ്ചരിക്കുവാനും താമസിക്കുവാനും, സ്ഥിര വാസമാകുവാനുമുള്ള സ്വാതന്ത്ര്യം
  - ഏതെങ്കിലും തൊഴിലോ വ്യാപാരമോ നടത്തുവാനുള്ള സ്വാതന്ത്ര്യം
- കുറ്റങ്ങൾ സ്ഥാപിക്കുവാൻ സംബന്ധിച്ച

അനുച്ഛേദം 20 പ്രകാരം ഒരു കുറ്റകൃത്യ ചെയ്ത സമയത്ത് പ്രാബല്യത്തിൽ ഉണ്ടായിരുന്ന ഒരു നിയമത്തിന്റെ ലംഘനത്തിനൊഴികെ യാതൊരു ആളുടെ മേലും ഏതെങ്കിലും കുറ്റം സ്ഥാപിക്കുകയോ നിയമപ്രകാരം ചുമത്താമായിരുന്നതിൽ കൂടുതലായ ശിക്ഷയ്ക്ക് ആ വ്യക്തിയെ വിധേയനാകുകയോ ഒരോ കുറ്റത്തിന് ഒന്നിലധികം തവണ പ്രോസിക്യൂട്ട് ചെയ്യുകയോ ശിക്ഷിക്കുകയോ അയാൾക്ക് തന്നെ എതിരായി സാക്ഷിയാകുന്നതിന് നിർബന്ധിക്കുവാൻ പാടുള്ളതല്ല.

- ജീവന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
അനുച്ഛേദം 21 പ്രകാരം നിയമം വഴി സ്ഥാപിച്ചിട്ടുള്ള നടപടി ക്രമം അനുസരിച്ച് അല്ലാതെ യാതൊരു ആളുടെയും ദീവനോ വ്യക്തി സ്വാതന്ത്ര്യമോ ഇല്ലാതാകുവാൻ പാടുള്ളതല്ല. 21 A പ്രകാരം 6 വയസിനും 14 വയസിനുമിടയിലുള്ള കുട്ടികൾക്ക് സാർവ്വികവും സൗജന്യ നിർബന്ധിത വിദ്യാഭ്യാസത്തിനുള്ള അവകാശവും ഇവയിൽപെടുന്നു.
- ചില സംഗതികളിൽ അറസ്റ്റിനും തടങ്കലിനും എതിരായി സംരക്ഷണം
അനുച്ഛേദം 22 പ്രകാരം കുറ്റകൃത്യങ്ങൾക്ക് അറസ്റ്റ് ചെയ്യപ്പെടുന്ന പൗരന് നിയമപരമായുള്ള അറസ്റ്റ് ചെയ്യപ്പെട്ട വ്യക്തിക്കുള്ള അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ്.
- ചൂഷണത്തിനെതിരെയുള്ള അവകാശം
- മനുഷ്യക്കച്ചവടത്തിന്റെയും നിർബന്ധിച്ച് പണിചെയ്യിക്കലിന്റെ നിരോധനം
അനുച്ഛേദം 23 പ്രകാരം നിർബന്ധിച്ച് പണിയെടുപ്പിക്കുന്നതും മനുഷ്യ കച്ചവടവും നിരോധിച്ചിരിക്കുന്നു. കൂടാതെ ഇവയുടെ ലംഘനം കുറ്റക്കരവുമാണ്. പൊതു ആവശ്യങ്ങൾക്കായി നിർബന്ധിച്ച് സേവനം അനുഷ്ഠിക്കുന്നതിൽ നിന്നും മതം, വർഗ്ഗം, ജാതി, വിഭാഗം എന്നിവയേയോ അവയിൽ ഏതെങ്കിലും ഒന്നിനേയും മാത്രം അടിസ്ഥാനമാക്കി രാഷ്ട്രം യാതൊരു വിവേചനവും കാണിക്കാൻ പാടില്ലാത്തതു മാകുന്നു. അനുച്ഛേദം 24 പ്രകാരം 14 വയസിനു താഴെയുള്ള കുട്ടികളെ വ്യവസായ ശാലയിലോ ഖനിയിലോ ജോലി ചെയ്യുവാൻ ഏർപ്പെടുത്തുന്നതും അപായ സാധ്യതയുള്ള മറ്റേതെങ്കിലും ജീവനത്തിന് ഏർപ്പെടുത്താനും പാടുള്ളതല്ല.
- മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
  - മനസാക്ഷിക്കും സ്വതന്ത്രമായ മതവിശ്വാസത്തിനും മതപ്രചരണത്തിനും മതാചാരണത്തിനുമുള്ള സ്വതന്ത്ര്യം
  - അനുച്ഛേദം 25 പ്രകാരം പൗരന് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും, മതാചരണം നടത്തുവാനും മതം പ്രചരിപ്പിക്കുവാനുമുള്ള സ്വതന്ത്ര്യം ഉറപ്പ് നൽകുന്നു.
- മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനും സ്വാതന്ത്ര്യം
  - അനുച്ഛേദം 26 അനുസരിച്ച് ഏത് പൗരനും മതപരമായ കാര്യങ്ങൾ നടത്തുന്നതിനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.ഏതെങ്കിലും പ്രത്യേക മതത്തിന്റെ പോഷണത്തിനു വേണ്ടി നികുതികൾ കൊടുക്കുന്നതു സംബന്ധിച്ച സ്വാതന്ത്ര്യം.
  - അനുച്ഛേദം 27 അനുസരിച്ച് ഏതെങ്കിലും മതത്തിന്റെയോ മതവിഭാഗത്തിന്റെയോ പോഷണത്തിനായി വരവ് തിരിച്ച് വക കൊള്ളിക്കുവാൻ ഉദ്ദേശിച്ചുള്ള നികുതികൾ കൊടുക്കാവാൻ യാതൊരു വ്യക്തിയേയും നിർബന്ധിക്കുവാൻ പാടുള്ളതല്ല.ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതബോധനത്തിനോ മതപരമായ ആരാധനയ്ക്കോ ഹാജരാക്കുന്നത് സംബന്ധിച്ച സ്വാതന്ത്ര്യം.
  - അനുച്ഛേദം 28 പ്രകാരം പൂർണ്ണമായും രാഷ്ട്രത്തിന്റെ പണം കൊണ്ട് സ്ഥാപിക്കപ്പെടുന്ന യാതൊരു വിദ്യാഭ്യാസ സ്ഥാപനത്തിനും മതപരമായ ബോധനം നൽകുവാൻ പാടുള്ളതല്ല.
- സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ
- ന്യൂന പക്ഷ താൽപര്യങ്ങളുടെ സംരക്ഷണം
അനുച്ഛേദം 29 പ്രകാരം ഭാരതത്തിന്റെ ഭൂപ്രദേശത്തോ അതിന്റെ ഏതെങ്കിലും ഭാഗത്തോ താമസിച്ചു വരുന്ന പൗരൻമാരിൽ ഭിന്നമായ ഒരു ഭാഷയോ, ലിപിയോ, സംസ്കാരമോ സ്വന്തമായുള്ള ഏതൊരു വിഭാഗത്തിനും അത് സംരക്ഷിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാൻ ഭരണം നടത്തുവാനും ന്യൂനപക്ഷകൾക്കുള്ള അവകാശം
അനുച്ഛേദം 30 പ്രകാരം രാജ്യത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും ന്യൂനപക്ഷങ്ങൾക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.
- ഭരണഘടന സംബന്ധമായ പരിഹാര മാർഗ്ഗങ്ങൾക്കുള്ള അവകാശം

ഇന്ത്യൻ ഭരണഘടനയിൽ അനുച്ഛേദം 32 മുതൽ 35 വരെ പ്രകാരം ഭരണഘടനാപരമായ പരിഹാരമാർഗ്ഗങ്ങൾക്കുള്ള അവകാശങ്ങളെപ്പറ്റിയും പ്രത്യേക സാഹചര്യങ്ങളിലെ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുള്ള പാർലിമെന്റിന്റെ അധികാരവും വിശദമാക്കുന്നു.

**മൗലിക കർത്തവ്യങ്ങൾ**

മൗലിക അവകാശങ്ങൾ പോലെ തന്നെ പരമപ്രധാനമായി രാജ്യത്തെ പൗരന്മാർ മൗലിക കർത്തവ്യങ്ങളും പാലിക്കേണ്ടതാണ്.

**നമ്മുടെ മൗലിക കർത്തവ്യങ്ങൾ**

- ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക.
- സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയ ആദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക.
- ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.
- രാജ്യത്തെ കാത്തു സൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക.
- മതപരവും ഭാഷപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്ക് അതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ സൗഹാർദ്ദപരവും സാഹോദര്യ മനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.
- നമ്മുടെ സംമിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക.
- വനങ്ങളും തടാകങ്ങളും നദികളും വന്യ ജീവികളും ഉൾപ്പെടുന്ന പ്രകൃത്യാലുള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോടും കാരുണ്യം കാണിക്കുകയും ചെയ്യുക.
- ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക.
- പൊതു സ്വത്ത് പരിരക്ഷിക്കുകയും അക്രമം ഉപേക്ഷിക്കുകയും ചെയ്യുക
- രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടേയും ഉന്നത തലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.
- ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ അതതു സംഗതി പോലെ മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

**ട്രാൻസ് ജെന്റർ മനുഷ്യരും നിയമാവകാശങ്ങളും**

★ ഭരണഘടന
★ നൽസ )NALSA) വിധി 15 ഏപ്രിൽ 2014
★ കേരള ട്രാൻസ് ജെന്റർ സെക്സ് പോളിസി
★ ട്രാൻസ് ജെന്റർ ബില്ല് 2019
★ IPC കുറ്റവിമുക്തമാക്കിയ വിധി 377

**NALSA അവലോകനം**

1. എന്താണ് NALSA കേസ്?
   ട്രാൻസ് ജെന്റർ ലിംഗത്വം ഇന്ത്യയിൽ നിയമപരമായി അംഗീകരിക്കപ്പെടുന്നതിനായി നാഷണൽ ലീഗൽ സർവീസ് അതോറിറ്റി സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസാണ് NALSA Vs Union of India കേസ്.

2. NALSA കേസിൽ പ്രധാനമായും മുൻപോട്ടു വച്ച വാദങ്ങൾ ഏതെല്ലാം?

a) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14 (തുല്യത) ആർട്ടിക്കിൾ 15 (വിവേചനം), ആർട്ടിക്കിൾ 16 (അവസര സമത്വം), ആർട്ടിക്കിൾ 19 (അഭിപ്രായ സ്വാതന്ത്ര്യം), ആർട്ടിക്കിൾ 21 (ജീവിക്കാനുള്ള സ്വാതന്ത്ര്യം) മുതലായവ ട്രാൻസ്ജെന്റർ മനുഷ്യർക്കും ലഭിക്കണം എന്ന് വാദം ഉന്നയിക്കപ്പെട്ടു.

b) അന്താരാഷ്ട്ര നിയമങ്ങൾ

- ❖ Internatiolnal Convenant on Civil and Political Rights (ICCPR)
- ❖ ആർട്ടിക്കിൾ 6 (ജീവിക്കാനുള്ള അവകാശം)
- ❖ ആർട്ടിക്കിൾ 7 (മനുഷ്യരഹിതവും ക്രൂരവും ആയ പെരുമാറ്റങ്ങളുടെ നിരോധനം)
- ❖ ആർട്ടിക്കിൾ 16 (നിയമത്തിലുള്ള പരിഗണന)
- ❖ ആർട്ടിക്കിൾ 17 (സ്വകാര്യതയ്ക്കും, കുടുംബ ജീവിതത്തിനുമുള്ള അവകാശം)
- ❖ Universal Declaration of Human Rights (UDHR) ആർട്ടിക്കിൾ 6 (ജീവിക്കാനുള്ള അവകാശം)

c) യോഗ്യകർത്താ തത്വങ്ങൾ

- ❖ തത്വം ) 1മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടാനുള്ള അവകാശം(
- ❖ തത്വം ) 2തുല്യതയ്ക്കുള്ള അവകാശം(
- ❖ തത്വം ) 3നിമയത്തിനു മുന്നിൽ പരിഗണന(
- ❖ തത്വം ) 4ജീവിക്കാനുള്ള അവകാശം(
- ❖ തത്വം ) 6സ്വാകാര്യതയ്ക്കുള്ള അവകാശം(
- ❖ തത്വം ) 9മനുഷ്യത്വപരമായി ഇടപെടാനുള്ള അവകാശം(
- ❖ തത്വം ) 18ആരോഗ്യ ചൂഷണങ്ങളിൽ നിന്നുള്ള സംരക്ഷണം(

**കോടതിയുടെ നിരീക്ഷണം**

- പതിനെട്ടാം നൂറ്റാണ്ടു മുതൽ ഇന്ത്യൻ സമൂഹത്തിൽ അടിച്ചമർത്തലുകൾക്കും, അവഗണനകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന വിഭാഗമാണ് ട്രാൻസ് ജെന്റർ സമൂഹം.
- വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യ മേഖലകളിൽ നേരിട്ട വിവേചനങ്ങൾ, ട്രാൻസ് ജെന്റർ സമൂഹത്തിന്റെ സാമൂഹിക അരികുവൽക്കരണത്തിന് കാരണമായി.
- ട്രാൻസ് ജെന്റർ മനുഷ്യരുടെ ഭരണഘടനാ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ സാമൂഹിക അംഗീകാരത്തിനും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപടികൾ കൈക്കൊള്ളണം.

**വിധി പ്രസ്താവം**

- ട്രാൻസ് ജെന്റർ എന്നത് മൂന്നാമതൊരു ജെന്റർ ആയി അംഗീകരിച്ചു.
- ട്രാൻസ് ജെന്റർ വ്യക്തികൾക്ക് അവരുടെ ജെന്ററിൽ തന്നെ ഇന്ത്യൽ പൗരത്വം നേടുവാൻ സാധിക്കും.
- ലിംഗത്വം എന്നത് ഒരു വ്യക്തിയുടെ അന്തസ്സിന്റെയും സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനമാണെന്നും അത് സ്വയം നിർണ്ണാവകാശമാണെന്നും സുപ്രീംകോടതി വിധിച്ചു.
- ജെന്റർ സ്വയം തിരിച്ചറിവാണെന്നും അതിന് മെഡിക്കൽ പരിശോധനകൾക്കൊ, ശസ്ത്രക്രിയകൾക്കൊ വ്യക്തികളെ നിർബന്ധിക്കരുത് എന്നും സുപ്രീംകോടതി നിരീക്ഷിച്ചു.
- ഒരു വ്യക്തിയുടെ ശാരീരികമായ അവസ്ഥ (sex) ക്കാളും മാനസികമായി തിരിച്ചറിവ് (gender identity) നാണ് മുൻഗണന നൽകേണ്ടത് എന്ന് വിധിച്ചു.
- സ്വന്തം ജെന്ററിൽ ജീവിക്കുക എന്നത് അന്തസ്സിന്റെയും വ്യക്തിത്വത്തിന്റെയും അടിസ്ഥാനമായ തിനാൽ തന്നെ ആർട്ടിക്കിൾ 21 ഉദ്ധരിച്ചു കൊണ്ട് സ്വതന്ത്ര്യമായി ജീവിക്കാനുള്ള അവകാശങ്ങളിൽപ്പെടുത്തി കൊണ്ട് ട്രാൻസ്ജെന്റർ സ്വത്വം അംഗീകരിക്കപ്പെട്ടു.
- ആർട്ടിക്കിൾ 14 ൽ കൃത്യമായ വ്യക്തി എന്ന് പറയുന്നതിനാലും, ആർട്ടിക്കിൾ 15 പൗരൻ എന്നു പറയുന്നതിനാലും, സ്ത്രീ, പുരുഷൻ എന്ന് എടുത്ത് പറയാത്തതിനാലും, തുല്യതയ്ക്കും, വിവേചനങ്ങൾക്കെതിരെ ട്രാൻസ് ജെന്റർ വ്യക്തികൾക്കും ഭരണഘടന അവകാശങ്ങൾ

ബാധകമാണ്. വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, നിയമത്തിൽ ഉള്ള പരിഗണന എല്ലാം തന്നെ അതിനാൽ തുല്യമായി ട്രാൻസ് ജെന്റർ മനുഷ്യർക്കും അനുഭവവേദ്യമാകണം.

- ആർട്ടിക്കിൾ (4) 15പ്രകാരം ട്രാൻസ് ജെന്റർ വിഭാഗത്തെ സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന സമുദായമായി കണ്ടു കൊണ്ട് അവരുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണംസംവരണം :ഉദാ ., പ്രാതിനിധ്യം
- വാക്കിലൂടെയോ, വസ്ത്രത്തിലൂടെയോ, ആംഗ്യങ്ങളിലൂടെയോ, സ്വഭാവത്തിലൂടെയോ ഉള്ള ജെന്റർ പ്രകടനങ്ങൾ ആർട്ടിക്കിൾ .ഉദ്ധരിച്ചു കൊണ്ട് മൗലികാവകാശമാണെന്ന് വിധിച്ചു 19
- ജെന്റർ സ്വത്വം എന്നത് വ്യക്തിത്വത്തിന്റെ അടിത്തറയായതിനാൽ തന്നെ ജെന്റർ പ്രകടനങ്ങൾ ആർട്ടിക്കിൾ ) (1) 19a) വഴി സംരക്ഷിക്കപ്പെടണം.
- അറിവില്ലായ്മ കൊണ്ടോ, സദാചാരം കൊണ്ടോ ട്രാൻസ് ജെന്റർ വ്യക്തികളുടെ ജെന്റർ പ്രകടനം ദഹിക്കാതെ വരുന്നവർ മനസ്സിലാക്കേണ്ടത് ഭരണഘടനയുടെ ആർട്ടിക്കിൾ പ്രകാരം അത് 19 .അവരുടെ പൗര സ്വാതന്ത്ര്യമാണ്

**ശ്രദ്ധിക്കേണ്ട വസ്തുതകൾ**

- ട്രാൻസ് ജെന്റർ സ്വത്വം ഇന്ത്യയിൽ നിയമപരമായി അംഗീകരിക്കപ്പെട്ടു.
- ട്രാൻസ് ജെന്റർ മനുഷ്യർക്ക് അവരുടെ സ്വത്വത്താൽ ഇന്ത്യൻ പൗരത്വം ലഭിച്ചു.
- ഒരാളുടെ ജെന്റർ അയാളുടെ സ്വയം നിർണ്ണയ അവകാശമാണ് എന്ന വിധി.
- വിദ്യാഭ്യാസ, തൊഴിൽ, ആരോഗ്യ മേഖലകളിലെ വിവേചനങ്ങളും, തുല്യതയില്ലായ്മയും നിർത്തലാക്കണം എന്ന് വിധിച്ചു.
- ട്രാൻസ് ജെന്റർ സമൂഹത്തെ വിദ്യാഭ്യാസപരവും, സാമൂഹ്യപരവും, സാമ്പത്തികപരവുമായി പിന്നോക്കം നിൽക്കുന്ന സമൂഹമായി അംഗീകരിച്ചു.
- കേന്ദ്ര സർക്കാരിനോട് രാജ്യത്തിനായ് ട്രാൻസ് ജെന്റർ നിയമങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുവാൻ വിധി പുറപ്പെടുവിച്ചു.
- സംസ്ഥാന സർക്കാരുകൾക്ക് നയങ്ങൾ പാസാക്കി നടപ്പാക്കുവാനുള്ള വിധി പുറപ്പെടുവിച്ചു.

**കേരളത്തിലെ ട്രാൻസ് ജെന്റർ ജീവിതവും സർക്കാർ നയവും**

ട്രാൻസ് ജെന്റർ എന്ന ഇംഗ്ലീഷ് പദത്തിന് ഒരു മലയാള വാക്കില്ല. (എല്ലാ ശാരീരിക അവയവങ്ങൾ പോലും നമുക്ക് സഭ്യമായ മലയാളത്തിൽ പറയാൻ തക്ക വാക്കുകളില്ല). ആകെ നമുക്കുള്ളത് സംസ്കൃതത്തിലെ 'ഭിന്നലംഗത്വം' എന്നതാണ്. ഭിന്നം എന്നതിന് 'എതിർ' എന്നും വ്യത്യസ്ഥം എന്നും അർത്ഥമുണ്ട്. മലയാളത്തിൽ ഈ രണ്ട് രീതിയിലും ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്. അതായത് എതിർലിംഗത്തോട് താല്പര്യമുള്ളവർ എന്ന അർത്ഥത്തിലും, സാധാരണയിൽ നിന്നും വ്യത്യസ്തമായ ലൈംഗിക താല്പര്യമുള്ളവർ എന്ന അർത്ഥത്തിലും ഈ പദം ഉപയോഗിച്ചിട്ടുണ്ട്. അതിനാൽ ട്രാൻസ് ജെന്റർ എന്ന പദം തന്നെ മലയാളത്തിലും ഉപയോഗിക്കുന്നതായിരിക്കും കൂടുതൽ നല്ലത്.

നമുക്കിടയിൽ പുതുതായി വന്നു ചേർന്നവരല്ല ട്രാൻസ് ജെന്റർറുകൾ. മനുഷ്യനുണ്ടായ കാലം മുതൽ ട്രാൻസ് ജെന്റർറുകളുമുണ്ട്. സ്ത്രീ സ്ത്രീയായിരിക്കുന്നതു പോലെ, പുരുഷൻ പുരുഷനായിരിക്കുന്നതു പോലെ വളരെ സ്വാഭാവികമാണ് ട്രാൻസ് ജെന്ററുകൾ ട്രാൻസ് ജെന്ററുകളായിരിക്കുന്നത്. നമ്മൾ കണ്ണടച്ച് അവരെ ഇരുട്ടിൽ നിറുത്തുകയായിരുന്നു. കേരളത്തിൽ ശരിക്കും സാമൂഹിക ഭ്രഷ്ട് അനുഭവിച്ച ജനത, സാമൂഹികമായി അരിക് ജീവിതം പോലും ഇല്ലാത്തവർ. എണ്ണത്തിൽ കുറവാണ് എന്നതാണ് ഈ ജനവിഭാഗത്തിന്റെ ഏക പരിമിതി.

കേരളത്തിൽ ട്രാൻസ് ജെന്ററുകൾക്ക് ഒരു സാംസ്കാരിക ഇടമില്ല. കേരളത്തിൽ ഹിജഡകളുമില്ല. (ഹിജഡ ഒരു സാംസ്കാരിക സ്വത്വമാണ്, ഒരു ജീവിതചര്യയാണ്). ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും അറുവാണി, തിരുനങ്കൈ, കിന്നരർ, ഗന്ധർവൻ, യോഗപ്പാ, ശിവശക്തി തുടങ്ങിയ പല ജെന്റർ വിഭാഗങ്ങൾ ഉണ്ട്.

കേരളത്തിൽ ആകെ ഉള്ളത് കൊല്ലം ജില്ലയിലെ കൊറ്റംകുളങ്ങര ക്ഷേത്രത്തിലെ വിളക്കെടുപ്പാണ്. ഈ ദേവീ ക്ഷേത്രത്തിൽ പുരുഷന്മാർ പെൺവേഷം കെട്ടി വിളക്കെടുക്കുന്ന ചടങ്ങുണ്ട്. പണ്ട് മുതൽ കുഞ്ഞുങ്ങൾക്ക് അസുഖം വരുമ്പോൾ അമ്മമാർ ഇവനെക്കൊണ്ട് പെൺവേഷം (ദേവി) കെട്ടിച്ച് ദേവിക്ക് വിളക്കെടുപ്പിക്കാം എന്ന നേർച്ച നേരുന്നത് പ്രാദേശികമായി നിലനില്ക്കുന്നു. ഇതിനെ ഒരാളിന്റെ ജെന്റർ ഐഡന്റിറ്റിയായി യാതൊരു ബന്ധവുമില്ല.

നമ്മുടെ ധാരണ നാട്ടിൻപുറങ്ങളിലെല്ലാം നന്മകളാൽ സമൃദ്ധമാണെന്നാണ്. ഇതൊരു തെറ്റിദ്ധാരണയാണ്. വ്യത്യസ്തതകളെ ഉൾക്കൊള്ളാൻ നമ്മുടെ നാട്ടിപുറങ്ങൾക്കാവില്ല. അതിന് വലിയ പട്ടണങ്ങൾ തന്നെ വേണം. അതു കൊണ്ടു തന്നെ ഈ മനുഷ്യർ പണ്ടു മുതൽക്കെ കേരളത്തിൽ നിന്നും ചെന്നൈ, ബാംഗ്ലൂർ, മുംബൈ, ഹൈദ്രാബാദ് തുടങ്ങിയ വലിയ പട്ടണങ്ങളിലേക്ക് പലായനം ചെയ്യുകയാണ് പതിവ്. സ്വന്തം നാട്ടിൽ അഭിമാനത്തോടെ ജീവിക്കാനാവുകം എന്നത് ഇപ്പോഴും ഒരു വിദൂരസ്വപ്നമാണ്. അതിനുള്ള സാമൂഹിക അവസ്ഥ എന്നാണ് ഉണ്ടാക്കി എടുക്കാനാവുക.

ഇത്തരം കുഞ്ഞുങ്ങൾ നമ്മുടെ വിദ്യാലയങ്ങളിൽ അനുഭവിക്കുന്ന വിവേചനത്തെയും അവമതിയേയും പറ്റി നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?

ജെന്റർ നോൺ കൺഫോമിംഗ് (Gender Non Conforming) ആയിട്ടുള്ള ഒരു കുട്ടി നമ്മുടെ സ്കൂളിലെത്തിയാൽ ഏത് ബെഞ്ചിലിരിക്കും? ആരുടെ കൂടെ കളിക്കും? ആൺകുട്ടിക്കൊപ്പമോ, പെൺകുട്ടിക്കൊപ്പമോ? ഏത് ടോയലറ്റ് ഉപയോഗിക്കും? ഈ കുട്ടികളുടെ പ്രത്യേകതകൾ മനസിലാക്കാനോ അവരുടെ ആവശ്യങ്ങളറിഞ്ഞ് പെരുമാറാനോ ഉള്ള പരിശീലനം നമ്മുടെ അദ്ധ്യാപകർക്ക് കിട്ടിയിട്ടില്ല.

അവമതിയും, കളിയാക്കലും, ശാരീരിക മാനസിക ഉപദ്രവവും, മാനസികവും ലൈംഗികവുമായ പീഢനവും മൂലം വിദ്യാഭ്യാസം പൂർത്തീകരിക്കാനാവാത്ത അവസ്ഥയാണ് കേരളത്തിലുള്ളത്. ഈ കുട്ടികൾക്കിടയിലെ കൊഴിഞ്ഞു പോക്ക് കേരളത്തിൽ ഇരുപത്തിനാല് ശതമാനമാണ്. അതായത് ഒൻപതാം ക്ലാസ് എത്തുന്നതിനു മുമ്പ് നാലിലൊരാൾ കൊഴിഞ്ഞു പോകുന്നു.

വിദ്യാഭ്യാസം പൂർത്തികരിക്കാനാവാത്ത ഇവർക്ക് എന്ത് തൊഴിലാണ് ലഭിക്കുന്നത്? ഇവരെന്ത് ജോലി ചെയ്ത് ജീവിക്കും? ഇവർക്ക് എന്ത് വരുമാനമാണുള്ളത്? ഈ അവമതിയും വിവേചനവും അനുഭവിച്ച് എങ്ങനെയാണവർ ഈ സമൂഹത്തിൽ ജീവിക്കുന്നത്. അതുകൊണ്ടാണ് ഈ വിഭാഗത്തിൽപ്പെട്ടയാളുകൾ അന്യ സംസ്ഥാനങ്ങളിലേക്ക് കുടിയേറുന്നത്. അവിടെയവർ എന്ത് തൊഴിൽ ചെയ്യുന്നു? കുറെയധികം ആളുകൾ ഹിജഡകളായി മാറുമ്പോൾ അവർക്ക് ചെയ്യാവുന്ന തൊഴിൽ ഭിക്ഷാടനവും ലൈംഗിക തൊഴിലും നൃത്തവും മാത്രമാണ്.

കേരളത്തിലെ ആരോഗ്യ മേഖലയുടെ അവസ്ഥ എന്താണ്? സ്ത്രീകൾക്കും പുരുഷന്മാർക്കും മാത്രം വാർഡുകളുള്ള ആശുപത്രികളിൽ ട്രാൻസ് ജെന്റർ ആയിട്ടുള്ള ഒരാളെ എവിടെ പ്രവേശിപ്പിക്കും? ഡോക്ടർമാർക്കിടയിൽ തന്നെ ട്രാൻസ് ജെന്ററായിട്ടുള്ളവരുടെ പ്രത്യേക പ്രശ്നങ്ങൾ മനസ്സിലാക്കാനും ചികിത്സിക്കാനും വൈദഗ്ധ്യമുള്ളവർ തുലോം പരിമിതമാണ്. ആരോഗ്യ മേഖലയിലുള്ളവർക്ക് അതിനുള്ള അവസരവും പരിശീലനങ്ങളും ലഭിക്കുന്നില്ല.

സംരക്ഷണം നൽകേണ്ട പോലീസുകാർ പലപ്പോഴും ഇവരെ ആട്ടിയോടിക്കുകയും വിവേചനത്തോടെ പെരുമാറുകയും ചെയ്യുന്നു. ബോധപൂർവ്വം ഇവരെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. തങ്ങളുടെ സ്റ്റേഷൻ അതിർത്തിയിൽ ട്രാൻസ് ജെന്റേഴ്സ് പാടില്ല എന്ന നിലപാടാണ് പല പോലീസ് ഉദ്യോഗസ്ഥർക്കും ഉള്ളത്.

വിദ്യാഭ്യാസം പൂർത്തീകരിക്കാനാവാത്ത, മെച്ചപ്പെട്ട തൊഴിൽ ലഭിക്കാത്ത, പോലീസിൽ നിന്നോ മറ്റ് അധികാരികളിൽ നിന്നോ സംരക്ഷണമോ പിന്തുണയോ ലഭിക്കാത്ത ഈ വിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി കേരള സംസ്ഥാന സർക്കാർ ചില പ്രാഥമിക കാര്യങ്ങളെങ്കിലും ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 'സംഗമ' (ലൈംഗിക ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന സംഘടന) സർക്കാരിനെ 2014 ൽ നിവേദനം സമർപ്പിച്ചു. തുടർന്നു വന്ന ചർച്ചയിൽ ട്രാൻസ് ജെന്റേഴ്സിന്റെ കേരളത്തിലെ അവസ്ഥ മനസ്സിലാക്കാൻ ഒരു സർവ്വേ നടത്താനും ഇവർക്ക് നേരെ ഏതെങ്കിലും വിവേചനമോ പീഢനമോ ഉണ്ടായാൽ സഹായിക്കാനായി ഒരു ഹെൽപ്പ് ലൈൻ ആരംഭിക്കാമെന്നും കേരള സംസ്ഥാന സർക്കാർ തീരുമാനിച്ചു.

ട്രാൻസ് ജെന്റർ സർവ്വേ നടത്താനുള്ള ഉത്തരവാദിത്വം സംഗമ ഏറ്റെടുത്തു. വ്യക്തിഗത അഭിമുഖങ്ങളിലൂടെ വിവര ശേഖരണം നടത്തിയത് എസ്.എം.എഫ്.കെ (Sexual Minority Forum Kerala) ആണ്. ചോദ്യാവലി തയ്യാറാക്കൽ, വിവര ശേഖരണം, ക്രോഡീകരണം, ആസൂത്രണം തുടങ്ങി സർവെയുടെ എല്ലാ മേഖലകളിലും ട്രാൻസ് ജെന്റർ വിഭാഗത്തിന്റെ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. തുടർന്ന് ട്രാൻസ് ജെന്റർ സർവ്വേയുടെ പ്രാഥമിക കണ്ടെത്തലുകളുടെ അപഗ്രഥനത്തിൽ നിന്നാണ് ട്രാൻസ് ജെന്റർ നയം വേണമെന്ന ആവശ്യകത ഉയർന്നു വന്നത്. പല ഘട്ടങ്ങളിലായ് വളരെയധികം പ്രാവശ്യം കമ്മ്യൂണിറ്റി കൂടിയാലോചനകൾ നടത്തി രൂപീകരിച്ച കരട് നയരേഖ 2015 ൽ സർക്കാർ അംഗീകരിക്കുകയും സാമൂഹ്യ നീതി വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. നാലു മാസം വൈബ് സൈറ്റിൽ ഉണ്ടായിരുന്നപ്പോൾ ലഭിച്ച അഭിപ്രായങ്ങളും കൂടി ക്രോഡീകരിച്ചാണ് നയത്തിന്റെ അവസാന രൂപരേഖ ഉണ്ടാക്കിയത്. തുടർന്ന് വിവിധ സർക്കാർ വകുപ്പുകൾ ചേർന്നുള്ള കൂടിയാലോചനകൾക്കു ശേഷമാണ് ട്രാൻസ് ജെന്റർ നയം അവസാന രൂപത്തിലെത്തിയത്.

**ട്രാൻസ് ജെന്റർ സർവ്വേ മുന്നൊരുക്കങ്ങൾ**

സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംഗമയുടെയും *SMFK* യുടെയും പ്രതിനിധികളുമായി ഓഗസ്റ്റ് 12, 2014 ന് നടന്ന ചർച്ചയിലാണ് ട്രാൻസ് ജെന്റർ സർവ്വേ നടത്താനുള്ള തീരുമാനങ്ങളുണ്ടായത്. തുടർന്ന് ഓഗസ്റ്റ് 28 മുതൽ 30 വരെ ആദ്യ സംസ്ഥാന തല പരിശീലന പരിപാടി നടത്തുകയും സർവ്വേയ്ക്കാവശ്യമായ ചോദ്യാവലി തയ്യാറാക്കുകയും ചെയ്തു. ട്രാൻസ് ജെന്റർ കമ്യൂണിറ്റിയുമായുള്ള നിരവധി ചർച്ചകൾക്കും ആലോചനകൾക്കും ശേഷമാണ് ചോദ്യാവലിയുടെ അവസാന രൂപം തയ്യാറാക്കിയത്.

കേരള സർവ്വകലാശാല സ്റ്റാറ്റിക്സ് വകുപ്പ് സോഷ്യോളജി വകുപ്പ്, കേരള സംസ്ഥാന സർക്കാരിന്റെ ജെന്റർ ഉപദേശക ഡോ.ഗീത ഗോപാൽ, ഡോ. ജെ. ദേവിക (സി.ഡി.എസ്), അന്യപ് ജോൺ (സാങ്കേതിക ഉപദേശം) തുടങ്ങിയവരുമായി ചേർന്നുള്ള കൂടിയാലോചനകൾക്ക് ശേഷം ഡിസംബറിൽ സർവ്വേ ആരംഭിച്ചു. സർവ്വേയ്ക്ക് മുന്നോടിയായി സർവ്വേ നടത്തുന്നവർക്കും പരിശോധകർക്കും പ്രത്യേക പരിശീലനം നൽകി. സർവ്വേ നടത്തുന്നതിനായി ജില്ലാതല പരിശോധകരും റീജിയണൽ കോർഡിനേറ്റേഴ്സും ഉണ്ടായിരുന്നു. സർവ്വേയുടെ ഡിജിറ്റലൈസേഷൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് (സി.ഇ.റ്റി) വിദ്യാർത്ഥികൾ ഏറ്റെടുത്തു ചെയ്തു.

**ചോദ്യാവലി**

അടിസ്ഥാന വിവരങ്ങൾ, ശരീര പ്രകൃതിയെക്കുറിച്ചുള്ള അവബോധം, പൗരാവകാശങ്ങൾ, ആത്മാഭിമാനം, സാമൂഹിക ജീവിതം, സ്വയം വിലയിരുത്തൽ, ആരോഗ്യ സംരക്ഷണത്തിനുള്ള അവകാശം, ആത്മഹത്യ പ്രവണം, അതിക്രമങ്ങളും, വിവേചനവും കൂടാതെ ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള അവകാശം, തൊഴിലിനുള്ള തുല്യാവസരം, പൊതു വിഭാഗം എന്നിങ്ങനെ 9 വിഭാഗങ്ങളിലായി 94 ചോദ്യങ്ങളാണ് ചോദ്യാവലിയിൽ ഉണ്ടായിരുന്നത്.

**സുപ്രധാന കണ്ടെത്തൽ**

4000 ൽപ്പരം പേരുടെ വിവരണശേഖരണം നടത്തിയതിൽ 99% പേരും *Male ot Female (*ആണായി പിറന്ന് പെണ്ണായി പുലരുന്നവൾ) ആയിരുന്നു. അതിൽ 63% പേർ വിവാഹം ചെയ്തിരിക്കുന്നത് സ്ത്രീകളെയാണ്.

- വിദ്യാഭ്യാസം, തൊഴിൽ, വരുമാനം

58% പേർ പത്താം ക്ലാസ് പൂർത്തീയാക്കുന്നതിനു മുമ്പേ പഠനം അവസാനിപ്പിക്കുന്നു.

24% പേർ ഒൻപതാം ക്ലാസ് പൂർത്തീയാക്കുന്നതിനു മുമ്പേ കൊഴിഞ്ഞു പോകുന്നു. കൊഴിഞ്ഞു പോയ 100% പേരും പറയുന്ന കാരണം കഠിനമായ മാനസികസ ശാരീരിക, ലൈംഗിക പീഢനമാണ്.

**ജെന്ററുമായി ബന്ധപ്പെട്ട മോശം അനുഭവങ്ങൾ**

- പ്രത്യേക വിദ്യാഭ്യാസ ക്വാട്ടയുടെയും സംവരണത്തിന്റെയും അഭാവം
- %*51*പേർക്കും ആശുപത്രികളിൽ ചികിത്സ നിഷേധിക്കുന്നു
- %*100*പേർക്കും ഒരു പ്രാവശ്യമെങ്കിലും തങ്ങളുടെ ലിംഗ സമത്വത്തിന്റെ പേരിൽ ജോലി
- %*54*പേർക്കു മാസവരുമാനം രൂപയിൽ താഴെയാണ് *5000*
- സ്ഥിര ജോലി %*11·6*പേർക്ക് മാത്രം

- സ്കൂൾ വിദ്യാഭ്യാസം അവസാനിപ്പിക്കുന്നവരിൽ ഏകദേശം പകുതി പേർക്കും തങ്ങളുടെ വീട്ടുകളിൽ ദുരനുഭവങ്ങളുണ്ടാകുന്നുണ്ട്.

**അന്തസ്സോടെയും പീഢനവിമുക്തമായും ജീവിക്കാനുള്ള അവകാശം**

- *52%* പേർ പോലീസിൽ നിന്നും പീഢനം നേരിടുന്നു.
- *70·3%* പേർക്കും പോലീസിനെ അഭിമുഖീകരിക്കാൻ ആത്മവിശ്വാസമില്ല.
- *89%* പേരും ജോലിസ്ഥലങ്ങളിൽ ദ്രോഹിക്കപ്പെടുന്നു.
- കഴിഞ്ഞ ഒരു വർഷത്തിനിടയിൽ *25%* പേരും തങ്ങളുടെ പങ്കാളികളിൽ നിന്നും പീഢനം അനുഭവിക്കുന്നു.
- തങ്ങളുടെ ലിംഗസമത്വം കാരണം *96%* പേരും അതിക്രമങ്ങൾക്കെതിരെ പരാതി നൽകുന്നില്ല.
- *78%* പേർക്കും അവരുടെ ജെന്റർ തിരിച്ചറിയൽ കാർഡുകളിൽ രേഖപ്പെടുത്തി കിട്ടുന്നില്ല.
- ലിംഗമാറ്റം നടത്താനാഗ്രഹിക്കുന്ന *81%* പേർക്കും ഒരിടത്തു നിന്നും പിന്തുണയോ സഹായമോ ലഭിക്കുന്നില്ല.
- *91%* പേരും ഹോർമോൺ ചികിത്സയോ സർജറിയോ വഴി ലിംഗമാറ്റം നടത്താത്തവരാണ്.
- കഴിഞ്ഞ ഒരു വർഷത്തിനിടയിൽ *32%* പേർ ആത്മഹത്യക്ക് ശ്രമിച്ചിട്ടുണ്ട്. *59%* പേർക്കും ഒന്ന് മരിച്ചാൽ മതിയെന്ന് തോന്നിയിട്ടുണ്ട്.
- **ട്രാൻസ് ജെന്റർ നയം**

ട്രാൻസ് ജെന്റർ നേരിടുന്ന വിവേചനവും പീഢനവും, സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മേഖലകളിൽ നിന്നുള്ള അകറ്റി നിറുത്തലും ഇല്ലാതാക്കി അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്ന

ലക്ഷ്യത്തോടെയാണ് ട്രാൻസ് ജെന്റർ നയം ഉണ്ടാകുന്നത്. 2014 ലെ സുപ്രീം കോടതി വിധിയുടെയും, കേരള സംസ്ഥാന ട്രാൻസ് ജെന്റർ സർവ്വേയുടേയും കണ്ടെത്തലുകളുടേയും അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ ഈ നയം രൂപീകരിച്ചത്. കേരളത്തിലെ വികസന ഇടപെടലുകളിൽ ട്രാൻസ് ജെന്റർ പങ്കാളിത്തം ഉറപ്പു വരുത്താനുള്ള ഒരു നയമാണിത്.

**നയത്തിന്റെ ലക്ഷ്യങ്ങൾ**

1. സമത്വത്തിനുള്ള അവകാശം
   - തുല്യമായ സാമൂഹിക.സേവനങ്ങളും വിഭവങ്ങളും ലഭ്യമാവുക ,സാമ്പത്തിക അവസരങ്ങളും–
   - വിദ്യാഭ്യാസം.സർക്കാർ നിയമനങ്ങൾ എന്നിവയിൽ സംവരണൺ നൽകുക ,ആരോഗ്യം ,
2. ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അവകാശം
   - സ്വയം തിരിച്ചറിയാനുള്ള/വെളിപ്പെടുത്താനുള്ള അവകാശം
   - ഇഷ്ടമുള്ള വസ്ത്രം ധരിക്കാനുള്ള അവകാശം
   - മതങ്ങളെ ആരാധിക്കാനും പ്രചരിപ്പിക്കാനുള്ള അവകാശം
3. അന്തസ്സോടെ പീഢനവിമുക്തമായി ജീവിക്കാനുള്ള അവകാശം
   - നിയമത്തിനു കീഴെ തുല്യ പരിചരണത്തിനുള്ള അവകാശം
   - ഹിംസകളിൽ നിന്ന് വിമുക്തമായി ജീവിക്കാനുള്ള അവകാശം
4. വികസന കാര്യങ്ങളിൽ തുല്യ ശബ്ദവും പങ്കാളിത്തവും
   - എല്ലാ വികസന കാര്യങ്ങളിലും പങ്കാളികളാകാനും അതിൽ നിന്നും പ്രയോജനം/ആനുകൂല്യം ലഭിക്കാനുള്ള അവകാശം
   - തീരുമാനങ്ങളെടുക്കുന്ന എല്ലാ വേദികളിലും തുല്യ അവകാശം

**സ്വയം നടപ്പാക്കുന്നതിലെ പരിപാടികളും ഉത്തരവാദിത്വങ്ങളും**

1. സമത്വത്തിനുള്ള അവകാശം
   - എല്ലാ സർക്കാർ വകുപ്പ് മേധാവികളും പൊതു സ്ഥാപന അധികാരികളുംൻസ് ട്രാ , .ജെന്റേഴ്സിനെ വിവേചനപരമല്ലാത്ത പരിചരണമാണ് ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തുക
   - വിദ്യാഭ്യാസംസാമൂഹിക സുരക്ഷ ,ആരോഗ്യ സേവനം ,പൊതു ഗതാഗത സൗകര്യം , തുടങ്ങി എല്ലാ സേവനങ്ങളും തടസ്സങ്ങളില്ലാതെ ലഭ്യമാക്കണം.
   - പൊതുസ്ഥലങ്ങൾ കൈകാര്യം ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുംഎല്ലാ , ട്രാൻസ് ജെന്റർ വിഭാഗത്തിന് പൊതുസ്ഥലങ്ങളിൽ ,സർക്കാർ സ്ഥാപനങ്ങളും .പ്രവേശിക്കാനും ഉപയോഗിക്കാമുമുള്ള തുല്യാവകാശം ഉറപ്പ് വരുത്തണം
   - എല്ലാ സേവനങ്ങളിലും തുല്യ അവസരങ്ങൾ ഉറപ്പ് വരുത്തുന്നതിനായി എല്ലാ അപേക്ഷാ ഫോറങ്ങളിലും ആൺ.ഉറപ്പ വരുത്തണം പെൺ കൂടാതെ മൂന്നാം കോളം/

2. ആവിഷ്കാര സ്വാതന്ത്ര്യം
   - എതിർ ലിംഗത്തിൽപ്പെട്ടയാൾക്കാരെപ്പോലെ വസ്ത്രധാരണംആംഗ്യചലനം ,പെരുമാറ്റം , ശിക്ഷിക്കുകയോ ചെയ്യുന്നതിനെ ത ,എന്നിവ നടത്തുന്നതിനെ കളിയാക്കുകയോടയാനുള്ള നടപടികളെടുക്കണം.
   - കലാപരമായ കഴിവുകൾ വളർത്തുന്നതിനായുള്ള അവസരങ്ങൾ നൽകുകയും സംസ്ഥാന തല മത്സരങ്ങളിലും പരിപാടികളിലും മറ്റ് ആഘോഷങ്ങളിലും ട്രാൻസ് ജെന്റേഴ്സിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുകയും ചെയ്യണം.

3. അന്തഃസ്സോടെപീഢനവിമുക്തമായി ജീവിക്കാനുള്ള അവകാശം ,
   - വിവേചനത്തിനും അതിക്രമത്തിനും ഇരയാകുന്നവർക്ക് സൗജന്യ നിയമ പരിരക്ഷ നൽകുക.
   - എല്ലാ പോലീസ് സ്റ്റേഷനുകളിലുംട്രാൻസ് ജെന്റേഴ്സിനെതിരെ ചെയ്ത കുറ്റങ്ങളുടെ , .വിവരങ്ങൾ റെക്കോർഡ് ചെയ്ത് പ്രത്യേകം ക്രോഡീകരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കണം
   - ട്രാൻസ് ജെന്റർ ഹെൽപ്ലൈൻ പ് .(7*24)രതിസന്ധി നിവാരണ സെന്റർ )*Crisis Management Centre)* എന്നിവ ആരംഭിക്കണംഒ .ബി.സി ,ഒകളുടേയും.ജി.എൻ . .കളുടേയും സഹായത്തോടെ സാമൂഹിക നീതി വകുപ്പായിരിക്കണം ഇവ നടത്തേണ്ടത്
   - ലൈംഗിക അതിക്രമംഗാർഹിക പീഢനം തുടങ്ങിയവ ,ലൈംഗിക കൈയ്യേറ്റം , സംബന്ധിച്ച നിയമങ്ങൾ ട്രാൻസ് ജെന്റേഴ്സിനെ കൂടെ ഉൾക്കൊള്ളുന്നതായിരിക്കണം . യുള്ള (സ്ത്രീ പീഢനം ,സ്ത്രീ സംരക്ഷണം) ലിംഗത്വാതിഷ്ഠിത പീഢനങ്ങൾക്കെതിരെ നിയമങ്ങൾ ട്രാൻസ് ജെന്റർ സൗഹാർദ്ദപരമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന .സാർക്കാരെടുക്കണം
   - ലിംഗത്വ നിർണയം പൂർത്തീകരിക്കാത്ത )*Gender Non Conforming)* കുട്ടികളുടെ പ്രശ്നങ്ങൾ കണക്കിലെടുത്തത) ജുവനൈൽ ജസ്റ്റിസ് ആക്ട് ,*Juvenile Justice Act)* ശരിയായ രീതിയിൽ ഭേദഗതി ചെയ്യണം.
   - ട്രാൻസ് ജെന്റേഴ്സിന്റെ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുന്ന കേസുകളിൽ അപരാധം ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ.അച്ചടക്ക നടപടികൾ എടുക്കണം/
   - വിവാഹംപങ്കാളികളെ കണ്ടെത്തൽ തുടങ്ങിയ ,രക്ഷാകർതൃത്വം ,ജീവിത ബന്ധങ്ങൾ , പരിഷ്കരണം /ങ്ങളിൽ ട്രാൻസ് ജെന്റേഴ്സിന്റെ അവകാശങ്ങൾ നിയമ നിർമ്മാണംകാര്യ .എന്നിവ വഴി ഉറപ്പ് വരുത്തണം

4. തൊഴിലവസരങ്ങളുടെ അവകാശം
   - സ്വയം തൊഴിൽ ഗ്രാന്റുകൾ ലഭ്യമാക്കണം.
   - പൊതുസ്വകാര്യ മേഖലയിലെ ജോലി സ്ഥ-ലങ്ങളിലെ എല്ലാ അധികൃതർക്കും ജീവനക്കാർക്കും ട്രാൻസ് ജെന്റർ പ്രശ്നങ്ങളെയും അവകാശങ്ങളെയും സംബന്ധിച്ച ബോധവൽക്കരണം നൽകണം.

- ജീവനക്കാരുടെ നിയമനം,ആനുകൂല്യങ്ങൾ ,സ്ഥാനക്കയറ്റം ,നിലനിർത്തൽ , തുടങ്ങിയവയിലെല്ലാം വിവേചനപരമല്ലാത്ത നയങ്ങൾ രൂപവത്ക്കരിക്കുകയും അർത്ഥവത്തായി നടപ്പാക്കുകയും വേണം.
- ജോലി സ്ഥലങ്ങളിലെ ലൈംഗിക പീഢനത്തിനെതിരെയുള്ള നയങ്ങൾ ട്രാൻസ് ജെന്റർ സൗഹാർദ്ദപരമാക്കണം.

5· വിദ്യാഭ്യാസത്തിനുള്ള അവകാശം

- എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലിംഗത്വ നിർണയം പൂർത്തീകരിക്കാത്ത കുട്ടികളുടെ അവകാശങ്ങൾ കൂടെ ഉൾപ്പെടുത്തിക്കൊണ്ട് ട്രാൻസ് ജെന്റർ നയം രൂപവത്ക്കരിക്കണം .

  കൂടാതെ ഒരു *Anti-discrimination* സെല്ലും സ്ഥാപിക്കണം.
- എല്ലാ അപേക്ഷ ഫോറങ്ങളിലും ട്രാൻസ് ജെന്റർ കോളം കൂടെ ഉൾപ്പെടുത്തണം.
- അപ്പർ പ്രൈമറി ക്ലാസ്സുകൾ തൊട്ട് കുട്ടികളിൽ ജെന്റർ ബോധവൽക്കരണം നടത്തണം.

6· ആരോഗ്യ സംരക്ഷണത്തിനുള്ള അവകാശം

- ട്രാൻസ് ജെന്റേഴ്സിനെ ആരോഗ്യ പരിരക്ഷ നൽകുകയും അവരെ 'രാഷ്ട്രീയ സ്വാസ്ത്യ ബീമായോജന' പദ്ധതിയിൽ ഉൾപെടുത്തുകയും വേണം.
- ട്രാൻസ് ജെന്റേഴ്സിനെ ആരോഗ്യ പരിരക്ഷ കാർഡുകൾ നൽകുകയും,സ്വയം തൊഴിൽ , ' കൂട്ടായ്മകൾ വഴിസമഗ്ര ആരോഗ്യ പരിരക്ഷ' പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനകരമാക്കുകയും വേണം.
- സർക്കാർ ആശുപത്രികളിൽ ലിംഗപരിവർത്തന ശസ്ത്രക്രിയക്ക് ഫണ്ട് അനുവദിക്കണം.
- എല്ലാ സർക്കാർ ആശുപത്രികളിലും ട്രാൻസ് ജെന്റേഴ്സിന്റെ രജിസ്ട്രേഷനും പ്രവേശനത്തിനും , ആരോഗ്യ പരിരക്ഷകർക്ക് ട്രാൻസ് ജെന്റേഴ്സിന്റെ പ്രശ്നങ്ങളെ സംബന്ധിച്ച ബോധവൽക്കരണവും പരിശീലനങ്ങളും നൽകുന്നതിനും പ്രത്യേക ശ്രദ്ധ നൽകണം.
- എല്ലാ ആശുപത്രികളിലും എല്ലാവർക്കും തുല്യമായ പരിഗണനയും സൗകര്യങ്ങളും ഒരുക്കി കൊടുക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് കർശന നിർദ്ദേശം നൽകണം.
- പ്രത്യേക എച്ച്.വി നിരീക്ഷണ സെന്ററുകൾ ആരംഭിക്കണം.ഐ.
- ആരോഗ്യ കാര്യങ്ങളിൽ ട്രാൻസ് ജെന്റേഴ്സിനെ കൃത്യമായ കൗൺസിലിംഗ് കൊടുക്കണം.

7· ശബ്ദമുയർത്താനും പങ്കാളിത്തത്തിനുള്ള അവകാശം

- നിയമ നിർമ്മാണ സഭകളിൽ തുല്യ പങ്കാളിത്താവകാശം.
- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അഭയ മന്ദിരങ്ങൾ സ്ഥാപിക്കണം.
- പാർപ്പിടം നിർമ്മിക്കാനായി ഇന്ദിര ആവാസ് യോജന പദ്ധതി തുടങ്ങിയ ഗൃഹ നിർമ്മാണ പദ്ധതികൾ ട്രാൻസ് ജെന്റേഴ്സ് വിഭാഗത്തിന് പ്രയോജനകരമായിരിക്കണം.
- ട്രാൻസ് ജെന്റേഴ്സിന്റെ താൽപര്യങ്ങൾ കൂടെ ഉൾക്കൊള്ളിച്ചു കൊണ്ട് വൃദ്ധസദനങ്ങൾ മാറ്റപ്പെടണം.
- അംഗനവാടി ജീവനക്കാർഒ തുടങ്ങി .പി.സി.ഡി ,എസ്.പി.സി.ഐ ,എസ്.ഡി.കെ , സേവനദാതാക്കൾ കൗൺസിലേഴ്സ് എന്നിവർക്കൊക്കെ ബോധവൽക്കരണ ക്ലാസുകൾ , .പരിശീലന ക്ലാസ്സുകൾ നൽകണം
- നിർദ്ധനനായ യസ്സിനു മുകളിൽ പ്രായമുള്ള ട്രാൻസ് ജെന്റേഴ്സിനെ പ്രതിമാസ വ *55* .പെൻഷൻ നൽകണം
- അനാഥാലയങ്ങൾദത്തെടുക്കൽ കേന്ദ്രങ്ങൾ തുടങ്ങിയ ,വൃദ്ധസദനങ്ങൾ , സ്ഥാപനങ്ങളിലെ സ്റ്റാഫുകൾ ട്രാൻസ് ജെന്റേഴ്സുകളുടെ പ്രശ്നങ്ങളിലും അവകാശങ്ങളിലും ബോധവാന്മാരാണെന്ന് ഉറപ്പു വരുത്തുക.
- ബി.കാർഡ് വഴി കുറഞ്ഞ നിരക്കിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുക എൽ റേഷൻ.പി.
- ട്രാൻസ് ജെന്റേഴ്സിന്റെ ക്ഷേമത്തിനായി പ്രത്യേക ഫണ്ട് മാറ്റി വെക്കുക.
- ട്രാൻസ് ജെന്റേഴ്സിന്റെ അവകാശങ്ങൾക്കും വികസനത്തിനും വേണ്ടി പ്രവർത്തിക്കുന്ന എൻ.കുകഒ കൾക്ക് പരിപാടികൾ നടപ്പിലാക്കാനായി ഗ്രാന്റുകൾ നൽ.ജി.

**TG നയം നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ**

ട്രാൻസ് ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും അവരെ മുഖ്യധാരാ സമൂഹത്തിലെത്തിക്കാനും സാമൂഹിക നീതി വകുപ്പ് സംസ്ഥാന TG ജസ്റ്റിസ് ബോർഡും, ജില്ലാതല TG കമ്മിറ്റിയും രൂപവൽക്കരിക്കണം.

**സംസ്ഥാനതല TG ജസ്റ്റിസ് ബോർഡ്**

| | |
|---|---|
| അംഗങ്ങൾ<br>ചെയർപേഴ്സൺ<br>മെമ്പർ സെക്രട്ടറി<br>അംഗങ്ങൾ | • സാമൂഹിക നീതി വകുപ്പ് മന്ത്രി<br>• സെക്രട്ടറിസാമൂഹ്യ നീതി വകുപ്പ് ,<br>• സെക്രട്ടറിആഭ്യന്തര വകുപ്പ് ,<br>• സെക്രട്ടറിധനകാര്യ വകുപ്പ് ,<br>• സെക്രട്ടറിആരോഗ്യ വകുപ്പ് ,<br>• സെക്രട്ടറിപൊതു വിദ്യാഭ്യാസ വകുപ്പ് ,<br>• സെക്രട്ടറിനിയമ വകുപ്പ് ,<br>• സെക്രട്ടറിസാംസ്കാരിക വകുപ്പ് ,<br>• സെക്രട്ടറിതദ്ദേശസ്വയംഭരണ വകുപ്പ് ,<br>• ഡയറക്ടർസാമൂഹിക നീതി വകുപ്പ് ,<br>• ഡിഐ.പി. |
| നോമിനേറ്റഡ് മെമ്പർ | • TG കളുടെ അവകാശങ്ങൾക്കു വേണ്ടി ദീർഘകാലം പ്രവർത്തിച്ചു വരുന്ന ഒരു എൻഒ യുടെ പ്രതിനിധി.ജി.<br>• ട്രാൻസ് ജെന്റർ പ്രതിനിധികൾ 5 |

**ജില്ല TG ജസ്റ്റിസ് കമ്മിറ്റി**

| | |
|---|---|
| അംഗങ്ങൾ<br>ചെയർപേഴ്സൺ<br>മെമ്പർ സെക്രട്ടറി<br>അംഗങ്ങൾ | • ജില്ലാ കളക്ടർ<br>• ഓഫീസർജില്ലാ സാമൂഹിക നീതി വകുപ്പ് ,<br>• സിറ്റി പോലീസ് കമ്മീഷണർജില്ലാ പോലീസ് / ചീഫ്<br>• റൂറൽ എസ്പി.<br>• ജില്ലാ മെഡിക്കൽ ഓഫീസർ<br>• ലേബർ ഓഫീസർ<br>• ഡിഡി വിദ്യാഭ്യാസ വകുപ്പ്. |
| നോമിനേറ്റഡ് മെമ്പർ | • TG കളുടെ അവകാശങ്ങൾക്കു വേണ്ടി ദീർഘകാലം പ്രവർത്തിച്ചു വരുന്ന ഒരു സി) ഒ.ബി.Community Based Organisation) യുടെ പ്രതിനിധി<br>• TG വിഭാഗത്തിൽ നിന്ന 4പ്രതിനിധികൾ |

**TG ജസ്റ്റിസ് ബോർഡിന്റെ പ്രവർത്തനങ്ങൾ**

- TG നയത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുകയും.ചെയ്യണം മേൽനോട്ടം വഹിക്കുകയും ,

- ട്രാൻസ് ജെന്റേഴ്‌സിന് സമത്വവും തുല്യതയും ഉറപ്പ് വരുത്തുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
- ട്രാൻസ് ജെന്റർ നയം ഫലപ്രദമായി നടപ്പിലാക്കുന്നതിനു കൃത്യമായ വികസന പദ്ധതികളും പരിപാടികളും രൂപവൽക്കരിക്കുന്നുണ്ടെന്നും അതിനാവശ്യമായ ഫണ്ടും നീക്കി വയക്കുണ്ടെന്നും ഉറപ്പ വരുത്തുക.
- പൊതു സമൂഹത്തെ ബോധവത്ക്കരിക്കുന്നതിനായി എൻഒ കളും ചേർന്ന .ബി.ഒ കളും സി.ജി. .പരിപാടികൾ സംഘടിപ്പിക്കുക
- ട്രാൻസ് ജെന്റേഴ്സിന്റെ അവകാശ സംരക്ഷണത്തിനു വേണ്ടി എന്തൊക്കെ നടപടികൾ എടുത്തു . ൾ എന്നിവ അടങ്ങുന്ന വാർഷിക റിപ്പോർട്ട് പ്രവർത്തനങ്ങളുടെ നേട്ടങ്ങ ,ബഡ്ജറ്റ് ചെലവ് വിവരം .എല്ലാ പ്രസക്ത വകുപ്പകളും ട്രാൻസ് ജെന്റർ ബോർഡിന് സമർപ്പിക്കണം
- എല്ലാ വകുപ്പകളുടേയും നിലവിലുള്ള പദ്ധതികൾ ട്രാൻസ് ജെന്റേഴ്സിന്റെ ക്ഷേത്തിനു വേണ്ടി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- ട്രാൻസ് ജെന്റർ ജസ്റ്റിസ് ബോർഡിന്റെ ഉത്തരവാദിത്വങ്ങൾ നടപ്പിലാക്കുന്നതിനായി സാമൂഹിക നീതി വകുപ്പിന് കീഴിലുള്ള ജെന്റർ സെല്ലിന്റെ പിന്തുണയുണ്ടാകണം.
- ജില്ല *TG* ജസ്റ്റിസ് കമ്മിറ്റിയുടെ ഒരു സബ് കമ്മിറ്റിയായിരിക്കണം സ്ക്രീനിംഗ് കമ്മിറ്റി
- സ്ക്രീനിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ജെന്റർ തിരിച്ചറിയൽ സർട്ടിഫിക്കറ്റിൽ ശുപാർശ ട്രാൻസ് ജെന്റർ ജസ്റ്റിസ് ബോർഡിന് സമർപ്പിക്കുക.
- '*Rape and Crisis Intervention Centre*' ന്റെ മാതൃകയിൽ *TG Support and Crisis Intervention centre* സ്ഥാപിക്കുകയും നിരീക്ഷിക്കുകയും ചെയ്യുകഒ യുടെ .ബി.സി . ,മാനസിക ആരോഗ്യ സേവനങ്ങൾ ,കൗൺസിലിംഗ് പരിപാടികൾ സഹായത്തോടെ

  ,ബോധവൽക്കരണ പരിപാടികൾ*Crisis Intervention* എന്നിവ നടത്തണംട്രാൻസ് . ജെന്റേഴ്സിനും ലിംഗ നിർണയം നടത്തുന്ന കുട്ടികളുടെ രക്ഷിതാക്കളും ഒരു സഹായ കേന്ദ്രമായും വിവിരം നൽകപ്പെടുന്ന കേന്ദ്രമായും പ്രവർത്തിക്കണംട്രാൻസ് ജെന്റേഴ്സിനെ തുല്യരായി സെന്ററിൽ . .ജീവിക്കാനുള്ള അവകാശം ഉറപ്പാക്കേണ്ടത് നമ്മൾ ഓരോ വ്യക്തിയുടേയും കടമയാണ്

The Transgender Persons (Protection of Rights) Bill 2019

**ട്രാൻസ് ജെന്റർ നിയമം 2019**
**ട്രാൻസ് ജെന്റർ നിർവ്വചനം**

ഏതൊരു വ്യക്തിയുടെ ലിംഗത്വം ആണോ വളർച്ചാ കാലഘട്ടത്തിൽ ജനന സമയത്ത് നിർണ്ണയിച്ച നൽകിയ ലിംഗത്വത്തിൽ നിന്നും പൊരുത്തപ്പെടാതെ കാണുന്നത് അവരെ ട്രാൻസ് ജെന്റർ വ്യക്തികൾ എന്ന് വിളിക്കുന്നു. ഇതിൽ ട്രാൻസ് വനിത, ട്രാൻസ് പുരുഷൻ (ശസ്ത്രക്രിയ ചെയ്തോ ഇല്ലയോ എന്നത് അപ്രസ്കതമാണ്), ഇന്റർ സെക്സ് വ്യക്തികൾ, ജെന്റർ കിയർ വ്യക്തികൾ സാമൂഹിക-സാസ്കാരിക സ്വത്വങ്ങളായ കിന്നർ, ഹിജ്റ, അറവാണി, ജോഗ്ത എന്നിവ ഉൾക്കൊള്ളുന്നു.

**നിയമപരമായ അവകാശങ്ങൾ**

1. വിവേചന നിരോധനം
   - വിദ്യാഭ്യാസം
   - തൊഴിൽ
   - ആരോഗ്യം
   - പൊതു സംവിധാനങ്ങളുടെ ഉപയോഗം
   - സർക്കാർ സേവനങ്ങൾഅവസരങ്ങൾ ,
   - പൊതു സ്വകാര്യ സ്ഥാപനങ്ങൾ ,

   തുടങ്ങിയവയിലുള്ള വിവേചനങ്ങൾ നിയമം വഴി നിരോധിച്ചിരിക്കുന്നു.
2. സഞ്ചരിക്കാനുള്ള അവകാശം
3. താമസിക്കാനുള്ള അവകാശം

4. സ്വത്ത് സമ്പാദിക്കാനുള്ള അവകാശം
5. താമസം പുനരധിവാസം
    - ജനിച്ച വീട്ടിൽ തന്നെ വളരാനുംജീവിക്കാനുമുള്ള നിയമാവകാശം ,
    - വീട്ടിൽ നിന്നും പുറത്താക്കപ്പെടുന്ന പക്ഷം സർക്കാർ പുനഃരധിവാസം ഉറപ്പാക്കാനും നിയമം
6. തൊഴിൽ
    - സർക്കാർതസ്ഥിര ,പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽപരമായതോ , ഉയർത്തുന്നതുമായ് ബന്ധപ്പെട്ടോ വിവേചനം കാണിക്കാൻ പാടുള്ളതല്ല.
    - ഒരേ സ്ഥാപനങ്ങളിൽ ട്രാൻസ് ജെന്റർ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രശ്ന പരിഹാര ഓഫീസറെ നിയോഗിക്കാനും നിയമം ആയി.
7. വിദ്യാഭ്യാസം
   വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിവേചനങ്ങൾ ഇല്ലാതെ ട്രാൻസ് ജെന്റർ വ്യക്തികളേയും ഉൾക്കൊള്ളണംഒപ്പം വിദ ്യാഭ്യാസപരിപാടികളിലും തുല്യ ,വിദ്യഭ്യാസേതര പ്രവർത്തനങ്ങളിലും , .പരിഗണന നൽകണം
8. ആരോഗ്യം
    - വിവേചനങ്ങൾ ഇല്ലാതെ ആരോഗ്യ മേഖലകളിൽ ട്രാൻസ് ജെന്റർ വ്യക്തികളും പരിഗണിക്കപ്പെടണം.
    - ട്രാൻസ് ജെന്റർ വ്യക്തികൾക്ക് മെഡിക്കൽ ഇൻഷുറൻസ് നൽകണം
9. അതാത് ഗവൺമെന്റുകൾ ട്രാൻസ് ജെന്റർ മനുഷ്യരുടെ ഉന്നമനത്തിനായ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണംസമൂഹത്തിൽ ട്രാൻസ് ജെന്റർ വിഭാഗത്തിന്റെ ഇടപടെലും . .വും ഉറപ്പാക്കണംസാന്നിദ്ധ്യ

**കുറ്റങ്ങളും ശിക്ഷകളും**

- നിർബന്ധിതവും.തടവിൽ വച്ചിട്ടുമുള്ള തൊഴിൽ എടുപ്പിക്കുക ,
- പൊതു സംവിധാനങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും മാറ്റി നിർത്തുക.
- കുടുംബത്തിൽ നിന്നും നാട്ടിൽ നിന്നും പുറത്താക്കുക
- ശാരീരികഉപദ്രവങ്ങൾ ,കൊണ്ടുള്ള ചൂഷണങ്ങൾ വാക്കുകൾ ,സാമ്പത്തിക ,ലൈംഗിക ,മാനസിക , .മുതലായവ നിയമം വഴി കുറ്റകരമാണ്
- ആറ് മാസം മുതൽ രണ്ട് വർഷം വരെയുള്ള തടവും പിഴയുമാണ് മുകളിൽ പറഞ്ഞിട്ടുള്ള കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയായി നിയമം അനുശാസിക്കുന്നത്.

**പോരായ്മകൾ**

- ജെന്റർ എന്നത് വ്യക്തിയുടെ സ്വയം നിർണ്ണയം അവകാശമാണെന്നും അത് അംഗീകരിക്കാന ശസ്ത്രക്രിയ ആവശ്യമില്ലെന്നും കമ്മിറ്റിയുടെ പരിശോധനകൾ ആവശ്യമില്ലയെന്നും , NALSA വിധി നിലനൽക്കുമ്പോഴുംജെന്റർ പരിശോധനക്ക ,് വിധേയമായി ജില്ലാ മജിസ്ട്രേറ്റ് സാക്ഷ്യപ്പെടുത്തണം എന്ന് നിയമം പറയുന്നു.യ നിഷേധംജെന്റർ സ്വയം നിർണ്ണയവകാശം ആണെന്നതിന്റെ കൃത്യമാ .
- ട്രാൻസ് ജെന്റർ വ്യക്തികൾക്കെതിരെയുള്ള ഏതുതരം അതിക്രമം ആയാലും 2 മാസം തൊട്ട് 6 വർഷം വരെയുള്ള നിസ്സാരമായ ശിക്ഷ മാത്രമാണ് നൽകുന്നത്നിരന്തരം ട്രാൻസ് മനുഷ്യർ . .ആക്രമിക്കപ്പെടുന്ന രാജ്യത്ത് അതിശക്തമായ നിയമങ്ങൾ അനിവാര്യമാണ്
- സാമൂഹികവുംവിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന ട്രാൻസ് ജെന്റർ ,സാമ്പത്തികവും , .വിഭാഗത്തിന് സംവരണം ഉൾപ്പെടെയുള്ള പ്രതിനിധ്യങ്ങൾ നിഷേധിച്ചു
- ലൈംഗിക പീഡനങ്ങൾക്കെതിരെ കൃത്യമായ നിയമങ്ങൾ ഇല്ല.
- ഇന്റർസെക്സ് അസ്ഥയെപ്പറ്റിയുള്ള കൃത്യമായ നിർവചനമോ അവർക്ക് ലഭിക്കേണ്ട പ്രത്യേക പരിഗണനകളോ.ശങ്ങളോ നിയമത്തിൽ പറയാതെ പോകുന്നുഅവകാ ,
- ട്രാൻസ് ജെന്റർ വ്യക്തികളുടെ കുടുംബംസ്വത്താവകാശം എന്നിവയെ ,ദത്തവകാശം ,വിവാഹം , പറ്റി യാതൊരുനിർദ്ദേശവും നിയമത്തിൽ ഇല്ല.

# അതിക്രമങ്ങൾ

<u>ഗർഭാവസ്ഥയിൽ</u>

- ഇന്റർസെക്സ് ഭ്രൂണങ്ങളുടെ ലിംഗനിർണ്ണയം നിയമവിരുദ്ധമായി നടത്തപ്പെടുന്നു.
- ഇന്റർസെക്സ് ഭ്രൂണഹത്യകൾ ധാരാളമായി നടന്നു വരുന്നു.

കാരണം

ഇന്റർസെക്സ് കുട്ടികൾ വൈകല്യമുള്ളവരാണെന്നോ അല്ലെങ്കിൽ അവർ മോശക്കാരൊ, കുടുംബത്തിന് നാണക്കേടോ ആണെന്ന് തെറ്റിദ്ധാരണ മൂലം ഉണ്ടാകുന്ന കൊലപാതകങ്ങൾ ആണ് ഇവ.

<u>0–6 വയസ്സ്</u>

ഇന്റർസെക്സ് എന്നത് ജൈവപരവും ശാരീരികവുമായ അവസ്ഥ ആയതു കൊണ്ട് രണ്ട് ലൈംഗിക അവയവങ്ങളും പ്രത്യക്ഷമായി കാണുന്ന മിശ്രലിംഗ അവസ്ഥയിൽ, ഡോക്ടറിന്റെയൊ മാതാപിതാക്കളുടെയൊ താൽപര്യപ്രകാരം കുട്ടികളെ ആൺ/പെൺ എന്ന ലിംഗത്തിലേക്ക് ശസ്ത്രക്രിയ വഴി മാറ്റുന്നത് അവരോട് കാണിക്കുന്ന അതിക്രമവും മനുഷ്യാവകാശ ലംഘനവുമാണ്.

കാരണം

ആൺപെൺ ദ്വന്ദ്വങ്ങളിൽ ഒതുങ്ങിമാത്രം ചിന്തിക്കുന്ന സമൂഹത്തിൽ ആൺ അല്ലെങ്കിൽ പെൺ ആക്കുന്ന പ്രക്രിയകളുടെ ഭാഗമാണ് ഈ ശാസ്ത്രക്രിയകളും (Corrective Surgery)

ദൂഷ്യഫലം

ഇത്തരത്തിൽ സമ്മതമില്ലാതെയുള്ള ശസ്ത്രക്രിയകൾ നിയമപരമായി കുറ്റകരമാണ്. എന്തെന്നാൽ ഈ കുട്ടികൾ വളർന്ന് വരുന്ന സാഹചര്യത്തിൽ പ്രകടിപ്പിക്കുന്ന ജെൻഡർ മാറ്റപ്പെട്ട ലൈംഗിക അവയവത്തിന്റേതാണെങ്കിൽ അത് അവരിൽ രൂക്ഷമായ മാനസിക സംഘർഷങ്ങൾ ഉണ്ടാക്കുന്നു.

ഒരു intersex വ്യക്തിയുടെ ശരീരം ശസ്ത്രക്രിയ വഴി പരിചരണം ചെയ്യണോ വേണ്ടയോ എന്നത് ആ വ്യക്തിയുടെ മാത്രം തീരുമാനമാണ്. ആ വ്യക്തി പ്രായപൂർത്തിയാകുന്നത് വരെ ഡോക്ടറോ മാതാപിതാക്കളോ അതിന് മുതിരാൻ പാടുള്ളതല്ല.

ഭൂരിപക്ഷം ട്രാൻസ് ജെൻഡർ മനുഷ്യരും അവരുടെ മൂന്ന് വയസ്സ് മുതൽ തന്നെ സ്വത്വമായി (identity) ബന്ധപ്പെട്ട ജെൻഡർ എക്സ്പ്രഷൻസ് കാണിക്കുവാൻ തുടങ്ങുമെന്ന് പഠനങ്ങൾ കാണിക്കുന്നു.

എന്നിരുന്നാലും അത് പ്രായത്തിന്റെ വികൃതിയായെ മറ്റുള്ളവർ കണക്കിലെടുക്കാറുള്ളൂ. അത് കൊണ്ട് തന്നെ ആ പ്രായത്തിൽ അധികവും വിവേചനങ്ങളൊ, കളിയാക്കലുകളോ നേരിടേണ്ടതായി വരാറില്ല.

6–18 വയസ്സ്

- Intersex വ്യക്തികൾക്ക് അവരുടെ ശരീരത്തിലെ ഹോർമോണുകൾക്കുള്ള വ്യതിയാനങ്ങൾ മൂലം മറ്റ് കുട്ടികളിലുള്ള പോലുള്ള വളർച്ചാ രീതികൾ കാണുവാൻ സാധിക്കില്ല. അതു കൊണ്ട് തന്നെ മാനസികമായ സംഘർഷങ്ങൾക്കും ശാരീരികമായ ആശയകുഴപ്പങ്ങൾക്കും കുമാര കാലഘട്ടത്തിൽ ഇന്റർസെക്സ് വ്യക്തികൾ വിധേയരാകുന്നു.
- ട്രാൻസ് ജെൻഡർ കുട്ടികളുടെ ജെൻഡർ പ്രകടനങ്ങൾ ഈ കാലഘട്ടത്തിൽ വളരെയധികം ശ്രദ്ധിക്കപ്പെടുകയും കളിയാക്കലുകൾക്ക് കാരണമാവുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ അവർ വ്യത്യസ്തരാണെന്ന് ആ കുട്ടികൾ തിരിച്ചറിയുന്നു. നിരന്തരമുള്ള കളിയാക്കലുകളും കുത്തുവാക്കുകളും രൂക്ഷമായ മാനസിക ബുദ്ധിമുട്ടുകളിലേക്ക് എത്തിക്കുന്നു. സ്വധവേ കുമാര കാലഘട്ടത്തിലുള്ള

സംശയങ്ങൾക്കും ആശങ്കകൾക്കും പുറമേ സമൂഹം ജെൻഡറിന്റെ പേരിലുള്ള സംഘർഷങ്ങളും അടിച്ചേൽപ്പിക്കുന്നു.

- ട്രാൻസ് ജെൻഡർ കുട്ടികൾ/ജെൻഡർ ഉറപ്പിച്ചിട്ടില്ലാത്തവർ ജെൻഡർ സ്റ്റീരിയോ ടൈപ്പിംഗിന് വിധേയരാകുന്നു.

- സ്കൂളുകളിൽ സഹപാഠികളുടെയും അദ്ധ്യാപകരുടെയും ഭാഗത്ത് നിന്നും ഉണ്ടാകുന്ന കളിയാക്കലുകൾ, ശാരീരിക ലൈംഗിക ഉപദ്രവങ്ങൾ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നതിനും കൊഴിഞ്ഞ് പോക്കിനും കാരണമാകുന്നു. (അവലംബം– കേരള ട്രാൻസ് ജെൻഡർ & ജെൻഡർ സെക്സ് സർവ്വേ 2015)

- യാഥാസ്ഥിതിക കുടുംബങ്ങളിൽ നേരിടേണ്ടി വരുന്ന മർദ്ദനങ്ങളും അശാസ്ത്രീയ ചികിത്സകളും സഹിക്കാനാകാതെ കുടുംബത്തിൽ നിന്നും ഒളിച്ചോടുന്നു.

- തെരുവുകളിൽ എത്തിപ്പെടുന്ന കുമാരക്കാരായ ട്രാൻസ് ജെൻഡർ കുട്ടികൾ നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ എത്തിപ്പെടാനുള്ള സാധ്യത വളരെ കൂടുതലാണ്.

- ലൈംഗിക ചൂഷണം

- സുരക്ഷിതമായ താമസ സൗകര്യത്തിന്റെ അഭാവം

- പട്ടിണി

- ജെൻഡർ സ്വയം ഉറപ്പിക്കാനാകാത്ത മാനസിക സംഘർഷം

18 മുതൽ

- സമൂഹത്തിൽ നിന്നും സ്വയം ഉൾവലിഞ്ഞ് അദൃശ്യരാക്കപ്പെടുന്നു

- ലൈംഗിക വ്യക്തിയും ഭിക്ഷാടനവും ചെയ്യുവാൻ നിർബന്ധിതരാകുന്നു.

- പൊതുഇടങ്ങളിൽ നിന്നുണ്ടാകുന്ന കളിയാക്കലുകൾ തുടർകഥയാണ്

- അകാരണമായുള്ള ആൾക്കൂട്ട വിചാരണകൾ

- രൂക്ഷമായ തൊഴിലില്ലായ്മ

- കുടുംബങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടം

- ആരോഗ്യ പ്രശ്നങ്ങൾ

- ഒറ്റപ്പെടൽ

- സാമ്പത്തിക ചൂഷണം

- പങ്കാളികളുടെ ലഭ്യതക്കുറവ്

- മറ്റ് സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റം/നഗരങ്ങളിലേക്കുള്ള

- ആഗ്രഹ സഫലീകരണത്തിനായി അശാസ്ത്രീയമായ ചികിത്സാരീതികളിലേക്കും സ്വയം ചികിത്സയിലേക്കും ഉള്ള എടുത്ത് ചാട്ടം. അത് വഴിയുണ്ടാകുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ

- കുടുംബങ്ങളിൽ നിന്നുമുള്ള പുറത്താക്കൽ
- നിയമസഹായം ലഭ്യമാകാത്തത്
- പിന്തുടർച്ചാവകാശം, വിവരാവകാശം, ദത്തവകാശം എന്നിവ നിയമവിധേയമാകാത്തത്.

40 വയസ്സിന് ശേഷം

- രൂക്ഷമായ ഒറ്റപ്പെടൽ
- മാനസിക സംഘർഷങ്ങൾ
- തുടരുന്ന പരിഹാസങ്ങൾ
- ശാരീരിക അസ്വസ്ഥതകൾ, ജീവിത ശൈലി രോഗങ്ങൾ
- താമസ സ്ഥലത്തിന്റെ അഭാവം
- ചികിത്സാ സൗകര്യമില്ലായ്മ/രോഗപീഡകൾ നൽകുന്ന പ്രശ്നങ്ങൾ
- നിരാശ്രയത്വം

സാമ്പത്തിക പ്രശ്നം, പാർപ്പിട പ്രശ്നം, വൈവാഹിക/പങ്കാളിത്ത പ്രശ്നം

- മരണപ്പെട്ടാൽ ശരീരം പോലും അവരുടെ ആചാരപ്രകാരം മറവ് ചെയ്യാനോ, ശരീരം ഏറ്റെടുക്കാൻ ബന്ധപ്പെട്ടവരോ ഇല്ലാത്ത അവസ്ഥ
- സ്വയം ചികിത്സയിലേക്ക് തള്ളിവിടുന്ന സാമൂഹ്യസാഹചര്യം

സെഷൻ-6,

## ലിംഗപദവിയിലധിഷ്ഠിതമായ അതിക്രമങ്ങൾ- കാരണങ്ങളും അവ നേരിടാനുള്ള സംവിധാനവും

KERALA INSTITUTE OF LOCAL ADMINISTRATION

---

- സ്ത്രീകളുടെ പദവി സംബന്ധിച്ച ഐക്യരാഷ്ട്ര സഭയുടെ പ്രഖ്യാപനം അനുസരിച്ച് (1993) സാമൂഹിക ജീവിതത്തിലോ, സ്വകാര്യജിവിതത്തിലോ, സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ട് ശാരീരികമോ ലൈംഗികമോ മാനസികമോ ആയി ഉണ്ടാകുന്ന ഏത് അതിക്രമവും സ്ത്രീകൾക്കെതിരെയുള്ള അതിക്രമമാണ്.
